# മനുഷ്യദർശനം:
# ദൈവശാസ്ത്രവീക്ഷണത്തിൽ

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# മനുഷ്യദർശനം: ദൈവശാസ്ത്രവീക്ഷണത്തിൽ

**Title:** Christian Anthropology
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2014 December 25 (X'mas)

**Edited by:** Rev. Dr. Joseph Pamplany
Rev. Dr. Thomas Kochukarottu

**Office Assistance:** Rev. Sr. Celin Kunnel FCC
Mrs. Anitha Vijayan
Mrs. Jeshitha Vijesh
Miss. Bhavya K
**Design & Layout:** Mr. Midhun Thomas
**Printing:** Midas Offset, Kuthuparamba
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. മനുഷ്യദർശനം – കത്തോലിക്കാ വീക്ഷണത്തിൽ ........................ 5
2. മനുഷ്യൻ: ഒരു സാമൂഹ്യശാസ്ത്ര ദർശനം ........................ 39
3. തത്വചിന്തകരുടെ മനുഷ്യസങ്കല്പങ്ങൾ ........................ 50
4. പ്രപഞ്ചോൽപത്തി ശാസ്ത്രത്തിലെ വെളിപാട് ........................ 70
5. ജീവന്റെ ഉത്ഭവം: ആകസ്മികതയോ രൂപകല്പനയോ? ........................ 85
6. മതങ്ങളിലെ മനുഷ്യദർശനം ........................ 101
7. ദൈവശാസ്ത്രപരമായ മനുഷ്യദർശനം ........................ 123
8. ശാസ്ത്രവും മതവും സമന്വയിക്കുന്ന സംസ്കാരം ........................ 130
9. മനുഷ്യന്റെ ഉത്ഭവം: ഏകമാതാപിതാക്കളിൽനിന്നോ ബഹുമാതാപിതാക്കളിൽനിന്നോ? ........................ 141
10. ക്രൈസ്തവർക്ക് പരിണാമസിദ്ധാന്തം സ്വീകരിക്കാമോ? ........................ 145
11. പരിണാമസിദ്ധാന്തം വിശ്വാസവിരുദ്ധമാണോ? ........................ 150
12. ദൈവകണം ........................ 155

## ആധാര ഗ്രന്ഥങ്ങൾ


1. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (കൊച്ചിൻ: പി.ഓ.സി, 2005), 279-324, 355-421.
2. ഡോ. അഗസ്റ്റിൻ പാംപ്ലാനി CST (എഡി.), *ഈശ്വരസംവേദനം ശാസ്ത്രയുഗത്തിൽ*, (ആലുവ: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് റിലിജിയൻ, 2004).
3. ഡോ. അഗസ്റ്റിൻ പാംപ്ലാനി CST (എഡി.), *ജീവിതരഹസ്യങ്ങളിലെ ദാർശനികത*, (ആലുവ: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് റിലിജിയൻ, 2006).
4. ഡോ. ജോർജ് ഞാറക്കുന്നേൽ (എഡി.), *മനുഷ്യദർശനം*, (ആലുവ: എസ്. എച്ച്. ലീഗ്, 2004).
5. ഡോ. ജോസഫ് പാംപ്ലാനി, വിശ്വാസവും വ്യാഖ്യാനവും, (തലശ്ശേരി: ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്, 2012).


*Published for the use of the students of Alpha Institute of Theology and Science*



01

# മനുഷ്യദർശനം – കത്തോലിക്കാവീക്ഷണത്തിൽ

**(മനുഷ്യനെക്കുറിച്ചുള്ള സഭാവീക്ഷണം സാർവ്വത്രിക മതബോധനഗ്രന്ഥത്തിന്റെ പ്രബോധനത്തിലൂടെ അവതരിപ്പിക്കുന്നതാണ് ആദ്യപാഠം)**

## സ്രഷ്ടാവ്

279 "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." ഈ സുപ്രധാന പ്രസ്താവനയോടെയാണ് വിശുദ്ധഗ്രന്ഥം സമാരംഭിക്കുന്നത്. സർവ്വശക്തനും പിതാവുമായ ദൈവം "ആകാശത്തിന്റെയും ഭൂമിയുടെയും" (അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം) "ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും" (നിഖ്യാവിശ്വാസപ്രമാണം) സ്രഷ്ടാവാണെന്നു വിശ്വാസപ്രഖ്യാപനത്തിൽ ഏറ്റുപറയുമ്പോൾ നാം മേൽപറഞ്ഞ വാക്യംതന്നെ ഉദ്ധരിക്കുകയാണ്. നാം ആദ്യം സ്രഷ്ടാവിനെക്കുറിച്ചും പിന്നീട് സൃഷ്ടിയെക്കുറിച്ചും ഒടുവിൽ പാപത്തിലേക്കുള്ള വീഴ്ചയെക്കുറിച്ചും ആണു പ്രതിപാദിക്കുന്നത്. പാപത്തിൽനിന്നു നമ്മെ മോചിപ്പിക്കുന്നതിനാണ് ദൈവപുത്രനായ യേശുക്രിസ്തു ആഗതനായത്.

280 "ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളുടെ മുഴുവൻ" അടിസ്ഥാനവും "ക്രിസ്തുവിൽമകുടമണിയുന്ന രക്ഷാചരിത്രത്തിന്റെ പ്രാരംഭവും" സൃഷ്ടി

കർമ്മമാണ്. നേരേമറിച്ച്, ക്രിസ്തുരഹസ്യം സൃഷ്ടിരഹസ്യത്തിൻമേൽ നിർണായകമായ പ്രകാശം വീശുന്നു. “ആദിയിൽ ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചതിന്റെ” ആത്യന്തികലക്ഷ്യം അതു വെളിപ്പെടുത്തുകയും ചെയ്യുന്നു. “ക്രിസ്തുവിലുള്ള നവീന സൃഷ്ടി”യുടെ മഹത്ത്വം, ആരംഭം മുതലേ വിഭാവനം ചെയ്തിരുന്നു.

281 അതുകൊണ്ടാണു ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയുടെ ആഘോഷമായ പെസഹാ ജാഗരണത്തിലെ വായനകൾ സൃഷ്ടിവിവരണത്തോടുകൂടി സമാരംഭിക്കുന്നത്; അതുകൊണ്ടുതന്നെയാണു, ബൈസന്റിയൻ ലിറ്റർജിയിൽ കർത്താവിന്റെ എല്ലാ പ്രധാനതിരുനാളുകളുടെയും ജാഗരണത്തിൽ സൃഷ്ടിവിവരണം ഒന്നാം വായനയായിട്ടു നിശ്ചയിച്ചിരിക്കുന്നത്. പുരാതനസാക്ഷ്യങ്ങളനുസരിച്ചു മാമ്മോദീസാർഥികൾക്കുള്ള മതബോധനവും ഇതേ ക്രമമാണു പിൻതുടർന്നിരുന്നത്

## I. സൃഷ്ടിയെക്കുറിച്ചുള്ള മതബോധനം

282 സൃഷ്ടിയെക്കുറിച്ചുള്ള മതബോധനം ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ്. ഇതിനോടാണ് മനുഷ്യജീവിതത്തിന്റെയും ക്രൈസ്തവജീവിതത്തിന്റെയും അടിസ്ഥാനങ്ങൾ ബന്ധപ്പെട്ടിരിക്കുന്നത്. മനുഷ്യൻ എക്കാലവും ഉന്നയിക്കുന്ന മൗലികപ്രശ്നങ്ങൾക്കു ക്രിസ്തീയവിശ്വാസം നൽകുന്ന പ്രത്യുത്തരം വിശദമാക്കുന്നത് ഈ മതബോധനമാണ്. “നാം എവിടെനിന്നു വരുന്നു?” “നാം എങ്ങോട്ടു പോകുന്നു?” നമ്മുടെ ഉദ്ഭവം എവിടെനിന്ന്?” “നമ്മുടെ അന്ത്യം എന്ത്?” “അസ്തിത്വമുള്ളവയെല്ലാം എവിടെനിന്നു വന്നു?” “എങ്ങോട്ടു പോകുന്നു?” ഉദ്ഭവത്തെയും അന്ത്യത്തെയും കുറിച്ചുള്ള ഈ ചോദ്യങ്ങൾ രണ്ടും പരസ്പരം വേർതിരിക്കാവുന്നതല്ല.നമ്മുടെ ജീവിതത്തിന്റെയും പ്രവർത്തനരീതിയുടെയും അർത്ഥത്തെയും ആഭിമുഖ്യത്തെയും സംബന്ധിച്ചിടത്തോളം ഈ ചോദ്യങ്ങൾ നിർണായകങ്ങളാണ്.

283 പ്രപഞ്ചത്തിന്റെയും മനുഷ്യരുടെയും ഉദ്ഭവത്തെക്കുറിച്ചുള്ള ചോദ്യം അനേകം ശാസ്ത്രീയപഠനങ്ങൾക്കു വിഷയമായിട്ടുണ്ട്. പ്രപഞ്ചത്തിന്റെ ആയുസ്സ്, അളവുകൾ ജീവരൂപങ്ങളുടെവികാസം മനുഷ്യന്റെ ആവിർഭാവം എന്നിവയെക്കുറിച്ചുള്ള നമ്മുടെ അറിവിനെ സ്തുത്യർഹമായി പുഷ്ടിപ്പെടുത്താൻ ഈ പഠനങ്ങൾക്കു കഴിഞ്ഞു. സ്രഷ്ടാവിന്റെ മഹത്വത്തെ ഉപര്യുപരിപുകഴ്ത്തുവാൻ നമ്മെ ക്ഷണിക്കുന്നവയാണ് പ്രസ്തുത ശാസ്ത്രീയകണ്ടുപിടുത്തങ്ങൾ; ദൈവത്തിന്റെ സമസ്തസൃഷ്ടികളെപ്രതിയും പണ്ഡിതൻമാർക്കും ഗവേഷകർക്കും ദൈവം നൽകുന്ന അറിവിനെയും ജ്ഞാനത്തെയും പ്രതിയും അവിടുത്തേക്കു





കൃതജ്ഞതയർപ്പിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നവയാണ് അവ. സോളമനോടൊത്ത് അവർക്കും പറയാൻ കഴിയും. “അസ്തിത്വമുള്ളവയെക്കുറിച്ചെല്ലാം തെറ്റുപറ്റാത്തറിവ് എനിക്കു നൽകിയത് അവനാണ്...പ്രപഞ്ചഘടനയും പഞ്ചഭൂതങ്ങളുടെ പ്രവർത്തനവും അറിയാൻ....സകലതും രൂപപ്പെടുത്തുന്നവനായ ജ്ഞാനമാണ് എന്നെ പഠിപ്പിച്ചത്.”

284 പ്രകൃതിശാസ്ത്രങ്ങളുടെ തനതായ മണ്ഡലത്തിനപ്പുറമുള്ള മറ്റൊരു ക്രമത്തിലെ ഒരു ചോദ്യമാണ് ഈ പഠനങ്ങളിലുള്ള വലിയ താത്പര്യത്തെ ശക്തിയുക്തം ഉത്തേജിപ്പിക്കുന്നത്. എങ്ങനെ, എപ്പോൾ ഈ ഭൗതികപ്രപഞ്ചം ഉദ്ഭവിച്ചുവെന്നോ മനുഷ്യൻ ഭൂമുഖത്ത് എന്ന് ആവിർഭവിച്ചുവെന്നോ അറിയുന്നതിനുള്ള ഒരു ചോദ്യം മാത്രമല്ലിത്. പ്രത്യുത, ഇപ്രകാരമുള്ള ഒരു ഉത്പത്തിയാണോ? അല്ലെങ്കിൽ , ദൈവമെന്നു വിളിക്കപ്പെടുന്ന സർവാതീതനും ബുദ്ധിമാനും നൻമസ്വരൂപനുമായ ഒരുവനാലാണോ? ദൈവത്തിന്റെ ജ്ഞാനത്തിൽനിന്നും നൻയിൽനിന്നുമാണ് പ്രപഞ്ചം ഉദ്ഭവിച്ചതെങ്കിൽ തിന്മ എങ്ങനെ നിലനിൽക്കുന്നു? അവ എവിടെ നിന്നുവരുന്നു? ആരാണ് അതിന് ഉത്തരവാദി? അതിൽ നിന്നു മോചനം സാധ്യമാണോ?

285 ഉദ്ഭവങ്ങളെക്കുറിച്ചുള്ള പ്രശ്നങ്ങൾക്കു ക്രിസ്തീയവിശ്വാസം നൽകുന്നതിൽനിന്നു വിഭിന്നങ്ങളായ ഉത്തരങ്ങളുമായി രംഗപ്രവേശം ചെയ്തവരുടെ വാദഗതികൾ ക്രിസ്തീയവിശ്വാസത്തിന് ആരംഭംമുതലേ വെല്ലുവിളിയായിരുന്നു. പല പ്രാചീന മതങ്ങളും സംസ്കാരങ്ങളും ഉദ്ഭവങ്ങളെപ്പറ്റി അനവധി പുരാണകഥകൾ തെരഞ്ഞെടുത്തിരുന്നു. സർവവും ദൈവമാകുന്നു എന്നും പ്രപഞ്ചം ദൈവമാകുന്നു എന്നും പ്രപഞ്ചപരിണാമം ദൈവപരിണാമമാണെന്നും ഒരുകൂട്ടം ദാർശിനികർ അഭിപ്രാടപ്പെട്ടു (വിശ്വദേവതാവാദം -Pantheism). ദൈവത്തിൽനിന്ന് അനിവാര്യമായി നിർഗളിക്കുന്ന ഈ വിശ്വം ദൈവത്തിൽത്തന്നെ പുനർലയിക്കുമെന്നു മറ്റൊരുകൂട്ടർ; നിരന്തരം അന്യോന്യസമരത്തിലേർപ്പെട്ടിരിക്കുന്ന രണ്ടു നിത്യതത്വങ്ങൾ - നൻമയും തിൻമയും, പ്രകാശവും അന്ധകാരവും - ഉണ്ടെന്നു മറ്റൊരുകൂട്ടർ (ദ്വൈതവാദം, മനിക്കേയിസം). ഇവരിൽ ചിലരുടെ അഭിപ്രായങ്ങളനുസരിച്ചു പ്രപഞ്ചം (ഭൗതിക പ്രപഞ്ചമെങ്കിലും) തിൻമയാണ്; ഒരു ജീർണതയുടെ ഫലമാണ് ഈ ലോകം; അതിനാൽ ഇത് ഉപേക്ഷിക്കപ്പെടുകയോ പറന്തള്ളപ്പെടുകയോ ചെയ്യേണ്ടതാണ് ( ജ്ഞാനവാദം -Gnosticism). വേറേ ചിലരുടെ വീക്ഷണത്തിൽ പ്രപഞ്ചസൃഷ്ടി നിർവഹിച്ചതു ദൈവമാണെങ്കിലും , ഒരു വാച്ചു നിർമാതാവ് വാച്ചു നിർമിച്ചശേഷം അതിന്റെ സ്വയം പ്രവർത്തനത്തിനു അതിനെ വിടുന്നതുപോലെ സൃഷ്ടികർമശേഷം ദൈവം പ്രപഞ്ചത്തെ അതിനായിത്തന്നെ കൈവിട്ടു (ആസ്തിക്യവാദം -Deism). അവസാനമായി ചിലരാകട്ടെ പ്രപഞ്ചോത്പത്തിയിൽ ഒരു ഭൗതികാതീതതത്വത്തിന്റെ പങ്കു

നിഷേധിച്ചുകൊണ്ട്, എന്നുമെന്നും സ്ഥിതിചെയ്യുന്ന ഭൗതികപദാർഥങ്ങ ളുടെയെല്ലാം പ്രവർത്തനവും പ്രതിപ്രവർത്തനവുമായി പ്രപഞ്ചോത്പ ത്തിയെ കാണുന്നു (ഭൗതികവാദം-Materialism). ഈ പരിശ്രമങ്ങളെല്ലാം സൂചിപ്പിക്കുന്നത്, ഉദ്ഭവങ്ങളെ സംബന്ധിച്ച പ്രശ്നങ്ങളുടെ സ്ഥിരമായ നിലനിൽപും സാർവജനീനതയുമാണ്. ഈ അന്വേഷണം തികച്ചും മാനു ഷികമാണ്.

286 ഉദ്ഭവങ്ങളെ സംബന്ധിച്ച പ്രശ്നത്തിന് ഉത്തരം കണ്ടുപിടിക്കു വാൻ മനുഷ്യബുദ്ധിക്ക് ഏറെക്കുറെ കഴിവുണ്ട് എന്നത് തീർച്ചയാണ്. സ്രഷ്ടാവായ ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് അവിടുത്തെ സൃഷ്ടികളിലൂടെ മനുഷ്യബുദ്ധിയുടെ വെളിച്ചത്തിൽ നിസ്സന്ദേഹമായ അറിവ് ആർജിക്കുവാൻ കഴിയും. ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ ഈ അറിവു പലപ്പോഴും അസ്പഷ്ടവും അബദ്ധങ്ങളാൽ വികലവുമായേ ക്കാം. അതിനാലാണു യഥാതഥം സത്യം ഗ്രഹിക്കുവാൻ വിശ്വാസം മനു ഷ്യബുദ്ധിക്കു പ്രകാശവും ഉറപ്പും നൽകുന്നത്: ദൈവത്തിന്റെ വചന ത്താൽ ലോകം സൃഷ്ടിക്കപ്പെട്ടെന്നും,അങ്ങനെ കാണപ്പെടുന്നവ കാണ പ്പെടാത്തവയിൽനിന്നുണ്ടായി എന്നും വിശ്വാസം മൂലം നാം അറിയുന്നു.

287 സൃഷ്ടിയെ സംബന്ധിക്കുന്ന സത്യം മനുഷ്യജീവിതത്തിനു മുഴുവൻ സുപ്രധാനമാകയാൽ, ഇതു സംബന്ധിച്ച് അറിവു സമ്പാ ദിക്കാൻ സഹായകമായവയെല്ലാം തന്റെ ജനത്തിനു വെളിപ്പെടു ത്തുവാൻ ദൈവം തന്റെ വാത്സല്യത്തിൽ നിശ്ചയിച്ചു. ദൈവത്തെ പ്പറ്റി എല്ലാ മനുഷ്യർക്കും പ്രകൃത്യാ അറിയാവുന്ന കാര്യങ്ങൾക്കു പുറമേ, ദൈവം ഉപര്യുപരിയായി സൃഷ്ടിരഹസ്യം ഇസ്രായേലിനു വെളിപ്പെടുത്തി. പൂർവ പിതാക്കൻമാരെ തിരഞ്ഞെടുത്തവനും ഇസ്രായേലിനെ ഈജിപ്തിൽനിന്നു പുറത്തേക്കു കൊണ്ടുവന്ന വനും തിരഞ്ഞെടുത്ത് അവനെ സൃഷ്ടിക്കുകയും രൂപപ്പെടുത്തു കയും ചെയ്തവനുമായ ദൈവം ഭൂമിയിലെ സർവജനങ്ങളുടെയും ഭൂമിയുടെ തന്നെയും ഉടമയും ആകാശത്തിന്റെയും ഭൂമിയുടെയും ഏക സൃഷ്ടാവുമായി സ്വയം വെളിപ്പെടുത്തി.

288 ഇങ്ങനെ സൃഷ്ടിയെപ്പറ്റിയുള്ള വെളിപാട്, ഏക ദൈവവും അവിടുത്തെ ജനതയും തമ്മിലുള്ള ഉടമ്പടിയുടെ വെളിപാ ടിൽനിന്നും, അതിന്റെ സ്ഥാനത്തിൽനിന്നും വേർപെടുത്താവുന്ന തല്ല. ഈ ഉടമ്പടിയിലേക്കുള്ള പ്രഥമപടിയായും ദൈവത്തിന്റെ സർവ ശക്തമായ സ്നേഹത്തിന്റെ പ്രഥമവും സാർവജനീനവുമായ സാക്ഷ്യമായും സൃഷ്ടി നമ്മുടെ മുൻപിൽ വെളിപ്പെടുത്തപ്പെടുന്നു. പ്രവാചകൻമാരുടെ സന്ദേശത്തിലും സങ്കീർത്തനങ്ങളിലെയും ആരാധനക്രമത്തിലെയും പ്രാർത്ഥനകളിലും തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ 'വിജ്ഞാനമൊഴികളിലും' സൃഷ്ടിയെപ്പറ്റിയുള്ള





സത്യം വർധിതവീര്യത്തോടെ പ്രകാശിതമാകുന്നു.

289 സൃഷ്ടിയെക്കുറിച്ചുള്ള വിശുദ്ധലിഖിതഭാഗങ്ങളിൽ ഉത്പ ത്തിപ്പുസ്തകത്തിലെ ആദ്യത്തെ മൂന്ന് അധ്യായങ്ങൾക്ക് അതുല്യ മായ സ്ഥാനമുണ്ട്. സാഹിത്യരൂപസംബന്ധമായി പറഞ്ഞാൽ, ഈ വിവരണങ്ങൾക്കു വ്യത്യസ്തങ്ങളായ ഉറവിടങ്ങൾ ഉണ്ടായിരുന്നി രിക്കാം. ദൈവനിവേശിതരായ ഗ്രന്ഥകാരൻമാർ ഇവയെ വിശുദ്ധ ലിഖിതത്തിന്റെ ആരംഭത്തിൽത്തന്നെ ചേർത്തിരിക്കുന്നു. ഇത് പ്രപ ഞ്ചസൃഷ്ടിയെക്കുറിച്ചുള്ള സത്യങ്ങൾ ഉദാത്തമായഭാഷയിൽ അവ തരിപ്പിക്കാൻവേണ്ടിയാണ്: സൃഷ്ടിക്ക് ദൈവത്തിലുള്ള ഉദ്ഭവവും അന്ത്യവും അതിന്റെ ക്രമവും നൻമയും, മനുഷ്യന്റെ വിളിയും, ഒടു വിൽ പാപത്തിന്റെ ദുരന്തവും രക്ഷയുടെ പ്രത്യാശയുമാണ് ദൈവ നിവേശിതഗ്രന്ഥകാരൻമാർ അവതരിപ്പിക്കുന്ന സത്യങ്ങൾ. ക്രിസ്തു വിന്റെ പ്രകാശത്തിൽ, വി.ഗ്രന്ഥത്തിന്റെ ഐക്യം കണക്കിലെടു ത്തുകൊണ്ടു സഭയുടെ സജീവപാരമ്പര്യങ്ങൾക്ക് അനുസൃതമായി വായിച്ചാൽ സൃഷ്ടിയെ സംബന്ധിക്കുന്ന ഈ വിവരണങ്ങൾ 'ആരംഭത്തിന്റെ' - സൃഷ്ടി, പാപം, രക്ഷാവാഗ്ദാനം എന്നിവയുടെ - രഹസ്യങ്ങളെക്കുറിച്ചുള്ള മതബോധനത്തിന്റെ മുഖ്യ ഉറവിടമായി നിലനിൽക്കും.

## II. സൃഷ്ടി - പരിശുദ്ധത്രിത്വത്തിന്റെ പ്രവൃത്തി

290 ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. വിശു ദ്ധഗ്രന്ഥത്തിലെ ഈ ആദ്യപദങ്ങൾ മൂന്നു കാര്യങ്ങളാണ് പ്രസ്താ വിക്കുന്നത്. നിത്യനായ ദൈവം തനിക്കുപുറമേയുള്ള സർവവസ്തു ക്കൾക്കും ആരംഭം നൽകി; അവിടുന്നു മാത്രമാണു സ്രഷ്ടാവ്. ('സൃഷ്ടിക്കുക' എന്ന ക്രിയയുടെ ഹീബ്രുരൂപത്തിന്റെ -bara- കർത്താവ് എപ്പോഴും ദൈവമാണ്). അസ്തിത്വമുള്ള സകലതും ('ആകാശവും ഭൂമിയും' എന്ന പ്രയോഗം ഇതാണു സൂചിപ്പിക്കു ന്നത്) അവയുടെയെല്ലാം അസ്തിത്വദായകനായ ദൈവത്തെ ആശ്ര യിച്ചാണു സ്ഥിതി ചെയ്യുന്നത്.

291 ആദിയിൽ വചനം ഉണ്ടായിരുന്നു... വചനം ദൈവമായിരു ന്നു...സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല. ദൈവം തന്റെ പ്രിയപുത്രനായ നിത്യവചനംവഴി സർവതും സൃഷ്ടിച്ചുവെന്നു പുതിയ നിയമം വെളിപ്പെടുത്തുന്നു. "അവനിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാം സൃഷ്ടിക്കപ്പെ ട്ടു...എല്ലാം അവനിലൂടെയും അവനുവേണ്ടിയുമാണ്, സൃഷ്ടിക്ക പ്പെട്ടത്. അവനാണ് എല്ലാറ്റിനും മുൻമ്പുള്ളവൻ അവനിൽ സമ സ്തവും സ്ഥിതിചെയ്യുന്നു." അതുപോലെതന്നെ സഭയുടെ

വിശ്വാസം പരിശുദ്ധാത്മാവിന്റെ സൃഷ്ടിപ്രവർത്തനവും പ്രഖ്യാപിക്കുന്നുണ്ട്: അവിടുന്നാണ് "ജീവദാതാവ്", "സ്രഷ്ടാവായ ആത്മാവ്" ("Veni Creator Spiritus") "നൻമകളുടെ ഉറവിടം" എന്നു നാം ഏറ്റുപറയുന്നു."

292 പിതാവിന്റെ സൃഷ്ടിപ്രവർത്തനത്തോട് അഭേദ്യമായി ബന്ധപ്പെട്ട പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സൃഷ്ടിപ്രവർത്തനത്തെ പഴയനിയമം സൂചിപ്പിക്കുകയും പുതിയ നിയമം വെളിപ്പെടുത്തുകയും ചെയ്യുന്നതായി സഭയുടെ വിശ്വാസപ്രകരണങ്ങളിൽ വളരെ സ്പഷ്ടമായി പ്രഖ്യാപിക്കപ്പെടുന്നു: "ഒരേയൊരു ദൈവമേയുള്ളൂ.., അവിടുന്നു പിതാവാണ്, ദൈവമാണ്, സ്രഷ്ടാവാണ്, വിധാതാവാണ്, ക്രമദായകനാണ്. അവിടുന്നു സ്വയമായിട്ടാണു സർവതും സൃഷ്ടിച്ചത്; അതായത്, തന്റെ വചനവും വിജ്ഞാനവും" വഴിയാണ് "പുത്രനും പരിശുദ്ധാത്മാവും അവിടുത്തെ കരങ്ങളാണെന്നുപറയാം." സൃഷ്ടി പരിശുദ്ധത്രിത്വത്തിന്റെ പൊതുപ്രവൃത്തിയാണ്.

## III."ദൈവമഹത്വത്തിനായി വിശ്വം സൃഷ്ടിക്കപ്പെട്ടു."

293 "ലോകം ദൈവമഹത്വത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" എന്ന മൗലിക സത്യം വിശുദ്ധഗ്രന്ഥവും പാരമ്പര്യവും നിരന്തരം ബോധിപ്പിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ദൈവം സർവവും സൃഷ്ടിച്ചതു "സ്വന്തം മഹത്ത്വം വർദ്ധിപ്പിക്കുവാനല്ല. പ്രത്യുത അതുപ്രദർശിപ്പിക്കാനും പ്രദാനംചെയ്യാനുമാണ്" എന്നു വിശുദ്ധ ബൊനവെഞ്ചർ വിശദീകരിക്കുന്നു; സ്നേഹവും നൻമയുമല്ലാതെ മറ്റൊരുകാരണവും ലോകസൃഷ്ടിയിൽ ദൈവത്തിനില്ല. "സ്നേഹത്തിന്റെ താക്കോൽകൊണ്ട് അവിടുത്തെ കരം തുറന്നപ്പോൾ സൃഷ്ടികൾക്ക് അസ്തിത്വം കൈവന്നു." ഒന്നാം വത്തിക്കാൻ കൗൺസിൽ വിശദീകരിക്കുന്നു:

> ദൈവം, സ്വന്തം നൻമയും 'സർവശക്തിയും' വഴി തന്റെതന്നെ സൗഭാഗ്യം വർധിപ്പിക്കുന്നതിനോ ആർജിക്കുന്നതിനനോവേണ്ടിയല്ല പ്രത്യുത സൃഷ്ടികളുടെമേൽ താൻ വർഷിക്കുന്ന അനുഗ്രഹങ്ങളിൽക്കൂടി തന്റെ പരിപൂർണത പ്രകടിപ്പിക്കുവാനായി, സർവസ്വതന്ത്രനായി, 'കാലത്തിന്റെ ആരംഭത്തിൽതന്നെ, മൂർത്തങ്ങളും അമൂർത്തങ്ങളുമായ ദ്വിവിധ സൃഷ്ടികളെയും ശൂന്യതയിൽനിന്നു സൃഷ്ടിച്ചു...'

294 ലോകസൃഷ്ടിക്കു പ്രേരകമായ ദൈവനൻമയുടെ ആവിഷ്കരണത്തിന്റെയും സംപ്രദാനത്തിന്റെയും സാക്ഷാത്കാരത്തിലാണു ദൈവമഹത്വം അടങ്ങിയിരിക്കുന്നത്. "ദൈവത്തിന്റെ മഹത്വപൂർണമായ കൃപയുടെ സ്തുതിക്കുവേണ്ടി, അവിടുത്തെ തിരുവിഷ്ടത്തിന്റെ





പദ്ധതിയനുസരിച്ച് യേശുക്രിസ്തുവിലൂടെ നാം ദത്തുപുത്രരാകുവാൻ ദൈവം മുൻകൂട്ടി നിശ്ചയിച്ചു. കാരണം "സജീവനായ മനുഷ്യനാണു ദൈവത്തിന്റെ മഹത്വം; മനുഷ്യജീവിതമാകട്ടെ, ദൈവദർശനവും; സൃഷ്ടിവഴിയുള്ള ദൈവാവിഷ്കാരം ഭൂമുഖത്തുവസിക്കുന്ന സർവജീവജാലങ്ങൾക്കും ജീവൻ നൽകിയെങ്കിൽ, വചനത്തിൽകൂടിയുള്ള പിതാവിന്റെ ആവിഷ്കാരം ദൈവത്തെ ദർശിക്കുന്നവർക്ക് എത്രയധികം ജീവൻ നൽകാതിരിക്കയില്ല!" സർവചരാചരസ്രഷ്ടാവായ ദൈവം അവസാനം 'എല്ലാത്തിലും എല്ലാമായിത്തീരുക' അങ്ങനെ ദൈവമഹത്വവും നമ്മുടെ സൗഭാഗ്യവും ഒരേസമയം സാക്ഷാത്കരിക്കുക എന്നതാണു സൃഷ്ടിയുടെ ആത്യന്തികലക്ഷ്യം."

## IV. സൃഷ്ടിയുടെ രഹസ്യം

### ജ്ഞാനവും സ്നേഹവുംകൊണ്ട് ദൈവം സൃഷ്ടിക്കുന്നു.

295 തന്റെ ജ്ഞാനത്തിന് അനുസൃതമായി ദൈവം ലോകത്തെ സൃഷ്ടിച്ചുവെന്നു നാം വിശ്വസിക്കുന്നു. ലോകം ഏതെങ്കിലും തരത്തിലുള്ള നിർബന്ധത്താൽ സൃഷ്ടിക്കപ്പെട്ടതല്ല യാദൃച്ഛയാ ഭവിച്ചതുമല്ല, അന്ധമായ വിധിയുടെ ഫലവുമല്ല. ദൈവത്തിന്റെ സ്വതന്ത്രേച്ഛയിൽനിന്ന് ഉദ്ഭവിക്കുന്നതാണ് ലോകമെന്നു നാം വിശ്വസിക്കുന്നു. തന്റെ സത്തയിലും ജ്ഞാനത്തിലും നൻമയിലും സൃഷ്ടികളെ ഭാഗമാക്കുകളാക്കാൻ ദൈവം തിരുമനസ്സായി: "കാരണം, അങ്ങു സർവവും ോസൃഷ്ടിച്ചു. അങ്ങയുടെ ഹിതമനുസരിച്ച് അവയ്ക്ക് അസ്തിത്വം ലഭിക്കുകയും അവ സൃഷ്ടിക്കപ്പെടുകയും ചെയ്തു". അതിനാൽ സങ്കീർത്തകൻ ഇങ്ങനെ ഉദ്ഘോഷിക്കുന്നു. "കർത്താവേ, അങ്ങയുടെ സൃഷ്ടികൾ അത്ര വൈവിധ്യപൂർണങ്ങളാണ്. ജ്ഞാനത്താൽ അങ്ങ് എല്ലാം സൃഷ്ടിച്ചു". "കർത്താവ് എല്ലാവർക്കും നല്ലവനാണ്; തന്റെ സർവസൃഷ്ടികളുടെയുംമേൽ അവിടുന്നു കരുണ ചൊരിയുന്നു."

### "ദൈവം ശൂന്യതയിൽനിന്നു" സൃഷ്ടിക്കുന്നു

296 സൃഷ്ടി നടത്തുന്നതിന് നേരത്തേ ഉണ്ടായിരുന്ന ഏതെങ്കിലും വസ്തുവോ എന്തെങ്കിലും സഹായമോ ദൈവത്തിന് ആവശ്യമില്ലെന്നു നാം വിശ്വസിക്കുന്നു.ദൈവികസത്തയിൽനിന്നുള്ള നിർബന്ധപൂർവകമായ നിർഗളിക്കലും (emanation) അല്ല സൃഷ്ടി. ദൈവം സ്വതന്ത്രമായി 'ശൂന്യാവസ്ഥയിൽനിന്നു' സൃഷ്ടിക്കുന്നു.

> നേരത്തേ ഉണ്ടായിരുന്ന ഏതെങ്കിലും പദാർഥത്തിൽനിന്നാണു ദൈവം ലോകത്തെ സൃഷ്ടിച്ചതെങ്കിൽ, അതിൽ അസാധാരണമായി എന്തെ

> ങ്കിലും ഉണ്ടായിരുന്നോ? ഒരു ശിൽപി തനിക്കു ലഭിക്കുന്ന പദാർഥം കൊണ്ടു തനിക്കിഷ്ടമുള്ളതെല്ലാം നിർമിക്കുന്നു. എന്നാൽ, തനിക്കിഷ്ടമുള്ളതെല്ലാം ശൂന്യതയിൽനിന്നു സൃഷ്ടിച്ചു എന്നതിലാണ് ദൈവത്തിന്റെ ശക്തി പ്രകടമാകുന്നത്.

297 ശൂന്യതയിൽനിന്നുള്ള സൃഷ്ടിയെസംബന്ധിച്ച വിശ്വാസം വാഗ്ദാനത്തിന്റെയും പ്രത്യാശയുടെയും സത്യത്താൽ പൂരിതമായ ഒരു യാഥാർഥ്യമായി വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ഏഴു പുത്രൻമാരുടെ അമ്മ അവരെ രക്തസാക്ഷിത്വത്തിനു ധൈര്യപ്പെടുത്തിക്കൊണ്ടു പറയുന്നതിങ്ങനെയാണ്:

> "നിങ്ങൾ എങ്ങനെ എന്റെ ഉദരത്തിൽ രൂപം കൊണ്ടുവെന്ന് എനിക്ക് അറിവില്ല. നിങ്ങൾക്കു ജീവനും ശ്വാസവും നൽകിയതും നിങ്ങളുടെ അവയവങ്ങൾ വാർത്തെടുത്തതും ഞാനല്ല. മനുഷ്യനെ ഉരുവാക്കുകയും എല്ലാറ്റിന്റെയും ആരംഭം ഒരുക്കുകയും ചെയ്ത ലോകസ്രഷ്ടാവ്, തന്റെ നിയമത്തെ പ്രതി നിങ്ങൾ നിങ്ങളെതന്നെ വിസ്മരിക്കുന്നതിനാൽ, കരുണാപൂർവ്വം നിങ്ങൾക്കു ജീവനും ശ്വാസവും വീണ്ടും നൽകും.....ആകാശത്തെയും ഭൂമിയേയും നോക്കുക. അവയിലുള്ള ഓരോന്നും കാണുക. ഉണ്ടായിരുന്നവയിൽ നിന്നല്ല ദൈവം അവയെ സൃഷ്ടിച്ചതെന്നു മനസിലാക്കുക. മനുഷ്യരും അതുപോലെയാണ് സൃഷ്ടിക്കപ്പെട്ടത്."

298 ശൂന്യതയിൽനിന്നു സൃഷ്ടിക്കാൻ ദൈവത്തിനു ശക്തിയുള്ളതിനാൽ "നിർമ്മലമായ ഒരു ഹൃദയം അവനിൽ സൃഷ്ടിച്ചുകൊണ്ട്"പരിശുദ്ധാത്മാവു വഴി പാപികൾക്ക് ആധ്യാത്മിക ജീവൻ നൽകുവാനും, മരിച്ചവർക്കു പുനരുത്ഥാനം വഴി ശാരീരിക ജീവൻ നൽകുവാനും ദൈവത്തിനു കഴിയും. ദൈവം "മരിച്ചവർക്ക് ജീവൻ നൽകുകയും അസ്തിത്വമില്ലാത്തവയ്ക്ക് അസ്തിത്വം നൽകുകയും ചെയ്യുന്നു." തന്റെ വചനം വഴി അന്ധകാരത്തിൽ പ്രകാശം ചൊരിയാൻ ദൈവത്തിനു കഴിഞ്ഞതിനാൽ തന്നെ അറിയാത്തവർക്കു വിശ്വാസ വെളിച്ചം നൽകുവാനും അവിടുത്തേക്കു കഴിയും.

### ദൈവം ക്രമീകൃതവും നല്ലതുമായ ലോകത്തെ സൃഷ്ടിക്കുന്നു.

299 ദൈവം ജ്ഞാനം കൊണ്ടു സൃഷ്ടിക്കുന്നെങ്കിൽ, അവിടുത്തെ സൃഷ്ടി ക്രമീകൃതമാണ്. " അങ്ങു സർവവും അളന്ന് എണ്ണി, തൂക്കി ക്രമപ്പെടുത്തിയിരിക്കുന്നു." അദൃശ്യ ദൈവത്തിന്റെ പ്രതിച്ഛായയായ സനാതന വചനത്തിലും സനാതന വചനത്താലും സൃഷ്ടിക്കപ്പെട്ട വിശ്വം "ദൈവച്ഛായയിൽ" സൃഷ്ടിക്കപ്പെട്ടവനും, ദൈവവുമായി വ്യക്തിപരമായ ബന്ധത്തിനു വിളിക്കപ്പെട്ടവനുമായ. മനുഷ്യനു വേണ്ടിയാണ്; അത് അവന് ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവിക ബുദ്ധിയുടെ വെളിച്ചത്തിൽ ഭാഗഭാക്കാകുന്ന നമ്മുടെ





ബുദ്ധി, സൃഷ്ടപ്രപഞ്ചത്തിലൂടെ ദൈവം നമ്മോടു പറയുന്ന കാര്യങ്ങൾ ഗ്രഹിക്കുവാൻ ശക്തമാണ്; പക്ഷേ, കഠിനാധ്വാനത്തിലൂടെ സ്രഷ്ടാവിന്റെയും അവന്റെ സൃഷ്ടികളുടെയും മുൻപിൽ വിനയബഹുമാന സമന്വിതം വർത്തിച്ചു കൊണ്ടും മാത്രമേ, ഇതു സാധ്യമാകൂ. സൃഷ്ടി ദൈവത്തിന്റെ നന്മയിൽ നിന്ന് ഉത്ഭവിക്കുന്നതിനാൽ അത് അവിടുത്തെ നന്മയിൽ പങ്കുചേരുന്നു. "അത് നന്നായിരിക്കുന്നുവെന്നു, ദൈവം കണ്ടു." മനുഷ്യനു വേണ്ടിയുള്ള ഒരു സമ്മാനമായി, അവനു വേണ്ടിയുള്ളതും അവനെ ഭരമേൽപിച്ചിരിക്കുന്നതുമായ ഒരു പൈതൃകമായി ദൈവം സൃഷ്ടിയെ നിശ്ചയിച്ചു. ഭൗതിക പ്രപഞ്ചമുൾപ്പെടെയുള്ള സർവ സൃഷ്ടികളുടെയും നന്മയെ ന്യായീകരിച്ചുറപ്പിക്കേണ്ട പല സന്ദർഭങ്ങളും സഭയിലുണ്ടായിട്ടുണ്ട്.

### ദൈവം സൃഷ്ടിക്കതീതനും സൃഷ്ടിയിൽ സന്നിഹിതനുമാണ്

300 തന്റെ സർവ സൃഷ്ടികളേക്കാൾ അനന്തശ്രേഷ്ഠയുള്ളവനാണു ദൈവം. അവിടുത്തെ മഹത്ത്വം ആകാശങ്ങൾക്കുമേൽ അവിടുന്നു സ്ഥാപിച്ചു. അവിടുത്തെ മഹത്വം അന്വേഷണാതീതമാണ്. പരമോന്നതനും സ്വതന്ത്രനുമായ സ്രഷ്ടാവും അസ്തിത്വമുള്ളവയുടെയെല്ലാം പ്രഥമ കാരണവുമെന്നനിലയ്ക്കു, തന്റെ സൃഷ്ടികളുടെയെല്ലാം ആന്തരികാഗാധങ്ങളിൽ ദൈവം സന്നിഹിതനാണ്. "അവിടുന്നിലാണു നാം ജീവിക്കുന്നതും ചരിക്കുന്നതും ആയിരിക്കുന്നതും." വിശുദ്ധ അഗസ്തീനോസിന്റെ വാക്കുകളിൽ: "ദൈവം എന്റെ അന്തസ്സത്തയെക്കാളെല്ലാം അന്ത:സ്ഥിതനും, എന്റെ ഔന്നത്യത്തെക്കാളെല്ലാം ഉന്നതനും ആകുന്നു."

### ദൈവം സർവസൃഷ്ടികളുടെയും സന്ധാരകനും പരിപാലകനും

301 സൃഷ്ടികർമ്മം കഴിഞ്ഞു തന്റെ സൃഷ്ടികളെയെല്ലാം അവയുടെ വഴിക്കുതന്നെ ദൈവം കൈവിടുന്നില്ല; അവിടുന്ന് അവയ്ക്കെല്ലാം ഉൺമയും അസ്തിത്വവും നൽകുക മാത്രമല്ല, ഓരോ നിമിഷവും അവയെ ഉൺമയിൽ നിലനിറുത്തുകയും; പ്രവർത്തിക്കുന്നതിന് അവയെ ശക്തമാക്കുകയും അവയുടെ ആത്യന്തിക ലക്ഷ്യത്തിലേക്കു അവയെ നയിക്കുകയും ചെയ്യുന്നു. സൃഷ്ടികൾക്കു സൃഷ്ടാവിലുള്ള ഈ പരിപൂർണാശ്രയത്വം അംഗീകരിക്കുന്നതു ജ്ഞാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സന്തോഷത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ഉറവിടമാകുന്നു.

> "എല്ലാറ്റിനെയും അങ്ങ് സ്നേഹിക്കുന്നു. അങ്ങു സൃഷ്ടിച്ച ഒന്നിനെയും അങ്ങു ദ്വേഷിച്ചിരുന്നെങ്കിൽ എന്തെങ്കിലും നിലനിൽക്കുമോ? അങ്ങ് അസ്തിത്വത്തിലേക്കു വിളിച്ചില്ലെങ്കിൽ എന്തെങ്കിലും പുല

രുമോ? ജീവനുള്ളവയെ സ്നേഹിക്കുന്ന കർത്താവേ, അങ്ങ് എല്ലാറ്റിനോടും ദയ കാണിക്കുന്നു. കാരണം, അവ അങ്ങയുടേതാണ്."

## V. ദൈവം തന്റെ പദ്ധതി നടപ്പാക്കുന്നു; ദൈവിക പരിപാലന

302 സൃഷ്ടിക്ക് അതിന്റേതായ നന്മയും തനതായ പൂർണതയുമുണ്ട്. എന്നിരുന്നാലും, പരിപൂർണാവസ്ഥയിലല്ല സൃഷ്ടി സൃഷ്ടാവിന്റെ കരങ്ങളിൽനിന്നു പുറത്തു വരുന്നത്. ദൈവം നിയോഗിച്ചിട്ടുള്ളതും ഇനിയും പ്രാപിക്കേണ്ടതുമായ ഒരു ആത്യന്തിക പൂർണ്ണതയിലേക്ക് "സഞ്ചരിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയിൽ" (in statu viae) ആണു പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത്. ഈ പൂർണതയിലേക്ക് തന്റെ സൃഷ്ടിയെ നയിക്കുന്നതിന് ദൈവം കൈക്കൊള്ളുന്ന ക്രമവിധാനങ്ങളെ നാം "ദൈവിക പരിപാലന"യെന്നു വിളിക്കുന്നു.

ദൈവം സൃഷ്ടിച്ച സർവ്വവും ദൈവം തന്റെ പരിപാലന വഴി സംരക്ഷിക്കുകയും ഭരിക്കുകയും ചെയ്യുന്നു. " ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഈ പരിപാലനം ശക്തമായി എത്തുന്നു. എല്ലാറ്റിനെയും സുഗമമായി ക്രമീകരിക്കുകയും ചെയ്യുന്നു." "ദൈവ സൃഷ്ടിക്കുമുൻപിൽ എല്ലാം അനാവൃതവും സ്പഷ്ടവുമാണ്, സൃഷ്ടികളിലെ സ്വതന്ത്ര പ്രവർത്തനത്തിലൂടെ ഇനി വരാനിരിക്കുന്നവപോലും."

303 ദൈവപരിപാലനയുടെ ഔൽസുക്യം വസ്തുനിഷ്ഠവും നേരിട്ടുള്ളതും ആകുന്നു എന്നതിനു വി.ഗ്രന്ഥം മുഴുവനും ഐകകണ്ഠ്യേന സാക്ഷ്യം നൽകുന്നുണ്ട്: ഏറ്റവും നിസ്സാര കാര്യങ്ങൾ മുതൽ, ലോകത്തിലെയും അതിന്റെ ചരിത്രത്തിലെയും മഹാസംഭവങ്ങൾ വരെയുള്ള എല്ലാറ്റിലും ദൈവശ്രദ്ധ പതിയുന്നു. സംഭവഗതിയുടെമേൽ ദൈവത്തിനുള്ള പരിപൂർണ ആധിപത്യം വിശുദ്ധ ലിഖിതങ്ങൾ ശക്തിയുക്തം ഉദ്ഘോഷിക്കുന്നു: "നമ്മുടെ ദൈവം സ്വർഗ്ഗത്തിലാണ്; തനിക്കിഷ്ടമുള്ളതെല്ലാം അവിടുന്നു ചെയ്യുന്നു." ക്രിസ്തുവിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു: "അവിടുന്നു തുറന്നു കൊടുത്താൽ പിന്നെ ആരും അടയ്ക്കുകയില്ല; അവിടുന്ന് അടച്ചാൽ ആരും തുറക്കുകയുമില്ല" സുഭാഷിതങ്ങളുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ: "മനുഷ്യഹൃദയത്തിൽ ആലോചനകളേറെ; നടപ്പിൽ വരുന്നതു കർത്താവിന്റെ തിരുവിഷ്ടം."

304 ഇതുകൊണ്ടാണു വിശുദ്ധഗ്രന്ഥത്തിന്റെ മുഖ്യകർത്താവായ പരിശുദ്ധാത്മാവ് ഉപഹേതുക്കളൊന്നും സൂചിപ്പിക്കാതെ പ്രവൃത്തികളെ മിക്കപ്പോഴും ദൈവത്തിന്റേതായി അവതരിപ്പിക്കുന്നത്. ഇതൊരു "പ്രാചീന സംസാരരീതി"യല്ല; പ്രത്യുത ലോകത്തിന്റെയും ചരിത്രത്തിന്റേയുംമേൽ ദൈവത്തിനുള്ള സർവാധികാരവും അനിഷേധ്യ കർതൃത്ത്വവും അനുസ്മരിപ്പിക്കുവാനും, അങ്ങനെ ദൈവത്തിൽ ആശ്രയിക്കാൻ മനുഷ്യനെ പഠിപ്പിക്കുവാനുമുള്ള അർത്ഥസംപുഷ്ടമായ ഒരു രീതിയാണ്. പ്രസ്തുത





ദൈവാശ്രയം നമ്മെ അഭ്യസിപ്പിക്കുന്ന ഒരു മഹാവിദ്യാലയമാണു, സങ്കീർത്തനങ്ങളിലെ പ്രാർത്ഥന.

305 തന്റെ മക്കളുടെ നിസ്സാരാവശ്യങ്ങളിൽപോലും ശ്രദ്ധ പതിക്കുന്ന സ്വർഗ്ഗീയ പിതാവിന്റെ പരിപാലനയ്ക്കു ശിശുസഹജമായ ദൃഢ വിശ്വാസത്തോടെ നാം നമ്മെത്തന്നെ വിട്ടുകൊടുക്കണമെന്നാണ് യേശു ആവശ്യപ്പെടുന്നത്: "അതിനാൽ എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും എന്നു വിചാരിച്ചു നിങ്ങൾ ആകുലരാകേണ്ടാ.... നിങ്ങൾക്കിവയെല്ലാം ആവശ്യമാണെന്നു നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് അറിയുന്നു. നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും."

### ദൈവപരിപാലനയും ഉപഹേതുക്കളും

306 ദൈവമാണ് തന്റെ പദ്ധതിയുടെ പരമാധികാരി എന്നിരുന്നാലും അതു നടപ്പിലാക്കുന്നതിനു ദൈവം തന്റെ സൃഷ്ടികളുടെ സഹകരണവും സ്വീകരിക്കുന്നു. ഇതു ബലഹീനതയുടെ ഒരു ലക്ഷണമല്ല, പ്രത്യുത സർവശക്തനായ ദൈവത്തിന്റെ മഹത്ത്വത്തിന്റെയും നന്മയുടെയും അടയാളമാണ്. സൃഷ്ടികൾക്കു ദൈവം അവയുടെ അസ്തിത്വം മാത്രമല്ല നൽകിയിരിക്കുന്നത്; സ്വമേധയാ പ്രവർത്തിക്കുന്നതിനും, അന്യോന്യം കാരണങ്ങളും പ്രഭവങ്ങളുമായി വർത്തിക്കുന്നതിനും, അങ്ങനെ ദൈവീക പദ്ധതിയുടെ നിർവഹണത്തിൽ സഹകരിക്കുന്നതിനുമുള്ള അന്തസ്സും സൃഷ്ടികൾക്ക് അവിടുന്നു നൽകിയിരിക്കുന്നു.

307 ഭൂമിയെ കീഴ്പ്പെടുത്തി, അതിന്റെമേൽ ആധിപത്യം സ്ഥാപിക്കാനുള്ള ഉത്തരവാദിത്വം മനുഷ്യരെ ഏൽപ്പിച്ചുകൊണ്ടു ദൈവിക പരിപാലനയിൽ സ്വതന്ത്രമായി പങ്കുചേരാൻ കഴിവു ദൈവം അവർക്കുനൽകുന്നു. സൃഷ്ടികർമ്മത്തെ പൂർണതയിലെത്തിക്കുവാനും സൃഷ്ടിയുടെ താളക്രമം പൂർണമാക്കുവാനുമായി, ബുദ്ധിശക്തിയുള്ള സ്വതന്ത്ര കാരണങ്ങളായി വർത്തിച്ചുകൊണ്ടു തങ്ങളുടെയും സമസൃഷ്ടങ്ങളുടെയും ശ്രേയസ്സിനായി പ്രവർത്തിക്കുവാൻ ദൈവം മനുഷ്യരെ പ്രാപ്തരാക്കുന്നു. ദൈവേഷ്ട നിർവഹണത്തിനു ബോധപൂർവ്വമല്ലാതെ തന്നെ പലപ്പോഴും സഹകാരികളാകുന്ന മനുഷ്യർക്കു തങ്ങളുടെ പ്രവർത്തനങ്ങൾ, പ്രാർത്ഥനകൾ, സഹനങ്ങൾ എന്നിവയിലൂടെ ബോധപൂർവ്വം ദൈവിക പദ്ധതിയിൽ പ്രവേശിക്കുവാനും കഴിയും. മനുഷ്യർ അങ്ങനെ പൂർണമായ അർത്ഥത്തിൽ "ദൈവത്തിന്റെയും അവിടുത്തെ രാജ്യത്തിന്റെയും കൂട്ടുവേലക്കാരായി തീരുന്നു."

308 തന്റെ സൃഷ്ടികളുടെ എല്ലാ പ്രവർത്തനങ്ങളിലും ദൈവം പ്രവർത്തിക്കുന്നുവെന്ന സത്യം, സ്രഷ്ടാവായ ദൈവത്തിലുള്ള വിശ്വാസത്തിൽനിന്നും അഭേദ്യമാണ്. ഉപഹേതുക്കളിലും ഉപഹേതുക്കളിൽകൂടിയും പ്രവർത്തിക്കുന്ന പ്രഥമ ഹേതുവാണു ദൈവം. " എന്തെന്നാൽ, തന്റെ അഭീഷ്ടമനുസരിച്ച് ഇച്ഛിക്കുവാനും പ്രവർത്തിക്കുവാനും നിങ്ങളെ ഉത്തേജിപ്പിക്കുന്നതു ദൈവമാണ്." ഈ സത്യം സൃഷ്ടികളുടെ മഹത്വത്തെ കുറയ്ക്കുന്നില്ല, പ്രത്യുത, അതിനെ ഉയർത്തുകയാണു ചെയ്യുന്നത്. ദൈവത്തിന്റെ ശക്തിയും ജ്ഞാനവും നൻമയും നിമിത്തം ശൂന്യാവസ്ഥയിൽനിന്നു പുറത്തുവന്ന സൃഷ്ടി അതിന്റെ പ്രഭവത്തിൽ നിന്നു വിച്ഛേദിക്കപ്പെടുകയാണെങ്കിൽ യാതൊന്നും ചെയ്യാൻ അതിനു സാധിക്കുകയില്ല. "സ്രഷ്ടാവിന്റെ അഭാവത്തിൽ സൃഷ്ടി ശൂന്യതയിൽ മറയുന്നു." അതിനെക്കാൾ അസാധ്യമാണു ദൈവകൃപയുടെ സഹായമില്ലാതൊരു സൃഷ്ടിക്ക് അതിന്റെ പരമാന്ത്യം പ്രാപിക്കുക എന്നത്.

**ദൈവപരിപാലനയും തിൻമ എന്ന വിഷമ പ്രശ്നവും**

309 ക്രമീകൃതവും നല്ലതുമായ ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ സർവശക്തനും പിതാവുമായ ദൈവം തന്റെ സൃഷ്ടികളെയെല്ലാം പരിപാലിക്കുന്നെങ്കിൽ തിൻമ എങ്ങനെയുണ്ടാകുന്നു? അടിയന്തരസ്വഭാവമുള്ളതും അനുപേക്ഷണീയവും വേദനാജനകവും നിഗൂഢവുമായ ഈ പ്രശ്നത്തിനു തിടുക്കത്തിലുള്ള ഒരുത്തരവും മതിയാവുകയില്ല. ക്രൈസ്തവ വിശ്വാസത്തിന്റെ സമഗ്രദർശനത്തിലൂടെ മാത്രമേ ഈ പ്രശ്നത്തിനുത്തരം കാണാൻ കഴിയൂ: സൃഷ്ടിയുടെ നൻമ, പാപത്തിന്റെ ദുരന്തം, തന്റെ ഉടമ്പടികളിൽകൂടി മനുഷ്യനെ സന്ദർശിക്കുന്ന ദൈവത്തിന്റെ ക്ഷമാപൂർണമായ സ്നേഹം, തന്റെ പുത്രന്റെ രക്ഷാകരമായ മനുഷ്യാവതാരം, അവിടുത്തെ പരിശുദ്ധാത്മദാനം, അവിടുന്നു വിളിച്ചുകൂട്ടിയ സഭ, കൂദാശകളുടെ ശക്തി, സൗഭാഗ്യ പൂർണമായ ഒരു ജീവിതത്തിലേക്കുള്ള അവിടുത്തെ വിളി-സ്വതന്ത്രരായ സൃഷ്ടികൾ ഈ വിളിക്കു സമ്മതമരുളാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതേ സമയം ഒരു ഭീകര രഹസ്യത്താൽ അവയ്ക്ക് ഈ വിളിയെ മുൻകൂട്ടി നിരസിക്കുവാനും കഴിയും - *തിന്മ എന്ന പ്രശ്നത്തിന് ഒരു പരിധിവരെയെങ്കിലും ഉത്തരം നൽകാത്തതായ ക്രൈസ്തവ സന്ദേശത്തിന്റെ യാതൊരു ഘടകവുമില്ല.*

310 എന്നാൽ എന്തുകൊണ്ടാണു, യാതൊരു തിൻമയ്ക്കും നിലനിൽക്കാനാവാത്തവിധം പരിപൂർണമായ ഒരു ലോകത്തെ ദൈവം സൃഷ്ടിക്കാതിരുന്നത്? അനന്ത ശക്തനായ ദൈവത്തിന് എപ്പോഴും





കൂടുതൽ ശ്രേഷ്ഠമായതിനെ സൃഷ്ടിക്കുവാൻ കഴിയുമല്ലോ. എന്നാൽ ആത്യന്തിക ഗുണപൂർണതയിലേക്കു "ചരിച്ചുകൊണ്ടിരിക്കുന്ന ഒരവസ്ഥയിൽ " ലോകത്തെ സൃഷ്ടിക്കുവാനാണു ദൈവം തന്റെ അനന്തജ്ഞാനത്തിലും നന്മയിലും സ്വതന്ത്രമായി തീരുമാനിച്ചത്. ദൈവിക പദ്ധതിയിൽ ഈ പ്രക്രിയ ചില ചരാചരങ്ങളുടെ ആവിർഭാവത്തിനും മറ്റു ചിലവയുടെ തിരോധാനത്തിനും ഹേതുവാകുന്നു; കൂടുതൽ ഗുണ പൂർണത പ്രാപിച്ചവയോടൊത്തു കുറച്ചുമാത്രം ഗുണ പൂർണത പ്രാപിച്ചവയും ക്രിയാത്മക ശക്തികൾക്കൊപ്പം നശീകരണ ശക്തികളും നിലനിൽക്കുന്നു: സൃഷ്ടി ഗുണപൂർണതയിലെത്തുന്നതുവരെ ഭൗതിക നന്മയോടൊത്തു ഭൗതിക തിൻമയും നിലനിൽക്കുന്നു.

311 ബുദ്ധിശക്തിയും സ്വാതന്ത്ര്യവുമുള്ള സൃഷ്ടികൾ എന്ന നിലയ്ക്കു മനുഷ്യരും മാലാഖമാരും തങ്ങളുടെ സ്വതന്ത്രതീരുമാനത്താലും വിശിഷ്ട സ്നേഹത്താലും അവരുടെ പരമാന്ത്യത്തിലേക്കു യാത്ര ചെയ്യണം; അതിനാൽ അവർക്കു മാർഗഭ്രംശം സാധ്യമാണ്. അവർ വാസ്തവത്തിൽ പാപത്തിൽ വീഴുകയും ചെയ്തു. അങ്ങനെയാണു ഭൗതിക തിന്മയെക്കാൾ അളവറ്റ വിധം ദോഷകരമായ ധാർമിക തിൻമ ലോകത്തിൽ പ്രവേശിച്ചത്. ദൈവം പ്രത്യക്ഷമായോ പരോക്ഷമായോ ഒരുവിധത്തിലും ധാർമിക തിൻമയുടെ ഹേതുവല്ല. എന്നാലും തന്റെ സൃഷ്ടികളുടെ സ്വാതന്ത്ര്യത്തെ മാനിച്ചുകൊണ്ടു ദൈവം തിന്മ അനുവദിക്കുന്നു. അതേസമയം നിഗൂഢാത്മകമായി തിന്മയിൽ നിന്ന് എങ്ങനെ നന്മ പുറപ്പെടുവിക്കുവാനാകുമെന്ന് അവിടുന്നറിയുന്നു;

> "സർവശക്തനായ ദൈവം....., അവിടുന്നു പരമ നന്മയായതിനാൽ, തിന്മയിൽ നിന്നു പോലും നന്മ പുറപ്പെടുത്താൻ തക്കവിധം സർവശക്തനും നല്ലവനുമല്ലായിരുന്നെങ്കിൽ തന്റെ സൃഷ്ടികളിൽ എന്തെങ്കിലും തിന്മയ്ക്കു സ്ഥാനം അനുവദിക്കില്ലായിരുന്നു."

312 തന്റെ സൃഷ്ടികളിൽ ഉളവാകുന്ന തിന്മയുടെ, ധാർമ്മിക തിന്മയുടെ പോലും, ഫലങ്ങളിൽ നിന്നു തന്റെ സർവശക്തനായ പരിപാലനമൂലം നന്മ പുറപ്പെടുവിക്കുവാൻ ദൈവത്തിനു സാധിക്കുമെന്നു യഥാകാലം കാണാൻ നമുക്കു കഴിയും. ജോസഫ് തന്റെ സഹോദരൻമാരോടു പറഞ്ഞു; " എന്നെ ഇങ്ങോട്ട് അയച്ചത് നിങ്ങളല്ല, പ്രത്യുത ദൈവമാണ്...... നിങ്ങൾ എനിക്കു തിന്മ ചെയ്തു പക്ഷേ ദൈവം അതു നന്മയാക്കി മാറ്റി. ഇന്നു കാണുന്നതു പോലെ അനേകം പേരുടെ ജീവൻ രക്ഷിക്കാൻ വേണ്ടിയാണ് അവിടുന്ന് അത് ചെയ്തത്." ഇന്നോളം ഉണ്ടായിട്ടുള്ളതിൽ ഏറ്റവും വലിയ ധാർമ്മിക തിൻമയിൽ നിന്ന്- സർവ മനുഷ്യരുടെയും പാപങ്ങ

ളുടെ ഫലമായി ദൈവത്തിന്റെ ഏകജാതനെ തിരസ്കരിച്ചതും മരണത്തിന് ഏൽപിച്ചു കൊടുത്തതും – ദൈവം അവിടുത്തെ അതി സമൃദ്ധമായ കൃപാവരത്താൽ ഏറ്റവും മഹത്തായ നന്മ പുറപ്പെടുവിച്ചിരിക്കുന്നു; ക്രിസ്തുവിന്റെ മഹത്ത്വീകരണവും നമ്മുടെ രക്ഷയും. ഇതെല്ലാമാണെങ്കിലും തിൻമ ഒരിക്കലും ഒരു നൻമ ആയിത്തീരുന്നില്ല.

313 " തന്നെ സ്നേഹിക്കുന്നവർക്കു ദൈവം സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു." വിശുദ്ധരുടെ നിരന്തര സാക്ഷ്യം ഈ സത്യം ഉറപ്പിക്കുന്നു;

> ഏറെ ഇടർച്ചയ്ക്കു വിധേയരായവരോടും തങ്ങൾക്കു സംഭവിച്ചവയോടു പ്രതിഷേധം പ്രകടിപ്പിച്ചവരോടുമായി സിയെന്നായിലെ വി.കത്രീന പറഞ്ഞു; "എല്ലാം സ്നേഹത്തിൽ നിന്നാണു ലഭിക്കുന്നത്. എല്ലാം മനുഷ്യരുടെ രക്ഷയ്ക്കായി ക്രമീകരിക്കപ്പെട്ടിരുന്നു. ഇതല്ലാതെ മറ്റൊരു ലക്ഷ്യവും ദൈവത്തിനില്ല."

> തന്റെ രക്തസാക്ഷിത്വത്തിനു കുറച്ചു മുൻപ് വിശുദ്ധ തോമസ് മൂർ, തന്റെ പുത്രിയെ സമാശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു; "ദൈവം തിരുമനസ്സാകാതെ യാതൊന്നും സംഭവിക്കുകയില്ല. അത് എന്തു തന്നെയായാലും, അതു നമ്മുടെ ദൃഷ്ടിയിൽ എത്ര തിന്മയായി തോന്നിയാലും അതുതന്നെയാണ് ഏറ്റവും ഉത്തമം."

> നോർവിച്ചിലെ ജൂലിയാനാ പ്രഭ്വിയുടെ വാക്കുകൾ ശ്രദ്ധേയങ്ങളാണ്; "ഞാൻ വിശ്വാസത്തിൽ ഉറച്ചുനിൽക്കണമെന്നും അതുപോലെ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെല്ലാം സ്വീകരിക്കണമെന്നും, നമ്മുടെ നന്മയ്ക്കായിരിക്കുമെന്ന് നിനക്കുതന്നെ കാണാൻ കഴിയും."

314 ദൈവം ലോകത്തിന്റെയും ചരിത്രത്തിന്റെയും നാഥനാണെന്നു നാം ഉറച്ചു വിശ്വസിക്കുന്നു: എങ്കിലും അവിടുത്തെ പരിപാലനയുടെ വഴികൾ നമുക്കു പലപ്പോഴും അജ്ഞാതങ്ങളാണ്. നമ്മുടെ ഭാഗിക ജ്ഞാനം ഇല്ലാതാകുന്ന അന്ത്യത്തിൽ ദൈവത്തെ നമ്മൾ "മുഖാഭിമുഖം" ദർശിക്കുമ്പോൾ മാത്രമേ, നമ്മൾ ദൈവത്തിന്റെ വഴികൾ (തിൻമയുടെയും പാപത്തിന്റെയും രംഗപ്രവേശങ്ങളിൽക്കൂടിപ്പോലുമുള്ള വഴികൾ) പൂർണമായി അറിയുകയുള്ളൂ. അവയിലൂടെയാണ് തിൻമയുടെയും പാപത്തിന്റെയും ദുരന്തത്തിൽ പോലും ദൈവം തന്റെ സൃഷ്ടിയെ അന്തിമ സാബത്തു വിശ്രമത്തിലേക്ക് നയിച്ചത്. ആകാശവും ഭൂമിയും ദൈവം സൃഷ്ടിച്ചത് ഈ ലക്ഷ്യപ്രാപ്തിക്കു വേണ്ടിയായിരുന്നു.

**സംഗ്രഹം**

315 ലോകത്തിന്റെയും മനുഷ്യന്റെയും സൃഷ്ടിയിൽക്കൂടി ദൈവം തന്റെ ജ്ഞാനത്തിന്റേയും സർവശക്ത സ്നേഹത്തിന്റെയും പ്രഥമവും



മനുഷ്യദർശനം: ദൈവശാസ്ത്രവീക്ഷണത്തിൽ

സാർവ്വത്രികവുമായ സാക്ഷ്യം നൽകിയിരിക്കുന്നു. ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയെ ലക്ഷ്യമാക്കിയുള്ള, "ദൈവത്തിന്റെ കൃപാവര പദ്ധതിയുടെ പ്രഥമപ്രഘോഷണമാണിത്."

316 സൃഷ്ടികർമ്മം പ്രത്യേകമായി പിതാവിന്റെ പ്രവൃത്തിയായി പരിഗണിക്കപ്പെടുന്നെങ്കിലും, അതുപോലെ തന്നെ നമ്മുടെ വിശ്വാസ സത്യമാണു പിതാവും പുത്രനും പരിശുദ്ധാത്മാവും സൃഷ്ടികർമ്മത്തിന്റെ അവിഭാജ്യമായ ഏക പ്രഭവമാണെന്ന്.

317 സ്വതന്ത്രമായും നേരിട്ടും യാതൊരു സഹായം കൂടാതെയും ദൈവം തനിച്ചാണ് പ്രപഞ്ചം സൃഷ്ടിച്ചത്.

318 നിഷ്കൃഷ്ടാർത്ഥത്തിൽ, "സൃഷ്ടികർമ്മം" നിർവഹിക്കുവാൻ വേണ്ടി അനന്തശക്തി യാതൊരു സൃഷ്ടിക്കുമില്ല. യാതൊരു വിധത്തിലും മുൻപില്ലാതിരുന്ന അസ്തിത്വം ഒരു വസ്തുവിനോ ജീവിക്കോ കൊടുക്കുക, അതായതു "ശൂന്യാവസ്ഥയിൽ നിന്ന്" അതിനെ അസ്ഥിത്വത്തിലേക്കു വിളിക്കുക, എന്നതാണു സൃഷ്ടികർമ്മം (cf. ds 3624).

319 തന്റെ മഹത്ത്വം പ്രകടമാക്കാനും പകർന്നുകൊടുക്കാനുമാണു ദൈവം ലോകത്തെ സൃഷ്ടിച്ചത്. ദൈവത്തിന്റെ സത്യത്തിലും നന്മയിലും സൗന്ദര്യത്തിലും സൃഷ്ടികൾ പങ്കാളികളാകുന്നതിലാണ് സൃഷ്ടികർമ്മത്തിന്റെ ലക്ഷ്യമായ ദൈവമഹത്ത്വം അടങ്ങിയിരിക്കുന്നത്.

320 പുത്രനായ വചനം മൂലവും തന്റെ ശക്തിയുടെ വചനത്താൽ എല്ലാറ്റിനെയും താങ്ങി നിറുത്തുന്ന സ്യഷ്ടാവും ജീവദാതാവുമായ പരിശുദ്ധാത്മാവുമൂലവും ദൈവം ലോകത്തെ സൃഷ്ടിക്കുകയും അതിനെ അസ്ഥിത്വത്തിൽ നിലനിറുത്തുകയും ചെയ്യുന്നു.

321 ജ്ഞാനത്തോടും സ്നേഹത്തോടുംകൂടെ തന്റെ സൃഷ്ടികളെയെല്ലാം അവയുടെ പരമ ലക്ഷ്യത്തിലേക്കു നയിക്കുന്നതിനു ദൈവം സ്വീകരിക്കുന്ന സംവിധാനങ്ങളാണു ദൈവിക പരിപാലന.

322 നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ സ്നേഹ പരിപാലനയിലേക്ക് പുത്രനിർവിശേഷമായ ആത്മസമർപ്പണത്തിനു ക്രിസ്തു നമ്മെ ക്ഷണിക്കുന്നു ( cf. മത്താ 6:26–36). വിശുദ്ധ പത്രോസ് അപ്പസ്തോലനും ആവർത്തിച്ചു പറയുന്നുണ്ട്; നിങ്ങളുടെ ഉൽക്കണ്ഠകളെല്ലാം അവിടുത്തെ ഏല്പ്പിക്കുവിൻ. എന്തെന്നാൽ, അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ് (പത്രോ 5:7; cf. സങ്കീ 55:23).

323 സൃഷ്ടികളുടെ പ്രവർത്തനങ്ങളിൽകൂടിയും, ദൈവിക പരിപാലന പ്രവർത്തിക്കുന്നു; ദൈവിക പദ്ധതിയോടു സ്വതന്ത്രമായി സഹകരിക്കുവാനുള്ള കഴിവു മനുഷ്യർക്കു ദൈവം നൽകുന്നു.

324 ഭൗതിക തിന്മ മാത്രമല്ല, ധാർമിക തിന്മപോലും ദൈവം അനുവദിക്കുന്നുവെന്ന വസ്തുത ഒരു ദിവ്യരഹസ്യമാണ്; തിന്മയുടെ മേൽ വിജയം വരിക്കുവാനായി മരിച്ച് ഉയിർത്ത ദൈവ പുത്രനായ യേശു ക്രിസ്തുവിലൂടെ ദൈവം ഈ രഹസ്യം അനാവരണം ചെയ്യുന്നു. തിന്മയിൽനിന്ന് നന്മ ഉളവാക്കുവാൻ കഴിയുകയില്ലായിരുന്നെങ്കിൽ ദൈവം ആ തിന്മ അനുവദിക്കുകയില്ലായിരുന്നുവെന്നു വിശ്വാസം നമുക്ക് ഉറപ്പു വരുത്തുന്നു. ഇതിനുള്ള മാർഗങ്ങൾ നിത്യജീവിതത്തിൽ മാത്രമേ നാം പൂർണമായി അറിയുകയുള്ളൂ.

# മനുഷ്യൻ

355 "ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു; സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു;" സൃഷ്ടികളുടെയിടയിൽ മനുഷ്യന് അതുല്യസ്ഥാനമുണ്ട്: "അവൻ ദൈവഛായയിലുള്ളവനാണ്." ആത്മീയവും ഭൗതികവുമായ ലോകങ്ങളെ സ്വന്തം പ്രകൃതിയിൽ അവൻ സംയോജിപ്പിക്കുന്നു. "സ്ത്രീയും പുരുഷനുമായി" അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ദൈവം അവനെ തന്റെ സ്നേഹബന്ധത്തിൽ ഉറപ്പിച്ചിരിക്കുന്നു.

## I. "ദൈവഛായയിൽ"

356 ദൃശ്യമായ സർവ്വസൃഷ്ടികളുടെയുമിടയിൽ തന്റെ സ്രഷ്ടാവിനെ "അറിയുവാനും സ്നേഹിക്കുവാനും കഴിവുള്ളവൻ മനുഷ്യൻ മാത്രമാണ്." "ലോകസൃഷ്ടികളിൽ മനുഷ്യനെ മാത്രമാണ് ദൈവം അവനുവേണ്ടിത്തന്നെ സൃഷ്ടിച്ചത്." ജ്ഞാനവും സ്നേഹവും വഴി ദൈവത്തിന്റെ ജീവനിൽ പങ്കുചേരാൻ വിളിക്കപ്പെട്ടതു മനുഷ്യൻമാത്രമാണ്. ഈ ലക്ഷ്യത്തെപ്രതിയാണ് അവൻ സൃഷ്ടിക്കപ്പെട്ടത്, അവന്റെ മഹാത്മ്യത്തിന്റെ അടിസ്ഥാന കാരണവും ഇതുതന്നെ.

> "മനുഷ്യനെ ഇത്രയേറെ മാഹാത്മ്യമുള്ളവനായി പ്രതിഷ്ഠിക്കാൻ, ദൈവമേ,നിന്നെ പ്രേരിപ്പിച്ചതാരാണ്? നിന്നിൽത്തന്നെ നിന്റെ സൃഷ്ടിയെ വീക്ഷിക്കുവാൻ ഹേതുവാക്കിയ നിന്റെ അമേയമായ സ്നേഹമാണതെന്നു തീർച്ച. നിന്റെ സൃഷ്ടിയുമായി നീ സ്നേഹബന്ധത്തിലായി, തീർച്ചയായും സ്നേഹം നിമിത്തമാണു നീ അതിനെ സൃഷ്ടിച്ചത്; നിന്റെ സനാതന നന്മ അനുഭവിക്കുന്നതിന് സ്നേഹം മൂലം അതിന് നീ അസ്ഥിത്വം നൽകി" (*വി. കാതറിൻ ഒഫ് സിയന്ന*)

357 ദൈവഛായയിലായിരിക്കുന്നതിനാൽ മനുഷ്യന് ഒരു വ്യക്തിയുടെ മഹാത്മ്യമുണ്ട്. അവൻ കേവലം ഒരു വസ്തുവല്ല, പ്രത്യുത ഒരു ആളാണ്. സ്വയം അറിയുവാനും സ്വയം ഉൾകൊള്ളുവാനും സ്വതന്ത്രമായി സ്വയം ദാനം ചെയ്യുവാനും ഇതര വ്യക്തികളുമായി സംസർഗത്തിൽ ഏർപ്പെടുവാനും കഴിവുള്ളവനാണു മനുഷ്യൻ. കൃപാവരത്തിലൂടെ സ്രഷ്ടാവുമായി ഒരുടമ്പടിയിലേക്ക് അവൻ വിളിക്കപ്പെട്ടിരിക്കുന്നു. തനിക്കു പകരം മറ്റൊരു സൃഷ്ടിക്കും നൽകാൻ കഴിയാത്തവിധത്തിലുള്ള വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യുത്തരം അവിടുത്തേക്ക് നൽകാൻ വേണ്ടിയാണ് ഇത്.

358 മനുഷ്യനുവേണ്ടിയാണ് ദൈവം സമസ്തവും സൃഷ്ടിച്ചിരിക്കുന്നത്; എന്നാൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതാകട്ടെ, ദൈവത്തെ സേവിക്കുവാനും സ്നേഹിക്കുവാനും സർവ്വസൃഷ്ടി





കളെയും അവിടുത്തേക്കു സമർപ്പിക്കുവാനും വേണ്ടിയാണ്:

> ദൈവം ഇത്രയേറെ ബഹുമാനത്തോടെ സൃഷ്ടിക്കാൻ തുടങ്ങുന്ന അവൻ ആരാണ്? അതു മനുഷ്യനാണ്. മഹാനും ആദരണീയനുമായവൻ. ദൈവസൃഷ്ടിയിൽ മറ്റെല്ലാ സൃഷ്ടികളെയുംകാൾ വിലപ്പെട്ടവൻ. അവനു വേണ്ടിയാണ് ആകാശവും ഭൂമിയും സമുദ്രവും ഇതര സൃഷ്ടികൾ മുഴുവനും സ്ഥിതിചെയ്യുന്നത്. സ്വപുത്രനെപ്പോലും മനുഷ്യനുവേണ്ടി നൽകുവാൻ തക്കവിധം, ദൈവം അവന്റെ രക്ഷയെ അത്ര പരമപ്രധാനമായി പരിഗണിച്ചു. മനുഷ്യനെ ഉന്നതത്തിലേക്ക്, തന്റെ പക്കലേക്ക്, ഉയർത്തി തന്റെ വലതുഭാഗത്ത് ഇരുത്തുന്നതുവരെ, ദൈവം എല്ലാ മാർഗങ്ങളും പ്രയോഗിച്ചുകൊണ്ട് അനവരതം പ്രവർത്തിക്കുന്നു.

359 "വാസ്തവത്തിൽ ശരീരം ധരിച്ച വചനത്തിന്റെ രഹസ്യത്തിൽ മാത്രമാണ്, മനുഷ്യരഹസ്യം യഥാർത്ഥത്തിൽ വ്യക്തമാക്കുന്നത്."

> മനുഷ്യവംശം ആരംഭിക്കുന്നത് വി. പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ രണ്ടു മനുഷ്യരിൽനിന്നാണ്, ആദവും ക്രിസ്തുവും. ആദ്യത്തെ മനുഷ്യനായ ആദം ജീവിക്കുന്ന ഒരു ആത്മാവായി, അവസാനത്തെ ആദം ജീവൻ നൽകുന്ന ഒരു ആത്മാവായി, ആദ്യത്തെ ആദം അവസാനത്തെ ആദത്താൽ സൃഷ്ടിക്കപ്പെട്ടു. ആദ്യത്തെ ആദം അവസാനത്തെ ആദത്തിൽ നിന്നു വന്നു. തനിക്കു ജീവനരുളുന്ന ആത്മാവിനെ സ്വീകരിച്ചു... ഒന്നാമത്തെ ആദത്തെ സൃഷ്ടിച്ചപ്പോൾ രണ്ടാമാദം തന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവൻ നശിച്ചുപോകാതിരിക്കാനായി, അവന്റെ ധർമവും അഭിധാനവും ഏറ്റെടുത്തു. ആദ്യത്തെ ആദത്തിന് ഒരു ആരംഭമുണ്ടായിരുന്നു; അവസാനമില്ലാത്തവനാണ് അവസാനത്തെ ആദം. അവനാണു യഥാർത്ഥത്തിൽ ഒന്നാമൻ. അവിടുന്നുതന്നെ പറയുന്നതുപോലെ, "ആദ്യത്തേതും അവസാനത്തേതും ഞാനാകുന്നു".

360 പൊതുവായ ഉത്പത്തിമൂലം, മനുഷ്യവംശത്തിനു മുഴുവനും ഒരു ഏകത്വം ഉണ്ട്. കാരണം, ഭൂമുഖം മുഴുവൻ വ്യാപിച്ചു വസിക്കാൻവേണ്ടി ദൈവം ഒരു പൂർവികനിൽനിന്ന് എല്ലാ ജനപദങ്ങളെയും സൃഷ്ടിച്ചു.

> ദൈവത്തിൽനിന്നുള്ള ഉത്പത്തിയുടെ ഐക്യത്തിൽ മനുഷ്യവംശത്തെക്കുറിച്ചു വിചിന്തനം ചെയ്യാൻ നമ്മെ പ്രചോദിപ്പിക്കുന്ന ദർശനം എത്ര ആശ്ചര്യാവഹമാണ്... അവ സർവമനുഷ്യരിലും അരൂപിയായ ആത്മാവോടും ഭൗതികശരീരത്തോടുംകൂടെ തുല്യമായി സൃഷ്ടിക്കപ്പെടുന്ന മനുഷ്യപ്രകൃതിയുടെ ഐക്യത്തിൽ, മനുഷ്യവംശത്തിന്റെ ആസന്നമായ അന്ത്യത്തിന്റെയും മനുഷ്യവംശത്തിനു ലോകത്തിൽ നിർവഹിക്കാനുള്ള ദൗത്യത്തിന്റെയും ഐക്യത്തിൽ; മനുഷ്യവർഗത്തിന്റെ മുഴുവനും വാസസ്ഥാനമായ ഭൂമിയുടെ ഐക്യത്തിൽ – ജീവസന്ധാരണത്തിനും പരിപോഷണത്തിനുമായി ഈ ഭൂമിയുടെ പ്രയോജനങ്ങളെ വിനിയോഗിക്കുവാൻ എല്ലാ മനുഷ്യർക്കും പ്രകൃതിതന്നെ അവകാശം നൽകുന്നുണ്ട്, എല്ലാവർക്കും പൊതുവായ പ്രകൃത്യാതീത ലക്ഷ്യ

> ത്തിന്റെ ഐക്യത്തിൽ എല്ലാ മനുഷ്യരും ഉന്നം വയ്ക്കേണ്ട ദൈവം തന്നെയാണീ ലക്ഷ്യം; ഈ ലക്ഷ്യം പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളുടെ ഐക്യത്തിൽ....എല്ലാവർക്കുമായി ക്രിസ്തു നേടിത്തന്ന രക്ഷയുടെ ഐക്യത്തിൽ; ഈ ഐക്യത്തിന്റെയെല്ലാം അടിസ്ഥാനത്തിലാണു മാനവരാശി ഒരുമിച്ചു വിചിന്തനം ചെയ്യുന്നത്.

361 മനുഷ്യരുടെ പരസ്പരാഭിമുഖ്യത്തിന്റെയും പരസ്പരസ്നേഹത്തിന്റെയും ഈ നിയമം സർവ്വമനുഷ്യരും യഥാർത്ഥത്തിൽ സഹോദരങ്ങളാണ് എന്ന് ഉറപ്പു നൽകുന്നു. അതേ സമയം വ്യക്തികൾ, സംസ്കാരങ്ങൾ, ജനപദങ്ങൾ എന്നിവയുടെ വൈവിധ്യത്തെ ഈ നിയമം പുറന്തള്ളുന്നില്ല.

## II. "ശരീരവും ആത്മാവും ചേർന്ന ഒന്ന് "

362 ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഒരേസമയം ശരീരിയും ആത്മീയനുമാണ്. വിശുദ്ധഗ്രന്ഥത്തിലെ സൃഷ്ടിവിവരണം ഈ സത്യം പ്രതീകാത്മകമായി ആവിഷ്കരിക്കുന്നതിങ്ങനെയാണ്; "ദൈവമായ കർത്താവു ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു." അതിനാൽ മനുഷ്യൻ മുഴുവനായും ദൈവത്തിന്റെ തിരുഹിതത്താൽ സൃഷ്ടിക്കപ്പെട്ടവനാണ്.

363 വിശുദ്ധലിഖിതത്തിൽ "ആത്മാവ്" എന്ന സംജ്ഞ പലപ്പോഴും മനുഷ്യജീവനെയോ സംപൂർണമനുഷ്യവ്യക്തിയെയോ സൂചിപ്പിക്കുന്നതാണ്. എന്നാൽ ആത്മാവ് എന്ന പദം മനുഷ്യനിലെ ഏറ്റവും അമൂല്യമായ അവന്റെ അന്തസ്സത്തയെയും സൂചിപ്പിക്കുന്നു. ഈ അന്തസ്സത്തയിലാണ് അവൻ വളരെ സവിശേഷമാംവിധം ദൈവത്തിന്റെ ഛായ വഹിക്കുന്നത്. ചുരുക്കത്തിൽ ആത്മാവ് എന്ന സംജ്ഞ മനുഷ്യനിലെ ആധ്യാത്മികതലത്തെ സൂചിപ്പിക്കുന്നു.

364 മനുഷ്യശരീരം "ദൈവഛായയുടെ" മാഹാത്മ്യത്തിൽ പങ്കുചേരുന്നു. അത് മനുഷ്യന്റെ ശരീരമാക്കുന്നത്, അമൂർത്തമായ ആത്മാവിനാൽ സജീവമാക്കപ്പെടുന്നതു മൂലമാണ്. ക്രിസ്തുഗാത്രത്തിൽ പരിശുദ്ധാത്മാവിന്റെ ആലയമായിത്തീരാൻ നിയോഗിക്കപ്പെട്ടിരിക്കുന്നതു സംപൂർണമനുഷ്യവ്യക്തിയാണ്.

> ശരീരവും ആത്മാവും ചേർന്നവനെങ്കിലും മനുഷ്യൻ ഒരു ഏകത്വമാണ്. ശരീരിയായിരിക്കുന്നതിലൂടെ മനുഷ്യൻ ഭൗതിക പ്രപഞ്ചത്തിലെ പദാർത്ഥങ്ങളെയെല്ലാം തന്നിൽ സംഗ്രഹിക്കുന്നു. അവനിലൂടെ അവയെല്ലാം ഗുണപൂർണതയുടെ ഔന്നത്യത്തിലേക്ക് നയിക്കപ്പെടുകയാണ്, സ്രഷ്ടാവിനെ സ്വമേധയാ പുകഴ്ത്താൻ അവ അങ്ങനെ യോഗ്യമായിത്തീരുന്നു. ഇക്കാരണത്താൽ മനുഷ്യൻ തന്റെ ശാരീരിക ജീവനെ നിന്ദിക്കാൻ പാടില്ല. ദൈവം ശരീരത്തെ സൃഷ്ടിച്ചു. അന്തിമദിവസം അതിനെ അവിടുന്ന് ഉയിർപ്പിക്കും. ഇക്കാരണത്താൽ മനുഷ്യൻ തന്റെ ശരീരത്തെ നല്ലതും ബഹുമാനാർഹവുമായി പരിഗണിക്കണം.





365 ആത്മാവിനെ ശരീരത്തിന്റെ "രൂപം" എന്നു വിളിക്കത്തക്കവിധം, ആത്മശരീരങ്ങൾ തമ്മിലുള്ള ഐക്യം ഗാഢമാണ്; അതായത് അമൂർത്തമായ ഈ ആത്മാവു നിമിത്തമാണ്, മൂർത്തശരീരം സജീവമായി മനുഷ്യന്റെ ശരീരമായിത്തീരുന്നത്. മനുഷ്യനിലെ ആത്മാവും മൂർത്തശരീരവും രണ്ടു പ്രകൃതികളെ കൂട്ടിയോജിപ്പിച്ച് ഒന്നിച്ചു നിർത്തിയിരിക്കുന്നതല്ല, പ്രത്യുത, അവയുടെ സംയോജനഫലമായി ഈ ഏക പ്രകൃതി രൂപമെടുത്തിരിക്കുന്നതാണ്.

366 അമൂർത്തമായ ഓരോ മനുഷ്യാത്മാവും ദൈവത്താൽ നേരിട്ടു സൃഷ്ടിക്കപ്പെട്ടതാണ്; അതു മാതാപിതാക്കൻമാരാൽ ഉത്പാദിപ്പിക്കപ്പെട്ടതല്ല; മനുഷ്യാത്മാവ് അനശ്വരമാണ്. എന്നാണ് സഭ പഠിപ്പിക്കുന്നത്. മരണത്തോടെ ശരീരത്തിൽനിന്നു വേർപിരിയുമ്പോഴും ആത്മാവു നശിക്കുന്നില്ല. അന്തിമോത്ഥാനത്തിൽ അതു ശരീരവുമായി സംയോജിക്കും.

367 ചിലപ്പോൾ "ആത്മാവ്"(soul) അരൂപി (spirit) യിൽനിന്നു വ്യത്യസ്തമായി പരാമർശിക്കപ്പെടാറുണ്ട്. ഉദാഹരണത്തിനു പൗലോസു ശ്ലീഹാ ഇങ്ങനെ പ്രാർത്ഥിക്കുന്നു. "ദൈവം തന്റെ ജനത്തെ പൂർണമായി വിശുദ്ധീകരിക്കട്ടെ. കർത്താവിന്റെ ആഗമനത്തിൽ അവരുടെ അരൂപിയും ആത്മാവും ശരീരവും അവികലവും കുറ്റമറ്റതുമായിരിക്കാൻ ഇടയാകട്ടെ". അരൂപി, ആത്മാവ് എന്ന വിവേചനം മൂലം മനുഷ്യാത്മാവിൽ ഒരുവിധത്തിലുള്ള ദ്വിത്വം (duality) സൃഷ്ടിക്കപ്പെടുന്നില്ലെന്നു സഭ പഠിപ്പിക്കുന്നു. അരൂപി ദ്യോതിപ്പിക്കുന്ന വസ്തുത ഇതാണ്; സൃഷ്ടി മുതൽ മനുഷ്യൻ ഒരു പ്രകൃത്യാതീത ലക്ഷ്യത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്നു; ദൈവത്തോടുള്ള കൂട്ടായ്മയിലേക്ക് സൗജന്യമായി ഉയർത്തപ്പെടാനും അവന്റെ ആത്മാവിനു കഴിവുണ്ട്.

368 സഭയുടെ ആധ്യാത്മികപാരമ്പര്യം "ഹൃദയ"ത്തിനും പ്രാധാന്യം കൽപിക്കുന്നുണ്ട്. വിശുദ്ധഗ്രന്ഥഭാഷയിൽ, "ഹൃദയം" ഒരുവന്റെ ഉൺമയുടെ ആഴങ്ങളെ (അഗാധതലങ്ങളെ) സൂചിപ്പിക്കുന്നു. ഇവിടെയാണ്, ദൈവത്തിനുവേണ്ടിയോ ദൈവത്തിന് എതിരായോ വ്യക്തി തീരുമാനമെടുക്കുന്നത്.

## III. പുരുഷനും സ്ത്രീയുമായി അവിടുന്നു അവരെ സൃഷ്ടിച്ചു.

### സമത്വവും ഭേദവും ദൈവനിശ്ചിതം

369 പുരുഷനും സ്ത്രീയും സൃഷ്ടിക്കപ്പെട്ടവരാണ്; അതായത് അവർ ദൈവനിശ്ചിതരാണ്, ഒരുഭാഗത്തു മനുഷ്യവ്യക്തികൾ എന്ന നിലയ്ക്ക്, അവർ പൂർണസമത്വം ഉള്ളവർ ആകുന്നു. മറുഭാഗത്ത് അവരുടെ പ്രത്യേക ഉൺമകളിൽ അവർ "പുരുഷനും" "സ്ത്രീയും" ആകുന്നു. "പുരുഷൻ ആയിരിക്കുന്നതും" "സ്ത്രീ ആയിരിക്കുന്നതും" നല്ലതും ദൈവനിശ്ചിതവും ആകുന്നു. പുരുഷനും സ്ത്രീയും എടുത്തുമാറ്റാനാകാത്ത മാഹാത്മ്യത്തിന്റെ ഉടമകളാണ്; ഈ മഹാത്മ്യം സ്രഷ്ടാവായ ദൈവത്തിൽനിന്ന് അവർക്കു നേരിട്ടു ലഭിക്കുന്നതാണ്. പുരുഷനും സ്ത്രീയും "ദൈവഛായയിൽ ഒരേ മഹാത്മ്യമുള്ളവരാണ്. അവരുടെ "പുരുഷൻ ആയിരിക്കലും" "സ്ത്രീ ആയിരിക്കലും" സ്രഷ്ടാവിന്റെ ജ്ഞാനത്തെയും നന്മയെയും പ്രതിഫലിപ്പിക്കുന്നു.

370 ദൈവം ഒരുവിധത്തിലും മനുഷ്യന്റെ ഛായയിലല്ല. അവിടുന്നു പുരുഷനുമല്ല, സ്ത്രീയുമല്ല, തികച്ചും അരൂപിയായ ദൈവത്തിൽ ലിംഗഭേദത്തിനു സ്ഥാനമില്ല. എങ്കിലും പുരുഷന്റെയും സ്ത്രീയുടെയും തനതായ "ഗുണവിശേഷങ്ങൾ" ദൈവത്തിന്റെ അനന്തഗുണസംപൂർണതയെ കുറയൊക്കെ പ്രതിഫലിപ്പിക്കുന്നു. അങ്ങനെയുള്ളതാണ് ഒരു മാതാവിന്റെയും ഒരു പിതാവിന്റെയും ജീവിതപങ്കാളിയുടെയും ഗുണപൂർണത.

### "ഒരാൾ മറ്റൊരാൾക്കുവേണ്ടി" – "രണ്ടുപേർ ചേർന്നുള്ള ഏകത്വം"

371 പുരുഷനും സ്ത്രീയും ദൈവത്താൽ ഒരുമിച്ചു സൃഷ്ടിക്കപ്പെട്ടു. അവരിലൊരാൾ മറ്റേയാൾക്കുവേണ്ടിയായിരിക്കണമെന്നു ദൈവം നിശ്ചയിക്കുകയും ചെയ്തു. വിശുദ്ധഗ്രന്ഥ വിവരണത്തിന്റെ വിവിധ ചിന്താധാരകളിലൂടെ ഈ സത്യം ഗ്രഹിക്കാൻ ദൈവവചനം നമ്മെ പ്രാപ്തരാക്കുന്നു. "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അവനു ചേർന്ന തുണയെ ഞാൻ നൽകും". മൃഗങ്ങൾക്കൊന്നിനും മനുഷ്യന്റെ പങ്കാളികളാവാൻ കഴിവില്ല. പുരുഷന്റെ വാരിയെല്ലിൽനിന്നു ദൈവം സ്ത്രീയെ രൂപപ്പെടുത്തി, അവളെ അവന്റെയടുക്കൽ കൊണ്ടുവന്നപ്പോൾ, പുരുഷൻ ആശ്ചര്യം നിറഞ്ഞ സ്വരത്തിൽ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ആഹ്ലാദവചനങ്ങൾ ഉദ്ഘോഷിച്ചു. "ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും" ഒരേ മനുഷ്യത്വത്തിൽ പങ്കുചേരുന്ന മറ്റൊരു ഞാൻ ആയി സ്ത്രീയെ പുരുഷൻ ദർശിക്കുന്നു.





372 "ഒരാൾക്കു മറ്റെയാൾ" എന്നവിധത്തിൽ പുരുഷനെയും സ്ത്രീയെയും ദൈവം സൃഷ്ടിച്ചു – എന്നാൽ ഇതിനർത്ഥം ദൈവം അവരെ അർധനിർമിതികളായി, അപൂർണരായി സൃഷ്ടിച്ചു എന്നല്ല: വ്യക്തികളുടെ ഒരു കൂട്ടായ്മയായിട്ടാണു ദൈവം അവരെ സൃഷ്ടിച്ചത്. ഈ ഐക്യബന്ധത്തിൽ ഓരോ വ്യക്തിക്കും മറ്റേ വ്യക്തിയുടെ സഹായക പങ്കാളിയാകാൻ കഴിയും. കാരണം, വ്യക്തികൾ എന്ന നിലയിൽ അവർ തുല്യരാണ്(എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും.....) സ്ത്രൈണ പൗരുഷ ഭാവങ്ങളുള്ളവർ എന്ന നിലയ്ക്ക് അവർ പരസ്പരപൂരകരുമാണ്; ഏകശരീരമായിത്തീർന്നുകൊണ്ടു ജീവൻ പ്രദാനം ചെയ്യാൻ സാധിക്കുന്നതരത്തിൽ ദൈവം അവരെ വിവാഹത്തിൽ സംയോജിപ്പിക്കുന്നു. സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. തന്റെ പിൻഗാമികൾക്കു ജീവൻ പകർന്നുകൊടുത്തുകൊണ്ട്, സ്ത്രീയും പുരുഷനും ദമ്പതികൾ എന്നനിലയിലും മാതാപിതാക്കൾ എന്ന നിലയിലും സ്രഷ്ടാവിന്റെ ജോലിയിൽ വളരെ പ്രത്യേകമായവിധം സഹകരിക്കുന്നു.

373 ദൈവത്തിന്റെ കാര്യസ്ഥരായി ഭൂമിയെ കീഴടക്കുക എന്ന വിളിയാണ് ദൈവികപദ്ധതിയിൽ പുരുഷനും സ്ത്രീക്കും ലഭിച്ചിരിക്കുന്നത്. ഈ കീഴടക്കൽകൊണ്ട് ഉദ്ദേശിക്കുന്നതു സ്വേച്ഛാപരമോ നശീകരണാത്മകമോ ആയ ആധിപത്യമല്ല. അസ്തിത്വമുള്ള സകലതിനെയും സ്നേഹിക്കുന്ന സ്രഷ്ടാവിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന പുരുഷനെയും സ്ത്രീയെയും മറ്റു സൃഷ്ടികളുടെ നേർക്കുള്ള തന്റെ പരിപാലനയിൽ ഭാഗഭാക്കുകളാകാൻ ദൈവം വിളിക്കുന്നു. അങ്ങനെ ഭൂമിയോടുള്ള ഉത്തരവാദിത്വം ദൈവം അവരെ ഭരമേൽപിച്ചതാണ്.

## IV. മനുഷ്യൻ പറുദീസായിൽ

374 ആദ്യമനുഷ്യൻ നല്ലവനായി സൃഷ്ടിക്കപ്പെട്ടവൻ മാത്രമായിരുന്നില്ല, അവൻ തന്റെ സ്രഷ്ടാവിനോടു സ്നേഹബന്ധത്തിലും തന്നോടുതന്നെയും ചുറ്റുമുള്ള ഇതര സൃഷ്ടികളോടും സമന്വയത്തിലും സ്ഥാപിക്കപ്പെട്ടവനായിരുന്നു. ക്രിസ്തുവിലുള്ള നൂതന സൃഷ്ടിയുടെ മഹത്ത്വത്തിനു മാത്രമേ ആദിമമനുഷ്യന്റെ ആ സുസ്ഥിതിയെ അതിശയിക്കുന്നതിനു കഴിയുമായിരുന്നുള്ളൂ.

375 വിശുദ്ധഗ്രന്ഥഭാഷയുടെ പ്രതീകാത്മകമായ പുതിയനിയമത്തിന്റെയും പാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ ആധികാരികമായി വ്യാഖ്യാനിച്ചുകൊണ്ടു സഭ പഠിപ്പിക്കുന്നു. നമ്മുടെ ആദിമാതാപി

താക്കൻമാരായ ആദവും ഹവ്വായും വിശുദ്ധിയുടെയും നീതിയുടെയും ഉദ്ഭാവസ്ഥയിൽ പ്രതിഷ്ഠിക്കപ്പെട്ടു; ഉദ്ഭവവിശുദ്ധിയുടെ ഈ കൃപാവരം ദൈവികജീവനിലുള്ള.....ഭാഗഭാഗിത്വംതന്നെയായിരുന്നു.

376 ഈ കൃപാവരത്തിന്റെ തേജസ്സുമൂലം മനുഷ്യജീവിതത്തിന്റെ എല്ലാ മാനങ്ങളും പ്രശാന്തമായിരുന്നു. ആദിമനുഷ്യൻ ദൈവവുമായി ഗാഢമായ സ്നേഹൈക്യം പുലർത്തിയിരുന്ന കാലത്തോളം അവനു സഹിക്കുകയോ മരിക്കുകയോ വേണ്ടിയിരുന്നില്ല. മനുഷ്യവ്യക്തിയുടെ ആന്തരികപ്പൊരുത്തവും സ്ത്രീയും പുരുഷനും തമ്മിലുള്ള പൊരുത്തവും ആദിമദമ്പതികളും സർവ്വസൃഷ്ടികളും തമ്മിലുള്ള പൊരുത്തവും ഉണ്ടായിരുന്ന അവസ്ഥയെ "ഉദ്ഭവനീതി"(original justice) എന്നു വിളിക്കുന്നു.

377 ആരംഭംമുതൽ ദൈവം മനുഷ്യനു നല്കിയ ലോകത്തിൻമേലുള്ള ആധിപത്യം സാക്ഷാത്കൃതമായതു പ്രഥമമായും മനുഷ്യനിൽത്തന്നെയാണ് – സ്വന്തം അഹത്തിൻമേലുള്ള ആധിപത്യം ആദിമമനുഷ്യൻ അവന്റെ സർവ്വ ഉൺമയിലും നിർമലനും ക്രമീകൃതനുമായിരുന്നു. കാരണം മനുഷ്യനെ ഇന്ദ്രിയസുഖങ്ങൾക്കും ലൗകിക വസ്തുക്കളോടുള്ള ദുരാശയ്ക്കും ബുദ്ധിക്കുനിരക്കാത്ത അഹങ്കാരത്തിനും അടിമപ്പെടുത്തുന്ന ത്രിവിധ പാപാസക്തികളിൽനിന്നും അവൻ സ്വതന്ത്രനായിരുന്നു.

378 മനുഷ്യനോടുള്ള ദൈവത്തിന്റെ അടുപ്പത്തിന്റെ അടയാളമാണ് അവിടുന്ന് അവനെ തോട്ടത്തിൽ പാർപ്പിച്ചിരുന്നു എന്നത്. അതിനെ ഉഴുവാനും പരിപാലിക്കുവാനുമായി മനുഷ്യൻ അവിടെ വസിക്കുന്നു. തൊഴിൽ ഒരു ശിക്ഷയായിരുന്നില്ല. പിന്നെയോ, ദൃശ്യമായ സൃഷ്ട പ്രപഞ്ചത്തെ പൂർണമാക്കുന്നതിനുവേണ്ടി സ്ത്രീയും പുരുഷനും ദൈവത്തോടു സഹകരിക്കുന്നതായിരുന്നു തൊഴിൽ.

379 ദൈവികപദ്ധതിയിൽ മനുഷ്യനുവേണ്ടി മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരുന്ന ഉദ്ഭവനീതിയുടെ സമന്വയം മുഴുവനും നമ്മുടെ ആദിമാതാപിതാക്കൻമാരുടെ പാപംമൂലം നഷ്ടമായി.

**സംഗ്രഹം**

380 "ദൈവമേ,.....അങ്ങു മനുഷ്യനെ അങ്ങയുടെ സാദൃശ്യത്തിൽത്തന്നെ സൃഷ്ടിക്കുകയും സ്രഷ്ടാവായ അങ്ങയെ സേവിക്കുവാനും സർവ്വസൃഷ്ടികളുടെയുംമേൽ അധീശത്വം സ്ഥാപിക്കുവാനും വേണ്ടി അവനെ ലോകം മുഴുവനും അധിപതിയായി സ്ഥാപിക്കുകയും ചെയ്തു."





381 അദൃശ്യദൈവത്തിന്റെ ഛായ (കൊളോ 1:15) യായ മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ ഛായ തന്നിൽ പുനർരൂപപ്പെടുത്തുന്നതിനു നിയോഗിക്കപ്പെട്ടവനാണു മനുഷ്യൻ. സഹോദരീ സഹോദരൻമാരുടെ മഹാസമൂഹത്തിൽ ക്രിസ്തു ആദ്യജാതനാകേണ്ടതിനാണിത്.

382 ആത്മാവോടും ശരീരത്തോടുംകൂടി സൃഷ്ടിക്കപ്പെട്ടവനാണെങ്കിലും മനുഷ്യൻ ഒരു ഏകത്വം ആണ്. അരൂപിയും അമർത്യവുമായ ആത്മാവുദൈവത്താൽ നേരിട്ടു സൃഷ്ടിക്കപ്പെട്ടു എന്നു വിശ്വാസപ്രബോധനം ഉറപ്പു നൽകുന്നു.

383 ദൈവം ഏകനായിട്ടല്ല മനുഷ്യനെ സൃഷ്ടിച്ചത്; പ്രാരംഭത്തിൽത്തന്നെ പുരുഷനും സ്ത്രീയുമായിട്ടാണ് അവിടുന്ന് അവരെ സൃഷ്ടിച്ചത്. സ്ത്രീ പുരുഷൻമാർ തമ്മിലുള്ള ഈ പങ്കാളിത്തം വ്യക്തികൾ തമ്മിലുള്ള കൂട്ടായ്മയുടെ ആദ്യരൂപമാണ്.

384 പാപത്തിനുമുൻപ് (ആദിമ) പുരുഷന്റെയും സ്ത്രീയുടെയും ഉദ്ഭവവിശുദ്ധിയുടെയും നീതിയുടെയും അവസ്ഥയെക്കുറിച്ചു വെളിപാടു നമ്മെ അറിയിക്കുന്നു; ദൈവവുമായുള്ള അവരുടെ സ്നേഹബന്ധമായിരുന്നു പറുദീസായിലെ അവരുടെ അസ്തിത്വത്തിന്റെ സൗഭാഗ്യത്തിനു നിദാനം.

## പതനം

385 ദൈവം അനന്തനൻമയാണ്; അവിടുത്തെ എല്ലാ പ്രവൃത്തികളും നല്ലവയാണ്. എങ്കിലും വേദനയുടെയോ പ്രകൃതിയിലെ തിൻമകളുടെയോ അനുഭവത്തിൽ നിന്ന് ആർക്കും രക്ഷപെടാനാവില്ല. ഇവ പ്രകൃത്യാ സൃഷ്ടികൾക്കുള്ള പരിമിതികളുമായി ബന്ധപ്പെട്ടവയായി തോന്നുന്നു. ആർക്കും രക്ഷപ്പെടാനാവില്ല, പ്രത്യേകിച്ച് ധാർമിക തിൻമ എന്ന പ്രശ്നത്തിൽനിന്ന്. എവിടെനിന്നാണു തിൻമ വരുന്നത്? "തിൻമ എവിടെനിന്നു വരുന്നുവെന്ന് ഞാൻ അന്വേഷിച്ചു; ഒരുത്തരവും എനിക്കു കിട്ടിയില്ല"....എന്നു വിശുദ്ധ അഗസ്തീനോസു പ്രസ്താവിക്കുന്നു. അഗസ്തീനോസിനു തന്റെ വേദനാജനകമായ ദൈവാന്വേഷണത്തിന് ഉത്തരം ലഭിച്ചത് അദ്ദേഹം ജീവിക്കുന്ന ദൈവത്തിലേക്കു തിരിഞ്ഞപ്പോഴാണ്. "തിൻമയുടെ രഹസ്യം" അനാവൃതമാകുന്നതു "ഭക്തിയുടെ രഹസ്യത്തിന്റെ" വെളിച്ചത്തിൽ മാത്രമാണ്. ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹം പാപത്തിന്റെ വ്യാപ്തിയും, അതേസമയം ദൈവകൃപയുടെ അതിസമൃദ്ധിയെയും വെളിപ്പെടുത്തി. അവിടുന്നു മാത്രമാണ് തിൻമയുടെമേൽ വിജയം നേടിയവൻ. അതിനാൽ, അവിടുന്നിൽ നമ്മുടെ വിശ്വാസദൃഷ്ടികൾ ഉറപ്പിച്ചുകൊണ്ടായിരിക്കണം തിൻമയുടെ ഉത്പത്തിയെപ്പറ്റിയുള്ള പ്രശ്നത്തെ സമീപിക്കുന്നത്.

## I. പാപം വർധിച്ചിടത്തു കൃപാവരം അതിസമൃദ്ധമായി

### പാപമെന്ന യാഥാർത്ഥ്യം

386 മനുഷ്യചരിത്രത്തിൽ പാപത്തിന്റെ സാന്നിധ്യം ഉണ്ട്. അതിനെ അവഗണിക്കുവാനോ ഇരുണ്ട ഈ യാഥാർത്ഥ്യത്തിനു മറ്റുപേരുകൾ നൽകുവാനോ ഉള്ള ശ്രമം വിഫലമാണ്. പാപം എന്താണെന്നു ഗ്രഹിക്കുവാനുള്ള ശ്രമത്തിൽ ആദ്യമായി മനുഷ്യനു ദൈവത്തോടുള്ള ഗാഢബന്ധം അംഗീകരിക്കണം; ഈ ബന്ധത്തിലല്ലാതെ, പാപമെന്ന തിൻമയുടെ മറ മാറ്റി, അതിന്റെ യഥാർഥരൂപം ദർശിക്കുന്നതിനു നമുക്കു സാധിക്കുകയില്ല. ദൈവനിഷേധവും അവിടുത്തോടുള്ള എതിർപ്പുമാണു മനുഷ്യജീവിതത്തിലും ചരിത്രത്തിലും ഒരു ദുർവഹഭാരമായി എന്നും വർത്തിക്കുന്ന പാപത്തിന്റെ യഥാർത്ഥ സ്വഭാവം.

387 ദൈവാവിഷ്കരണത്തിന്റെ വെളിച്ചത്തിൽ മാത്രമേ, പാപമെന്ന യാഥാർത്ഥ്യത്തിന്, വിശിഷ്യ ഉത്ഭവത്തിലെ പാപത്തിനു വിശദീകരണം നൽകാൻ സാധ്യമാകൂ. ദൈവത്തെക്കുറിച്ചു വെളിപാടു നൽകുന്ന അറിവുകൂടാതെ പാപത്തിന്റെ യഥാർഥ സ്വഭാവം ഗ്രഹിക്കുന്നതിനു നമുക്കു സാധിക്കുകയില്ല. അതുപോലെ, പാപത്തെ കേവലം വളർച്ചാസംബന്ധമായ വൈകല്യമായും മാനസിക ദൗർബല്യമായും, ഒരബദ്ധമായും, അപര്യാപ്തമായ സാമൂഹിക വ്യവസ്ഥിതിയുടെ അനിവാര്യ ഫലമായും മറ്റും വ്യാഖ്യാനിക്കാൻ പ്രലോഭിതരാകും. മനുഷ്യനെ സംബന്ധിച്ചുള്ള ദൈവിക പദ്ധതിയുടെ അറിവിലൂടെ സൃഷ്ടികളായ വ്യക്തികൾ ദൈവത്തെ സ്നേഹിക്കുന്നതിനും അന്യോന്യം സ്നേഹിക്കുന്നതിനുമായി ദൈവം അവർക്കു നൽകിയ സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണു, പാപമെന്നു നമുക്കു ഗ്രഹിക്കാൻ സാധിക്കും.

### ഉദ്ഭവപാപം-കാതലായ ഒരു വിശ്വാസ സത്യം

388 ദൈവാവിഷ്കരണത്തിന്റെ പുരോഗതിക്കനുസൃതമായി പാപമെന്ന യാഥാർത്ഥ്യം കൂടുതൽ വ്യക്തമാകുന്നു. പഴയനിയമകാലത്തെ ദൈവ ജനത ഉൽപ്പത്തിപുസ്തകത്തിലെ മനുഷ്യന്റെ പതന വിവരണത്തിന്റെ വെളിച്ചത്തിൽ മനുഷ്യാവസ്ഥയുടെ വേദന മനസിലാക്കുവാൻ ശ്രമം നടത്തിയെങ്കിലും, അതിന്റെ ആത്യന്തികാർത്ഥം ഗ്രഹിക്കുന്നതിന് അവർക്കു കഴിഞ്ഞിരുന്നില്ല; കാരണം, യേശുക്രിസ്തുവിന്റെ മരണോത്ഥാനങ്ങളുടെ വെളിച്ചത്തിൽ മാത്രമേ ഇതു സുഗ്രാഹ്യമാകൂ. പാപത്തിന്റെ പ്രഭവമായി ആദത്തെ മനസ്സിലാക്കുന്നതിന്, കൃപാവരത്തിന്റെ പ്രഭവമായി ക്രിസ്തുവിനെ മനസ്സിലാ





ക്കണം. പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന് അയയ്ക്കപ്പെട്ട പരിശുദ്ധാത്മാവായ സഹായകൻ സമാഗതനായത്, ലോകരക്ഷകൻ ആരാണെന്നു വെളിപ്പെടുത്തിക്കൊണ്ട്, പാപത്തിന്റെ പേരിൽ ലോകത്തെ കുറ്റപ്പെടുത്തുവാൻ വേണ്ടിയാണ്.

389 യേശു സർവ്വമനുഷ്യരുടെയും രക്ഷകനാണ്; എല്ലാവർക്കും രക്ഷ ആവശ്യമാണ്; ക്രിസ്തുവിലൂടെ എല്ലാവർക്കും രക്ഷ നൽകപ്പെടുന്നു. ഈ സദ്വാർത്തയുടെ "മറുവശമാണ്" ഉദ്ഭവപാപത്തെ സംബന്ധിക്കുന്ന പ്രബോധനം എന്നുപറയാം. ക്രിസ്തുരഹസ്യത്തെ വികലമാക്കികൊണ്ടു മാത്രമേ ഉദ്ഭവപാപത്തെക്കുറിച്ചുള്ള വെളിപാടിനെ അനുചിതമായി തിരുത്തുവാൻ നമുക്കു കഴിയുകയുള്ളുവെന്നു ക്രിസ്തുവിന്റെ മനോഭാവമുള്ള സഭയ്ക്കു വളരെ നന്നായി അറിയാം.

### പതനവിവരണം മനസിലാക്കേണ്ടവിധം

390 പതനവിവരണത്തിൽ (ഉത്പത്തി മൂന്നാമധ്യായം) ആലങ്കാരികഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. എങ്കിലും മാനവചരിത്രത്തിന്റെ തുടക്കത്തിൽ നടന്ന ഒരു പുരാതന സംഭവത്തെ അത് ഉറപ്പിച്ചുപറയുന്നു. നമ്മുടെ ആദിമാതാപിതാക്കൻമാർ സ്വതന്ത്രമായി ചെയ്ത ആദ്യപാപം മാനവചരിത്രത്തിനു മുഴുവൻ ക്ഷതമേൽപിച്ചുവെന്നു വെളിപാടുവഴി നമുക്കു വിശ്വാസപരമായ സ്ഥിരീകരണം ലഭിച്ചിരിക്കുന്നു.

## II. മാലഖമാരുടെ പതനം

391 ദൈവഹിതത്തിനെതിരായി നമ്മുടെ ആദിമാതാപിതാക്കൻമാർ എടുത്ത തീരുമാനത്തിന്റെ പിന്നിൽ വഞ്ചനാത്മകവും ദൈവവിരുദ്ധവുമായ ഒരു സ്വരം, അവരെ മരണത്തിൽ വീഴ്ത്തുന്ന അസൂയാകലുഷമായ ഒരു സ്വരം പതിയിരിക്കുന്നു. വിശുദ്ധലിഖിതവും സഭാപാരമ്പര്യവും ഈ സ്വരത്തിനു ഹേതുവായ യാഥാർഥ്യത്തിൽ നിപതിച്ച മാലാഖയായി തിരിച്ചറിയുന്നു. "സാത്താൻ", "പിശാച്" എന്നീ പേരുകളിൽ അവൻ അറിയപ്പെടുന്നു. അവ ആദ്യം ദൈവസൃഷ്ടിയായ ഒരു നല്ലമാലാഖയായിരുന്നുവെന്നാണു സഭാപ്രബോധനം. പിശാചും മറ്റു ദുർഭൂതങ്ങളും പ്രകൃത്യാ നല്ലവരായി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരായിരുന്നു. എങ്കിലും അവർ സ്വയം ദാസരായിത്തീർന്നു.

392 ഈ മാലാഖമാരുടെ പാപത്തെക്കുറിച്ചു വിശുദ്ധലിഖിതം പ്രസ്താവിക്കുന്നുണ്ട്. മൗലികമായും തിരിച്ചെടുക്കാനാവാത്ത വിധ

ത്തിലും ദൈവത്തെയും അവിടുത്തെ ഭരണത്തെയും നിരാകരിച്ച സൃഷ്ടികളായ അരൂപികളുടെ സ്വതന്ത്രമായ തിരെഞ്ഞടുപ്പിലാണ്, മാലാഖമാരുടെ "പതനം" അടങ്ങിയിരിക്കുന്നത്. നമ്മുടെ ആദിമാതാപിതാക്കൻമാരുടെ പ്രലോഭകൻ പറഞ്ഞ വാക്കുകളിൽ ആ നിഷേധത്തിന്റെ അലയടി നാം കേൾക്കുന്നു. "നിങ്ങൾ ദൈവത്തെപ്പോലെ ആയിത്തീരും." "പിശാച് ആദിമുതലേ പാപം ചെയ്യുന്നു". "അവൻ നുണയനും നുണയുടെ പിതാവുമാണ്".

393 ദൈവത്തിന്റെ അനന്തകാരുണ്യത്തിന്റെ കുറവല്ല, പ്രത്യുത മാലാഖമാരുടെ തീരുമാനത്തിന്റെ തിരുത്താനാകാത്ത സ്വഭാവമാണ് അവരുടെ പാപത്തെ അക്ഷന്തവ്യമാക്കുന്നത്. മരണശേഷം മനുഷ്യർക്കു മനസ്താപം സാധ്യമല്ലാത്തതുപോലെ മാലാഖമാർക്ക് അവരുടെ പതനശേഷം മനസ്താപം സാധ്യമല്ല.

394 ആരംഭംമുതലേ കൊലപാതകി എന്ന് യേശു വിശേഷിപ്പിക്കുന്നവന്റെ ആപത്കരമായ സ്വാധീനത്തെക്കുറിച്ചു വിശുദ്ധഗ്രന്ഥം സാക്ഷ്യം നൽക്കുന്നു. പിതാവിൽനിന്ന് യേശു സ്വീകരിച്ച ദൗത്യത്തിന്റെ നിർവ്വഹണത്തിൽനിന്ന് അവിടുത്തെവ്യതിചലിപ്പിക്കാൻ ശ്രമിക്കുകപോലും ചെയ്തവനാണ് അവൻ. "ദൈവപുത്രന്റെ ആഗമനോദ്ദേശ്യംതന്നെ, പിശാചിന്റെ പ്രവർത്തനങ്ങളെ നശിപ്പിക്കുകയെന്നതായിരുന്നു". ഫലത്തിൽ പിശാചിന്റെ പ്രവൃത്തികളിൽ ഏറ്റവും ഗൗരവമേറിയതു ദൈവത്തെ ധിക്കരിക്കാൻ മനുഷ്യനെ പ്രേരിപ്പിച്ച വഞ്ചനാപൂർണമായ പ്രലോഭനമായിരുന്നു.

395 എങ്കിലും പിശാചിന്റെ ശക്തി അനന്തമല്ല. അവൻ ഒരു സൃഷ്ടി മാത്രമാണ്. പൂർണമായ അരൂപി എന്ന നിലയിൽ അവൻ ശക്തനാണെങ്കിലും, അവൻ എന്നും ഒരു സൃഷ്ടിയാണ്. ദൈവരാജ്യത്തിന്റെ നിർമിതി തടയാൻ അവൻ ശക്തനല്ല. ദൈവത്തോടും യേശുക്രിസ്തുവിൽ സാക്ഷാത്കൃതമാക്കുന്ന ദൈവരാജ്യത്തോടും തികഞ്ഞവിദ്വേഷത്തോടെ പിശാച് ഈ ലോകത്തിൽ പ്രവർത്തിച്ചേക്കാം. അവന്റെ പ്രവർത്തനം ഓരോ മനുഷ്യനും സമൂഹത്തിനും ആത്മീയവും പരോക്ഷമായി ശാരീരികമായിപ്പോലുമുള്ള ഗൗരവതരമായ ഉപദ്രവങ്ങൾ വരുത്തിവയ്ക്കുന്നതും ആകാം. എന്നാലും പിശാചിനെ അവന്റെ ദുഷ്പ്രവർത്തനത്തിന് അനുവദിക്കാറുണ്ട്. ശക്തിയോടും സൗമ്യതയോടുംകൂടി മനുഷ്യന്റെയും ലോകത്തിന്റെയും ചരിത്രത്തെ നിയന്ത്രിച്ചു നയിക്കുന്ന ദൈവികപരിപാലന, പിശാചിനെ അവന്റെ പ്രവർത്തനത്തിന് അനുവദിക്കാറുണ്ട്, പൈശാചിക പ്രവർത്തനത്തെ ദൈവം അനുവദിക്കുന്നുവെന്നത് ഒരു വലിയ രഹസ്യമാണ്. എങ്കിലും "നമുക്കറിയാം ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി അവിടുന്നു ക്രമീകരിക്കുന്നുവെന്ന്".





## III. ഉത്ഭവപാപം

### സ്വാതന്ത്ര്യത്തിന്റെ പരീക്ഷണം

396 ദൈവം മനുഷ്യനെ തന്റെ ഛായയിൽ സൃഷ്ടിച്ച്, അവനെ തന്റെ സൗഹൃദത്തിൽ സ്ഥാപിച്ചു. ദൈവത്തോടുള്ള സ്വതന്ത്രമായ വിധേയത്വത്തിലൂടെയല്ലാതെ ഈ സ്നേഹബന്ധത്തിൽ ജീവിക്കുവാൻ, ആത്മീയ സൃഷ്ടിയായ മനുഷ്യനു സാധ്യമല്ല. നൻമതിൻമകളുടെ അറിവിന്റെ വൃക്ഷത്തിൽനിന്നു ഭക്ഷിക്കരുത് എന്നവിലക്ക് ഇക്കാര്യം വ്യക്തമാക്കുന്നു. "ഈ വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുന്ന ദിവസം നീ തീർച്ചയായും മരിക്കും". "നൻമതിന്മകളുടെ അറിവിന്റെ വൃക്ഷം" പ്രതീകാത്മകമായി ദ്യോതിപ്പിക്കുന്നത് സൃഷ്ടി എന്ന നിലയ്ക്കു മനുഷ്യനുള്ള മറികടക്കാനാവാത്ത പരിമിതികളെയാണ്. ഈ പരിമിതികളെ സ്വതന്ത്രമായി അംഗീകരിച്ചുകൊണ്ട്, ആത്മവിശ്വാസത്തോടുകൂടെ ഇവയെ ആദരിക്കേണ്ടതുണ്ട്. മനുഷ്യൻ തന്റെ സ്രഷ്ടാവിനെ ആശ്രയിക്കുന്നു. സൃഷ്ടിനിയമങ്ങൾക്കും സ്വാതന്ത്ര്യവിനിയോഗത്തെ നിയന്ത്രിക്കുന്ന ധാർമികാനുശാസനങ്ങൾക്കും അവൻ വിധേയനാണ്.

### മനുഷ്യന്റെ ആദ്യപാപം

397 പിശാചിന്റെ പ്രലോഭനത്തിനു വിധേയനായ മനുഷ്യൻ അവന്റെ സ്രഷ്ടാവിലുള്ള വിശ്വാസം അവന്റെ ഹൃദയത്തിൽ നിർജീവമാക്കി. സ്വാതന്ത്ര്യം ദുർവിനിയോഗിച്ചുകൊണ്ടു ദൈവകൽപന ലംഘിച്ചു. മനുഷ്യന്റെ ആദ്യപാപം ഇതിൽ അടങ്ങിയിരിക്കുന്നു. തുടർന്നുള്ള എല്ലാ പാപങ്ങളും ദൈവത്തോടുള്ള വിധേയത്വരാഹിത്യവും അവിടുത്തെ നൻമയിലുള്ള വിശ്വാസരാഹിത്യവുമാണ്.

398 ആദ്യപാപത്തിൽ മനുഷ്യൻ തനിക്കുതന്നെ ദൈവത്തെക്കാൾ പ്രാധാന്യം നൽകുകയും ദൈവത്തെ നിന്ദിക്കുകയും ചെയ്തു. ദൈവത്തിനെതിരായി ദൈവത്തെക്കാൾ ശ്രേഷ്ഠനായി അവൻ സ്വയം തിരഞ്ഞെടുത്തു. സൃഷ്ടിയെന്ന നിലയിൽ തനിക്കു നിരക്കാത്തതും, തദ്വാരാ തന്റെതന്നെ നൻമയ്ക്കെതിരായതും, അവൻ ചെയ്തു. വിശുദ്ധിയുടെ അവസ്ഥയിൽ അവരോധിക്കപ്പെട്ട മനുഷ്യൻ, ദൈവമഹത്വത്തിൽ പൂർണ്ണമായി "ദൈവികനാക്കപ്പെടുവാൻ" നിയോഗിക്കപ്പെട്ടിരിക്കുന്നു. എന്നാൽ പിശാചിനാൽ പ്രലോഭിതനായ അവൻ "ദൈവത്തെക്കൂടാതെ, ദൈവസമക്ഷം, ദൈവഹിതത്തിനു വിരുദ്ധമായി" ദൈവത്തെപ്പോലെയാകാൻ" ആഗ്രഹിച്ചു.

399 ആദ്യത്തെ ഈ അനുസരണമില്ലായ്മയുടെ ദുരന്തഫലങ്ങളെ വിശുദ്ധലിഖിതം ചൂണ്ടിക്കാണിക്കുന്നുണ്ട്. ആദത്തിനും ഹവ്വയ്ക്കും അവരുടെ ഉദ്ഭവവിശുദ്ധിയുടെ കൃപാവരം തത്ക്ഷണം നഷ്ടമാകുന്നു. ദൈവത്തെ അവർ ഭയപ്പെടുന്നു. ദൈവത്തെപ്പറ്റി വികലമായ ഒരു ധാരണ, തന്റെ പ്രത്യേകാവകാശാധികാരങ്ങളെ പ്രതി അസൂയാലുവായ ഒരു ദൈവത്തെക്കുറിച്ചുള്ള ധാരണ അവർ മനസ്സിൽ രൂപീകരിക്കുന്നു.

400 ഉദ്ഭവനീതിയുടെ അവസ്ഥയിൽ ആദിമാതാപിതാക്കൻമാർക്കുണ്ടായിരുന്ന സന്തുലിതാവസ്ഥ നശിപ്പിക്കപ്പെട്ടു. ആത്മാവിന്റെ ആന്തരികശക്തികൾക്കു ശരീരത്തിന്റെ മേലുണ്ടായിരുന്ന നിയന്ത്രണം ഭേദിക്കപ്പെട്ടു; സ്ത്രീപുരുഷബന്ധം സംഘർഷാത്മകമായി ലൈംഗികദുരാശയും ആധിപത്യവും അവരുടെ ബന്ധങ്ങളിൽ പ്രത്യക്ഷമായി. ഇതരസൃഷ്ടികളുമായുള്ള പൊരുത്തവും ശിഥിലമായി. സൃഷ്ടപ്രപഞ്ചം "ജീർണതയുടെ അടിമത്തത്തിന്" വിധേയമായി. അവസാനമായി, ദൈവത്തെ നിരസിക്കുന്നതിന്റെ അനിവാര്യഫലമെന്നു സ്പഷ്ടമായി അറിയിച്ചിരുന്ന ദുരന്തവും സംജാതമായി, "മനുഷ്യൻ മണ്ണിലേക്കു തന്നെ മടങ്ങും." എന്തെന്നാൽ അതിൽ നിന്ന് എടുക്കപ്പെട്ടവനാണവൻ. അങ്ങനെ മരണം മനുഷ്യചരിത്രത്തിലേക്കു പ്രവേശിക്കുന്നു.

401 ആ ആദ്യപാപത്തിനുശേഷം ലോകം മുഴുവൻ വാസ്തവത്തിൽ ഒരു പാപത്തിന്റെ പിടിയിൽ അമർന്നിരിക്കുന്നു. കായേൻ സ്വസഹോദരൻ ആബേലിനെ വധിക്കുന്നു. പാപത്തെത്തുടർന്നു മനുഷ്യവംശം സാർവത്രികമായ അജീർണ്ണതയ്ക്കിരയാകുന്നു. അങ്ങനെതന്നെ ഇസ്രായേലിന്റെ ചരിത്രത്തിലും പാപം തുടരെത്തുടരെ തലപൊക്കുന്നതായി കാണാം. പ്രത്യേകമായി, ഉടമ്പടിചെയ്ത ദൈവത്തോടുള്ള അവിശ്വസ്തതയായും മോശയുടെ നിയമത്തിന്റെ ലംഘനമായും ഇസ്രായേലിന്റെ പാപം പ്രത്യക്ഷപ്പെടുന്നു. ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിനു ശേഷംപോലും, ക്രിസ്ത്യാനികളുടെയിടയിൽ വിവിധ മാർഗങ്ങളിലൂടെ പാപം തലയുയർത്തുന്നുണ്ട്. വിശുദ്ധലിഖിതവും സഭാപാരമ്പര്യവും *മാനവചരിത്രത്തിലെ പാപത്തിന്റെ സാന്നിധ്യവും സാർവജനീനതവും* നിരന്തരം നമ്മെ അനുസ്മരിപ്പിക്കുന്നു.

> ദൈവവെളിപാടു നമ്മുടെ മുൻപിൽ അനാവരണം ചെയ്യുന്ന സത്യത്തെ നമ്മുടെ അനുഭവം സ്ഥിരീകരിക്കുന്നു. എന്തെന്നാൽ മനുഷ്യൻ സ്വന്തം ഹൃദയത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ തിൻമയിലേക്കു താൻ ആകർഷിക്കപ്പെടുന്നതായും നിരവധി തിൻമകളിൽ താൻ മുഴുകിപ്പോകുന്നതായും കാണുന്നു. ഈ തിൻമകൾ അവന്റെ നല്ലവനായ സ്രഷ്ടാവിൽ നിന്നും വരിക സാധ്യമല്ല. തന്റെ പ്രഭവസ്ഥാനമായി, ദൈവത്തെ അംഗീകരിക്കാൻ മനുഷ്യൻ പലപ്പോഴും വിസമ്മതിക്കുന്നു. തത്ഫലമായി, അവന് തന്റെ പരമലക്ഷ്യത്തോട് ഉണ്ടായിരിക്കേണ്ട ബന്ധത്തിനും തന്നോടുതന്നെയും ഇതര മനുഷ്യരോടും എല്ലാ സൃഷ്ടികളോടും അവന് ഉണ്ടായിരിക്കേണ്ട ആഭിമുഖ്യത്തിനും ഉലച്ചിൽ തട്ടുന്നു.





## ആദത്തിന്റെ പാപത്തിന്റെ ദുഷ്ഫലങ്ങൾ മനുഷ്യരാശിക്ക്

402 സർവമനുഷ്യരും ആദത്തിന്റെ പാപത്തിൽ ഉൾപ്പെടുന്നു. വി.പൗലോസ് പ്രസ്താവിക്കുന്നു. "ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായി," അതായത് എല്ലാ മനുഷ്യരും. "ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ടു മരണം എല്ലാവരിലും വ്യാപിച്ചു". പാപമരണങ്ങളുടെ സാർവലൗകികതയെ, ക്രിസ്തുവിലുള്ള രക്ഷയുടെ സാർവലൗകികതയുമായി അപ്പസ്തോലൻ തട്ടിച്ചുനോക്കുന്നു: "ഒരു മനുഷ്യന്റെ നിയമലംഘനം എല്ലാവർക്കും ശിക്ഷാവിധിക്കു കാരണമായതുപോലെ ഒരു മനുഷ്യന്റെ (ക്രിസ്തുവിന്റെ) നീതി പ്രവൃത്തി എല്ലാവർക്കും ജീവദായകമായ നീതികരണത്തിനു കാരണമായി."

403 വിശുദ്ധ പൗലോസിന്റെ മാതൃകയിൽ സഭ എന്നും പഠിപ്പിച്ചിട്ടുള്ളതിപ്രകാരമാണ്: മനുഷ്യരെ ഞെരുക്കുന്ന അപാരമായ ദുരിതവും തിന്മയിലേക്കും മരണത്തിലേക്കുമുള്ള അവരുടെ പ്രവണതയും ആദത്തിന്റെ പാപവുമായുള്ള അവയുടെ ബന്ധത്തിലൂടെയല്ലാതെ വിശദീകരിക്കുക സാധ്യമല്ല: നാം എല്ലാവരും പാപത്തോടുകൂടെ ജനിക്കത്തക്കവിധം ആദം നമ്മിലേക്ക് " ആത്മാവിന്റെ മരണ"മാകുന്ന പാപം പകർന്നു തന്നു. വിശ്വാസം നൽകുന്ന ഈ ഉറപ്പുനിമിത്തം, വ്യക്തിപരമായ പാപമൊന്നും ചെയ്തിട്ടില്ലാത്ത ശിശുക്കൾക്കുപോലും പാപമോചനത്തിനായി സഭ മാമ്മോദീസാ നൽകുന്നു.

404 ആദത്തിന്റെ പാപം എങ്ങനെയാണ് അവന്റെ സർവ സന്തതികളുടേയും പാപമായിത്തീർന്നത്? ആദത്തിൽ മനുഷ്യവംശം മുഴുവനും " ഒരു മനുഷ്യന്റെ ഏക ശരീരം പോലെയാണ്." " മനുഷ്യവംശത്തിന്റെ ഈ ഐക്യം "മൂലം, സർവ മനുഷ്യരും ആദത്തിന്റെ പാപത്തിൽ പങ്കുകാരായി, സർവരും ക്രിസ്തുവിന്റെ നീതിയിൽ പങ്കുകാരായതുപോലെ. എന്നിരുന്നാലും ഉദ്ഭവ പാപത്തിന്റെ സംക്രമണം നമുക്കു പൂർണമായി ഗ്രഹിക്കാനാവാത്ത ഒരു രഹസ്യമാണ്. എങ്കിലും ആദം ഉദ്ഭവ വിശുദ്ധിയും നീതിയും സ്വീകരിച്ചത്

തനിക്കുവേണ്ടി മാത്രമായിരുന്നില്ല, പ്രത്യുത, മനുഷ്യപ്രകൃതിക്കു മുഴുവൻ വേണ്ടി ആയിരുന്നുവെന്ന് വെളിപാടിലൂടെ നാം അറിയുന്നു. പ്രലോഭകനു വഴങ്ങിക്കൊടുക്കുക നിമിത്തം ആദവും ഹവ്വയും വ്യക്തിപരമായ ഒരു പാപം ചെയ്തു; ഈ പാപം മനുഷ്യപ്രകൃതിയെ ബാധിച്ചു; ഈ പ്രകൃതിയെയാണ്, ആദിമാതാപിതാക്കൻമാർ തങ്ങളുടെ നിപതിച്ച അവസ്ഥയിൽ പിൻതലമുറകളിലേക്കുസംക്രമിപ്പിക്കേണ്ടിയിരുന്നത്. പ്രജനനതതിലൂടെ, അതായത്, ഉദ്ഭവവിശുദ്ധിയും നീതിയും നഷ്ടപ്പെട്ട മനുഷ്യ പ്രകൃതിയുടെ സംപ്രദാനത്തിലൂടെയാണ് ഈ പാപം സമസ്ത മാനവരാശിയിലേക്കും സംക്രമിക്കുന്നത്. തൻമൂലം സാധർമികാർഥത്തിൽ മാത്രമാണ് ഉദ്ഭവ പാപത്തെ "പാപം" എന്നു നാം വിളിക്കുന്നത്: "പ്രവർത്തിച്ച" പാപമല്ലിത്; പ്രത്യുത "പകർന്നു കിട്ടിയ" പാപമാണ്; ഇതൊരു അവസ്ഥാ വിശേഷമാണ്, പ്രവൃത്തിയല്ല.

405 ഉദ്ഭവപാപം ഓരോ വ്യക്തിക്കുമുള്ളതാണെങ്കിലും ആദത്തിന്റെ പിൻഗാമികളിലാരിലും അതിന്, വ്യക്തിപരമായ ഒരു തെറ്റിന്റെ സ്വഭാവം ഇല്ല. ഉദ്ഭവ വിശുദ്ധിയുടേയും നീതിയുടേയും അഭാവമാണു ഉദ്ഭവപാപം. എന്നാലും, മനുഷ്യപ്രകൃതി പൂർണമായി പങ്കിലമായിട്ടില്ല. മനുഷ്യ പ്രകൃതിക്കു സഹജമായ കഴിവുകളെയെല്ലാം അതു ക്ഷതപ്പെടുത്തി; അങ്ങനെ മനുഷ്യൻ അജ്ഞതയ്ക്കും വേദനയ്ക്കും മരണത്തിന്റെ ആധിപത്യത്തിനും അധീനമായി പാപത്തിലേക്കുള്ള പ്രവണത- ("പാപാസക്തി" എന്നു വിളിക്കപ്പെടുന്നു) തിന്മയിലേക്കുള്ള ഈ പ്രവണത അവനിൽ രൂഢമൂലമായി. എന്നാൽ മാമ്മോദീസാ ക്രിസ്തുവിന്റെ കൃപാവരത്തിന്റെ ജീവൻ പ്രദാനം ചെയ്തുകൊണ്ടു മനുഷ്യനിലെ ഉദ്ഭവപാപം നീക്കികളയുകയും, അവനെ തിരികെ ദൈവത്തിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നു. എങ്കിലും, ദുർബലമാക്കപ്പെട്ടതും തിന്മയിലേക്കു ചാഞ്ഞിരിക്കുന്നതുമായ മനുഷ്യപ്രകൃതിക്ക് ഏറ്റ ക്ഷതത്തിന്റെ അനന്തര ഫലങ്ങൾ മനുഷ്യനിൽ നിലനിൽക്കുകയും, ആധ്യാത്മിക സമരത്തിനായി അവ അവനെ വെല്ലുവിളിക്കുകയും ചെയ്യുന്നു.

406 ഉദ്ഭവപാപത്തിന്റെ സംക്രമണത്തെപ്പറ്റിയുള്ള സഭാപ്രബോധനം അഞ്ചാംശതകത്തിൽ കൂടുതൽ നിഷ്കൃഷ്ടമായി ക്രോഡീകരിക്കപ്പെട്ടു. പെലാജീയസിന്റെ പാഷണ്ഡതയ്ക്കെതിരായി വി. അഗസ്തീനോസ് ഉന്നയിച്ച വാദഗതികളിൽനിന്ന് പ്രത്യേകമായി പ്രചോദനം സ്ഥീകരിച്ചുകൊണ്ടായിരുന്നു അത്; പിന്നീടു പതിനാറാം ശതകത്തിൽ പ്രോട്ടസ്റ്റന്റു നവീകരണത്തിന് എതിരായുള്ള സഭാപ്രബോധനത്തിലൂടെയും ഉദ്ഭവപാപത്തിന്റെ സംക്രമണത്തെ





സംബന്ധിച്ച പഠനത്തിനു വ്യക്തത കൈവന്നു.സ്വതന്ത്രമനസ്സിന്റെ സഹജ കഴിവുകൾ ഉപയോഗിച്ചുതന്നെ ദൈവാനുഗ്രത്തിന്റെ അവശ്യസഹായമില്ലാതെ, ധാർമികമായി നല്ലജീവിതം നയിക്കുവാൻ മനുഷ്യനു കഴിയുമെന്ന് പെലാജീയൂസ് വാദിച്ചു. ആദം ചെയ്ത പാപത്തിന്റെ സ്വാധീനത്തെ വെറുമൊരു ദുർമാതൃകയായി പെലാജീയുസ് ലഘൂകരിച്ചു. നേരേമറിച്ച് ആദ്യകാല പ്രോട്ടസ്റ്റന്റു നവീകരണക്കാർ, ഉദ്ഭവപാപം മനുഷ്യനിൽ അടിസ്ഥാനപരമായ മാർഗഭ്രംശമുണ്ടാക്കുകയും സ്വാതന്ത്ര്യത്തെ നിശ്ശേഷം നശിപ്പിക്കുകയും ചെയ്തുവെന്ന് പഠിപ്പിച്ചു. ഓരോ മനുഷ്യനും പരമ്പരാഗതമായി ലഭിക്കുന്ന പാപവും, മനുഷ്യന്റെ അജയ്യമായ പാപാസക്തിയും ഒന്നു തന്നെയാണെന്ന് അവർ വാദിച്ചു. ഉദ്ഭവപാപത്തെക്കുറിച്ചുള്ള വെളിപാടിന്റെ അർത്ഥമെന്തെന്നു രണ്ടാം ഓറഞ്ച് സൂനഹദോസിലും ത്രെന്തോസു സൂനഹദോസിലും സഭ ആധികാരികമായി പ്രഖ്യാപിച്ചു.

**വിഷമമേറിയ സമരം**

407 ഉദ്ഭവപാപത്തെക്കുറിച്ചുള്ള പ്രബോധനം- ഇത് ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനത്തെ സംബന്ധിച്ച പ്രബോധനത്തോടു ബന്ധപ്പെട്ടതാണ്. ലോകത്തിൽ മനുഷ്യന്റെ അവസ്ഥയെയും പ്രവർത്തനത്തെയുംകുറിച്ചു വ്യക്തമായ ഉൾക്കാഴ്ച നൽകുന്നു. സ്വതന്ത്രനായിത്തന്നെ നിലനില്ക്കുന്നുവെങ്കിലും ആദിമാതാപിതാക്കന്മാരുടെ പാപത്തോടെ പിശാചു മനുഷ്യന്റെമേൽ ഒരുതരം ആധിപത്യം നേടി. "മരണസാമ്രാജ്യത്തിന്റെ ഉടമയായ, പിശാചിന്റെ അധികാരത്തിൻകീഴുള്ള അടിമത്തം " ഉദ്ഭവപാപത്തിലൂടെ സംജാതമാകുന്നു. തിന്മയിലേക്കു ചായ്വുള്ള വ്രണിതമായ ഒരു പ്രകൃതിയുടെ ഉടമയാണു മനുഷ്യനെന്ന വസ്തുത അവഗണിക്കുന്നത്, വിദ്യാഭ്യാസത്തിന്റെയും രാഷ്ട്രീയത്തിന്റെയും സാമൂഹിക പ്രവർത്തനങ്ങളുടെയും ധാർമികതയുടേയും മണ്ഡലങ്ങളിൽ ഗൗരവമേറിയ അബദ്ധങ്ങൾക്കു കാരണമാകുന്നു.

408 ഉദ്ഭവപാപത്തിന്റെ അനന്തരഫലങ്ങളും സർവമനുഷ്യരുടെയും വ്യക്തിപരമായ പാപങ്ങളും ചേർന്നു, ലോകത്തിനു മുഴുവൻ പാപാവസ്ഥവരുത്തിയിരിക്കുന്നു: ഈ പാപാവസ്ഥയെ "ലോകത്തിന്റെ പാപം" എന്നു വിശുദ്ധ യോഹന്നാൻ വളരെ അർത്ഥവത്തായി വിശേഷിപ്പിക്കുന്നുണ്ട്. മനുഷ്യരുടെ പാപങ്ങളുമായി സാമുദായിക സ്ഥിതികളും സാമൂഹിക ഘടനകളും വ്യക്തികളിൽ ചെലുത്തുന്ന നിഷേധാത്കമ സ്വാധീനത്തിനും ലോകത്തിന്റെ പാപം എന്ന ഈ പേരു ചേരുന്നതാണ്.

409 "മുഴുവനായും ദുഷ്ടന്റെ പിടിയിൽ അമർന്നിരിക്കുന്ന ലോകത്തിന്റെ" ഈ ദുരവസ്ഥ മനുഷ്യജീവിതത്തെ ഒരു സമരമാക്കി മാറ്റുന്നു.

> മനുഷ്യചരിത്രം മുഴുവൻ അന്ധകാര ശക്തികളുമായുള്ള തീവ്രമായ സംഘടനചരിത്രമാണ്. ചരിത്രത്തിന്റെ ആരംഭത്തിൽ തുടങ്ങിയ ഈ സംഘടനം അവസാന ദിവസംവരെ തുടർന്നുകൊണ്ടിരിക്കുമെന്നു കർത്താവു പറഞ്ഞിരിക്കുന്നു. ഈ യുദ്ധത്തിൽ അകപ്പെട്ടുപോയ മനുഷ്യനു കരണീയമായി ഒന്നേയുള്ളൂ. നന്മയോടു ചേർന്നു നിൽക്കാൻ ഉചിതമായി സമരം ചെയ്യുക. കൃപാവരത്തിന്റെ സഹായത്താലും സ്വന്തം കഠിനപ്രയത്നത്താലുമാണ് മനുഷ്യൻ തന്റെ ആന്തരികൈക്യം നേടിയെടുക്കേണ്ടത്.

## IV. " മരണത്തിന്റെ ശക്തിക്കു നീ അവനെ വിട്ടുകൊടുത്തില്ല."

410 മനുഷ്യന്റെ പതനശേഷം ദൈവം അവനെ ഉപേക്ഷിച്ചില്ല. മറിച്ച്, ദൈവം അവനെ വിളിക്കുകയും, തിന്മയുടെമേൽ നന്മയ്ക്കു ലഭിക്കുവാനിരിക്കുന്ന വിജയവും വീഴ്ചയിൽനിന്നുള്ള പുനരുദ്ധാരണവും നിഗൂഢമായി അറിയിക്കുകയുമുണ്ടായി. ഉത്പ്പത്തി പുസ്തകത്തിലെ ഈ വിവരണഭാഗത്തെ "ആദിമസുവിശേഷം" (protoevangelium) എന്നാണു വിളിക്കുന്നത്. മിശിഹായും രക്ഷകനുമായവന്റെ ആഗമനം, സർപ്പവും സ്ത്രീയും തമ്മിലുള്ള യുദ്ധം, സ്ത്രീയുടെ ഒരു സന്തതി കൈവരിക്കാനിരിക്കുന്ന അന്തിമ വിജയം ഇവയാണ് അതിന്റെ ഉള്ളടക്കം.

411 ഈ വിശുദ്ധ വിവരണത്തിൽ "പുതിയ ആദത്തെ"ക്കുറിച്ചുള്ള ഒരു സന്ദേശമാണു ക്രൈസ്തവപാരമ്പര്യം കാണുന്നത്. "കുരിശുമരണംവരെയുള്ള" അനുസരണത്തിലൂടെ, ആദത്തിന്റെ അനുസരണക്കേടിന് അത്യധികമായി പരിഹാരം ചെയ്യുന്നവനാണ് ഈ പുതിയ ആദം. കൂടാതെ, അനേകം സഭാപിതാക്കന്മാരും സഭാപണ്ഡിതന്മാരും "ആദിമസുവിശേഷത്തിലെ" സ്ത്രീയിൽ, പുതിയ ഹവ്വായായ മറിയത്തെ, ക്രിസ്തുവിന്റെ,മാതാവിനെ കാണുന്നു. പാപത്തിൻമേലുള്ള ക്രിസ്തുവിന്റെ വിജയത്തിന്റെ ഫലം ആരെക്കാളുമാദ്യമായും, സവിശേഷമായും അനുഭവിച്ചത് മറിയമാണ്. ഉദ്ഭവപാപത്തിന്റെ എല്ലാ കറകളിൽനിന്നും അവൾ സംരക്ഷിക്കപ്പെട്ടു; ദൈവത്തിന്റെ പ്രത്യേകമായ കൃപയാൽ തന്റെ ഭൗതിക ജീവിതകാലത്തു യാതൊരു പാപവും ചെയ്യാതിരിക്കാനും അവൾക്കു സാധിച്ചു.

412 എന്നാൽ എന്തുകൊണ്ടാണ് ആദിമമനുഷ്യനെ പാപം ചെയ്യുന്നതിൽനിന്നു ദൈവം തടയാതിരുന്നത്? മഹാനായ വി.ലെയോ





മറുപടി പറയുന്നു: "പിശാചിന്റെ അസൂയ നമുക്കു നഷ്ടമാക്കിയതിനേക്കാൾ വളരെയേറെ ദൈവാനുഗ്രഹങ്ങൾ ക്രിസ്തുവിന്റെ അവാച്യമായ കൃപ നമുക്കു നേടിത്തന്നിരിക്കുന്നു." വിശുദ്ധതോമസ് അക്വീനാസ് എഴുതി: "ആദിമ പാപത്തിനുശേഷവും മഹത്തരമായ ഔന്നത്യത്തിലേക്കു മനുഷ്യപ്രകൃതി ഉയർത്തപ്പെടുന്നതിനു തടസമൊന്നുമില്ല:" തിന്മസംഭവിക്കാൻ ദൈവം അനുവദിക്കുന്നത് അതിൽനിന്നു മഹത്തരമായ നന്മ പുറപ്പെടുത്തുന്നതിനുവേണ്ടിയാണ്. വി. പൗലോസ് ഇങ്ങനെ പറയുന്നു: "പാപം വർധിച്ചിടത്തു ദൈവകൃപ അതിലുമുപരിയായി വർധിച്ചു;" റോമൻ ആരാധനാക്രമത്തിലെ "ആഹ്ളാദഗീതത്തിൽ" (exultet) നാം ഇങ്ങനെ ആലപിക്കുന്നു: ഭാഗ്യകാരണമായ അപരാധമേ....ഇത്രമഹാനായ രക്ഷകനേ നീ ഞങ്ങൾക്കു നേടിത്തന്നല്ലോ!

### സംഗ്രഹം

413 "ദൈവം മരണത്തെ സൃഷ്ടിച്ചില്ല; ജീവിക്കുന്നവരുടെ നാശത്തിൽ അവിടുന്നു ആഹ്ലാദിക്കുന്നുമില്ല. പിശാചിന്റെ അസൂയനിമിത്തമാണു മരണം ഭൂമുഖത്ത് പ്രവേശിച്ചത്" (ജ്ഞാനം 1:13, 2:24).

414 സാത്താൻ അഥവാ പിശാച്, മറ്റു ദുർഭൂതങ്ങൾ എന്നിവർ പാപംമൂലം അധ:പതിച്ച ദൈവദൂതൻമാരാണ്; ദൈവത്തെയും അവിടുത്തെ പദ്ധതിയെയും ധിക്കരിക്കുവാൻ അവർ സ്വതന്ത്രമായി തീരുമാനിച്ചു. ദൈവത്തിനെതിരെയുള്ള അവരുടെ തീരുമാനം അന്തിമമാണ്. ദൈവത്തിനെതിരായുള്ള തങ്ങളുടെ സമരത്തിൽ മനുഷ്യരെ ഉൾപ്പെടുത്താൻ പിശാചുക്കൾ പരിശ്രമിക്കുന്നു.

415 "മനുഷ്യൻ നീതിയിലാണു ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതെങ്കിലും, ദുഷ്ടാരൂപിയുടെ പ്രലോഭനത്തിന് അടിമപ്പെട്ട്, ദൈവത്തിനെതിരായി സ്വരമുയർത്തിയും; ദൈവത്തെക്കൂടാതെ തന്റെ പരമലക്ഷ്യം നേടാൻ അത്യാഗ്രഹിച്ചും ചരിത്രാരംഭത്തിൽ തന്നെ അവൻ തന്റെ സ്വാതന്ത്ര്യം ദുരുപയോഗിച്ചു."

416 ആദ്യമനുഷ്യനെന്ന നിലയിൽ ആദം സ്വന്തം പാപംമൂലം ദൈവദത്തമായ ഉദ്ഭവവിശുദ്ധിയും നീതിയും നഷ്ടമാക്കി; തനിക്കു മാത്രമല്ല; എല്ലാ മനുഷ്യർക്കും നഷ്ടമാക്കി.

417 തങ്ങളുടെ ആദ്യപാപംമൂലം വ്രണിതവും തൻമൂലം ഉദ്ഭവവിശുദ്ധിയും നീതിയും നഷ്ടപ്പെട്ടതുമായ ഒരു മനുഷ്യപ്രകൃതിയെയാണ് ആദവും ഹവ്വായും തങ്ങളുടെ പിൻഗാമികൾക്കു പകർന്നുകൊടുത്തത്. ഈ നഷ്ടാവസ്ഥയെയാണ് "ഉദ്ഭവപാപം" എന്നു വിളിക്കുന്നത്.

418 ഉദ്ഭവപാപഫലമായി മനുഷ്യപ്രകൃതിയുടെ കഴിവുകൾ ദുർബലങ്ങളായി; അജ്ഞത, വേദന, മരണത്തിന്റെ ആധിപത്യം മുതലായവയ്ക്കു മനുഷ്യപ്രകൃതി വിധേയമാവുകയും പാപപ്രവണത രൂഢമൂലമാവുകയും ചെയ്തു (ഈ പാപപ്രവണതയെയാണു "പാപാസക്തി" എന്നു വിളിക്കുന്നത്).

419 “ത്രെന്തോസു സൂനഹദോസിനോടൊപ്പം നാം വിശ്വസിക്കുന്നതിതാണ്: മനുഷ്യപ്രകൃതിയ്ക്കൊപ്പം ഉദ്ഭവപാപം ഓരോ മനുഷ്യനിലേക്കും സംക്രമിക്കുന്നത് പ്രജനനത്തിലൂടെയാണ്, അനുകരണത്തിലൂടെയല്ല, ഉദ്ഭവപാപം ഓരോമനുഷ്യനും വ്യക്തിപരമായിട്ടുള്ളതാണ്”

420 പാപം നമ്മിൽനിന്ന് അപഹരിച്ചതിനാൽ വളരെക്കൂടുതൽ അനുഗ്രഹങ്ങളാണ്, പാപത്തിൻമേൽ ക്രിസ്തു വരിച്ച വിജയം നമുക്കു നേടിത്തന്നിരിക്കുന്നത്. പാപം വർധിച്ചിടത്തു കൃപാവരം അതിലേറെ സമൃദ്ധമായി.,

421 ക്രൈസ്തവരുടെ വിശ്വാസം ഇതാണ്. സ്രഷ്ടാവിന്റെ സ്നേഹം മൂലം ലോകം സ്ഥാപിക്കപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്യുന്നു. ലോകം പാപത്തിന്റെ ദാസ്യത്തിൽ നിപതിച്ചെങ്കിലും ദുഷ്ടന്റെ ശക്തിയെ തകർക്കാനായി ക്രൂശിക്കപ്പെടുകയും ഉയിർക്കുകയും ചെയ്ത ക്രിസ്തു അതിനെ സ്വതന്ത്രമാക്കി.



# 02

# മനുഷ്യൻ:
# ഒരു സാമൂഹ്യശാസ്ത്ര ദർശനം

## ആമുഖം

തത്വചിന്തകനായ അരിസ്റ്റോട്ടിൽ മനുഷ്യനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് അവൻ ഒരു സമൂഹജീവിയാണ് (Man is a social animal) എന്നാണ്. അദ്ദേഹം കൂട്ടിച്ചേർത്തു: “സമൂഹമായി ജീവിക്കാത്തവൻ ഒന്നുകിൽ ഒരു മൃഗമായിരിക്കും അല്ലെങ്കിൽ ദൈവമായിരിക്കും” എന്ന്. ഇതിൽനിന്നും ഓരോ മനുഷ്യനും സമൂഹവുമായി എത്ര അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കാം.

## സമൂഹജീവിയായ മനുഷ്യൻ

അലഞ്ഞു തിരിഞ്ഞിരുന്നവനായ ആദിമ മനുഷ്യൻ തന്റെതന്നെ നിലനില്പിനുവേണ്ടി, ചരിത്രത്തിന്റെ നിയോഗമെന്നവണ്ണം സമൂഹമായി ജീവിക്കാനാരംഭിച്ചു. കരുത്തേറിയവർ ശക്തി കുറഞ്ഞവരെ അക്രമിക്കാൻ ആരംഭിച്ചപ്പോൾ തങ്ങളുടെ സുരക്ഷക്കായി അവർ സംഘടിക്കുകയും പിന്നീട് ഇത് സമൂഹജീവിതത്തിന് വഴിതെളിക്കുകയും ചെയ്തു. മാത്രമല്ല, പ്രകൃതിശക്തികളോടുള്ള പോരാട്ടത്തിൽ പരസ

ഹായം ആവശ്യമാണെന്നു മനസ്സിലാക്കിയ ആദിമ മനുഷ്യൻ സംഘം ചേർന്നു ജീവിക്കാൻ ആരംഭിച്ചതോടെ ചെറിയ സമൂഹങ്ങൾ രൂപപ്പെട്ടുതുടങ്ങി. അനേകം അംഗങ്ങളുള്ള കുടുംബങ്ങൾ ഒരു നേതാവിന്റെ കീഴിൽ ഒന്നിച്ചു താമസിക്കാൻ ആരംഭിച്ചതോടെ സമൂഹത്തിന് ഒരു സ്ഥായിഭാവം കൈവന്നു. സാമൂഹ്യശാസ്ത്രജ്ഞനായ സർഹെൻട്രി മാനിന്റെ അഭിപ്രായത്തിൽ കുടുംബത്തിന്റെ വ്യാപനം തന്നെയാണ് ആദ്യകാല സമൂഹങ്ങളെല്ലാം. അതുകൊണ്ടുതന്നെ ഒരു വ്യക്തി ഒരേ സമയം ഒരു കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഭാഗമായി വളരാൻ തുടങ്ങി.

സമൂഹം എന്നത് ഒരു വംശമോ, ഗോത്രമോ, ഗ്രാമമോ അല്ലെങ്കിൽ ഒരു രാജ്യമോ അങ്ങനെ എന്തുവേണമെങ്കിലും ആകാം. ഒരു സമൂഹം തന്നെ ജാതിയുടെയോ, മതത്തിന്റെയോ, വർണ്ണത്തിന്റേയോ, അതിർത്തിയുടേയോ അടിസ്ഥാനത്തിൽ വീണ്ടും മറ്റു സമൂഹങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അതിനാൽതന്നെ ജനിച്ചുവീഴുന്ന ഓരോ കുഞ്ഞും ആഗ്രഹിച്ചാലും ഇല്ലെങ്കിലും ഒന്നിലധികം സമൂഹങ്ങളുടെ ഭാഗമായിത്തീരുന്നു. ഒരു ഗ്രാമത്തിന്റേയോ, ഒരു മതത്തിന്റേയോ, ഒരു സമുദായത്തിന്റേയോ ഇതൊന്നുമല്ലെങ്കിൽ ഒരു രാജ്യത്തിന്റേയോ അംഗത്വം ഓരോ മനുഷ്യനും അവകാശമായി ലഭിക്കുന്നു. തുടർന്നങ്ങോട്ടുള്ള ജീവിത വളർച്ചയിൽ, ഈ സമൂഹങ്ങളുടെ സ്വാധീനം, പ്രത്യക്ഷമായോ പരോക്ഷമായോ അവനെ വളർത്തുകയും തളർത്തുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ സമൂഹം എന്ന വ്യവസ്ഥിതി വ്യക്തിജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കാം.

## വ്യക്തിയും സമൂഹവും (Individual and Society)

“സമൂഹം എന്നത് വ്യക്തികളുടെ കൂട്ടമാണ്” (Society is the collection of individuals). ഓരോ വ്യക്തിയും അവന്റെ സത്തയുടെ ആത്മാവിഷ്ക്കാരം കണ്ടെത്തുന്നത് ഒരു സമൂഹത്തിലാണ്. ഇപ്രകാരം സമൂഹം, അവനു നേരെ പിടിച്ചിരിക്കുന്ന ഒരു കണ്ണാടിയായി മാറുന്നു. ഓരോ മനുഷ്യന്റെയും ആവശ്യങ്ങളുടെ പൂർത്തീകരണം നടക്കുന്നത് ഒരു സമൂഹത്തിലാണ്. അതുകൊണ്ടുതന്നെ ഏതെങ്കിലും ഒരു സമൂഹത്തിലെ അംഗമായിത്തീരുക എന്നത് മനുഷ്യന്റെ അനിവാര്യതയായി മാറുന്നു. സമൂഹം മനുഷ്യന്റെ ശാരീരികവും മാനസികവുമായ വളർച്ചക്കാവശ്യമായ അനുകൂല സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നു. അതിനാൽ വ്യക്തികളില്ലാതെ സമൂഹത്തിന്റെ നിലനില്പ് സാധ്യമല്ല എന്നതുപോലെതന്നെ സമൂഹമില്ലാതെ വ്യക്തികളുടെയും നിലനില്പ് സാധ്യമാകാതെ വരുന്നു.





അതുകൊണ്ടാണ് മക്ളർ ഇപ്രകാരം പറഞ്ഞത് “ഒരു മനുഷ്യനും പരിപൂർണ്ണമായി വ്യക്തിമാഹാത്മ്യവാദിയോ സമൂഹമാഹാത്മ്യവാദിയോ ആകുക സാധ്യമല്ല. കാരണം വ്യക്തിയും സമൂഹവും പരസ്പരാശ്രയത്വത്തിലാണ് നിലകൊള്ളുന്നത് എന്ന്. ഇതിനാൽ വ്യക്തിയും സമൂഹവും പരസ്പരപൂരകവും (Complementary) അനുബന്ധകവുമായ (Supplementary) രണ്ടു ഘടകങ്ങൾ ആണെന്നു വ്യക്തമാണ്. പരസ്പരം വേർപെടുത്താനാകാത്ത അന്യോന്യബന്ധങ്ങൾ (Mutual relations) വ്യക്തിയേയും സമൂഹത്തേയും ചേർത്തു നിറുത്തുന്നു.

## മാനുഷികബന്ധങ്ങൾ (Human Relations)

മറ്റു ജീവജാലങ്ങളിൽനിന്നും വ്യത്യസ്തമായി, മനുഷ്യന്റെ സമൂഹ ജീവിതത്തിന്റെ പ്രത്യേകതയാണ് അവന്റെ ബന്ധങ്ങൾ. ഒരു മനുഷ്യവ്യക്തിയെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ഈ ബന്ധങ്ങൾ വലിയ പങ്ക് വഹിക്കുന്നു. മറ്റുള്ളവരിലേക്ക് ചാഞ്ഞിരിക്കുന്നവനാണ് മനുഷ്യൻ. അപരനിലേക്കുള്ള തുറവിയുടെ അളവനുസരിച്ചാണ് ഒരുവന്റെ വ്യക്തിത്വം വളരുന്നത്. ഗ്രീക്ക് തത്വചിന്തകനായ പ്ലേറ്റോ ഒരു ഗുഹാമനുഷ്യന്റെ കഥ പറയുന്നുണ്ട്. ഗുഹാമനുഷ്യൻ അവന്റെ നിഴലുകളോട് സംസാരിക്കുന്നു. ബന്ധങ്ങളില്ലാത്ത മനുഷ്യന്റെ ഏകാന്തതയാണ് ഇവിടെ നമുക്ക് കാണാനാവുക. ഒരു സമൂഹത്തിൽ ഒരു മനുഷ്യന്റെ സ്ഥാനം നിർണ്ണയിക്കപ്പെടുന്നത് അവന്റെ സാമൂഹികബന്ധങ്ങളുടെ അടിസ്ഥാനത്തിലാണ്.

മനുഷ്യന്റെ സാമൂഹിക ബന്ധങ്ങളുടെ സാക്ഷാത്കാരത്തിനായി അവൻ തന്റെ സമൂഹത്തെ വ്യത്യസ്ത ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു. ഒരുവന്റെ സമൂഹജീവിതത്തിന്റെ മുഖ്യഭാഗവും ഇത്തരത്തിലുള്ള ‘സമൂഹികസംഘ’ങ്ങളിൽ (social groups) ആയിരിക്കും. ഈ ഗ്രൂപ്പുകളാണ് ഒരു വ്യക്തിയെ സമൂഹത്തിനു പരിചയപ്പെടുത്തിക്കൊടുക്കുന്നത്.

## സോഷ്യൽ ഗ്രൂപ്പ്

പാസ്കൽ ഗിസ്ബർട്ടിന്റെ അഭിപ്രായത്തിൽ ഒരു ഗ്രൂപ്പ് എന്നത് “നിയതമായ ഘടനയോടുകൂടിയതും പരസ്പരം സഹവർത്തിക്കുന്നതുമായ വ്യക്തികളുടെ സമാഹാരം” ആണ്. മനുഷ്യന്റെ അനുദിന ബാഹ്യകർമ്മങ്ങളെല്ലാം പലപ്പോഴും ഏതെങ്കിലും ഒരു ഗ്രൂപ്പിന്റെ ചട്ടക്കൂട്ടിനുള്ളിൽ ഒതുങ്ങി നിൽക്കുന്നതാണ്. സൂസൻ എ. വിൽമാന്റെ അഭിപ്രായത്തിൽ നമ്മുടെ ചിന്തകളേയും പ്രവർത്തികളേയും സ്വാധീനിക്കുന്ന ഒരു യാഥാർത്ഥ്യമാണ് ഗ്രൂപ്പ്. അവഗണി

ക്കുകയോ നിഷേധിക്കുകയോ ചെയ്യുവാൻ സാധിക്കാത്തവിധം അവ ഒരുവന്റെ വ്യക്തിജീവിതവുമായി ഇടകലർന്നിരിക്കുന്നു. മനുഷ്യന്റെ വിവിധ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയാണ് ഗ്രൂപ്പുകൾ ആരംഭിച്ചത്. ഒരു ശിശുവിന് മറ്റുള്ളവരുടെ സഹായമില്ലാതെ വളരുക സാധ്യമല്ല. ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ അവന്റെ വളർച്ചയെ സഹായിക്കുന്ന ഗ്രൂപ്പാണ് കുടുംബം. ഇതുപോലെ ഗ്രൂപ്പുകൾ ഒരു വ്യക്തിക്ക് വളരുന്നതിനാവശ്യമായ നിരവധി സാദ്ധ്യതകളും സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുന്നു. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു ഗ്രൂപ്പിലെ അംഗമാവുക എന്നതും ആ ഗ്രൂപ്പിലുള്ളവർ തന്നെ അംഗീകരിക്കുക എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇപ്രകാരം ഗ്രൂപ്പ് ഒരു വ്യക്തിക്ക് സുരക്ഷിതത്വബോധം നല്കുന്നതോടൊപ്പം അവനു സഹവർത്തിത്വത്തിനുള്ള സാഹചര്യങ്ങൾ ഉറപ്പു നല്കുകയും ചെയ്യുന്നു.

ഗ്രൂപ്പുകൾ, അവയുടെ ലക്ഷ്യം, അടുപ്പം, സങ്കീർണ്ണത എന്നിവയുടെ അടിസ്ഥാനത്തിലെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു. പരസ്പരം പുലർത്തുന്ന വൈകാരിക ബന്ധത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികശാസ്ത്രജ്ഞനായ സി.എച്ച്.കൂലി ഗ്രൂപ്പുകളെ രണ്ടായി തിരിച്ചു: പ്രൈമറി ഗ്രൂപ്പുകളും സെക്കന്ററി ഗ്രൂപ്പുകളും.

### a) പ്രൈമറി ഗ്രൂപ്പ്

"താരതമ്യേന ചെറുതും അംഗങ്ങൾ തമ്മിൽ വ്യക്തിപരമായ ബന്ധവും സ്നേഹവും സൗഹാർദ്ദവും പുലർത്തുന്ന ഗണങ്ങളാണ് പ്രൈമറി ഗ്രൂപ്പ്" എന്നാണ് സി.എച്ച്.കൂലി പ്രൈമറി ഗ്രൂപ്പിനെ നിർവ്വചിച്ചത്. ശാരീരികവും മാനസികവുമായ അടുപ്പവും, സഹവാസവും, സഹവർത്തിത്വവും, സഹകരണവുമെല്ലാം പ്രൈമറി ഗ്രൂപ്പിന്റെ മുഖമുദ്രകളാണ്. ഒരു വ്യക്തിയുടെ വളർച്ചയിൽ പ്രമുഖസ്ഥാനം പ്രൈമറി ഗ്രൂപ്പിനാണ്. സ്ഥിരസ്വഭാവമുള്ള ഇത്തരം ഗ്രൂപ്പുകൾ ഒരു വ്യക്തിയുടെ ആന്തരികവും മാനസികവുമായ വ്യാപാരങ്ങളിൽ നേരിട്ട് സ്വാധീനം ചെലുത്തുന്നു. കുടുംബമാണ് ഇതിന് ഏറ്റവും നല്ല ഉദാഹരണം. 'നമ്മൾ ഒന്നാണ്' എന്ന വികാരത്തോടു കൂടിയ പ്രൈമറി ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെല്ലാം ഒരു വ്യക്തിക്ക് വേണ്ട ആത്മവിശ്വാസവും ധൈര്യവും പ്രദാനം ചെയ്യുന്നു. വിശാലാർത്ഥത്തിൽ, സ്നേഹബന്ധത്തിലും രക്തബന്ധത്തിലും അധിഷ്ഠിതമാണ് പ്രൈമറി ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ.

### b) സെക്കന്ററി ഗ്രൂപ്പ്

പ്രൈമറി ഗ്രൂപ്പിനെ ഒരു വൃക്ഷത്തിന്റെ വേരിനോടുപമിക്കാമെങ്കിൽ അതിന്റെ ശിഖരങ്ങളായിരിക്കും സെക്കന്ററി ഗ്രൂപ്പ്. ഒരു വ്യക്തിയിൽ ഇവയുടെ സ്വാധീനം പ്രൈമറി ഗ്രൂപ്പിനെ അപേക്ഷിച്ച് കുറവാണ്. ഇവയിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധം വ്യക്തിപരം എന്നതിലുപരി ഔപചാരികമായിരിക്കും. ഒരു നിശ്ചിത ലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടിയായിരിക്കും പ്രധാനമായും ഇത്തരം ഗ്രൂപ്പുകൾക്ക് രൂപം നല്കുന്നത്. ഒരു ക്ലബ്ബോ, രാഷ്ട്രീയ പാർട്ടിയോ, തൊഴിലാളി സംഘടനയോ സെക്കന്ററി ഗ്രൂപ്പിൽ ഉൾപ്പെടാം. സ്നേഹബന്ധത്തേക്കാളുപരി നിയമങ്ങളായിരിക്കും ഇത്തരം ഗ്രൂപ്പിനെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുക. ഉദാഹരണത്തിന് ഒരു ഫാക്ടറിയിലെ മാനേജരും തൊഴിലാളിയും തമ്മിലുള്ള ബന്ധം വ്യക്തിപരം എന്നതിലുപരി ഔപചാരികമായിരിക്കും. പ്രവർത്തി സമയത്തിനപ്പുറത്തേക്ക് ഇവർ തമ്മിലുള്ള ബന്ധം നീണ്ടുപോകണമെന്നുമില്ല.

പ്രൈമറി ഗ്രൂപ്പുകളും സെക്കന്ററി ഗ്രൂപ്പുകളും ഒരു വ്യക്തിയുടെ സാമൂഹികജീവിതത്തിനുള്ള വേദിയൊരുക്കിക്കൊടുക്കുന്നു. ഒരുവനെ ഒരു സമൂഹത്തിലെ അംഗമാക്കി മാറ്റുന്നത് ഇത്തരം ഗ്രൂപ്പുകളിലൂടെയാണ്. ഒരു സമൂഹത്തിലുള്ള അംഗത്വമാകട്ടെ, അവന്റെ ശാരീരികവും മാനസികവുമായ ആവശ്യങ്ങളുടെ സാക്ഷാത്ക്കാരത്തിലേക്ക് നയിക്കുന്നു.

### കുടുംബം (Family)

പ്രൈമറി ഗ്രൂപ്പിന് ഏറ്റവും നല്ല ഉദാഹരണമാണ് കുടുംബം. ഒരു മനുഷ്യന്റെ ജീവിതം ആരംഭിക്കുന്നത് കുടുംബത്തിൽനിന്നാണ്. 'ഫാമിലി' എന്ന ഇംഗ്ലീഷ് പദം ഫാമുലൂസ് (famulus) എന്ന ലാറ്റിൻ പദത്തിൽ നിന്ന് ഉത്ഭവിച്ചതാണ്. 'സേവകൻ' എന്നാണ് ഈ പദത്തിന്റെ അർത്ഥം.

മറ്റു ജീവജാലങ്ങളിൽനിന്നും വ്യത്യസ്തമായി ദൈർഘ്യമേറിയ ഒരു കുട്ടിക്കാലമാണ് മനുഷ്യനുള്ളത്. ജനിച്ചു വീഴുന്ന ശിശുവിന് പരാശ്രയം കൂടാതെ ഒന്നും ചെയ്യാൻ സാധിക്കില്ല. അതുകൊണ്ടു തന്നെ കുടുംബം മനുഷ്യജീവിതത്തിന് അനിവാര്യമാണ്. "പ്രത്യുൽപാദത്തിനും കുട്ടികളുടെ വളർച്ചയ്ക്കും സഹായമായി താരതമ്യേന ചെറുതും ലൈംഗിക ബന്ധത്തിലൂന്നിയതുമായ സമൂഹമാണ് കുടുംബം" എന്നാണ് മക്ളർ പറഞ്ഞുവയ്ക്കുന്നത്. സാധാരണയായി കുടുംബങ്ങൾ വിവാഹം എന്ന ചടങ്ങിനാൽ (Institution) ബന്ധിതമാണ്.

വ്യക്തിബന്ധത്തിലും രക്തബന്ധത്തിലും അധിഷ്ഠിതമാണ്

കുടുംബം. എലിയട്ടിന്റെ അഭിപ്രായത്തിൽ ഭാര്യയും ഭർത്താവും മക്കളുമുള്ള ജീവപരവും സാമൂഹ്യപരവുമായ കൂട്ടായ്മയാണ് കുടുംബം. മനുഷ്യന്റെ സാമൂഹിക ജീവിതത്തിന്റെ ആദ്യപടി കുടുംബമാണ്. ഒരു മനുഷ്യനെ അവന്റെ സമൂഹത്തിനുമുന്നിൽ പരിചയപ്പെടുത്തിക്കൊടുക്കുന്നത് കുടുംബമാണ്. പ്രൈമറി ഗ്രൂപ്പിന്റെ സവിശേഷതകളായ സ്ഥിരതയും വൈകാരിക അടുപ്പവും കൂട്ടായ്മ മനോഭാവവുമെല്ലാം ഏറ്റവും ശക്തമായി കാണപ്പെടുന്നത് കുടുംബത്തിലാണ്.

കുടുംബജീവിതത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വിവിധ മതങ്ങൾക്ക് വ്യത്യസ്തമായ കാഴ്ചപ്പാടാണുള്ളത്. നരവംശശാസ്ത്രത്തിന്റെ വീക്ഷണത്തിൽ സ്ഥായിഭാവത്തോടെയല്ലെങ്കിൽപ്പോലും മനുഷ്യന്റെ ഉത്ഭവത്തിന്റെ ആദ്യകാലങ്ങളിൽതന്നെ കുടുംബങ്ങളും രൂപപ്പെട്ടു എന്നാണ് കണക്കാക്കുന്നത്. ഇന്ന് മനുഷ്യന്റെ സാമൂഹിക ജീവിതത്തിന്റെ അടിസ്ഥാനം കുടുംബമാണ്. സ്നേഹിക്കാനും സ്നേഹിക്കപ്പെടുവാനുമുള്ള അവന്റെ അഭിലാഷത്തിന്റെ സാക്ഷാത്കാരം കൈവരുന്നത് കുടുംബങ്ങളിലൂടെയാണ്. മനുഷ്യന്റെ മതവിശ്വാസത്തിന്റേയും ധാർമ്മിക മൂല്യങ്ങളുടേയും ആദ്യ പരിശീലനക്കളരി കൂടിയാണ് കുടുംബം.

കുടുംബങ്ങൾ അവയുടെ വലുപ്പമനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. കെല്ലറിന്റെ അഭിപ്രായത്തിൽ കുടുംബം എന്നത് "ചുരുങ്ങിയത് രണ്ടു തലമുറയിലെ അംഗങ്ങൾ ഉൾക്കൊള്ളുന്നതും അവർ തമ്മിൽ രക്തബന്ധം പുലർത്തുന്നതുമായ ചെറിയ സംഘം" തന്നെയാണ്. എന്നാൽ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ മാത്രം സ്ഥിതിചെയ്യുന്ന ഒരു വ്യവസ്ഥിതിയാണ് കൂട്ടുകുടുംബങ്ങൾ (Joint family). മൂന്നും നാലും തലമുറയിലെ അംഗങ്ങൾവരെ ഇത്തരം കുടുംബങ്ങളിൽ ഉണ്ടാകും. എന്നാൽ ഇന്ന് കുടുംബങ്ങളിലെ അംഗസംഖ്യ കുറഞ്ഞ് അവ മൂന്നും നാലും പേർ മാത്രമുള്ള 'അണു' കുടുംബങ്ങളായി പരിണമിച്ചിരിക്കുന്നു. ഈ വ്യതിയാനം അത്തരം കുടുംബങ്ങളിൽ വളർന്നു വരുന്നവരുടെ വ്യക്തിത്വത്തെ വികലമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്.

## വ്യക്തിത്വം സമൂഹസൃഷ്ടി

ജനിച്ചു വീഴുന്ന കുഞ്ഞ് ഏതാനും ആഴ്ചകൾക്കുശേഷം അമ്മയെ നോക്കി ചിരിക്കാൻ ആരംഭിക്കുന്നു. ഒറ്റപ്പെടുമ്പോൾ അത് കരയുന്നു. കുറച്ചുകൂടി പ്രായം ചെല്ലുമ്പോൾ സമപ്രായക്കാരോടൊപ്പം കളിക്കാൻ കൂടുന്നു, സ്കൂളിൽ പഠിക്കാൻ പോകുന്നു,





അങ്ങനെ സാവകാശം അവൻ ഒരു സമൂഹത്തിലെ അംഗമായി ത്തീരുന്നു. താനായിരിക്കുന്ന സമൂഹത്തിലെ നന്മയും തിന്മയുമായ ഘടകങ്ങൾ അവന്റെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു. അങ്ങനെ സമൂഹത്തിൽനിന്നു കിട്ടുന്ന അറിവുകളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ അവൻ സ്വയം രൂപപ്പെട്ടുവരുന്നു. അവൻ നില്ക്കുന്ന സമൂഹം ഏതുമായിക്കൊള്ളട്ടെ, ഒരുപക്ഷേ ഒരു ക്ലാസ്സോ ഗ്രൂപ്പോ അല്ലെങ്കിൽ സ്വന്തം കുടുംബമോ അങ്ങനെ ഏതും അവന്റെ ചിന്തകൾക്ക് ചിറകും ഭാവനകൾക്ക് വർണ്ണവും ആശയങ്ങൾക്ക് വ്യക്തതയും അനുഭവങ്ങൾക്ക് ദൃഢതയും നല്കുന്നു.

ഒരു വ്യക്തിയുടെ ധാർമ്മിക മനോഭാവവും വിശ്വാസജീവിതവും ലക്ഷ്യബോധവുമെല്ലാം മെനഞ്ഞെടുക്കുന്നത് സമൂഹമാണ്. ഇപ്രകാരം അവന്റെ ശാരീരിക വളർച്ചയോടൊപ്പം മനുഷ്യന് ബൗദ്ധികവും മാനസികവും വൈകാരികവുമായ പക്വത നേടിക്കൊടുക്കുന്നതിന് സമൂഹം മുഖ്യ പങ്കു വഹിക്കുന്നു. സമൂഹത്തിന്റെ അഭാവമാകട്ടെ, അവന്റെ വളർച്ചയെ മുരടിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഒരു മനുഷ്യൻ സമൂഹത്തിലെ അംഗമായി വളരുക എന്നത് അവനെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്.

## സാമൂഹ്യവത്ക്കരണം (Socialization)

ഒരു വ്യക്തിയെ സമൂഹത്തിന്റെ ഭാഗമാക്കിത്തീർക്കുന്ന പ്രവർത്തനത്തെയാണ് സാമാന്യേന സാമൂഹ്യവത്ക്കരണം എന്നതുകൊണ്ടർത്ഥമാക്കുന്നത്. ഒരു കുട്ടി ജനിച്ചു വീഴുന്നത് തികച്ചും അജ്ഞാതമായ ഒരു സാഹചര്യത്തിലാണ്. അതിനെ അതായിരിക്കുന്ന സാഹചര്യവുമായി പൊരുത്തപ്പെടുത്തിയെടുക്കുക അത്യന്താപേക്ഷിതമാണ്. ഇതിനുള്ള ശ്രമങ്ങളാണ് പ്രധാനമായും സാമൂഹ്യവത്ക്കരണത്തിലൂടെ നടക്കുന്നത്. "ഒരു വ്യക്തിയെ അവന്റെ സാമൂഹികവും സാംസ്ക്കാരികവുമായ ലോകത്തിലേക്ക് പ്രവേശിപ്പിക്കുകയും ഒപ്പം അവന് ഒരു സമൂഹത്തിന്റെയും അതിലെ വിവിധ ഗ്രൂപ്പുകളിലെയും അംഗത്വം നല്കുകയും ചെയ്യുന്ന പ്രക്രിയയാണ് സാമൂഹ്യവത്ക്കരണം'' എന്നാണ് കിംബാൾ യുഗ് എന്ന സാമൂഹ്യശാസ്ത്രജ്ഞൻ പറയുന്നത്. ഇത് ഒരുവൻ സ്വയം ആർജ്ജിച്ചെടുക്കുന്നതാണ്. അല്ലാതെ പാരമ്പര്യമായി കൈമാറ്റം ചെയ്തു കിട്ടുന്ന ഒന്നല്ല എന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. വാസ്തവത്തിൽ, ഒരുവൻ വസിക്കുന്ന സമൂഹമാണ് അവനാരായിത്തീരണം എന്നു തീരുമാനിക്കുന്നത്. ഇപ്രകാരം ഒരു മനുഷ്യജീവിയെ അതിന്റെ എല്ലാ ഗുണ സവിശേഷതകളോടും കൂടിയ വ്യക്തിത്വമാക്കി വളർത്തുന്നത് ഈ സാമൂഹ്യവത്ക്കരണമാണ്. 'ചെന്നായ

വളർത്തിയ കുട്ടി' എന്നതുപോലുള്ള ചില 'വന്യ അനുഭവങ്ങൾ (Feral case) സൂചിപ്പിക്കുന്നത് സമൂഹത്തിന്റെ അഭാവം മനുഷ്യനെ മൃഗതുല്യനാക്കുന്നു എന്നതാണ്.

## മനുഷ്യനും സാമൂഹികപ്രശ്നങ്ങളും

സമൂഹം ഒരു വ്യക്തിയെ സഹായിക്കുന്നതുപോലെതന്നെ ചിലപ്പോൾ ഉപദ്രവവും ഏല്പിച്ചേക്കാം. ഈ ഉപദ്രവങ്ങളാകട്ടെ, കൂടുതൽ സാമൂഹിക പ്രശ്നങ്ങൾക്കു വഴിതെളിക്കുന്നു. ചെറുതോ വലുതോ ആയ ഏതൊരു സമൂഹത്തിനും അതിന്റേതായ പ്രശ്നങ്ങളുണ്ടായിരിക്കും. ഗ്രീനിന്റെ അഭിപ്രായത്തിൽ സാമൂഹികപ്രശ്നങ്ങൾ എന്നാൽ "ഒരു സമൂഹത്തിലെ ഭൂരിപക്ഷംപേരും ധാർമ്മിക തിന്മയായി കരുതിയിട്ടുള്ള ഒരു കൂട്ടം നിബന്ധനകളാണ്." ഇത്തരം ധാർമ്മികപ്രശ്നങ്ങൾ ഒരുപക്ഷേ ഒരു വ്യക്തിയുടേയോ അല്ലെങ്കിൽ ഒരുകൂട്ടം വ്യക്തികളുടേയോ ഭാഗത്തു നിന്നുമാകാം. ഏതൊരു സാമൂഹികപ്രശ്നവും സാധാരണയായി നിലവിലുള്ള വ്യവസ്ഥിതിയുടെ മാറ്റത്തിനുവേണ്ടിയുള്ള മുറവിളിയായി വേണം കണക്കാക്കാൻ. ജനപ്പെരുപ്പം, തൊഴിലില്ലായ്മ, ദാരിദ്ര്യം, യുദ്ധം ഇതെല്ലാം ഈ കാലഘട്ടത്തിലെ പ്രധാന പ്രശ്നങ്ങളാണ്.

### ദാരിദ്ര്യം (Poverty)

ഇന്ത്യയെപ്പോലുള്ള പല രാജ്യങ്ങളും നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് ദാരിദ്ര്യം. കണക്കുകൾ സൂചിപ്പിക്കുന്നത് ഇന്ത്യയിൽ നാല്പത് ശതമാനത്തോളം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ് എന്നാണ്. ഒരു വ്യക്തിക്ക് അവന്റെ അതിജീവനത്തിന് ആവശ്യമായ വസ്തുക്കളുടെ അപര്യാപ്തതയാണ് ദാരിദ്ര്യം കൊണ്ടുദ്ദേശിക്കുന്നത്. സമൂഹത്തിലെ സാമ്പത്തിക അസമത്വങ്ങൾ തന്നെയാണ് ഒരു വിഭാഗം ജനത്തെ ആഡംബരജീവിതത്തിലേക്കും മറ്റൊരു വിഭാഗത്തെ ദാരിദ്ര്യത്തിലേക്കും തള്ളിവിടുന്നത്. ഹെൻട്രി ജോർജ്ജിന്റെ അഭിപ്രായത്തിൽ സ്വകാര്യസ്വത്തവകാശവും ഏകാധിപത്യവുമാണ് ദാരിദ്ര്യത്തിനുള്ള മുഖ്യകാരണങ്ങൾ. പരമ്പരാഗത വിഭവശേഷിയുടെ അപര്യാപ്തത പലപ്പോഴും ഒരു രാജ്യത്തെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നു. കൃഷിയെ മുഖ്യമായി ആശ്രയിച്ചിരിക്കുന്ന ഇന്ത്യയെപ്പോലുള്ള രാജ്യത്ത് സമയം തെറ്റി പെയ്യുന്ന മൺസൂൺ മഴപോലും ഒരു വലിയ വിഭാഗം ജനത്തെ പട്ടിണിയിലേക്ക് ചവിട്ടിത്താഴ്ത്തുന്നു. ഇതു ഒരു ആഗോള പ്രശ്നം തന്നെയാണ്. കാരണം അമേരിക്കപോലുള്ള സമ്പന്നരാജ്യങ്ങളിൽപോലും വലിയ ഒരു വിഭാഗം ദരിദ്രരായി തുടരുന്നു എന്നത് വാസ്തവ





മാണ്.

### യുദ്ധം (War)

മനുഷ്യന്റെ സാമൂഹിക ജീവിതത്തിനു വെല്ലുവിളിയാകുന്ന ഒരു പ്രധാന പ്രശ്നമാണ് യുദ്ധം. സാമ്പത്തികവും രാഷ്ട്രീയവും ആയ കാരണങ്ങളായിരിക്കും പലപ്പോഴും യുദ്ധങ്ങൾക്കു പിന്നിലുണ്ടാവുക. നിരപരാധികൾ വധിക്കപ്പെടുന്നതാണ് യുദ്ധത്തിന്റെ ഏറ്റവും വലിയ ദുഷ്യഫലം. ഭരണാധിപന്മാരുടെ അധികാരമോഹങ്ങളുടെയും സ്വാർത്ഥ താല്പര്യങ്ങളുടെയും പൂർത്തീകരണത്തിന് ബലിയാടാകേണ്ടിവരുന്നത് സാധാരണക്കാരായ ജനങ്ങളാണ്. രണ്ടു ലോകമഹായുദ്ധങ്ങൾ ഏല്പിച്ച ക്ഷതങ്ങളിൽനിന്ന് ലോകം ഇതുവരെ വിമുക്തി നേടിയിട്ടില്ല. തങ്ങൾക്ക് വഴങ്ങാത്ത മൂന്നാം ലോക രാഷ്ട്രങ്ങളിൽ സാമ്രാജ്യശക്തികൾ നടത്തുന്ന ആക്രമണങ്ങളിൽ നിരപരാധികളായ അനേകരുടെ ജീവൻ അപഹരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ ജീവഹാനി കൂടാതെതന്നെ യുദ്ധം അനേകം നാശനഷ്ടങ്ങൾക്കു വഴിതെളിക്കുന്നു. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ അതു തകർക്കുകയും രാഷ്ട്രീയ അരക്ഷിതാവസ്ഥയിലേക്ക് കൂപ്പുകുത്തിക്കുകയും ചെയ്യുന്നു. ക്ഷാമവും, പട്ടിണിയും, എണ്ണിയാലൊടുങ്ങാത്ത ദുരിതങ്ങളുമാണ് യുദ്ധങ്ങളുടെ പരിണിതഫലങ്ങൾ.

### ജനപ്പെരുപ്പം (Population growth)

മനുഷ്യസമൂഹം നേരിടുന്ന വലിയ ഒരു വെല്ലുവിളിയാണ് ജനസംഖ്യാവർദ്ധനവ്. ലോകജനസംഖ്യ ഇന്ന് 650 കോടി കടന്നിരിക്കുന്നു. ഇന്ത്യയിലാകട്ടെ 100 കോടി കഴിഞ്ഞിരിക്കുന്നു. ഭക്ഷണവും പാർപ്പിടവും വസ്ത്രവും ആരോഗ്യപരിരക്ഷയും വിദ്യാഭ്യാസവുമെല്ലാം എല്ലാ മനുഷ്യരുടെയും അടിസ്ഥാന ആവശ്യങ്ങളാണ്. ജനസംഖ്യാവർദ്ധനവിനനുസരിച്ച് ജനങ്ങൾക്കെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ ഗവൺമെന്റുകൾ ബാദ്ധ്യസ്ഥരാണ്. പക്ഷെ സാമ്പത്തിക പരാധീനതമൂലം ഗവൺമെന്റുകൾ ഇക്കാര്യത്തിൽ പലപ്പോഴും പരാജയപ്പെടുന്നു. അതുകൊണ്ടുതന്നെ ജനനനിയന്ത്രണത്തിനായി ഗവൺമെന്റുകൾ മുന്നോട്ടു വന്നിരിക്കുകയാണ്. അനുയോജ്യമായ ജീവിതസൗകര്യങ്ങൾക്കുവേണ്ടിയുള്ള പലായനം (Migration) ജനപ്പെരുപ്പത്തിന്റെ അനന്തരഫലംതന്നെയാണ്. ക്രമാതീതമായ ജനസംഖ്യാവർദ്ധനവ് ഒരു കൂട്ടം ജനങ്ങളെ തൊഴിലില്ലായ്മയിലേക്ക് നയിക്കും. ഇന്ന് ജനസംഖ്യയേറിയ, ഇന്ത്യയും ചൈനയുംപോലുള്ള രാജ്യങ്ങളുടെ മുഖ്യപ്രശ്നം തൊഴിലില്ലായ്മ തന്നെയാണ്.

## ജാതി വ്യവസ്ഥ (Caste System)

ഇന്ത്യയിൽമാത്രം കണ്ടുവരുന്ന ഒരു സാമൂഹ്യപ്രശ്നമാണ് ജാതി വ്യവസ്ഥ. ഹിന്ദുമത വിശ്വാസവുമായി കൂടിക്കലർന്നു കിടക്കുന്ന ഈ വ്യവസ്ഥിതി സമൂഹത്തെ മേൽജാതിയും കീഴ്ജാതിയുമായി വേർതിരിക്കുന്നു. ഉയർന്ന ജാതിയും താഴ്ന്ന ജാതിയും തമ്മിലുള്ള തൊട്ടുകൂടായ്മയും മറ്റു വേർതിരിവുകളും ഇല്ലാതായിക്കൊണ്ടിരിക്കുകയാണെങ്കിലും ജാതിചിന്ത ഇപ്പോഴും ജനമനസ്സുകളെ ഭരിക്കുന്നു. താഴ്ന്ന ജാതികളുടെ അഭിവൃദ്ധിക്കും സുരക്ഷിതത്വത്തിനുംവേണ്ടി ഭരണഘടന പല ആനുകൂല്യങ്ങളും, എല്ലാ മേഖലകളിലും, പ്രത്യേകിച്ച്, വിദ്യാഭ്യാസരംഗത്തും തൊഴിൽരംഗത്തും അനുവദിച്ചുകൊടുത്തിട്ടുണ്ട് എന്നുള്ളത് ഏറെ ആശ്വാസപ്രദമാണ്.

## തീവ്രവാദം (Terrorism)

സമൂഹത്തിലെ ചെറുപ്പക്കാരെ എളുപ്പം വഴിതെറ്റിക്കുന്നവയാണ് തീവ്രവാദപ്രസ്ഥാനങ്ങൾ. മതത്തിന്റെയും രാഷ്ട്രത്തിന്റെയും പേരുപറഞ്ഞ് തങ്ങളുടെ സ്വാർത്ഥലാഭത്തിനുവേണ്ടി നടത്തുന്ന കൂട്ടക്കുരുതികളെ ഇവർ ന്യായീകരിക്കുന്നു. മനുഷ്യന്റെ നന്മയ്ക്കായി രൂപപ്പെട്ട മതങ്ങളുടെപേരിൽ നടക്കുന്ന കൊള്ളയും മനുഷ്യക്കുരുതിയും തികച്ചും അപലപനീയമാണ്. അമേരിക്കയിൽ ബിൻലാദന്റെ നേതൃത്വത്തിൽ നടത്തിയ ആക്രമണവും കാശ്മീരിൽ നടക്കുന്ന നുഴഞ്ഞുകയറ്റവുമെല്ലാം തീവ്രവാദത്തിന്റെ വ്യത്യസ്ത മുഖങ്ങളാണ് വെളിപ്പെടുത്തുന്നത്.

സമൂഹത്തിൽ പൊതുവായി കാണുന്ന ഇത്തരം പ്രശ്നങ്ങൾക്കു പുറമേ ഓരോ സമൂഹത്തിനും അവരുടേതായ പ്രശ്നങ്ങൾ ഉണ്ടായിരിക്കും. ആഫ്രിക്കൻ നാടുകളിൽ നിലനിന്നിരുന്ന 'വർണ്ണവിവേചനം' പല മുസ്ലിം നാടുകളിലും കാണപ്പെടുന്ന 'ലിംഗവിവേചനം' എന്നിവയെല്ലാം ഇതിന് ചില ഉദാഹരണങ്ങളാണ്.

## പരിഹാര മാർഗ്ഗങ്ങൾ

ആദ്യകാല മനുഷ്യർ എല്ലാ സാമൂഹ്യപ്രശ്നങ്ങൾക്കും പരിഹാരത്തിനായി അതീന്ദ്രിയ ശക്തികളുടെ (Supernatural power) സഹായം തേടിയിരുന്നു. എന്നാൽ ഇന്ന് കുറച്ചുംകൂടി പ്രായോഗിക മാർഗ്ഗങ്ങളാണ് മനുഷ്യർ തേടുന്നത്. സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനായി പ്രധാനമായും രണ്ട് മാർഗ്ഗങ്ങളാണ് ഉപയോഗിക്കുന്നത്: പ്രത്യുപായമാർഗ്ഗവും (Remedial method) നിവാരണ മാർഗ്ഗവും (Preventive method) സാമൂഹ്യപ്രശ്നങ്ങൾ മൂലമുണ്ടായ അനന്തരഫലങ്ങൾക്കുള്ള പ്രതിവിധി നിർദ്ദേശിക്കുകയാണ് പ്രത്യുപായമാർഗ്ഗത്തിലൂടെ ചെയ്യുന്നത്. യുദ്ധത്തിന്റെ പരിണാമംമൂലം നാശം നേരിട്ട നഗരങ്ങളുടെ പുനരുദ്ധാരണത്തിനും ജനങ്ങളുടെ പുനരധിവാസത്തിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നത് ഈ രീതിക്ക് ഉദാഹരണമാണ്. എന്നാൽ സാമൂഹ്യപ്രശ്നങ്ങൾക്ക് വഴിതെളിക്കാവുന്ന സാഹചര്യങ്ങൾ മുന്നിൽ കണ്ട് അവയെ പ്രതിരോധിച്ച് നിർത്തുവാൻ നിവാരണമാർഗ്ഗം സഹായിക്കുന്നു. അതായത് യുദ്ധത്തിലേയ്ക്ക് നയിക്കാവുന്ന കാര്യങ്ങൾ മുൻകൂട്ടിക്കണ്ട് അവയെ ഇല്ലാതാക്കുവാനും അങ്ങനെ യുദ്ധം ഒഴിവാക്കുവാനും സഹായിക്കുന്നു. ഈ രീതിയാണ് കുറെക്കൂടി ഉൽകൃഷ്ടം എങ്കിലും പലപ്പോഴും പ്രത്യുപായമാർഗ്ഗമാണ് ഇന്ന് സമൂഹം ഉപയോഗിച്ചുവരുന്നത്.

## ഉപസംഹാരം

അതുല്യ പ്രതിഭാസമായ മനുഷ്യനെ മറ്റു ജീവികളിൽനിന്നും വ്യത്യസ്തമാക്കുന്ന പ്രധാന ഘടകം അവന്റെ സാമൂഹ്യബോധമാണ്. സമൂഹത്തിന്റെ അഭാവമാകട്ടെ അവന്റെ വ്യക്തിജീവിതത്തേയും വ്യക്തിത്വത്തേയും വികലമായി ബാധിക്കും എന്നത് തീർച്ചയാണ്. അതുകൊണ്ടാണ് കാൾ യുങ് ഇപ്രകാരം പറഞ്ഞത് "സമൂഹമില്ലെങ്കിൽ മനുഷ്യനില്ല" എന്ന്. ഒരു മനുഷ്യനും ഒരു ദ്വീപല്ല (No man is an Island). മറിച്ച്, പരസ്പരാശ്രയത്വത്തിലും സഹവർത്തിത്വത്തിലുമാണ് മനുഷ്യജീവിതം മുന്നോട്ടു നീങ്ങുന്നത്.



മനുഷ്യദർശനം: ദൈവശാസ്ത്രവീക്ഷണത്തിൽ

# 03

# തത്വചിന്തകരുടെ മനുഷ്യസങ്കല്പങ്ങൾ

മനുഷ്യചരിത്രത്തോളംതന്നെ പഴക്കമുള്ളതാണ് സ്വയം അറിയുവാനുള്ള മനുഷ്യന്റെ ത്വര. സ്വന്തം അസ്തിത്വത്താൽതന്നെ മനുഷ്യനു ലഭിച്ച കഴിവുകളുടെ പശ്ചാത്തലത്തിൽ മനുഷ്യൻ ആദ്യംമുതലേ അന്വേഷകനായി മാറി. സത്യാന്വേഷണം മനുഷ്യന്റെ വളർച്ചയിൽ ഒരു സുപ്രധാന പ്രവർത്തനമാണ്. ഇതിന്റെ ഭാഗമായി അവൻ ചോദിച്ച ചോദ്യങ്ങളാണ്: "ഞാൻ ആരാണ്?" "ഞാൻ എവിടെനിന്നു വരുന്നു?" "എവിടേയ്ക്കാണീ യാത്ര?" തുടങ്ങിയവ. ഇവയ്ക്കുള്ള ഉത്തരങ്ങളായാണ് തത്വചിന്തകൾ വളർന്നുവന്നത്.

മനുഷ്യചരിത്രത്തിൽ ആദ്യമായി മനുഷ്യനേക്കുറിച്ച് ദാർശനികമായ സങ്കല്പങ്ങൾ ഉയർത്തിയത് സോക്രട്ടീസാണ്. അദ്ദേഹത്തിന്റെ 'മനുഷ്യാ നീ നിന്നെത്തന്നെ അറിയുക' എന്ന വാക്കുകൾ തത്വചിന്താസരണിയിൽ വളരെ പ്രധാനപ്പെട്ടതാണ്. ഭിന്നദിക്കുകളിലേക്കു കുതിക്കുന്ന കുതിരകളെ പൂട്ടിയ തേരായി പ്ലേറ്റോ മനുഷ്യനെ വീക്ഷിച്ചു. അരിസ്റ്റോട്ടിലിന്റെ





വീക്ഷണത്തിൽ മനുഷ്യൻ അരൂപിയും ശരീരവും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള ഒരു അത്ഭുത പ്രതിഭാസമാണ്.

മദ്ധ്യകാലഘട്ട ചിന്തകന്മാർ മനുഷ്യവ്യാപാരങ്ങളെ മനുഷ്യപ്രവർത്തനങ്ങളും മാനുഷികപ്രവർത്തനങ്ങളുമായി തരംതിരിച്ച് മനുഷ്യനെ കൂടുതൽ മനസിലാക്കാൻ ശ്രമിച്ചു. ഡെക്കാർട്ട് മനുഷ്യനെ ശരീരത്തോടു വലിയ ബന്ധമില്ലാതെ ചിന്തിക്കുന്ന ഒരു യന്ത്രമായി കരുതി. ജർമ്മൻ തത്വചിന്തയുടെ പിതാവായ ലെയ്ബ്നിസ് ആത്മീയതയുടെ അടിസ്ഥാനത്തിൽ മനുഷ്യവ്യാപാരങ്ങളെ ഉറപ്പിക്കുവാൻ ശ്രമിച്ചു. അനുഭവങ്ങളാണ് മനുഷ്യജീവിതത്തിന് അർത്ഥവും വിലയും നൽകുന്നതെന്ന് ഡേവിഡ് ഹ്യൂം വാദിച്ചു.

ചിന്തയുടെ ലോകത്ത് മനുഷ്യനെ തളച്ചിടാൻ കാന്റ് പരമ്പരാഗതയുക്തിയുടെ കൂട്ടുപിടിച്ചു. മാർക്സ് മനുഷ്യനെ ഒരുല്പാദന വസ്തുവും ഏറ്റവും വലിയ മൂലധനവുമായി കണ്ടെത്തി. ഇതിനു ശേഷം അസ്തിത്വ ദാർശനികർ മനുഷ്യന് കൂടുതൽ പ്രാധാന്യം നൽകി.

## പുരാതന ഗ്രീക്ക് തത്വചിന്ത

### പൈഥഗോറസ് (570 - 496 BC)

ആത്മാവിന്റെ ദേഹാന്തപ്രാപ്തിയിൽ (transmigration of souls) വിശ്വസിച്ചിരുന്ന തത്വചിന്തകനാണ് പൈഥഗോറസ്. ഈ ആശയത്തിൽ കേന്ദ്രീകരിച്ച അദ്ദേഹത്തിന്റെ അനുമാനങ്ങൾ ഇവയാണ്. ആത്മാവ് അനശ്വരമാണ് (Soul is immortal) ജീവനുള്ള എല്ലാ വസ്തുക്കളും പരസ്പരബന്ധമുള്ളവയാണ്. ആത്മാവ് മറ്റു ജീവനുള്ള വസ്തുക്കളിലേക്ക് പ്രവേശിക്കുന്നു. സംഭവങ്ങൾ ഒരു നിശ്ചിത കാലത്തിൽ ആവർത്തിക്കപ്പെടും.

ആത്മാവിന്റെ രക്ഷ ലക്ഷ്യമാക്കിയുള്ള ഒരു ജീവിതശൈലി രൂപപ്പെടുത്തുകയാണ് തത്വചിന്തയുടെ ധർമ്മം. അതിനാൽ മനുഷ്യന് തന്റെ ചുറ്റുമുള്ള ജീവനോടും പ്രപഞ്ചത്തോടുമുള്ള ബന്ധമാണ് പൈതഗോറിയൻ തത്വചിന്തയുടെ അടിസ്ഥാനശില. രക്തബന്ധം (Kinship), സഹാനുഭൂതി (sympathy) തുടങ്ങിയ ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ടാണ് 'ആത്മാവിന്റെ ദേഹാന്തപ്രാപ്തി'യിലുള്ള വിശ്വാസം പൈഥഗോറസ് ആർജ്ജിച്ചെടുത്തത്. മനുഷ്യന് ജൈവവസ്തുക്കളുമായി മാത്രമല്ല രക്തബന്ധമുള്ളത്; പിന്നെയോ, ജീവിക്കുന്ന, ഉച്ഛ്വസിക്കുന്ന ജീവിയായ (living breathing creature) പ്രപഞ്ചത്തോട് മുഴുവനുമായാണ്. മനുഷ്യൻ എന്ന സങ്കൽപം നശ്വരവും വിഭജിതവും (divided) ആണെങ്കിലും മനുഷ്യന്റെ 'ആത്മാവ്'

അനശ്വരമായി അദ്ദേഹം കണക്കാക്കി-കാരണം, ദൈവികവും സർവ്വ വ്യാപിയുമായ ആത്മാവിന്റെ ഭാഗമാണ് അത്.

സർവ്വവ്യാപിയായ ആത്മാവിൽനിന്ന് മുറിക്കപ്പെട്ട് നശ്വരമായ ശരീരത്തിൽ ബന്ധിക്കപ്പെട്ട മനുഷ്യാത്മാവിനെ സാർവ്വത്രികമായ ആത്മാവിലേക്ക് പുനർലയിപ്പിക്കാൻ മനുഷ്യൻ തന്റെ ആത്മാവിനെ ശുദ്ധീകരിക്കുകയും പരിപോഷിപ്പിക്കുകയും വേണം. ഇത്തരത്തിൽ, സാർവ്വത്രികമായ ആത്മാവിൽ ലയനം സംഭവിക്കുന്നതുവരെ ആത്മാവിന്റെ മുൻ ശരീരത്തിന്റെ മരണശേഷം മനുഷ്യന്റേയോ മറ്റേതെങ്കിലും മൃഗത്തിന്റേയോ പുതിയ ശരീരത്തിൽ പ്രവേശിച്ച് പുനരവതാരത്തിന്റെ ചക്രം പൂർത്തിയാക്കണം.

**എംപദോക്ലെസ് (490 - 435 BC)**

ഭൂമി, വെള്ളം, വായു, അഗ്നി എന്നീ നാല് വ്യത്യസ്ഥ മൂലതത്വങ്ങളെ അംഗീകരിക്കുന്ന എംപദോക്ലെസ് തന്റെ 'വിശുദ്ധീകരണം' (Purifications) എന്ന പുസ്തകത്തിൽ അവയെ ദൈവികമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ഒപ്പം, പ്രാചീന ശക്തികളായ സ്നേഹവും വെറുപ്പും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ദൈവീകമാണ്. അതുകൊണ്ടുതന്നെ, മനുഷ്യന്റെ അറിവ് വിശ്വാസം മാത്രമാണ്. മനുഷ്യൻ മാത്രമാണ് ആത്മാവ്. ഈ ലോകത്തിൽ മനുഷ്യന്റെ ജീവിതം ദുഃഖപൂർണ്ണമാണെന്നാണ് എംപദോക്ലെസിന്റെ അഭിപ്രായം. ഈ നാലു മൂലതത്വങ്ങളാണ് മനുഷ്യന്റെ അറിവിന് നിദാനം; കൂടാതെ ഇവയാണ് മനുഷ്യനിൽ ചിന്തയും, ദുഃഖവും, സുഖവും എല്ലാം സൃഷ്ടിക്കുന്നത്.

**സോക്രട്ടീസ് (470 - 390 BC)**

'സാർവ്വജനീനമായ നന്മയെ മനുഷ്യൻ സ്വയം തന്നിൽതന്നെ കണ്ടെത്തണം' എന്ന ദാർശനിക നിലപാട് ഉയർത്തിപ്പിടിച്ച തത്വചിന്തകനാണ് സോക്രട്ടീസ്. മനുഷ്യന്റെ സദാചാര ബോധത്തിൽ അതീവ തൽപരനായിരുന്നു സോക്രട്ടീസ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ജ്ഞാനിയായി ഒരു മനുഷ്യനുമില്ല. ദൈവം മാത്രമാണ് ജ്ഞാനി. മനുഷ്യരുടെ അജ്ഞത വെളിപ്പെടുത്തിക്കൊടുക്കുകയാണ് തന്റെ ധർമ്മം എന്ന് സോക്രട്ടീസ് കരുതി. അതുകൊണ്ടുതന്നെ, മനുഷ്യരുടെ ഇടയിൽ ജ്ഞാനിയായി കണക്കാക്കേണ്ടത്, താൻ അജ്ഞനാണെന്ന് ബോധ്യമുള്ളവരെയാണ്.

അറിവിന്റെ സ്രോതസ്സ് തേടി യാത്ര തിരിച്ച മനുഷ്യനാണ് സോക്രട്ടീസ്. തന്നെക്കുറിച്ചുതന്നെയുള്ള അറിവാണ് അദ്ദേഹത്തിന് പരമപ്രധാനം. മനുഷ്യവർഗ്ഗത്തിന്റെ ശരിയായ പഠനവിഷയം മനുഷ്യൻ തന്നെയാണ്. മനുഷ്യനിൽ തന്നെയുള്ള യഥാർത്ഥ നന്മയെക്കുറിച്ചുള്ള അജ്ഞതയാണ് തിന്മ. നന്മയാണ് അറിവ്. അതുകൊണ്ട്, മനുഷ്യനിലുള്ള പൂർണ്ണമായ അജ്ഞത മാറ്റി നന്മയിലേക്ക് തിരിയുവാനുള്ള യഥാർത്ഥവഴി 'സ്വയം അറിയുക' (know thyself) എന്നതാണ്.





മനുഷ്യന്റെ ആന്തരിക ധാർമ്മിക ജീവിതത്തിന്റെ അടിസ്ഥാനത്തിലാണ് സോക്രട്ടീസ് മനുഷ്യനെ പരിഗണിക്കുന്നത്. 'മനുഷ്യാ നീ നിന്നെത്തന്നെ അറിയുക' എന്നു പറയുന്ന സോക്രട്ടീസ് ജ്ഞാനത്തിന്റെ ഉറവിടമായി ഈ അറിവിനെ കാണുന്നു. തന്റെ ജീവിതത്തിന്റെയും സ്വഭാവത്തിന്റെയും നിരന്തരമായ പരിശോധനയിലൂടെ എന്താണ് ധാർമ്മികമായി ഒരുവന് നല്ലത് എന്ന് കണ്ടെത്തലാണ് ഈ അറിവ്.

അറിവ് പരമനന്മയാണ്. ഒരു മനുഷ്യനും സ്വമേധയാ തിന്മയോ മനസറിവുകൂടാതെ നന്മയോ ചെയ്യുന്നില്ല. നന്മയെക്കാൾ തിന്മയ്ക്കു മുൻ ഗണന കൊടുക്കുന്നത് മനുഷ്യസ്വഭാവമല്ല. രണ്ട് തിന്മകളുടെ മുൻപിൽ ഒരുവനും കൂടുതൽ തിന്മ തിരഞ്ഞെടുക്കില്ല. തിന്മ ചെയ്യുന്നവൻ അജ്ഞതയിൽനിന്നാണ് അങ്ങനെ ചെയ്യുന്നത്. നന്മയെക്കുറിച്ച് വികലമായ അറിവുള്ളവനേ തിന്മയിലേക്ക് പോകൂ. നന്മയെക്കുറിച്ച് വ്യക്തവും കൃത്യവുമായ അറിവുള്ള ഒരുവന് അത് തെരഞ്ഞെടുക്കാതിരിക്കാനാവില്ല.

**പ്ലേറ്റോ (427 - 347 BC)**

പ്ലേറ്റോയുടെ അഭിപ്രായത്തിൽ ഇന്ദ്രിയസംവേദനത്തിന്റെ ഒരു ലോകവും (sense perception) അതിനുമുകളിൽ അതീന്ദ്രിയ ജ്ഞാനത്തിന്റെ (transcendental) ഒരു ലോകവും ഉണ്ട്. അതീന്ദ്രിയ ജ്ഞാനത്തിന്റെ ലോകമാണ് യഥാർത്ഥമായുള്ളത്. ആത്മാവ് മരണമില്ലാത്ത ഒരു സത്തയാണ്. ആത്മാവ് മനുഷ്യശരീരത്തിൽ ബന്ധനാവസ്ഥയിൽ കിടക്കുന്നു. എങ്കിലും ആത്മാവിന് നാശമില്ല. മനുഷ്യശരീരത്തെ ആത്മാവിന്റെ തടവറയായാണ് അദ്ദേഹം കാണുന്നത്. ജീവന്റെ ചലനാത്മകത നിലനിൽക്കുന്നത് ആത്മാവിലാണ് എന്ന് അദ്ദേഹം പഠിപ്പിച്ചു. ഒരുവനെ ആത്മാവ് സുഖത്തിലും ദുഃഖത്തിലും നിയന്ത്രിതമാക്കുമ്പോഴാണ് അവൻ ധൈര്യം സംഭരിക്കുന്നത്.

മനുഷ്യൻ ആത്മാവിന്റെയും ശരീരത്തിന്റെയും സമന്വിത യാഥാർത്ഥ്യമാണ്. ഇത് ഒരു സത്താപരമായ ഐക്യമല്ല. ആത്മാവാണ് യഥാർത്ഥ മനുഷ്യൻ. ശരീരം ഒരു നിഴൽ മാത്രം. ഇവയുടെ ഐക്യം സന്തോഷകരമല്ല. ആത്മാവ് ശരീരത്തിൽ ഒരു തടവറയി

ലെന്നപോലെ വീർപ്പുമുട്ടുന്നു. ഡെമിയുർഗിൽ നിന്നാണ് ആത്മാവ് ഉൽഭവിക്കുന്നത്. ഡെമിയുർഗ് ആത്മാവിനെ നക്ഷത്രങ്ങളിൽ ആക്കി അവയ്ക്ക് ഈ ലോക സത്യങ്ങളെയും മൂല്യങ്ങളെയും അറിയുവാൻ സ്വാഭാവിക ശക്തി കൊടുത്ത് അതിന്റെ വിധി സ്വയം നിർണയിക്കാൻ ശക്തമാക്കുന്നു. അതുവരെ ആത്മാവിന്റെ സ്ഥാനം ആശയങ്ങളുടെ ലോകത്തിനും (World of ideas) ഇന്ദ്രിയങ്ങളുടെ ലോകത്തിനും ഇടയിലെവിടെയോ ആണ്.

പ്ലേറ്റോയുടെ അഭിപ്രായത്തിൽ മനുഷ്യൻ ഒരു സമൂഹജീവിയാണ്. മാനുഷികമായ ചുറ്റുപാടുകളിലാണ് സമൂഹം നിലനിൽക്കേണ്ടത്. പ്ലേറ്റോയുടെ അഭിപ്രായത്തിൽ അടിമകൾക്ക് ആത്മാവില്ല.

**അരിസ്റ്റോട്ടിൽ (384 - 322 BC)**

പരമമായ നന്മയാണ് അരിസ്റ്റോട്ടിലിന്റെ നീതിശാസ്ത്രം. മനുഷ്യന്റെ നന്മ അവന്റെ ബുദ്ധിയുടെ പരിപൂർണ്ണവും, സ്വാഭാവികവുമായ പ്രവർത്തനത്തിൽ അധിഷ്ഠിതമാണ്. ഇതിനെ മനുഷ്യന്റെ ആത്മപൂർണ്ണത, ആത്മാനന്ദം എന്നൊക്കെ വിളിക്കുന്നു. ദൈവമാണ് സദ്ഗുണത്തിന് നിദാനം. വിചാരങ്ങളെ യുക്തിക്കനുസരണമായി പൊരുത്തപ്പെടുത്തുന്നതിലാണ് സത്ഗുണം. ധാർമ്മികജീവിതംവഴിയാണ് ഈ സത്ഗുണം മനുഷ്യൻ പ്രാപിക്കുന്നത്. സത്ഗുണസമ്പന്നമായ ആത്മാവിൽ വികാരങ്ങളും വിചാരങ്ങളും, ആഗ്രഹങ്ങളും ശരിയായ രീതിയിൽ പൊരുത്തപ്പെട്ടിരിക്കും. മനുഷ്യൻ തന്റെ ബുദ്ധിസഹജമായ പ്രവർത്തിക്കും ഉന്നത സത്തക്കും അനുസൃതമായി മൃഗങ്ങളിൽനിന്നും വ്യത്യസ്ഥമായി ജീവിക്കുമ്പോഴാണ് അവൻ ധാർമ്മികനാകുന്നത്. പരമനന്മയും ആത്യന്തിക ലക്ഷ്യവുമായ ദൈവത്തെ പ്രാപിക്കുമ്പോൾ മനുഷ്യൻ ആത്മപൂർണ്ണതയിലേക്ക് എത്തുന്നു. ഇത് ഇന്ദ്രിയ അനുഭൂതികളെ ഉൾക്കൊള്ളുന്നുണ്ടെങ്കിലും ഇന്ദ്രീയാനുഭൂതികളെല്ലാം ഉൽകൃഷ്ടമായ ആനന്ദാനുഭൂതിയാണ്. സുഖമാണ് മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം. മനുഷ്യനാണ് എല്ലാ ജീവികളിലും ശ്രേഷ്ഠൻ. പക്ഷേ നിയമത്തിൽനിന്നും നീതിയിൽനിന്നും ഒറ്റപ്പെട്ടാൽ അവനാണ് ഏറ്റവും അധമൻ. മാനുഷികജീവിതം അതിന്റെ പൂർണ്ണതയിൽ എത്തുന്നത് സമൂഹജീവിതത്തിലാണ്. ധാർമ്മികശ്രേഷ്ഠത കൈവരിക്കുക എന്നതാണ് സമൂഹജീവിയായ മനുഷ്യന്റെ ലക്ഷ്യം.

മനുഷ്യനിൽ പരമമായ നന്മ സ്ഥിതി ചെയ്യുന്നുവെന്ന് അരിസ്റ്റോട്ടിൽ പറയുന്നു. മനുഷ്യനിൽ മാത്രം കണ്ടുവരുന്ന ബുദ്ധിശക്തിയുടെ സാക്ഷാത്കാരമാണ് നന്മ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ





പരമമായ നന്മ സ്ഥിതിചെയ്യുന്നത് സിദ്ധാന്തപരമായ സത്യാമ്പേഷണത്തിലും, മനനത്തിലും മാത്രമാണ്. അതുവഴി മാത്രമേ മനുഷ്യന് പൂർണ്ണമായ ആനന്ദം ലഭിക്കുകയുള്ളൂ. മനുഷ്യന് ആർജ്ജിക്കാൻ കഴിയുന്ന പരമോന്നതാവസ്ഥയാണിത്.

**എപ്പിക്കൂറസ്സ് (341 - 270 BC)**

എപ്പിക്കൂറിയൻ അക്കാദമിയുടെ സ്ഥാപകനായ എപ്പിക്കൂറസ് ഗ്രീസിലെ സീമോസ് ദ്വീപിലാണ് ജനിച്ചത്. വലിയൊരു ഗ്രന്ഥരചയിതാവായിരുന്ന അദ്ദേഹമാണ് ഹെഡോണിസത്തിന്റെ മുഖ്യപ്രചാരകൻ. എപ്പിക്കൂറിയൻ തത്വചിന്തകരുടെ പ്രധാന ലക്ഷ്യം മനുഷ്യരിലെ ദൈവഭയവും മരണഭയവും നീക്കി ആത്മാവിന് നിത്യമായ ശാന്തി നേടിക്കൊടുക്കുക എന്നുള്ളതാണ്. സുഖമാണ് പരമപ്രധാനമായ നന്മ. ജനനം മുതൽ എല്ലാ  ജീവികളും സുഖം നേടുവാനും ദുഃഖം ദൂരെയകറ്റാനും ആഗ്രഹിക്കുന്നു. പരിപൂർണ്ണമായ സുഖമാണ് എല്ലാ ജീവജാലങ്ങളുടേയും ലക്ഷ്യം. സുഖങ്ങളെല്ലാംതന്നെ നല്ലതും ദുഃഖങ്ങളൊക്കെ തിന്മയുമാണ്. ചില സുഖങ്ങൾ താൽക്കാലികമാണ്. എന്നാൽ മറ്റു ചിലത് നീണ്ടുനിൽക്കുന്നവയാണ്. എല്ലാ സുഖങ്ങൾക്കും സന്തോഷവും സമാധാനവും കൊണ്ടുവരുവാൻ സാധിക്കയില്ല. അതിനാൽ നമ്മളാണ് സുഖങ്ങൾ വിവേചിച്ചെടുക്കേണ്ടത്. വിവേകം ഉപയോഗിച്ചുവേണം അത് തിരഞ്ഞെടുക്കുവാൻ.

ഒരു മനുഷ്യന് സുഖം നൽകുന്ന വസ്തുവാണ് അവന്റെ മനസ്സിന് ശാന്തി നൽകുന്നത്. ഈ സുഖം എല്ലാവർക്കും ഒരേപോലെ ആയിരിക്കണമെന്നില്ല. എല്ലാ സുഖങ്ങളും തിരഞ്ഞെടുക്കുവാനോ എല്ലാ ദുഃഖങ്ങളും അകറ്റുവാനോ ഒരുവനും സാധിക്കയില്ല. നൈമിഷിക സുഖങ്ങൾ സന്തോഷത്തേക്കാൾ കൂടുതൽ വേദനയാണ് നൽകുന്നത്. ബുദ്ധിമാനായ മനുഷ്യൻ ശരിയായ സുഖത്തെ തിരിച്ചറിയുകയും ദുഃഖത്തെ അകറ്റുകയും ചെയ്യുന്നു. ചില സുഖങ്ങൾക്കു ശേഷം ദുഃഖം കടന്നു വരുന്നതുപോലെ ചില ദുഃഖങ്ങൾക്കുശേഷം സുഖവും കടന്നുവരുന്നു. ചില ദുഃഖങ്ങൾ സുഖത്തേക്കാൾ ഏറെ ഉപകാരപ്രദമാണ്. എന്നാൽ ശാരീരിക ദുഃഖത്തേക്കാൾ കഠോരമായത് മാനസിക ദുഃഖമാണ്. വർത്തമാന സുഖങ്ങൾ ആസ്വദിക്കുവാൻ മാത്രമേ ശരീരത്തിനു സാധിക്കുക്കയുള്ളൂ. എന്നാൽ മനസ്സിന് ഭാവികാലത്തേയും ഭൂതകാലത്തേയും സുഖങ്ങൾ ആസ്വദിക്കാൻ സാധിക്കുന്നു. ഒരേ സുഖംതന്നെ പലരിലും പലവിധത്തിലായിരിക്കും അനുഭവപ്പെടുക. സന്തോഷകരമായ ജീവിതം തിരഞ്ഞെടുക്കുന്നത് ജ്ഞാനത്തിന്റെ ഭാഗമാണെന്നാണ് എപ്പിക്കൂറസ് പറയു

ന്നത്. യഥാർത്ഥ സന്തോഷം ലഭിക്കണമെങ്കിൽ വസ്തുക്കളുടെ യഥാർത്ഥ്യം മനസ്സിലാക്കണം.

ദുഃഖത്തിൽനിന്നുള്ള മോചനമാണ് ഉന്നതമായ സുഖം. ആഗ്രഹങ്ങൾ സംലഭ്യമായാൽ സുഖം ലഭിക്കും. ദുഃഖത്തിൽനിന്നും ഭയത്തിൽ നിന്നും മോചിതരാകുവാൻ അതിന്റെ കാരണത്തെപ്പറ്റി നാം അറിയണം. സത്യസന്ധവും നീതിപൂർവ്വകവുമായി ജീവിക്കാത്തവർക്ക് സുഖം അപ്രാപ്യമാണെന്ന് സാരം. എപ്പിക്കൂറിയൻ സിദ്ധാന്തത്തെ സാധാരണ ആളുകൾ ഭോഗാസക്തിയും ദുഃസ്വാതന്ത്ര്യവുമായി തെറ്റിദ്ധരിച്ചു. വ്യക്തിയുടെ പരമമായ ലക്ഷ്യം സന്തോഷം നേടുക എന്നുള്ളതാണ്.

### ഫിലോ ജൂഡേയൂസ് (BC. 25 - 40 AD)

പദാർത്ഥത്താലും ആത്മാവിനാലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പ്രപഞ്ചസൃഷ്ടിയിലെ ഒരു സുപ്രധാന ഘടകമാണ്. മനുഷ്യന്റെ സുപ്രധാന സത്ത ചിന്തയാണ്. ശരീരവും യുക്തിയുടെ ഭാഗമല്ലാത്ത മനസ്സും പ്രാപഞ്ചിക പദാർത്ഥത്തോട് കൂടിച്ചേരുന്നു. അപദാർത്ഥികമായ മനസ്സ് ദൈവാത്മാവുമായി ചേർന്ന് നിൽക്കുന്നതുകൊണ്ടാണ് മനുഷ്യന് ദൈവത്തിന്റെ പ്രതിരൂപം സ്വന്തമാകുന്നത്. ശരീരം മനുഷ്യനിലെ തിന്മയുടെ ഉറവിടമാണ്. ആത്മാവിന്റെ ശരീരവുമായുള്ള ഒത്തുചേരലിലൂടെ ആത്മാവിനെ തിന്മയിലേക്ക് മനസ്സ് ചായിക്കുവാൻ കാരണമാകുന്നു. എങ്കിലും ഫിലോയുടെ അഭിപ്രായത്തിൽ മാനുഷിക ബുദ്ധിക്ക് ദൈവിക മനസ്സുമായി സ്ഥിരമായി ഒരു അടുപ്പമുണ്ട്.

## മദ്ധ്യകാല യൂറോപ്യൻ തത്വചിന്ത

### വി. അഗസ്റ്റിൻ (354 - 430 A.D)

അഗസ്റ്റിന്റെ അഭിപ്രായത്തിൽ ആത്മാവിന്റെയും ശരീരത്തിന്റെയും ഒരു സമന്വിത യാഥാർത്ഥ്യമാണ് മനുഷ്യൻ. എന്നാൽ ഇവ രണ്ടും അവയുടേതായ സത്താപരമായ വ്യതിരിക്തസ്വഭാവം നിലനിർത്തുന്നു. ആത്മാവ് അരൂപിയായ ഒരു സത്തയാണ്. ആത്മാവ് അനശ്വരവും ശരീരം നശ്വരവുമാണ്. ആത്മാവിന്റെ അനശ്വരത ഈ ശരീരാവസ്ഥയിൽനിന്നും സ്ഥിരവും ആത്യന്തികവുമായ സത്യത്തിലുള്ള പങ്കെടുപ്പിലൂടെയാണ് സാധ്യമാകുന്നത്. ആത്മാവ് ശരീരത്തെ ഉപയോഗപ്പെടുത്തുന്നു. പലവിധത്തിൽ ആത്മാവ് തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ഓർമ്മ, ഗ്രഹണശക്തി, ഇച്ഛ എന്നിവയോട് ബന്ധപ്പെടുത്തിയും അഗസ്റ്റിൻ മനുഷ്യനെ പഠിക്കുന്നുണ്ട്.





ക്രിസ്തീയ വിശ്വാസങ്ങളിൽ ഒന്നായ ത്രിത്വൈക ബന്ധത്തെ ഓർമ്മിപ്പിക്കുന്നവയാണ് ഇവ മൂന്നും തമ്മിലുള്ള ബന്ധം എന്ന് അഗസ്റ്റിൻ പറയുന്നു. തത്വശാസ്ത്രത്തിന്റെ ലക്ഷ്യമായി അഗസ്റ്റിൻ കണ്ടത് 'സന്തോഷത്തെയാണ്'. അത് കരസ്ഥമാക്കുന്നതാകട്ടെ മനുഷ്യന്റെ ഇച്ഛയെയും ധാർമ്മിക ബോധത്തെയും ആശ്രയിച്ചിരിക്കുന്നു. മാനസിക ജീവിതത്തിൽ പ്രധാന പങ്ക് വഹിക്കുന്ന ജ്ഞാനത്തേക്കാൾ ഉന്നതമാണ് ആന്തരീക ഇന്ദ്രിയവും ബുദ്ധിയുമെല്ലാം. ഇവ ഇച്ഛയുടെ കീഴിൽ കേന്ദ്രീകൃതമാകുന്നെന്ന് മാത്രമല്ല ജ്ഞാനംപോലും ഇച്ഛയുടെ ശുദ്ധതയെയും താത്പര്യങ്ങളെയും ആശ്രയിച്ചാണ് നിൽക്കുന്നത്. സത്യത്തെക്കുറിച്ചുള്ള ജ്ഞാനത്തിലേക്ക് ഇച്ഛയുടെ സഹായത്തോടെ മാത്രമേ ആത്മാവിന് എത്തിച്ചേരാൻ കഴിയുകയുള്ളൂ. അതുപോലെ ആത്മാവും ശരീരവും തമ്മിലുള്ള ബന്ധം, ദൈവത്തിന്റെ പ്രകൃതി തുടങ്ങിയ രഹസ്യാത്മക സത്യങ്ങൾ മനസ്സിന് ലഭിക്കുന്നത് ഇച്ഛയുമായുള്ള ബന്ധത്തിലൂടെയാണ്. എല്ലാറ്റിലുമുപരിയായി മനഃശാസ്ത്രപരവും ധാർമ്മികവുമായ സ്വാതന്ത്ര്യം അനുഭവിക്കുന്ന ഒന്നാണ് ഇച്ഛ.

മറ്റൊരു മദ്ധ്യകാല ചിന്തകനായ ആൻസലെമും മനുഷ്യനെപ്പറ്റി ചിന്തിക്കുമ്പോൾ അഗസ്റ്റിന്റെ ആശയത്തോട് യോജിക്കുന്നു. മനുഷ്യൻ ഉണ്ടാകുന്നത് ആത്മാവും ശരീരവും യോജിക്കുമ്പോഴാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. തത്വചിന്തയുടെ മൂശയിൽ വിശ്വാസത്തെ സ്വീകരിച്ച ആളാണ് ആൻസലെം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സ്നേഹം മനുഷ്യനെ അറിവിലേക്ക് നയിക്കുന്നു. അറിവ് സ്നേഹത്തിലേക്കും. സ്നേഹം വിശ്വാസമായി ജ്വലിക്കുമ്പോൾ മനുഷ്യനിൽ പ്രതീക്ഷയുണരും. പ്രതീക്ഷ മനുഷ്യന് ജീവചൈതന്യം പകരും. ആ ചൈതന്യം ഏതൊരു ചൈതന്യത്തിന്റെ ഭാഗമാണോ അത് ദൈവമാണ്. അഗസ്റ്റിന്റെ വീക്ഷണത്തിൽ മനുഷ്യനെ മുമ്പോട്ട് നയിക്കുന്ന പ്രധാന ഘടകം ഇച്ഛയാണെങ്കിൽ ആൻസെലെമിനെ സംബന്ധിച്ചിടത്തോളം പ്രത്യാശയാണ് മനുഷ്യനെ മുമ്പോട്ട് നയിക്കുന്ന ഘടകം.

മറ്റൊരു മദ്ധ്യകാല ചിന്തകനായ ആൽബർട്ടിനെ സംബന്ധിച്ചിടത്തോളം സൃഷ്ടിയുടെ അവസാനമായ മനുഷ്യൻ ശരീരത്തിന്റെയും ആത്മാവിന്റെയും ഒരു മിശ്രിത സത്തയാണ് (a composite being). മനുഷ്യന്റെ ശ്രേഷ്ഠതയുടെ കാരണം അവന്റെ ആത്മാവും, ശരീരവും, അവയുടെ ഐക്യവുമാണ്. ആത്മാവിന്റെ സത്ത എന്തെന്ന് നിർവചിക്കുന്നത് അതിന്റെ നിലനിൽപ്പ് തെളിയിക്കുന്നതിനേക്കാൾ വിഷമമാണ്. ആത്മാവിന്റെ പ്രഥമമായ ധർമ്മം ശരീര

ത്തിന് ജീവത്വം നൽകുക എന്നതാണ്. സത്താപരമായി അശരീരി ആണെങ്കിലും പ്രയോഗത്തിൽ മനുഷ്യശരീരത്തിന്റെ ജീവദായക ശക്തിയാണ് ആത്മാവ്. എല്ലാ ജീവികൾക്കും ഒരു ആത്മാവുണ്ട്; അത് സൃഷ്ടിക്കപ്പെട്ടത് ദൈവത്താലാണ്.

**വി. തോമസ് അക്വീനാസ് (1225 - 1274)**

മനുഷ്യനിൽ ശരീരവും ആത്മാവും അഭേദ്യവും ഗാഢവുമായ വിധത്തിൽ സമ്മേളിച്ചിരിക്കുന്നു. ആത്മാവാണ് ശരീരത്തിന്റെ പ്രവർത്തനതത്വം. ആത്മാവിനു വിവിധങ്ങളായ കഴിവുകളുണ്ട്; ഒന്നാമതായി ഇന്ദ്രിയങ്ങളെ വേർതിരിച്ച് മനസ്സിലാക്കി വിധി കൽപ്പിക്കുന്ന പൊതുവായ ഒരു ഇന്ദ്രിയം. തുടർന്ന് ഭാവനാശക്തി, വിവേചനാശക്തി, ഓർമ്മശക്തി എന്നിവയും. മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം ദൈവദർശനമാണ്.

മനുഷ്യന്റെ സ്വതന്ത്രപ്രവൃത്തികളാണ് ധാർമ്മികതയുടെ സാരവത്തായ വിഷയം. ഈ പ്രവർത്തി എപ്പോഴും ലക്ഷ്യമുള്ളതും ആനന്ദത്തിലേക്ക് ചാഞ്ഞിരിക്കുന്നതുമാണ്. ലോകത്തിലെ പരിമിതമായ നന്മകൾക്ക് മനുഷ്യമനസ്സിനെ ഒരിക്കലും തൃപ്തിപ്പെടുത്താനാവില്ല. ഈ സാഹചര്യത്തിൽ പരമനന്മയെക്കുറിച്ച് അദ്ദേഹം വിശകലനം ചെയ്യുന്നു. സൃഷ്ടികളിൽ ദൈവം നൽകിയിരിക്കുന്ന നന്മയെ സാക്ഷാത്കരിക്കുമ്പോഴാണ് സൃഷ്ടി നിർവൃതി നേടുന്നത്. അതായത് മനുഷ്യനെ സംബന്ധിക്കുന്ന ഉന്നതമായ നന്മ ദൈവമാണ്. ഇത് വസ്തുനിഷ്ഠമായ ചിന്തയാണ്. എന്നാൽ ആത്മനിഷ്ഠമായി നോക്കുമ്പോൾ ഒരു വ്യക്തിക്കു നേടാവുന്ന ഏറ്റവും വലിയ പൂർണ്ണതയാണ് അവന്റെ ഉന്നതമായ നന്മ. ഇങ്ങനെ നോക്കുമ്പോൾ മനുഷ്യന്റെ ഏറ്റവും വലിയ അറിവ് ദൈവത്തെക്കുറിച്ചുള്ള അറിവാണ്. ദൈവത്തെക്കുറിച്ചുള്ള അറിവ് അന്തർജ്ഞാനപരമാണ്. ഇത് ദൈവത്തെ അഭിമുഖം ദർശിക്കുമ്പോൾ ലഭിക്കുന്നതാണ്. ഇതാണ് മനുഷ്യപ്രവർത്തിയുടെ ആത്യന്തിക ലക്ഷ്യം.

**ആധുനിക തത്വശാസ്ത്രം**

**ഫ്രാൻസിസ് ബേക്കൺ (1561 - 1626)**

ഫ്രാൻസിസ് ബേക്കണാണ് ശാസ്ത്രീയമാനവവാദത്തിന് തുടക്കം കുറിച്ചത്. മനുഷ്യസംബന്ധിയായ എല്ലാ വിഷയങ്ങളും തന്റെ ചിന്താധരണിയിൽ അദ്ദേഹം ചേർക്കുന്നു. മനസ്സിന്റെമേൽ ശരീരത്തിനുള്ള സ്വാധീനവും ശാരീരിക പരാധീനതക്കും അസ്വസ്ഥതയ്ക്കും കാരണമാകുന്ന മാനസിക വൈകല്യങ്ങളും ബേക്കൺ വിശദീകരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നമ്മുടെ പല





ശാരീരിക രോഗങ്ങളും മാനസിക പിരിമുറുക്കത്തിന്റെയും അസ്വസ്ഥതകളുടെയും പ്രതിഫലനമാണ്. നേരെ തിരിച്ച് ഈ ശാരീരിക പ്രശ്നങ്ങൾ മനസ്സിന്റെ തലത്തിൽ അസ്വസ്ഥകൾ ഉളവാകുന്നതിനും കാരണമാകാറുണ്ട്. മറ്റുവാക്കുകളിൽ മനുഷ്യനിൽ മനസ്സും ശരീരവും അവഗാഢം ബന്ധപ്പെട്ടു കിടക്കുന്നു.

ബേക്കൺ മനുഷ്യന്റെ ആത്മാവിനെ യുക്തിപരമെന്നും ഇന്ദ്രിയപരമെന്നും രണ്ടായി തിരിച്ചിരിക്കുന്നു. യുക്തിപരമായത് മതത്തിന്റെ പഠനവിഷയമായി ബേക്കൺ അവതരിപ്പിക്കുന്നു. എന്നാൽ ഇന്ദ്രീയാത്മാവ് മൂർത്തമാണ്. ഉയർന്ന ജീവിയായ മനുഷ്യനിൽ ഇന്ദ്രീയപരമായ ആത്മാവ് ശിരസ്സിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഇതിന്റെ വിവിധ കഴിവുകളെ ബേക്കൺ വെറും പദാർത്ഥികമായാണ് കാണുന്നത്. മനുഷ്യനും മൃഗങ്ങളും തമ്മിൽ ഇന്ദ്രിയതലത്തിൽ വ്യത്യാസങ്ങൾ എടുത്തുപറയാൻ തക്കതൊന്നുമില്ല.

മനുഷ്യപ്രവൃത്തിയുടെ ഉറവിടം അത് പ്രവർത്തിക്കുന്ന വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളും താത്പര്യങ്ങളുമാണ്. മാനുഷികഗുണങ്ങളോ, കാരുണ്യമോ ഒരിക്കലും പ്രവൃത്തിയെ സ്വാധീനിക്കുന്നില്ല. മനുഷ്യപ്രവൃത്തി സ്വതന്ത്രമാണെന്ന ചിന്തയും അദ്ദേഹം നിരസിച്ചു. മനുഷ്യന്റെ ഇഷ്ടാനിഷ്ടങ്ങൾ സമൂഹവുമായി ബന്ധപ്പെട്ടു കിടക്കുന്നവയാണ്. മാനുഷിക പ്രവർത്തനങ്ങൾ ഒരിക്കലും സ്വതന്ത്രരായവർ ചെയ്യുന്നതല്ല. അവന്റെ ഇഷ്ടാനിഷ്ടങ്ങൾ എന്തായിരിക്കണമെന്ന് സമൂഹം തീരുമാനിക്കുന്നു.

**റെനെ ഡെക്കാർട്ട് (1596 - 1649)**

മനുഷ്യന്റെ അസ്തിത്വത്തിന് പ്രാധാന്യം നൽകിക്കൊണ്ടാണ് ഡെക്കാർട്ട് കടന്നുവരുന്നത്. "ഞാൻ ചിന്തിക്കുന്നു. അതിനാൽ ഞാൻ ഉണ്ട്" (cogito ergo sum). മനുഷ്യന്റെ അറിവിലേക്കുള്ള ആദ്യപടിയായി അദ്ദേഹം സംശയത്തെ കണ്ടു. എന്റെ ഇന്ദ്രിയങ്ങളിലൂടെ ഞാൻ പ്രപഞ്ചത്തെ കാണുമ്പോൾ അവ എന്നെ വഞ്ചിക്കുകയില്ല എന്ന് എനിക്ക് ഉറപ്പ് പറയാനാവില്ല. ഞാൻ സ്വപ്നം കാണുകയല്ല എന്നതിനും ഉറപ്പില്ല.എല്ലാത്തിനെയും സംശയിക്കുന്ന 'എനിക്ക്' അസ്തിത്വമുണ്ടെന്ന് അദ്ദേഹം തെളിയിച്ചു. സംശയിക്കുന്ന ഞാൻ നിലനിൽക്കുന്നില്ലെങ്കിൽ എനിക്കെങ്ങനെ സംശയിക്കാൻ സാധിക്കും?

മനുഷ്യമനസ്സിനെയും ശരീരത്തെയും ഡെക്കാർട്ട് പരസ്പരബന്ധമുള്ളവയായി കാണുന്നു. മനസ്സ് സത്താപരമായി സജീവവും, സ്വതന്ത്രവുമാണെങ്കിൽ ശരീരം ഭൗതീക നിയമങ്ങൾക്ക് വിധേയ

മാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യമനസ്സും ശരീരവും സമ്മേളിക്കുന്നത് മസ്തിഷ്കത്തിലെ പീനിയൽ ഗ്രന്ഥിയിലാണ്. ഡെക്കാർട്ടിന്റെ ഈ സിദ്ധാന്തം ഇന്ററാക്ഷനിസം എന്ന പേരിലറിയപ്പെടുന്നു.

മനുഷ്യമനസ്സിൽ വ്യത്യസ്ഥങ്ങളായ ആശയങ്ങൾ നിലനിൽക്കുന്നു. ഈ ആശയങ്ങളുടെ പ്രഭവസ്ഥാനം ഒന്നുകിൽ ബാഹ്യവസ്തുക്കളോ അല്ലെങ്കിൽ മനസ്സുതന്നെയോ ആകാം. ഇന്ദ്രിയങ്ങളും അന്തരിന്ദ്രിയങ്ങളും മനസ്സിൽ ആശയങ്ങൾ രൂപപ്പെടുന്നതിന് കാരണമാകുന്നു. ഈ ആശയങ്ങളിൽ ഒന്ന് പരിപൂർണ്ണ സത്തയെക്കുറിച്ചുള്ളതാണ്. അപൂർണ്ണ മനസ്സിൽ പൂർണ്ണമായ ആശയം ബാഹ്യമായവയുടെ സ്വാധീനം നിമിത്തമാണ്. ഇതാണ് ദൈവത്തിന് മനുഷ്യനുമേലുള്ള സ്വാധീനം.

**നിക്കോളാസ് മലെബ്രാഞ്ച് (1638 - 1715)**

കാർത്തേസിയനിസത്തിന്റെ ചുവടുപിടിച്ച് വളർന്ന ദാർശനികനാണ് നിക്കോളാസ് മലെബ്രാഞ്ചേ. ദൈവ-മനുഷ്യബന്ധമാണ് മനുഷ്യന് ആന്തരികവും ബാഹ്യവുമായ ലോകത്തെക്കുറിച്ചുള്ള അറിവ് പ്രദാനം ചെയ്യുന്നത് എന്ന് അദ്ദേഹം വാദിക്കുന്നു. കാരണം, മനുഷ്യന്റെ ചിന്തയിലും ഭൗതികവസ്തുക്കളിലുമുണ്ടാകുന്ന വ്യത്യാസം വ്യക്തികൾ മൂലമോ വസ്തുക്കൾമൂലമോ അല്ല സംഭവിക്കുന്നത് മറിച്ച് ദൈവത്താലാണ്.

ഇന്ദ്രിയാനുഭവങ്ങൾ യഥാർത്ഥ ജ്ഞാനം പ്രദാനം ചെയ്യുന്നില്ല. അവ മനുഷ്യന്റെ നഷ്ടങ്ങളെയോ നേട്ടങ്ങളെയോ നിർണ്ണയിക്കാനുള്ള പ്രായോഗികമൂല്യം മാത്രമാണ്. മനസ്സും ശരീരവും പരസ്പരം പൂരകമായി പ്രവർത്തിക്കാൻ കഴിയാത്തത് സൃഷ്ടവസ്തുക്കൾക്കാകമാനം പരസ്പരവർത്തികളാകാൻ കഴിയാത്തതിനാലാണ്.

ഒരു വ്യക്തിക്ക് അവനെ നേരിട്ട് മനസ്സിലാക്കാൻ കഴിയും എന്ന ഡെക്കാർട്ടിന്റെ ചിന്താഗതിക്കു വിപരീതമായി മലെബ്രാഞ്ചേ പറയുന്നത്: 'ഒരു വ്യക്തിക്ക് അവനുണ്ട് എന്നതിലുപരി അവനെന്താണെന്ന് അറിയില്ല' എന്നാണ്. മനുഷ്യന്റെ അസ്തിത്വത്തെക്കുറിച്ച് തെളിവുകളില്ലാതെ മനസ്സിലാക്കാനാവും. എന്നാൽ അവന്റെ ശരിയായ സ്വഭാവം പൂർണ്ണമായും അവ്യക്തവും അഗ്രാഹ്യവുമാണെന്ന് അദ്ദേഹം വാദിക്കുന്നു.

മനുഷ്യമനസ്സും ദൈവമനസ്സും ഒന്നല്ല, മറിച്ച് മനുഷ്യമനസ്സ് ദൈവമനസ്സിൽ പങ്കുചേരുക മാത്രമേ ചെയ്യുന്നുള്ളൂ. മനുഷ്യൻ തന്റെ മനസ്സുവഴി ദൈവമനസ്സിൽ പങ്കുചേരുന്നു. യഥാർത്ഥത്തിൽ മനുഷ്യൻ





ദൈവത്തിൽ ജീവിച്ച് ദൈവമാകുന്ന ആദ്യകാരണത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തെക്കുറിച്ചും പദാർത്ഥികവസ്തുക്കളെക്കുറിച്ചും അറിവുനേടുന്നു. എന്നാൽ മനുഷ്യമനസ്സ് അപരിമേയ മനസ്സിന്റെ രൂപമല്ല. അപരിമേയ മനസ്സിൽ ലയിക്കുന്നുമില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നാം ഈ കാണുന്നത് യഥാർത്ഥ ലോകമല്ല. മറിച്ച് പദാർത്ഥിക വ്യാപനത്തിന് (material extention) അപ്പുറത്തുള്ള ആശയങ്ങളുടെ ലോകമാണ് അഥവാ മാതൃകാ സ്ഥലത്തിലെ (ideal world) ഒരു ബൗദ്ധിക ലോകമാണ്. (terra in lognita) യഥാർത്ഥ ലോകത്തെക്കുറിച്ച് നാമറിയുന്നത് വെളിപാടുമൂലമാണ്. യഥാർത്ഥലോകം നിലനിൽക്കുന്നുവോ ഇല്ലയോ എന്ന് വെളിപാടിലൂടെയല്ലാതെ നാമറിയുന്നില്ല. ശരീരങ്ങൾ തമ്മിലും മനസ്സും ശരീരവും തമ്മിലുമുള്ള പൊതുവായ ബന്ധത്തെയും കാണിക്കാൻ അദ്ദേഹം അവസരവാദിത്വം എന്ന കാര്യകാരണ ബന്ധം കൊണ്ടുവന്നു. ശരീരത്തിൽ അവയുടെ പ്രകടഫലങ്ങളെ പുറപ്പെടുവിക്കുന്ന ശക്തി ഉണ്ടെന്ന പൗരാണികവാദം അദ്ദേഹം പാടേ നിരാകരിച്ചു. നമ്മെ നയിക്കാനുള്ള ശക്തി ശരീരത്തിനുണ്ട് എന്ന വിശ്വാസം നമ്മുടെ ക്ഷേമത്തിനു പകരം അവയെ ഭയപ്പെടാൻ കാരണമാകുന്നു. ശരീരചലനം ചലനനിയമമനുസരിച്ച് (law of motion) ദൈവത്താൽ നിയന്ത്രിക്കപ്പെടുന്നു. തെറ്റിന്റെ കാരണം പ്രായോഗികലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി നമ്മെ സഹായിക്കുന്ന ഇന്ദ്രിയങ്ങളാണ് എന്ന് അദ്ദേഹം "search for Truth" എന്ന പുസ്തകത്തിൽ വ്യക്തമാക്കുന്നു. ദൈവത്തോടുള്ള ബന്ധംവഴി ഒരുവന് ലോകസൃഷ്ടികളെ മനസ്സിലാക്കാൻ സാധിക്കുന്നു. അവയുടെ പൂർണ്ണത സ്രഷ്ടാവായ ദൈവത്തിലായിരിക്കണം.

**എമ്മാനുവേൽ കാന്റ് (1724 - 1804)**

കിഴക്കൻ ജർമ്മനിയിൽ കോനിഗ്ബർഗിൽ ജനിച്ച കാന്റ് ദാർശനിക മണ്ഡലത്തിൽ പുതിയൊരു ചിന്താസരണി വെട്ടിത്തുറന്ന ചിന്തകനാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യൻ പരിപൂർണ്ണനല്ല; അവൻ മുഴുവനായും വിശുദ്ധവുമല്ല. അതുകൊണ്ട് അവൻ സന്മാർഗ്ഗം അനുസരിക്കണം. മനുഷ്യന് വ്യക്തിപരിമിതികളോടൊപ്പം ഇച്ഛയും, യുക്തിയും ഉണ്ട്. മനുഷ്യന്റെ ഇച്ഛ ഒരു പ്രക്രിയയിലൂടെ എത്തിച്ചേരുന്നതാണ്. അതേസമയം മനുഷ്യന്റെ പരിമിതികൾമൂലം അവനത് നേടാനാവുകയുമില്ല. ഈ അവസരത്തിൽ ധാർമ്മികനിയമങ്ങളനുസരിക്കുവാൻ അവൻ നിർബന്ധിക്കപ്പെടുന്നു. സന്മാർഗ്ഗിക നിയമം അനുസരിക്കാനുള്ള നമ്മുടെ പ്രേരക ഘടകം യുക്തിപരതയാണ്.

## സമകാലീന തത്വശാസ്ത്രം

### ഹേഗൽ (1770 - 1831)

ആത്മാവിന്റെ ആരോഹണ അവരോഹണ പ്രക്രിയയുടെ കഥയാണ് ചരിത്രം. അതിനാൽ ചരിത്രം വിശുദ്ധമാണ്. ഈ ലോകവും ഇതിലെ ആളുകളുമൊക്കെ ഈ ചരിത്ര പ്രക്രിയയിലെ നിസ്സാരമായ നിമിഷങ്ങൾ മാത്രമാണെന്നാണ് ഹേഗൽ പറഞ്ഞത്. ആത്മാവിന്റെ മറ നീക്കുന്ന പ്രക്രിയയുടെ സമ്പ്രദായം വൈരുദ്ധ്യാത്മകമാണ്. ഇതിൽ ഒരു സംവാദം ആരംഭിക്കുന്നത് പരസ്പര വിരുദ്ധങ്ങളായ വാദഗതികളോടെയാണ്. സംവാദം പുരോഗമിക്കുന്തോറും വൈരുദ്ധ്യാത്മക വശങ്ങളെ നിരാകരിച്ച് സത്തയോട് നീതി പുലർത്തുന്ന ഒരു നവീന ആശയം ഉടലെടുക്കുന്നു. ചാക്രികമായ ഈ പ്രക്രിയ ഒരു സമന്വയത്തിൽ എത്തിച്ചേർന്ന് അനാവരണം ചെയ്യപ്പെടുന്നു.

### ആർതർ ഷോപ്പനവർ (1788 - 1860)

ഷോപ്പനവറിന്റെ ഏറ്റവും പ്രധാന ആശയം ഇച്ഛയെക്കുറിച്ചുള്ള സിദ്ധാന്തമാണ്. ജീവിക്കുവാനുള്ള ആഗ്രഹം ജീവിതത്തിന്റെ അടിസ്ഥാന തത്വമാണെന്ന് ഷോപ്പനവർ അഭിപ്രായപ്പെടുന്നു. മനുഷ്യന്റെ എല്ലാ ദുഃഖങ്ങളുടെയും അവനിലെ തിന്മയുടെ മൂലകാരണമായും ഇച്ഛ പരിണമിക്കുന്നു. ഈ ഇച്ഛയെ ഇല്ലാതാക്കുകയും സന്തോഷവും സമാധാനവും ഉണ്ടാകുവാൻവേണ്ടി ആഗ്രഹങ്ങളെ നിയന്ത്രിക്കുകയും വേണം. ഈ നിയന്ത്രണത്തിന് പല വഴികൾ ഷോപ്പനവർ നിർദ്ദേശിക്കുന്നു. കലയും, തത്വചിന്തയുമൊക്കെ മോചനത്തിന്റെ പ്രാഥമിക തലത്തിലേക്ക് മനുഷ്യനെ നയിക്കുന്നു. ഈ ലോകവസ്തുക്കളെക്കുറിച്ചുള്ള മനനത്തിലൂടെയും സ്വാർത്ഥമായ ഇച്ഛയിൽനിന്ന് മോചനം നേടാമെന്ന് ഷോപ്പനവർ സമർത്ഥിക്കുന്നു. എല്ലാ മനുഷ്യരും ഒരേ ഇച്ഛയുടെ സാക്ഷാത്കാരമാണെന്നും ഒരേ സത്തയുടെ ഭാഗങ്ങളാണെന്നും അദ്ദേഹം പറയുന്നു. ഈ അറിവിലേക്ക് ഒരാൾ നയിക്കപ്പെടുകയാണെങ്കിൽ അവൻ എല്ലാത്തിനോടും അനുകമ്പയുള്ളവനാകും. അപരന്റെ ദുഃഖം തന്റെ തന്നെ ദുഃഖമായി അവനനുഭവപ്പെടും. പക്ഷെ ഇത്തരമൊരവസ്ഥയിൽ പോലും പൂർണ്ണമായ മോചനം സാധിതമാക്കുന്നില്ലെന്നാണ് ഷോപ്പനവർ അഭിപ്രായപ്പെടുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇച്ഛയെ പൂർണ്ണമായി നിഷേധിക്കുമ്പോഴാണ് പൂർണ്ണമോചനം സാധികമാകുന്നത്.





### ലുഡ്‌വിഗ് ഫോയേർബാഹ് (1804 - 1872)

മതത്തേക്കാൾ മനുഷ്യവർഗ്ഗത്തിന് പ്രാധാന്യം കൊടുത്ത തത്വചിന്തകനാണ് ലുഡ്‌വിഗ് ഫോയേർബാഹ്. മനുഷ്യവർഗ്ഗത്തിന്റെ ആരാധനാ മനോഭാവമാണ് മതം. മനുഷ്യൻ മനുഷ്യനുതന്നെ ദൈവമാണ്. അതായത് ദൈവം മനുഷ്യന്റെ അന്യവത്ക്കരണമാണ്, God is man's alienation അദ്ദേഹം ഹെഗലിനെയും ക്രിസ്തുമതത്തെയും എതിർത്തിരുന്നത് മനുഷ്യന് അവകാശപ്പെട്ടത് അവർ നൽകുന്നില്ല എന്ന കാരണത്താലാണ്. മനുഷ്യന്റെ ദൈവവിളി എന്നു പറയുന്നത് മനുഷ്യനെത്തന്നെ അഭിവൃദ്ധിയിലെത്തിക്കുക എന്നതാണ്. മനുഷ്യനാണ് പരമമായ സത്ത, Ens realissimum - the most real being. മനുഷ്യന്റെ അപ്പുറത്തേയ്ക്ക് ഒന്നുമില്ല. അവനാണ് എല്ലാത്തിന്റെയും കേന്ദ്രം. അവൻ ദിവ്യനാണ്. മനുഷ്യൻ രാഷ്ട്രീയ ജീവികൂടിയാണെന്ന് അദ്ദേഹം സ്ഥാപിച്ചു. തത്വശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും കേന്ദ്രവും മനുഷ്യൻ തന്നെയാണ്.

മനുഷ്യന്റെ മനഃശാസ്ത്രപരമായ ഒരു രൂപകൽപന മാത്രമാണ് ദൈവം; മനുഷ്യന്റെ പൂർത്തിയാകാത്ത ആഗ്രഹങ്ങളുടെ ഒരു രൂപകൽ പന. മനുഷ്യന്റെ ജീവിതത്തിൽ ഒരിക്കലും പൂർത്തിയാകാത്ത ഒരുപാട് ആഗ്രഹങ്ങളുണ്ട്. ഈ ഒരു സാഹചര്യത്തിൽ അവൻ സങ്കൽപങ്ങളെ തിരയുന്നു. സങ്കൽപങ്ങൾ പരിപൂർണ്ണമായ ഭാവനകളെ സൃഷ്ടിക്കുന്നു. മനുഷ്യൻ ആ ഭാവനകളുമായി തന്നെ താതാത്മ്യപ്പെടുത്തി സംതൃപ്തി നേടുന്നു. അങ്ങനെ അവൻ അവന്റെ ഇല്ലായ്മയുടെ കുറവ് തീർക്കുന്നു. ഈ സങ്കൽപത്തെ മനുഷ്യൻ ദൈവം എന്നു വിളിക്കുന്നു. അതുകൊണ്ടാണ് ദൈവം മനുഷ്യന്റെ അന്തർമുഖ സ്വഭാവത്തിന്റെ ദൈവവൽക്കരണമാകുന്നതും മതം ഈ പ്രക്രിയയുടെ രൂപകൽപനയാകുന്നതും. മതത്തിന്റെയും ദൈവത്തിന്റെയും ഈ രഹസ്യം തിരിച്ചറിയുമ്പോൾ മനുഷ്യൻ അതിനെ ഉപേക്ഷിക്കുന്നു.

മനുഷ്യൻ കൂടുതൽ ദരിദ്രനായാലേ ദൈവത്തെ കൂടുതൽ സമ്പുഷ്ടമാക്കാൻ സാധിക്കൂ. ദൈവം എല്ലാമായിത്തീരണമെങ്കിൽ മനുഷ്യൻ ശൂന്യനായിത്തീരണം. മനുഷ്യൻ ഒന്നുമില്ലായ്മയായിത്തീരണം. കാരണം അവനിൽനിന്ന് എടുക്കപ്പെടുന്നതാണ് ദൈവത്തിൽ ചേർക്കപ്പെടുന്നത്. ദൈവവുമായി ഒന്നായി ചേരുന്നതിൽ അവൻ അഹങ്കരിക്കുന്നു. അതുകൊണ്ട് മതത്തിൽ, മനുഷ്യൻ കൂടുതൽ കൂടുതൽ ദരിദ്രനാവുകയും ദൈവം കൂടുതൽ കൂടുതൽ സമ്പന്നനായിത്തീരുകയും ചെയ്യുന്നു.

**സോറൻ കീർക്കെഗാർഡ് (1813 - 1855)**

അസ്തിത്വവാദത്തിലൂടെ മനുഷ്യാസ്തിത്വത്തിന്റെ സ്വഭാവവിശേഷങ്ങളെ മനസ്സിലാക്കാൻ ശ്രമിച്ച കീർക്കെഗാർഡ് ഈ സ്വഭാവവിശേഷങ്ങളെ എട്ടായി തരംതിരിക്കുന്നു. അവ അനന്യത, രഹസ്യാത്മകത, നിരന്തരമായ മാറ്റം, വർത്തമാനകാലത്തിലുള്ള അസ്തിത്വം, സ്വാതന്ത്ര്യം, ഈശ്വരന്റെ മുമ്പിൽ സ്ഥിതിചെയ്യുന്ന അസ്തിത്വമാണ് മനുഷ്യൻ എന്നത്, അവൻ പാപിയാണെന്നത്, ഉത്കണ്ഠകളാൽ കലുഷിതമാണ് മനുഷ്യജീവിതം മുതലായവയാണ്. മനുഷ്യന്റെ അനന്യതയ്ക്കും, സവിശേഷതകൾക്കുമൊക്കെ പ്രാധാന്യം കൊടുത്ത ചിന്തകനാണ് കീർക്കെ ഗാർഡ്.

മനുഷ്യജീവിതത്തിൽ പ്രകടമാകുന്ന മൂന്ന് തലങ്ങളെ കീർക്കെ ഗാർഡ് വ്യക്തമാക്കുന്നു. അവ സൗന്ദര്യാസ്വാദകതലം (aesthetic stage), ധാർമ്മികതലം (moral stage), മതാത്മകതലം (religious stage) ഇവയാണ്. മനുഷ്യൻ ആദ്യത്തെ രണ്ടുതലങ്ങളും കടന്ന് പൂർണ്ണമായ വിശ്വാസത്തിന് പ്രാധാന്യം കൊടുക്കുമ്പോൾ മാത്രമെ അവൻ യഥാർത്ഥ അസ്തിത്വത്തിൽ (authentic existence) എത്തിച്ചേരൂ എന്ന് കീർക്കെ ഗാർഡ് അഭിപ്രായപ്പെടുന്നു.

**ഫ്രെഡറിക് നീത്ഷെ (1844 - 1900)**

പരിപൂർണ്ണ സ്വതന്ത്രനായ മനുഷ്യനുമാത്രമെ സൃഷ്ടിപരവും സന്തോഷകരവുമായ ജീവിതം നയിക്കാനാകൂ എന്ന് നീത്ഷെ പറഞ്ഞു. ഈ ലോകത്തിലെ സദാചാരസംഹിതകളെയെല്ലാം മനുഷ്യവികാസത്തിന് തടസ്സമായി കണ്ട നീത്ഷെ 'ദൈവം മരിച്ചു' എന്ന സിദ്ധാന്തം രൂപപ്പെടുത്തി. ഇച്ഛാശക്തിക്ക് വളരെയേറെ പ്രാധാന്യം കൽപ്പിച്ച നീത്ഷെ ജീവിക്കാനുള്ള ആഗ്രഹമാണ് ജീവസന്ധാരണത്തിന് സഹായിക്കുന്നതെന്നും അതിനാൽ ഇച്ഛാശക്തിക്കു മാത്രമെ മനുഷ്യനെ സ്വതന്ത്രനാക്കാനാകൂ എന്നും തറപ്പിച്ചു പറയുന്നു.

യഥാർത്ഥത്തിൽ ജീവിതം സന്തോഷപ്രദമല്ലെന്നാണ് നീത്ഷെ പറയുന്നത്. ജീവിതമെന്നത് അധികാരേച്ഛയാണ് (Will to Power). യഥാർത്ഥ നന്മ മനുഷ്യനിൽ അധികാര വികാരം നിറയ്ക്കുന്നു. രണ്ടുതരം ധാർമ്മികത ഉണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. യജമാന ധാർമ്മികതയും (Master Morality), അടിമ ധാർമ്മികതയും (Slave Morality). ക്രിസ്തുമതം അടിമ ധാർമ്മികതയാൽ ലോകത്തെ നിറച്ചു എന്നു പറഞ്ഞാണ് നീത്ഷെ അതിനെ വിമർശിക്കുന്നത്. നീത്ഷെ യജമാന ധാർമ്മികതയിൽ വിശ്വസിക്കുന്നു. നീത്ഷെ പറയുന്നു: സ്വയം പൂർണ്ണനാകാനും, സൃഷ്ടിക്കാനും, സൃഷ്ടിക്കുപകരം





സ്രഷ്ടാവാകാനും മനുഷ്യൻ ആഗ്രഹിക്കുന്നു. ഈ ആഗ്രഹം നടക്കാതെ വരുമ്പോൾ അവൻ അധികാര ദുർമ്മോഹിയായി മാറുന്നു.

സ്വയം നിയന്ത്രണത്തിലൂടെ കല, തത്വശാസ്ത്രം എന്നിവയിലേക്ക് ശക്തി തിരിച്ചുവിടുന്നതിലാണ് ഒരു മനുഷ്യന്റെ ശക്തി അടങ്ങിയിരിക്കുന്നത്. അധികാരേച്ഛയിൽ അവജ്ഞയും കടന്നുവരുന്നു. അടിമ ധാർമ്മികതയിലാണ് ഇത് ദർശിക്കാവുന്നത്. അവജ്ഞയെ അതിജീവിക്കുന്ന മനുഷ്യന് സ്വശത്രുവിനെപ്പോലും സ്നേഹിക്കുവാൻ കഴിയുമെന്ന് നീത്ഷെ ഉദ്ഘോഷിച്ചു. മനുഷ്യജീവിതത്തിന് വിലങ്ങുതടിയായി നിൽക്കുന്ന സദാചാര നിയമങ്ങളെ തകർത്തെറിഞ്ഞ് സ്വയം പൂർണ്ണത നേടുന്ന അവസ്ഥയാണ് 'അതിമാനുഷൻ (Super man) എന്നതുകൊണ്ട് നീത്ഷെ അർത്ഥമാക്കുന്നത്. സംയമനം നേടി സ്വശക്തികളെ സൃഷ്ടിപരമായി ഉപയോഗിക്കുന്നവനാണ് അതിമാനുഷൻ. അവൻ നിലവിലുള്ള വ്യവസ്ഥകളെ ചോദ്യം ചെയ്യുന്നു. നന്മയ്ക്കും, തിന്മയ്ക്കും ഉപരിയായി നിൽക്കാൻ സാധിക്കുന്നവനാണ് അതിമാനുഷൻ.

ഷോപ്പനവർ ഇച്ഛയെ പൂർണ്ണമായി നിഷേധിക്കുമ്പോഴേ പൂർണ മോചനം സാധിക്കുമെന്ന് വാദിച്ചെങ്കിൽ അതിനുനേരെ വിപരീതമായി ഇച്ഛാശക്തി മാത്രമെ മനുഷ്യനെ സ്വതന്ത്രനാക്കൂ എന്ന് നീത്ഷെ വാദിച്ചു.മനുഷ്യൻ തന്റെ ഇച്ഛാശക്തി ഉപയോഗിച്ച് ഈ ലോകജീവിതം നയിക്കണം. നീത്ഷെയുടെ ദർശനങ്ങളിൽ തെളിഞ്ഞു നിൽക്കുന്ന ആശയമാണ് അധികാരേച്ഛ എന്നുള്ളത്. മനുഷ്യന് സ്വയം പൂർണ്ണനാകാനും, സ്വയം സൃഷ്ടിക്കാനും, സ്രഷ്ടാവാകാനുമുള്ള ആഗ്രഹമാണുള്ളത്. ഈ ആഗ്രഹങ്ങൾ നടക്കാതെ വരുമ്പോൾ അവൻ അധികാര ദുർമ്മോഹിയായി മാറുന്നു.

മറ്റുള്ളവരെ കീഴ്പ്പെടുത്തുന്നതിലല്ല, ഒരുവന്റെ ശക്തി അടങ്ങിയിരിക്കുന്നത്, മറിച്ച് സ്വയം നിയന്ത്രണത്തിലൂടെ കല, തത്വശാസ്ത്രം എന്നീ മേഖലകളിൽ ഈ ശക്തി വിനിയോഗിക്കാനാകുമ്പോഴാണ്. ഇങ്ങനെ ഒതുക്കിനിർത്താൻ കഴിയുന്നവന് ശത്രുക്കളെപോലും സ്നേഹിക്കാനാകും. മനുഷ്യന് ഉപരിയായി ഒരു നിയമവുമില്ല എന്ന് നീത്ഷെ പ്രഖ്യാപിച്ചു. നന്മ, തിന്മ തുടങ്ങിയ ആശയങ്ങൾ ഉടലെടുത്തത് മനുഷ്യമനസ്സിന്റെ പരിണാമത്തിലൂടെയാണെന്ന് അദ്ദേഹം സമർത്ഥിച്ചു. നീത്ഷെ ഉയർത്തിക്കാട്ടിയ 'അതിമാനുഷൻ' എന്ന സങ്കൽപം സ്വയം പൂർണ്ണത നേടുന്ന ഒരുവനെക്കുറിച്ചുള്ളതാണ്. ആത്മീയ നിയന്ത്രണത്തിലൂടെ സ്വന്തം കഴിവുകൾ സൃഷ്ടിപരമായി പ്രയോഗിക്കുന്നവനാണ് അതിമാനുഷൻ. ദൈവം ഇല്ല എന്ന ആശയത്തിൽനിന്നുരിത്തിരിഞ്ഞ മനുഷ്യ സ

ങ്കൽപമാണ് നീത്ഷെയുടേത്.

**ഹെന്റി ബെർഗ്സൺ (1859 - 1941)**

ബെർഗ്സനെ പ്രശസ്തനാക്കുന്നത് അദ്ദേഹം മനുഷ്യന്റെ ആന്തരികതയ്ക്ക് നൽകിയ പ്രാധാന്യമാണ്. ജീവൽപ്രവാഹം അതിന്റെ പൂർണ്ണതയിൽ സാന്ദ്രീഭവിച്ചിരിക്കുന്നത് മനുഷ്യനിലാണ്. മനുഷ്യൻ പൂർണ്ണനാണെന്നിതിനർത്ഥമില്ല, മറിച്ച് അനന്തമായ ആയിക്കൊണ്ടിരിക്കൽ (becoming) അവനെ പൂർണതയുടെ സാധ്യതകളിലേക്ക് നയിക്കുന്നു.

ബെർഗ്സൺ രണ്ടുതരം സദാചാര ശാസ്ത്രങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. അടഞ്ഞ ധാർമ്മിക ശാസ്ത്രവും (closed ethics) തുറന്ന ധാർമ്മിക ശാസ്ത്രവും (open ethics). മനുഷ്യന് സമൂഹത്തിൽ ജീവിക്കാൻ അടഞ്ഞ സദാചാര ശാസ്ത്രം ആവശ്യമാണെങ്കിലും തുറന്ന ധാർമ്മിക ശാസ്ത്രത്തിലൂടെ മാത്രമെ മനുഷ്യന് മൃഗാവസ്ഥയിൽനിന്നുയർന്ന് തന്റെ അസ്തിത്വത്തിന്റെ പൂർണ്ണതയിലേക്ക് എത്താൻ കഴിയുകയുള്ളൂവെന്ന് വാദിക്കുന്നതിലൂടെ ബെർഗ്സൺ അവന്റെ ആന്തരികതയുടെ ഉയർന്ന സാധ്യതകൾ തുറന്നു കാട്ടുന്നു.

**മാർട്ടിൻ ഹൈഡഗർ (1889 - 1976)**

അസ്തിത്വമെന്നത് ആയിരിക്കുക (being) എന്നതാണെന്ന് ഹൈഡഗർ സമർത്ഥിക്കുന്നു. മനുഷ്യാസ്തിത്വം (existence) ലോകത്തിൽ ആയിരിക്കലാണ്. മനുഷ്യോപയോഗത്തിനുള്ള വസ്തുക്കളാണ് ഈ ലോകത്തിലുള്ളതെല്ലാം. മനുഷ്യാസ്തിത്വം അതീതമാണെന്ന അറിവ് അവനെ ഉത്കണ്ഠാകുലനാക്കുന്നു. ഈ ഉത്കണ്ഠ അവനെ 'താനായിരിക്കുക' എന്ന സാധ്യതയിലേക്കെത്താൻ സഹായിക്കുന്നതിനുപകരം, അതിൽ നിന്നും ഓടിയകലാൻ പ്രേരിപ്പിക്കുന്നു. ഇതിനെ ഹൈഡഗർ അന്യവൽക്കരണം എന്നു വിളിക്കുന്നു. നമ്മുടെ സത്ത ഒരു തരം ശൂന്യതയിലേക്കാണ് നമ്മെ നയിക്കുകയെന്ന ചിന്ത മനുഷ്യന്റെ മരണവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

**ഭാരതീയ തത്വചിന്ത**

**ശങ്കരാചാര്യർ**

ഭാരത തത്വശാസ്ത്രചരിത്രത്തിൽ എക്കാലവും സ്മരിക്കപ്പെടുന്ന ഉന്നതനായ ആചാര്യനാണ് ശങ്കരൻ. ബ്രഹ്മസൂത്രങ്ങൾ, ഉപനിഷത്തുകൾ, ഭഗവത്ഗീത എന്നിവക്കെഴുതിയ ഭാഷ്യങ്ങളിലൂടെ അദ്വൈ





തദർശനത്തിന് ഭാരത തത്വശാസ്ത്രത്തിൽ അടിസ്ഥാനമിട്ടത് ഇദ്ദേഹമാണ്. ഉപനിഷത്തുകളിൽ ഒളിഞ്ഞിരിക്കുന്ന ഈ ആശയം ലോകത്തിന് വെളിപ്പെടുത്തിയതാണ് അദ്ദേഹത്തിന്റെ ദാർശനികവിജയം.

ദൈവമനുഷ്യസമന്വയമാണ് ശങ്കരന്റെ അദ്വൈതദർശനത്തിന്റെ കാതൽ. പ്രപഞ്ചവും അതിലെ സകലചരാചരങ്ങളും ഒന്നിൽ നിന്നുണ്ടായി എന്നും എല്ലാം ഏറ്റവും അദ്വീതീയവുമാണെന്നും അദ്വൈതവേദാന്തത്തിലൂടെ ശങ്കരൻ സമർത്ഥിക്കുന്നു. ബ്രഹ്മം മാത്രമാണ് സത്യമെന്നും മറ്റെല്ലാം വെറും മായ മാത്രമാണ് എന്നും ശങ്കരൻ പഠിപ്പിക്കുന്നു. സത്യവും (പരവിദ്യ) ആനുഭവികസത്യവും (അപരവിദ്യ) തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ മനുഷ്യന് കഴിയണം. അനുഭവികപ്രപഞ്ചം യാഥാർത്ഥ്യമല്ല. പക്ഷെ അത് യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമാണ്. ഈ യാഥാർത്ഥ്യം ബ്രഹ്മമാണ്. പക്ഷെ അത് എല്ലാ അനുഭവിക അസ്തിത്വത്തിനും എതിരായതിനാൽ ഇതാണോ സത്യം എന്ന ചോദ്യത്തിന് ഇതല്ല ഇതല്ല (നേതി നേതി) എന്നേ പറയാനാവൂ.

പരബ്രഹ്മമാകുന്ന ഏകസത്യത്തെ എപ്പോൾ ഒരുവന് കണ്ടെത്താൻ കഴിയുമോ അപ്പോൾ അവൻ അവന്റെ സത്തയുടെ അസ്തിത്വത്തിന്റെ രഹസ്യം കണ്ടെത്തിക്കഴിഞ്ഞു. താനും ബ്രഹ്മനും രണ്ടല്ല ഒന്നാണ് (അദ്വൈതം) എന്ന തിരിച്ചറിവിലേക്ക് ഒരുവൻ എത്തുമ്പോൾ അവൻ യഥാർത്ഥ സത്ത കണ്ടെത്തുന്നു. ഈ തിരിച്ചറിവാണ് മുക്തി. ഈ തിരിച്ചറിവിലേക്ക് ഒരുവൻ എത്തിപ്പെടണമെങ്കിൽ കേവലയാഥാർത്ഥ്യങ്ങൾ, കേവലം മായ മാത്രമാണ് എന്ന് അവൻ അറിയണം. ഈ അറിവ് ജ്ഞാനമാർഗ്ഗത്തിലൂടെ മാത്രമേ ഒരുവന് നേടാനാവൂ. ഇതവനെ ബ്രഹ്മസാക്ഷാത്കാരത്തിലേക്ക് നയിക്കുന്നു. ബ്രഹ്മസാക്ഷാത്കാരമെന്നാൽ ഒരുവൻ അവന്റെ അഹം വെടിഞ്ഞ് പരബ്രഹ്മത്തിൽ ലയിക്കുന്ന അവസ്ഥാവിശേഷമാണ്. ആത്മനും ബ്രഹ്മനും ഒന്നാണ്.

ശങ്കരന്റെ അസ്തിത്വചിന്ത അനുസരിച്ച് മൂന്നു തരം അസ്തിത്വങ്ങളുണ്ട്. 1) പാരമാർത്ഥികസത്ത 2) വ്യാവഹാരികസത്ത 3) പ്രാതിഭാസികസത്ത. ആദ്യത്തേത് ബ്രഹ്മമാണ്. രണ്ടാമത്തേത് സ്ഥലകാലകാരണലോകം. കയറു കണ്ടാൽ പാമ്പെന്നു ചിന്തിക്കുന്ന ഒരുതരം വിഭ്രാന്തിയാണ് മൂന്നാമത്തേത് (ഭ്രമകാരിയായ സത്ത). ഇതിൽ ബ്രഹ്മം മാത്രമാണ് സത്യം, ബ്രഹ്മമാണ് നിത്യം, മറ്റെല്ലാം മായമാത്രം. ഒരുവൻ മായയെ ജയിച്ച് അഹം ബ്രഹ്മാസ്മി എന്ന അവസ്ഥയിലെത്തിയാൽ ബ്രഹ്മേതരമായ പ്രപഞ്ചം പോയ് മറയുന്നു. ഇതാണ് മനുഷ്യജന്മത്തിന്റെ സാക്ഷാത്കാരം. ശങ്കരന്റെ മനു

ഷ്യദർശനം തത്വമസി എന്ന ഉപനിഷദ്വചനത്തിൽ ചുരുക്കാം. തത്വമസി എന്നാൽ ബ്രഹ്മനും ആത്മനും ഒന്നാണ് എന്ന വിവക്ഷയാണ്.

**രവീന്ദ്രനാഥ് ടാഗോർ (1861 - 1941)**

ഭാരതീയ സാഹിത്യത്തെ ആഗോളപ്രശസ്തിയിലേയ്ക്കുയർത്തിയ ടാഗോർ മനുഷ്യനെ പരിമേയമെന്നും അപരിമേയമെന്നും വിളിക്കുന്നു. ദൈവം പ്രപഞ്ചത്തിലും പ്രപഞ്ചവസ്തുക്കളിലും അന്തർലീനമാണെങ്കിലും ദൈവാംശം പൂർണമായി മനുഷ്യനിലാണ് ലയിച്ചിരിക്കുന്നത്. ദൈവം ലയിച്ചു ചേർന്ന വ്യക്തികളുടെ ആത്മാവ് അപരിമേയമായി നിലനിൽക്കുന്നു. എങ്കിലും ഓരോ മനുഷ്യരുടെയും വ്യക്തിത്വം വ്യതിരിക്തമായിത്തന്നെ നിലനിൽക്കുന്നു. അതിനാലാണ് മനുഷ്യനും ദൈവവും രണ്ടു യാഥാർത്ഥ്യങ്ങളായത്. ഈ ലോകത്തിൽ വ്യത്യസ്തങ്ങളായ നിറങ്ങളും സ്വരങ്ങളും കൂടാതെ മനുഷ്യന് മൂല്യങ്ങളും കാണാൻ സാധിക്കും. അപരിമേയമായതിനെ നേടാൻ മനുഷ്യന്റെ ഇപ്പോഴത്തെ ജീവിതത്തിലെ അസ്ഥിരതകളെ മനസ്സിലാക്കി സ്ഥിരമായതിനായി പരിത്യജിക്കാൻ തയ്യാറാകണം. ഇതു മനുഷ്യനെ നന്മയിലേക്ക് നയിക്കും. എന്നാൽ മനുഷ്യൻ തന്നിലേക്കുതന്നെ ഒതുങ്ങാൻ ശ്രമിക്കുമ്പോൾ അവൻ യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ല. മനുഷ്യന് ഒരു ലക്ഷ്യം നിറവേറ്റാനുണ്ട്. അത് സ്നേഹത്തിലൂടെയേ സാധ്യമാക്കാൻ കഴിയൂ. മനുഷ്യനാണ് സൃഷ്ടവസ്തുക്കളിൽ ഏറ്റവും മഹത്വമുള്ളത്.

ടാഗോർ സൃഷ്ടിയിൽ വിശ്വസിക്കുന്ന ആളാണ്. എന്നാൽ അദ്ദേഹത്തിന്റെ മനുഷ്യന്റെ മതം (The religion of man) എന്ന ഗ്രന്ഥത്തിൽ പരിണാമ സിദ്ധാന്തം അവതരിപ്പിക്കുന്നു. ഇങ്ങനെ വരുമ്പോൾ സൃഷ്ടിയും പരിണാമവും എങ്ങനെ ഒന്നിച്ചുവരും എന്ന ചോദ്യമുയരും. ടാഗോറിന്റെ അഭിപ്രായത്തിൽ പരിണാമം ആകസ്മികമായിട്ടോ യാന്ത്രികമായിട്ടോ സംഭവിക്കുന്നതല്ല. മറിച്ച് അത് ആവിർഭവിക്കുന്ന സൃഷ്ടിയാണ്. പരിണാമത്തിൽ ആദ്യ പ്രവർത്തനശേഷിയുള്ളതും എന്നാൽ ജീവനുള്ളതുമായ ദ്രവ്യം ഉണ്ടായി. ഈ ജീവൻ പല ഘടകങ്ങളായുള്ള വളർച്ചയുടെ ഫലമായി മനസ്സോടും അന്തർബോധത്തോടുംകൂടി മനുഷ്യൻ പ്രത്യക്ഷപ്പെട്ടു. പരിണാമത്തിന്റെ പാതയിൽ ഒരു നിശ്ചിതമായ മാറ്റം വരുന്നത് മനുഷ്യന്റെ ഉത്ഭവത്തോടെയാണ്. അവിടെ മനുഷ്യാത്മാവിന് പ്രണാമം നൽകി ജീവന്റെ ആത്മാവ് പിൻമാറുന്നു. മനുഷ്യൻ മൃഗങ്ങളിൽനിന്നും വ്യത്യസ്തരായി ഉന്നതമായ ആത്മാവിനാൽ സൃഷ്ടിക്കപ്പെട്ടതാണ്.





പ്രകൃതിയും മനുഷ്യനും ദ്വൈതമല്ല, അവ വേർതിരിക്കപ്പെടാനാകാത്ത യാഥാർത്ഥ്യങ്ങളാണ്. അപരിമേയമായതിന്റെ സത്താരൂപീകരണത്തിൽ പ്രകൃതിയും മനുഷ്യരും തുല്യസത്തയുള്ളവരാണ്. സ്നേഹത്തിലാണ് മനുഷ്യൻ മനുഷ്യനാകുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യൻ സ്നേഹിക്കാനായി ജനിച്ചു. അവർ സ്നേഹിക്കപ്പെടുകയും വേണം. മനുഷ്യൻ എപ്പോഴും അപരിമേയമായതിനെ സ്നേഹിക്കുന്നു. ദൈവവും തിരിച്ച് അതുപോലെ സ്നേഹം നൽകുന്നു. അതിനാൽ മനുഷ്യസ്നേഹത്തിനുള്ള രണ്ട് വിഷയങ്ങൾ ദൈവവും പ്രകൃതിയുമാണ്. ചുരുക്കത്തിൽ ടാഗോർ മനുഷ്യനെയും പ്രകൃതിയെയും ദൈവവുമായി ബന്ധിപ്പിക്കുകയും ദൈവത്തിന്റെ പ്രത്യക്ഷമാകൽ സ്നേഹത്തിലൂടെയാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

**മഹാത്മാഗാന്ധി (1869 - 1948)**

ഗാന്ധിയുടെ വീക്ഷണത്തിൽ മനുഷ്യൻ ആത്മീയ ശാരീരിക ഭൗതിക ഭാവങ്ങളുടെ ഒരു സമന്വയമാണ്. ആരംഭത്തിൽ അവനിൽ ഭൗതികഭാവം മുന്നിട്ടുനിൽക്കുന്നു. കാലക്രമത്തിൽ അവനിൽ ആത്മീയഭാവവും പക്വത പ്രാപിക്കുന്നു. ഗാന്ധിജിക്ക് പരിണാമം ദൈവത്തിന്റെ അഭൗമികതയിൽനിന്നും ആത്മീയതയിലേക്കുള്ള രൂപാന്തരീകരണമാണ്. മനുഷ്യന്റെ സർവ്വപ്രധാന ഭാഗം ആത്മാംശമാണ്. ദൈവീകതയുടെ ഒരംശം ഏതു മനുഷ്യനിലുമുണ്ട്. അവന്റെ യുക്തിയും മനഃസാക്ഷിയും ഇതിന്റെ ഭാഗങ്ങളാണ്. ഈ ദൈവീകതയുടെ ഭാവങ്ങളെ ശരിയായി ഉപയോഗിക്കുകയാണെങ്കിൽ സ്വർഗ്ഗത്തെ ഭൂമിയിലേക്ക് കൊണ്ടുവരാം.

മനുഷ്യൻ ഒരു സങ്കീർണ്ണജീവിയാണ്. ഒരു പദാർത്ഥ പ്രതിഭാസം മാത്രമല്ല മനുഷ്യൻ. അന്തർബോധം, യുക്തിചിന്ത, മനഃസാക്ഷി, വികാരം, ഇച്ഛാശക്തി എന്നീ എല്ലാ ഗുണങ്ങളും അവനിൽ അന്തർലീനമാണ്. സൗന്ദര്യബോധവും ഹൃദയസ്പൃക്കായ സംവേദക്ഷമതയും നന്മതിന്മകളുടെ അറിവും അവനുണ്ട്. ഇതൊന്നും അവന്റെ ബാഹ്യ പ്രകൃതി നൽകുന്നതല്ല. അവനിൽ സന്നിഹിതമായിരിക്കുന്ന ആത്മാവിന്റെ ഗുണങ്ങളാണ്.

ബാഹ്യമായി മനുഷ്യൻ ക്രൂരനും സ്വാർത്ഥനുമെങ്കിലും ആന്തരീകമായും ആത്യന്തികമായും അവൻ നല്ലവനാണ്. ഗാന്ധിജി മനുഷ്യവർഗ്ഗത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നു. പല ശരീരങ്ങളാണെങ്കിലും നമുക്കെല്ലാം ഒരേ ആത്മാവാണ് ഉള്ളത്.

04

# പ്രപഞ്ചോൽപത്തി ശാസ്ത്രത്തിലെ വെളിപാട്

പ്രപഞ്ചോൽപത്തിയുടെ പൊരുളറിയാനുള്ള അദമ്യമായ അഭിവാഞ്ഛ മനുഷ്യബുദ്ധിയെ എക്കാലവും അകമ്പടി സേവിച്ചിരുന്നു. ഈ അഭിവാഞ്ഛയുടെ മതാത്മകമായ പ്രകാശനമാണ് 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു' എന്നു തുടങ്ങിയ പ്രസ്താവനകൾ. പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള അന്വേഷണങ്ങൾ ഇന്ന് ആധുനിക ശാസ്ത്രത്തിന്റെയും ഉദ്വേഗജനകമായ സംരംഭങ്ങളിലൊന്നാണ്. നമ്മുടെ രഹസ്യാത്മകതാബോധത്തിന്റെ പ്രഥമബിന്ദുവായ പ്രപഞ്ചാനുഭവത്തിൽനിന്നും ഉരുത്തിരിയുന്ന സംരംഭങ്ങളെന്നനിലയിൽ ആത്യന്തിക വിശകലനത്തിൽ മതത്തിന്റെയും ശാസ്ത്രത്തിന്റെയും കാഴ്ചപ്പാടുകൾ തമ്മിൽ അടിസ്ഥാനപരമായ വൈരുദ്ധ്യം ഉണ്ടാവുക അസാധ്യമാണ്. എന്നാൽ അവയുടെ പ്രതിപാദനങ്ങൾക്കുതമ്മിൽ ഭിന്നാത്മകമായ തനിമയുണ്ട്. അതിനാൽതന്നെ ലോകാരംഭത്തെക്കുറിച്ചുള്ള ശാസ്ത്രത്തിന്റെയും മതത്തിന്റെയും വിവര





ണങ്ങൾ തമ്മിൽ ഏകമാനമായ സമാന്തരത്വം കണ്ടെത്തുക അസാധ്യവും അനുചിതവുമാണ്. പ്രപഞ്ചോൽപത്തിയുടെ രഹസ്യാത്മകതകളിലേക്ക് മുൻമ്പെന്നത്തേക്കാളുപരി ഇന്നും ശാസ്ത്രം ചൂഴ്ന്നിറങ്ങുന്നുണ്ട്. ശാസ്ത്രത്തിന്റെ അമൂല്യമായ ഈ ഉൾക്കാഴ്ചകൾ മതദർശനങ്ങളെ വലിയ ഒരളവുവരെ പരിപോഷിപ്പിക്കുന്നതിനും പുനരാവിഷ്ക്കരിക്കുന്നതിനും ഉപയുക്തമാണ്. ലോകാരംഭത്തെക്കുറിച്ചു വിവരിക്കുന്ന ആധുനികശാസ്ത്രത്തിലെ മുഖ്യസിദ്ധാന്തങ്ങളാണ് സ്ഥിരാവസ്ഥാസിദ്ധാന്തം (Steady State Theory), മഹാവിസ്ഫോടന സിദ്ധാന്തം (Big Bang Theory), ഹോക്കിംഗിന്റെ അതിർത്തിരഹിതസിദ്ധാന്തം (No Boundary Theory) തുടങ്ങിയവ. ഈ സിദ്ധാന്തങ്ങളെക്കുറിച്ചുള്ള ചർച്ചകളുടെ വെളിച്ചത്തിൽ ബൈബിളിലെ സൃഷ്ടിവിവരണങ്ങളെ എപ്രകാരം പുനരവലോകനം ചെയ്യണമെന്നും പ്രപഞ്ചത്തിന്റെ കേവലതുടക്കം (Absolute BeginningTheory) എന്നതിലുപരി അനുസ്യൂതമായ സൃഷ്ടി (Ongoing Creation) എന്ന ആശയത്തെ, അവയെങ്ങനെ പിന്താങ്ങുന്നുവെന്നും വഴിയേ കാണാം.

## സ്ഥിരാവസ്ഥാസിദ്ധാന്തം

പ്രപഞ്ചത്തിന് ആത്യന്തികമായ ഒരാംരംഭം ഇല്ലെന്നും ഇന്നു നമ്മൾ കാണുന്നതുപോലെ ഈ പ്രപഞ്ചം എക്കാലവും നിലനിന്നിരുന്നു എന്നുമാണ് ഈ സിദ്ധാന്തത്തിന്റെ മുഖ്യപ്രമേയം. പ്രപഞ്ചം നിത്യമായ സന്തുലിതാവസ്ഥ (Equilibrium) യിൽ നില്നിൽക്കുന്നതിനാൽ ഇതിന് ആരംഭവും അവസാനവും ആവശ്യമില്ല. പ്രപഞ്ചത്തിന്റെ സാന്ദ്രത എന്നും എക്കാലവും ഒരുപോലെ നിലനിൽക്കും. അതിലോലമായ അവസ്ഥ (Super-Thin Stage) യിൽനിന്നും അതിസാന്ദ്രമായ അവസ്ഥ (Super-dense Stage) യിലേക്കുള്ള പ്രപഞ്ചത്തിന്റെ പ്രയാണത്തിലാണ് നക്ഷത്രങ്ങളും താരവ്യൂഹങ്ങളും സൃഷ്ടിക്കപ്പെട്ടതത്രേ. ഹൈഡ്രജൻ കണങ്ങളുടെ ലോലമായ ഒരു മേഘവ്യൂഹം ഉണ്ടായിരുന്നുവെന്നും, ഈ കണങ്ങളുടെ പരസ്പരാകർഷണ ഫലമായി ഈ വ്യൂഹം സങ്കോചിക്കുകയും അത് അനിവാര്യമായ താപോർജ്ജത്തിന്റെ ബഹിർഗമനത്തിന് ഇടയാവുകയും ചെയ്തു എന്നും ഈ സിദ്ധാന്തത്തിന്റെ മുഖ്യവക്താവായ ഫ്രെഡ് ഹോയ്ലി വാദിക്കുന്നു. ഈ ഉയർന്ന ഊഷ്മാവ് വൻതോതിൽ പ്രകാശവും താപവും ഉത്പാദിപ്പിക്കുന്ന തെർമ്മോ ന്യൂക്ലിയർ റിയാക്ഷന് (Thermo Nuclear Reaction) ഇടയാക്കുന്നു. ഇതിന്റെ ഫലമായാണ് ഇന്നു പ്രപഞ്ചത്തിൽ നാം കാണുന്ന വസ്തുക്കളെല്ലാം ഉണ്ടായത്.[1]

ലോകോൽപത്തിക്ക് ആധികാരികമായ തെളിവുകളൊന്നും കുറെ വർഷങ്ങൾക്കുമുമ്പുവരെ ഉണ്ടായിരുന്നില്ല എന്നതിനാലാണ് ഈ സിദ്ധാന്തം ശാസ്ത്രലോകത്ത് സ്ഥാനം പിടിച്ചത്. എന്നാൽ ഇന്നു സ്ഥിതിഗതികൾ ആകെ മാറിയിരിക്കുന്നു. ഇത് പ്രപഞ്ചോൽപത്തിയെക്കുറിച്ചുള്ള ശാസ്ത്രത്തിന്റെ ഇന്നത്തെ ആധികാരിക സിദ്ധാന്തമായ മഹാവിസ്ഫോടന സിദ്ധാന്തത്തിലേയ്ക്കു നമ്മെ നയിക്കുന്നു.

## മഹാവിസ്ഫോടന സിദ്ധാന്തം

ആദിയിൽ നടന്ന ഒരു മഹാവിസ്ഫോടനത്തിന്റെ ഫലമായാണ് ഈ ലോകം ഉണ്ടായതെന്ന് ഈ സിദ്ധാന്തം വാദിക്കുന്നു. ഇന്നു നാം കാണുന്ന നക്ഷത്രങ്ങളും താരവ്യൂഹങ്ങളും അവയിലെ പദാർത്ഥം മുഴുവനും ആദിയിൽ ഒരു ചെറിയ പദാർത്ഥ സഞ്ചയത്തിൽ കേന്ദ്രീകരിച്ചിരുന്നത്രേ. ഈ പദാർത്ഥസഞ്ചയം പെട്ടെന്നു വികസിക്കുകയും പൊട്ടിത്തെറിക്കുകയുമാണുണ്ടായത്. ഈ സ്ഫോടനം ക്രമേണ ശീതീകരിക്കപ്പെടുകയും അങ്ങനെ ക്രമേണ ന്യൂക്ലിയസ്സുകളും അണുക്കളും നക്ഷത്രങ്ങളും, ഗ്രഹങ്ങളും രൂപം പ്രാപിക്കുകയും ചെയ്തു. ഈ വിസ്ഫോടനത്തെത്തുടർന്നുള്ള വികാസം ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു. ആകയാൽ, മഹാവിസ്ഫോടനത്തെ ഒരു നൈമിഷിക പ്രതിഭാസമെന്നതിലുപരി, ഒരു സംഭവപരമ്പരയായും പ്രക്രിയയായും കാണേണ്ടതുണ്ട്. ബൽജിയൻ ജ്യോതിശാസ്ത്രജ്ഞനും ഈശോസഭാ വൈദികനുമായ ലെമായത്തർ (Lemaitre) ആണ് ഈ സിദ്ധാന്തം ആദ്യമായി അവതരിപ്പിച്ചത്. ഈ വിസ്ഫോടനത്തിന്റെ ആദ്യ മൂന്നു മിനിറ്റുകളാണ് ഏറ്റവും നിർണ്ണായകം എന്നു ശാസ്ത്രജ്ഞർ കരുതുന്നു.[2] പ്രപഞ്ചത്തിന്റെ ഭൗതികവും ജൈവികവും രാസികവുമായ സകല രഹസ്യങ്ങളും ആദ്യത്തെ ഈ മൂന്നു മിനിറ്റുകളിൽ കുടികൊള്ളുന്നുവെന്നാണ് അവരുടെ സിദ്ധാന്തം. ഒരുപരിധിവരെ ഈ മൂന്നു മിനിറ്റുകളെ ന്യൂക്ലിയർ ലബോറട്ടറിയിൽ പുനരാവിഷ്ക്കരിക്കാൻ ശാസ്ത്രജ്ഞർക്കു സാധിക്കുന്നതിനാൽ പ്രപഞ്ചോൽപത്തിയെക്കുറിച്ച് വളരെ കൃത്യതയോടെ പ്രതിപാദിക്കാൻ അവർക്കു സാധിക്കുന്നു.

"ഉൽപത്തി"ക്കുശേഷമുള്ള ആദ്യത്തെ നിമിഷത്തിന്റെ $10^{-49}$ മൈക്രോ സെക്കന്റിൽ നിന്നാണ് മഹാവിസ്ഫോടന സിദ്ധാന്തത്തിന്റെ സൈദ്ധാന്തിക മാതൃക ആരംഭിക്കുന്നത്. ഉത്പത്തിയും ($t=0$) ആദ്യത്തെ നിമിഷത്തിന്റെ ആദ്യത്തെ $10^{-49}$ മൈക്രോ സെക്കന്റും തമ്മിലുള്ള കാലയളവിൽ എന്തു സംഭവിച്ചു എന്നുള്ളത് ഇന്നും പ്രവചനാതീതമാണ്. ഈ കാലയളവിൽ ഊഷ്മാവും





സാന്ദ്രതയും അത്യന്തം ഉയർന്നതാകയാൽ അവയെ ലബോറട്ടറികളിൽ പുനരാവിഷ്കരിക്കാൻ സാദ്ധ്യമല്ല. ഹൈസൻബർഗിന്റെ (Heisenberg) അനിശ്ചിതത്വ തത്ത്വം (Uncertainty Principle), ഇൻഫ്ളേഷനറി ഹൈപ്പോതീസിസ് (Inflationary Hypothesis) ബഹുപ്രപഞ്ച പരികൽപനം (Multiple Universe Conjecture) എന്നീ ശാസ്ത്രസങ്കൽപങ്ങളുടെ വെളിച്ചത്തിൽ ഈ കാലയളവിനെക്കുറിച്ച് ഒട്ടേറെ വിചിന്തനങ്ങൾ നടക്കുന്നുണ്ട്. സ്റ്റീഫൻ ഹോക്കിംഗിന്റെ സൂപ്പർ സ്രിട്രിംഗ് തിയറിയും ഈ കലയളവിലെ സംഭവങ്ങളെ മനസ്സിലാക്കാൻ പരിശ്രമിക്കുന്നതാണ്.

ആദ്യത്തെ നിമിഷത്തിന്റെ ആദ്യത്തെ നൂറിലൊരംശത്തിന്റെ പദാർത്ഥസഞ്ചയം ഇലക്ട്രോണുകളും പോസിട്രോണുകളും ഫോട്ടോണുകളും ന്യൂട്രിനോസും ആന്റിന്യൂട്രിനോസും (Anti-nutrinoes) കലർന്നവയായിരുന്നു. ഈ അവസ്ഥയിൽ ഊഷ്മാവ് നൂറു ബില്യൺ ഡിഗ്രി കെൽവിൻ ആയി കുറഞ്ഞു. പതിനാലു നിമിഷങ്ങൾക്കുശേഷം അത് ഒരു ഡിഗ്രി കെൽവിനായി കുറഞ്ഞു. ഇലക്ട്രോണുകളെയും പോസിട്രോണുകളെയും ഫോട്ടോണുകളിൽനിന്നും ന്യുട്രിനോസുകളിൽനിന്നും സ്വതന്ത്രമാക്കാൻ ഇതു സഹായകമായി. മൂന്നു മിനിറ്റുകൾക്കുശേഷം ഊഷ്മാവ് വീണ്ടും വളരെ കുറഞ്ഞു. ഇവിടെ പ്രോട്ടോണുകളും ന്യൂട്രോണുകളും ഒന്നുചേർന്ന് ന്യൂക്ലീയസ്സുകൾക്കു ജന്മം കൊടുത്തു. നൂറായിരം വർഷങ്ങൾക്കുശേഷം ഊഷ്മാവ് വളരെ താഴ്ന്ന് ഇലക്ട്രോണുകൾ ന്യൂക്ലീയസ്സികളോടു ചേർന്നതിന്റെ ഫലമായി അണുക്കൾ (Atoms) രൂപം പ്രാപിച്ചു. അങ്ങനെ മഹാവിസ്ഫോടനത്തിന്റെ ഫലമായുണ്ടായ അണുപദാർത്ഥങ്ങളുടെ പടലങ്ങൾ നക്ഷത്രങ്ങളും താരവ്യൂഹങ്ങളുമായി സാന്ദ്രീകരിക്കുകയാണുണ്ടായത്. ഏതാനും ബില്യൺ വർഷങ്ങൾക്കുശേഷം പ്രപഞ്ചം ഇന്നു കാണുന്ന രീതിയിൽ കാണപ്പെടുവാൻ തുടങ്ങി. ഇന്ന് ഇത് ഏകദേശം 15 ബില്യൺ വർഷങ്ങൾ പ്രായം ചെന്നതാണെന്നു കണക്കാക്കപ്പെടുന്നു.

ആദ്യത്തെ സെക്കന്റിന്റെ ആദ്യത്തെ നൂറിലൊരംശത്തിനു പിന്നിലേയ്ക്ക് ഇന്നു ഭൗതികശാസ്ത്രം പോയിട്ടുണ്ട്. ഈ കാലയളവിൽ പദാർത്ഥസഞ്ചയം അടിസ്ഥാനകണങ്ങളായ ലെപ്റ്റോണു (Leptons) കളും ക്വാർക്കു (Quarks) കളും ഗ്ലൂവോണുകളും ചേർന്നതായിരുന്നു. ഇതിലും ഉയർന്ന ഏറ്റവും ഉന്നതമായ താപാവസ്ഥയിൽ സർവ്വഭേദങ്ങളെയും വിനിമയങ്ങളെയും അതിലംഘിക്കുന്ന സമ്പൂർണ്ണ സമതുലനാവസ്ഥ (Perfect Symmetry) യുടെ പ്രപഞ്ചമായിരുന്നു നിലനിന്നിരുന്നതെന്നു ശാസ്ത്രജ്ഞർ കണക്കുകൂട്ടുന്നു.

എവിടെനിന്നാണ് മഹാവിസ്ഫോടനത്തിന്റെ ആവിർഭാവം എന്ന ചോദ്യം പ്രസക്തമാണ്. ക്വാർക്കുകളുടെയും ഗ്ലൂവോണുകളുടെയും ലെപ്റ്റോണുകളുടെയും ഉത്ഭവം എന്താണ്? ഈ പ്രപഞ്ചം മുഴുവൻ തികഞ്ഞ ശൂന്യതയുടെ പുനരാവിഷ്കരണമാണ് എന്ന അനുമാനപരമായ ഉത്തരമാണ് ഇതിനുള്ളത്. അതായത് പ്രപഞ്ചം ശൂന്യതയിൽനിന്നും ഉത്ഭവിച്ചു. പ്രപഞ്ചം ഇന്നത്തെ അവസ്ഥയിൽ ശൂന്യതയ്ക്കു സമാനമാണ് എന്നുള്ള നീരീക്ഷണമാണ് ഈ അനുമാനത്തിന്റെ അടിസ്ഥാനം. പ്രപഞ്ചത്തിന്റെ ഊർജ്ജം മുഴുവൻ കൂട്ടി നോക്കിയാൽ കിട്ടുന്ന ഫലം പൂജ്യമാണ് എന്നത് ഇന്നത്തെ പ്രപഞ്ചത്തിന്റെ വലിയ ഒരു സവിശേഷതയാണ്. താരവ്യൂഹങ്ങൾ തമ്മിലുള്ള ഗുരുത്വാകർഷണഫലമായുള്ള നെഗറ്റീവ് ഊർജ്ജവും കണങ്ങളുടെ ഊർജ്ജമായ പോസിറ്റീവ് ഊർജ്ജവും തമ്മിൽ കൂട്ടിനോക്കിയാൽ കിട്ടുന്നത് ഏറെക്കുറെ പൂജ്യത്തിനടുത്തായിരിക്കും. പോസിറ്റീവ് ഊർജ്ജം ഏകദേശം നെഗറ്റീവ് ഊർജ്ജത്തിന്റെ പത്തിലൊരംശം കുറവായിരിക്കുമെന്നു മാത്രം.

## മഹാവിസ്ഫോടന സിദ്ധാന്തവും ദൈവശാസ്ത്ര പ്രതികരണങ്ങളും

മഹാവിസ്ഫോടന സിദ്ധാന്തത്തെ സമയത്തിലുള്ള പ്രപഞ്ചത്തിന്റെ ആരംഭമായി വ്യാഖ്യാനിച്ചുകൊണ്ട് പല ദൈവശാസ്ത്രജ്ഞരും പ്രപഞ്ചവിജ്ഞാനീയത്തിൽനിന്നു ദൈവാസ്തിത്വത്തിനു തെളിവുകൾ നിരത്തുന്നുണ്ട്. സ്റ്റാൻലി ജാക്കിയുടെ വീക്ഷണത്തിൽ പ്രപഞ്ചത്തിന്റെ ഉത്ഭവത്തെയും ആശ്രയത്വ (Contigency) ത്തേയുംകുറിച്ചു പ്രതിപാദിക്കാൻ ശാസ്ത്രം അപര്യാപ്തമാണ്. ശാസ്ത്രസിദ്ധാന്തങ്ങളുടെ അപര്യാപ്തത വിരൽചൂണ്ടുന്നത് ദൈവത്തിലുള്ള പ്രപഞ്ചത്തിന്റെ ആശ്രയത്വത്തിലാണ്. "സംഭാവ്യമായൊരു പ്രപഞ്ചം യുക്തിവാദികളുടെയും പദാർത്ഥമാത്രവാദികളുടെയും സർവ്വഭൂതദൈവവാദികളുടെയും ചിരകാല അഭയമായിരുന്ന പ്രാപഞ്ചിക അനിവാര്യതയ്ക്കു (Cosmic Necessitarianism) കടകവിരുദ്ധമാണ്".[3] അതിഭൗതികമായ അനുമാനങ്ങളുടെ അഭാവത്തിൽ ശാസ്ത്രം അനന്തമായ പിൻവാങ്ങൽ (Infinite Regress) തെറ്റ് വരുത്തിവയ്ക്കുകയായിരിക്കും. വേറെ ചിലർ ശാസ്ത്രീയ വിവരണങ്ങളും ബൈബിളും തമ്മിൽ ഏകമാനമായ സമാന്തരത്വം കണ്ടെത്തുന്നു. ഉദാഹരണമായി പീറ്റർ സ്റ്റോണറുടെ വീക്ഷണത്തിൽ ഉൽപത്തി 1-ലെ ഭൂമി ശൂന്യവും രൂപരഹിതവുമായിരുന്നു എന്ന പ്രസ്താവന ശാസ്ത്രത്തിലെ കറുത്ത വ്യോമപടലത്തെ പരാമർശിക്കുന്നതാണ്. ഇതും ഇതുപോലുള്ള മറ്റു സമാന്തരത്വങ്ങളും സൂചിപ്പിക്കുന്നത് വിശുദ്ധഗ്രന്ഥത്തിന്റെ ആധികാരികതയെയാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.[4]





വേറെ ചിലരുടെ വീക്ഷണത്തിൽ മഹാവിസ്ഫോടനം ഒരുപാട് ദൈവശാസ്ത്രവിവക്ഷകളോടെ ഏതോ സൃഷ്ടികണക്കെ കാണപ്പെടുകയാൽ അതു ശരിയാകുവാൻ സാധ്യതയില്ല. അവരുടെ കാഴ്ചപ്പാടിൽ ഒരു ശാസ്ത്രീയസിദ്ധാന്തം അതിഭൗതികവും മിത്തോളജി സംബന്ധവുമായ ഘടകങ്ങളൊന്നും കലർന്നതാവാൻ പാടില്ല. ആൽഫ് വെന്നിന്റെ വീക്ഷണത്തിൽ ലെമായത്തർ മഹാവിസ്ഫോടന സിദ്ധാന്തം സ്വീകരിക്കാൻ കാരണം, തോമസ് അക്വിനാസ് ഒരു വിശ്വാസപ്രമാണംപോലെ വികസിപ്പിച്ചെടുത്ത ബൈബിളിലെ ശൂന്യതയിൽനിന്നുള്ള സൃഷ്ടി എന്ന സങ്കൽപത്തെ അതു നീതികരിക്കുന്നതിനാലാണ്.[5]

മഹാവിസ്ഫോടന സിദ്ധാന്തത്തിന്റെ മതപരമായ നിക്ഷ്പക്ഷതയ്ക്കുവേണ്ടി വാദിക്കുന്ന ചിന്തകരുമുണ്ട്. ഇന്നത്തെ അർത്ഥത്തിലുള്ള സമയസങ്കൽപങ്ങൾ പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള പ്രതിപാദനങ്ങൾക്ക് ഉപയുക്തമല്ല എന്നുള്ളതാണ് അവരുടെ വാദം. സമയത്തിന്റെ ഒരു വ്യത്യസ്ത നിർവ്വചനത്തിൽ ആരംഭബിന്ദു എന്നു പറയുന്നത് അനന്തതയ്ക്കു തുല്യമായിരിക്കാം. ആകയാൽ പ്രപഞ്ചം പത്തോ ഇരുപതോ ബില്ല്യൺ വർഷങ്ങൾ പഴക്കമുള്ളതാണ് എന്ന പ്രസ്താവന തത്ത്വശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ ചർച്ചകൾക്ക് ഉപയുക്തമല്ല.[6] മിൽട്ടൺ മ്യൂണിറ്റ്സിന്റെ വാക്കുകളിൽ മഹാവിസ്ഫോടന സിദ്ധാന്തത്തിലെ വിവരണാതീതമായ മേഖലകൾ മതപരമായ നിഗമനങ്ങൾക്കു നിതീകരണം നൽകുന്നില്ല. ശാസ്ത്രത്തിൽ എപ്പോഴും പുതിയ പുതിയ കാരണങ്ങളും വിശദീകരണങ്ങളും കണ്ടെത്താൻ സാധ്യതകളുണ്ട്. ശാസ്ത്രത്തിനു വിശദീകരിക്കാനാവാത്ത ഒരു നിർണ്ണായക സംഭവമുണ്ട് എന്നു പറയുന്നതുതന്നെ ശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തിനു വിരുദ്ധമാണ്.[7] സ്ഥിരാവസ്ഥാസിദ്ധാന്തവും മഹാവിസ്ഫോടനസിദ്ധാന്തവും തികച്ചും യുക്തിവാദപരമായും ദൈവാസ്തിത്വപരമായും ഒരുപോലെ വ്യാഖ്യാനിക്കാൻ സാധിക്കുന്നതാണ് എന്നു പലരും ചൂണ്ടികാണിച്ചിട്ടുണ്ട്. ആകയാൽ പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള ശാസ്ത്രീയ പ്രതിപാദനങ്ങൾ ഒരുപരിധിവരെ മതപരമായി നിക്ഷ്പക്ഷവും ബഹുമുഖവ്യാഖ്യാനങ്ങൾക്കുള്ള സാധ്യതകൾ തുറന്നു തരുന്നവയുമാണെന്ന വസ്തുത അംഗീകരിക്കേണ്ടിയിരിക്കുന്നു.

## സ്റ്റീഫൻ ഹോക്കിംഗിന്റെ അതിർത്തി രഹിത സിദ്ധാന്തം

ഭൗതികശാസ്ത്രത്തിൽ ഒരു സംവിധാനത്തിന്റെ പ്രത്യേക നിമിഷത്തെ ഭൗതിക അവസ്ഥകൾ നിർണ്ണയിക്കാൻ ആ സംവിധാന

ത്തിന്റെതന്നെ വേറൊരു നിമിഷത്തെ അവസ്ഥകളും അതിലേയ്ക്കുള്ള പരിണാമത്തെ നിയന്ത്രിക്കുന്ന നിയമങ്ങളും അറിഞ്ഞാൽ മതിയാകും. മഹാവിസ്ഫോടനസിദ്ധാന്തമനുസരിച്ച് പ്രപഞ്ചത്തിന്റെ ഏതൊരു നിമിഷത്തെയും അവസ്ഥ ആരംഭത്തിലെ ഭൗതികഘടനകളെ ആശ്രയിച്ചിരിക്കും. ഇവിടെ ആരംഭത്തെക്കുറിച്ചുള്ള അറിവുകൾ അതിർത്തി വ്യവസ്ഥ (Boundry Condition) ആയി നിലകൊള്ളുന്നു. അതിർത്തിവ്യവസ്ഥയുടെ അനിവാര്യത ഇത്തരം വിവരണങ്ങളുടെ ഒരു പരിമിതിയാണ്. മഹാവിസ്ഫോടനംപോലുള്ള ഒരു അടിസ്ഥാനസംഭവത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ സമയം, കാലം എന്നിവയുടെ അതിർത്തികൾ കണക്കിലെടുക്കേണ്ടതുണ്ട്. അത്തരം ഒരു സിദ്ധാന്തത്തിനു സമയത്തിന്റെയും കാലത്തിന്റെയും ഉത്ഭവത്തെക്കുറിച്ച് ഒന്നുംതന്നെ പറയാനുണ്ടാവില്ല. ഈ പരിമിതികളെ ഒഴിവാക്കുന്നുവെന്നതാണ് സ്റ്റീഫൻ ഹോക്കിംഗിന്റെ വിഖ്യാതമായ അതിർത്തിരഹിതസിദ്ധാന്തത്തിന്റെ സവിശേഷത.[8]

പ്രപഞ്ചത്തെ സംബന്ധിച്ച ഹോക്കിംഗിന്റെ സൈദ്ധാന്തവും (General Theory of Relativity) ക്വാണ്ടം ബലതന്ത്രവും തമ്മിലുള്ള സംയോജനം സാധ്യമാണ്. (2) ക്വാണ്ടം ബലതന്ത്രത്തിന്റെ ചരിത്ര സംക്ഷേപണസമീപനങ്ങൾക്ക് (Sum over Histories Approach) ഊന്നൽ നൽകണം. (3) സാങ്കൽപിക സമയത്തിൽ മാത്രമേ പ്രപഞ്ചോൽപത്തിയെ വിവക്ഷിക്കാനാവൂ. (4) സമയത്തിനും കാലത്തിനും അതിർത്തികളില്ല എന്നത് ഈ കാഴ്ചപ്പാടിന്റെ പരിണിതഫലമാണ്.

ഹോക്കിംഗ് മുന്നോട്ടുവച്ചിരിക്കുന്ന മാതൃക സംവൃതമായ ഒരു യുക്ലീഡിയൻ സ്ഥലത്തെ അനുസ്മരിപ്പിക്കുന്നതാണ്. യുക്ലീഡിയൻ ഘടനയിൽ സമയവും കാലവും ഒരേ അർത്ഥത്തിൽ ഗണിക്കപ്പെട്ടിരിക്കുന്നു. സ്ഥലവും കാലവും അതിർത്തിയും അന്ത്യവുമില്ലാത്തതാണ്. സ്ഥലത്തിനും കാലത്തിനും അതിർത്തികളില്ലാത്തതിനാൽ ഒരുവന് ദൈവത്തെക്കുറിച്ചു പരാമർശിക്കേണ്ട ആവശ്യമേയില്ല.

പ്രപഞ്ചത്തിന്റെ ചരിത്രം മുഴുവനും ഭൂമിയുടെ ഉപരിതലത്തിന്റെ മാതൃകയിൽ ഹോക്കിംഗ് ചിത്രീകരിക്കുന്നു. പ്രപഞ്ചത്തിന്റെ ചരിത്രം സാങ്കൽപികസമയത്തെ സൂചിപ്പിക്കുന്ന ഉത്തരധ്രുവത്തിലെ ഒരു ബിന്ദുവിൽനിന്ന് ആരംഭിച്ചാൽ സാങ്കൽപികസമയത്തിന്റെ വളർച്ചയോടൊപ്പം വികാസം പ്രാപിക്കുകയും ഭൂമധ്യരേഖയിൽ പരമാവധി ആകാരം പ്രാപിക്കുകയും പൂർവ്വധ്രുവത്തിലെ ഒരു ബിന്ദുവിലേക്ക് ക്രമേണ സങ്കോചിക്കുകയും ചെയ്യുന്നു. ആകയാൽ പൂർവ്വോത്തര ധ്രുവങ്ങളിൽ പ്രപഞ്ചത്തിന്റെ ആകാരം പൂജ്യമാണ്. ഇവിടെ അതിർത്തി സങ്കൽപങ്ങളില്ല. ഒരു ബലൂണിന്റെ ദ്വിമാനങ്ങൾ സംവൃതമായിരിക്കുന്നതുപോലെ പ്രപഞ്ചത്താലെ സ്ഥലത്തിന്റെ ത്രിമാനങ്ങളും സംവൃതമായിരിക്കുന്നുവെന്നതാണ് ഏക അതിർത്തിവ്യവസ്ഥ.





സാങ്കൽപിക സമയത്തിന്റെ ഉപയോഗം ഹോക്കിംഗിന്റെ മാതൃകയിലെ മറ്റൊരു അനിവാര്യതയാണ്. ആരംഭബിന്ദുവും അതിർത്തിയും ഒഴിവാക്കാൻ സാങ്കൽപിക സമയത്തെ അവരോധിക്കണമെന്നു ഹോക്കിംഗ് വാദിക്കുന്നു. ഹോക്കിംഗിന്റെ വീക്ഷണത്തിൽ ഈ സാങ്കൽപികസമയം തന്നെയാണ് യഥാർത്ഥസമയവും. യഥാർത്ഥ സമയമെന്നു നാം വിളിക്കുന്നത് നമ്മുടെ ഭാവനയുടെ ഒരു സങ്കൽപം മാത്രമാണ്.

പ്രപഞ്ചത്തിന് ആരംഭം ഉണ്ടെങ്കിൽ അതിനൊരു സ്രഷ്ടാവും ഉണ്ട് എന്ന് മാനിക്കുന്നതിൽ തെറ്റില്ല. പക്ഷേ അദ്ദേഹത്തിന്റെ സിദ്ധാന്തത്തിൽ പ്രപഞ്ചം യാതൊരുവിധ അതിർത്തികളുമില്ലാത്ത ഒരു സമ്പൂർണ്ണ പ്രതിഭാസമാണ്. മുൻപുണ്ടായിരുന്ന പ്രപഞ്ചമാതൃകകളിലെല്ലാം "പ്രപഞ്ചത്തിന്റെ ആരംഭം അതിർത്തിവ്യവസ്ഥകളെ നിർണ്ണയിക്കുന്ന ഒരു ദൈവത്തിൽ  അവരോധിച്ചിരുന്നു. എന്നാൽ ഇന്നു ശാസ്ത്രം ഈ അതിർത്തി വ്യവസ്ഥകളെ ഒഴിവാക്കിയിരിക്കുന്നു. ആകയാൽ പ്രപഞ്ചോൽപത്തിയെ വിശദീകരിക്കുവാൻ ദൈവത്തെ വിളിച്ചുവരുത്തേണ്ട ആവശ്യമില്ല. ഹോക്കിംഗിന്റെതന്നെ വാക്കുകളിൽ, "പ്രപഞ്ചത്തിന് ഒരു ആരംഭം ഉണ്ടായിരുന്നിടത്തോളം അതിന് ഒരു സ്രഷ്ടാവുണ്ടെന്ന് നമുക്ക് അനുമാനിക്കാം. പക്ഷേ പ്രപഞ്ചം പൂർണ്ണമായും അതിൽത്തന്നെ ഉള്ളടങ്ങിയിരിക്കുന്നുവെങ്കിൽ ഇതിന് ആരംഭവും അന്ത്യവുമില്ല. പ്രപഞ്ചത്തിന്റെ അവസ്ഥ കേവലം "ആയിരിക്കുക" എന്നുള്ളതാണ്. ഒരു സ്രഷ്ടാവിനു പിന്നെ എന്തുസ്ഥാനമാണുള്ളത്".[9]

## ഹോക്കിംഗ് – ഒരു ദൈവശാസ്ത്ര അപഗ്രഥനം

ദൈവത്തെ ഒരു സ്രഷ്ടാവെന്ന നിലയിൽ ഹോക്കിംഗ് ഒഴിവാക്കിയാലും അദ്ദേഹത്തിന്റെ മാതൃകയിൽ പ്രപഞ്ചോൽപത്തിയുടെ 'മതിയായ ന്യായം' എന്ന നിലയിൽ ദൈവത്തിന്റെ സ്ഥാനം നിലനിൽക്കുന്നു വെന്ന് ക്രെയ്ഗ് വാദിക്കുന്നു.[10] കാരണം, എന്താണ് പ്രപഞ്ചം എന്ന ചോദ്യവും എന്തുകൊണ്ട് പ്രപഞ്ചം എന്ന ചോദ്യവും തമ്മിൽ അദ്ദേഹം വേർതിരിക്കുന്നു. "എന്റെ വീക്ഷണത്തിൽ സത്യത്തിൽ ദൈവത്തെ തുടച്ചുനീക്കുന്നതിനുപകരം അദ്ദേഹം ദൈവത്തെ എല്ലാ യാഥാർത്ഥ്യങ്ങളുടെയും അടിസ്ഥാ

നമായി അവരോധിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്".[11]

പരമ്പരാഗതമായി സൃഷ്ടി എന്ന സംജ്ഞയിൽ രണ്ടു ഘടകങ്ങൾ ആരോപിക്കുന്നുണ്ട്. ഉത്പത്തിഹേതുവായ സൃഷ്ടിയും (Creatio Originans), അനുസ്യൂതമായ സൃഷ്ടിയും (Creatio Continuans). ഉത്പത്തിഹേതുവായ സൃഷ്ടിയിൽ മാത്രമേ സമയബദ്ധമായ ഒരു ആരംഭത്തിന്റെ ആവശ്യമുള്ളു. നിത്യതയിൽനിന്നും നിത്യതവരെ നിലനിൽക്കുന്ന ഒരു പ്രപഞ്ചത്തെയാണ് അനുസ്യൂതമായ സൃഷ്ടി വിവക്ഷിക്കുന്നത്. അക്വിനാസിന്റെ വീക്ഷണത്തിൽ ഉൽപത്തിഹേതുവായ സൃഷ്ടിപോലും സമയബദ്ധമായ ഉത്ഭവത്തെ അനിവാര്യമാക്കുന്നില്ല. ഇനി സമയബദ്ധമായ സൃഷ്ടിസിദ്ധാന്തത്തിൽപോലും അതിലേറെ കാര്യങ്ങൾ ഉൾച്ചേർന്നിട്ടുണ്ട്. അതായത് ഹോക്കിംഗിന്റെ മാതൃകയിലേതുപോലെ സമയത്തിന്റെ ഒരു നിശ്ചിത ബിന്ദുവിൽ ദൈവം പ്രപഞ്ചത്തിൽ വേറെയും ഒരുപാടു കാര്യങ്ങൾ ചെയ്യുവാനുണ്ട്. പ്രപഞ്ചത്തിൻമേലുള്ള ദൈവത്തിന്റെ നിരന്തരമായ അസ്തിത്വവർഷം കൂടാതെ സർവ്വപരിമിതയാഥാർത്ഥ്യങ്ങളും തികഞ്ഞ അസ്തിത്വ ശൂന്യതയിലേക്കു ശിഥിലീകരിച്ചുകൊണ്ടേയിരിക്കും. ആകയാൽ ഹോക്കിംഗ് സൃഷ്ടികർത്താവിന്റെ ഏതൊരു അനിവാര്യതയും ഒഴിവാക്കിയിരിക്കുന്നു എന്ന അവകാശവാദം ദൈവശാസ്ത്രപരമായി നിരർത്ഥകമാണ്.[12]

ശാസ്ത്രീയമായും തത്വശാസ്ത്രപരമായും ഹോക്കിംഗിന്റെ അനുമാനങ്ങൾ പലതും ഭാവാത്മകവും നീതീകരിക്കാനാവാത്തതുമാണ്. ക്വാണ്ടം ഫിസിക്സിനോടുള്ള അദ്ദേഹത്തിന്റെ ചരിത്ര സംക്ഷേപണ സമീപനം യഥാർത്ഥ വ്യാഖ്യാനത്തിൽനിന്നും വളരെയേറെ വ്യതിചലിക്കുന്നതാണെന്ന് ക്രെയ്ഗ് ചൂണ്ടികാണിക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ക്വാണ്ടം ഫിസിക്സിന്റെ ബഹുപ്രപഞ്ച വ്യാഖ്യാനം (Many - worlds interpretation) ശരിയായിരിക്കണം. പക്ഷേ പ്രമുഖ ശാസ്ത്രജ്ഞരുടെയൊക്കെ വീക്ഷണത്തിൽ ഈ വ്യാഖ്യാനം അസാധുവാണ്. പൊതുവായി പറഞ്ഞാൽ ക്വാണ്ടം ഫിസിക്സിന്റെ പ്രപഞ്ചവിജ്ഞാനീയം ദൈവത്തെ സ്രഷ്ടാവെന്ന നിലയിൽ ഒഴിവാക്കുന്നതിനുപകരം ദൈവത്തിനു നാടകീയമായി പുതിയ രംഗങ്ങൾ സങ്കൽപ്പിക്കുകയാണ്. "ആകയാൽ ഹോക്കിംഗിന്റെ സിദ്ധാന്തം ഒരുപാട് അതിഭൗതികമായ അവലംബനങ്ങൾ ഉൾകൊള്ളുന്നവയാണ്. അതിനാൽതന്നെ അദ്ദേഹത്തിന്റെ മാതൃക ഒരു സ്രഷ്ടാവിന്റെ അനിവാര്യതയെ ഒഴിവാക്കിയെന്നു പറയാൻ സാധിക്കുകയില്ല".[13]

ഹോക്കിംഗിന്റെ സാങ്കൽപിക സമയത്തിന്റെ ഉപയോഗം അദ്ദേ





ഹത്തിന്റെ മാതൃകയുടെ അയഥാർത്ഥമായ അടിത്തറകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. അദ്ദേഹത്തിന്റെ സിദ്ധാന്തത്തിൽ സാങ്കൽപിക സമയവും യുക്ലീഡിയൻ സ്ഥലകാലങ്ങളും കാൽപനിക ഉപകരണങ്ങളെന്നതിലുപരി ഭൗതിക യാഥാർത്ഥ്യത്തിന്റെ യഥാർത്ഥ പ്രതിബിംബങ്ങളായിട്ടാണ് പരിഗണിച്ചിരുന്നത്.[14] സാങ്കൽപിക സമയത്തിന്റെ അവതരണം കേവലം ഗണിതശാസ്ത്രപരമായ ഒരു ഉപാധിയെന്ന പ്രതീതി ജനിപ്പിക്കുമെങ്കിലും അദ്ദേഹത്തിന്റെ അന്തിമ നിഗമനത്തിൽ സാങ്കൽപിക സമയത്തെ യഥാർത്ഥ സമയമായി പരിഗണിച്ചിരിക്കുന്നു. ഹോക്കിംഗ് പ്രതിഭാസികസമയത്തെ സ്ഥലമാനത്തിലേയ്ക്കു വെട്ടിച്ചുരുക്കുന്നു. ഹോക്കിംഗിന്റെ അഭിപ്രായത്തിൽ ആപേക്ഷികതാസിദ്ധാന്തം കേവലസമയസംജ്ഞയ്ക്കു അന്ത്യം കുറിച്ചു. ക്രെയ്ഗിന്റെ വാദത്തിൽ ഇത് ആപേക്ഷികതാസിദ്ധാന്തത്തെ സംബന്ധിച്ച സർവ്വസാധാരണമായ ഒരു തെറ്റിദ്ധാരണയാണ്. ഐൻസ്റ്റീൻ കേവലമായ ഏകകാലികത്വത്തെ (Absolute Simultaneity) തള്ളിക്കളഞ്ഞിട്ടില്ല. ആകയാൽ സത്താപരമായ സമയത്തെ കേവലം സ്ഥലത്തിന്റെ ഒരു മാനമായി കണക്കാക്കാനാവില്ല. സത്താപരമായ സമയം ശാസ്ത്രീയമായി ഉപയോഗരഹിതമായിരിക്കുകയും അങ്ങനെ, ഹോക്കിംഗ് വാദിക്കുന്നതുപോലെ അതിഭൗതിക ശാസ്ത്രജ്ഞന് വിട്ടുകൊടുക്കുകയും ചെയ്യേണ്ടതാണെങ്കിൽ, "ഹോക്കിംഗ് അതിഭൗതികശാസ്ത്രത്തിൽ വിഹരിക്കുകയാണ്. സ്ഥലകാലങ്ങളെക്കുറിച്ച് അനുമാനങ്ങൾ നടത്തുകയും അതുവഴി ദൈവത്തെ ഒഴിവാക്കുകയും ചെയ്തിരിക്കുന്നു എന്ന അവകാശവാദംവഴി അദ്ദേഹം തത്വചിന്തകന്റെ മേഖലയിൽ പ്രവേശിച്ചിരിക്കുന്നു. ഇവിടെ ഒന്നുകിൽ അദ്ദേഹം വിശാലമായ ഒരു താത്വികമേഖലയിൽ തത്വശാസ്ത്ര ആയുധങ്ങളുമായി യുദ്ധം ചെയ്യാൻ തയ്യാറാവുകയോ, അല്ലെങ്കിൽ ഇടുങ്ങിയ ശാസ്ത്രീയ മേഖലകളുടെ മതിൽകെട്ടുകളുടെ ഉള്ളിലേയ്ക്കു പിൻവാങ്ങുകയോ ചെയ്യേണ്ടിയിരിക്കുന്നു".[15] ഇത്തരുണത്തിലാണ് ക്രെയ്ഗിന്റെ അതിപ്രധാനമായ ചോദ്യം: ഈ പരിമിതികളുടെ വെളിച്ചത്തിൽ ഹോക്കിംഗിനെയും നമ്മെയും ഒരുപോലെ വെല്ലുവിളിക്കുന്ന ഒരു ചോദ്യമാണ്, "സ്രഷ്ടാവിനെ ഇല്ലാതാക്കുന്നതിന് എന്തു മൂല്യം"?[16]

## ബൈബിളും സൃഷ്ടിയും - ദൈവശാസ്ത്രവീക്ഷണം

ആധുനിക ശാസ്ത്രത്തിന്റെ ഉൾക്കാഴ്ചകൾ ബൈബിളിന്റെ പ്രപഞ്ചദർശനത്തെ ഒരു പരിധിവരെ സമ്പുഷ്ടമാക്കുന്നതാണ്. ശാസ്ത്രദർശനങ്ങളെ ബൈബിൾ ദർശനങ്ങളുമായി സമന്വയിപ്പിക്കുന്നതിനുമുമ്പ് ബൈബിളിന്റെ സൃഷ്ടിവിവരണങ്ങൾക്കു

പിന്നിലെ കാഴ്ചപ്പാടുകളെ ശരിയാംവണ്ണം മനസ്സിലാക്കേണ്ടതുണ്ട്.

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉൽപത്തി1:1). ദൈവം, പ്രപഞ്ചം എന്നീ രണ്ട് യാഥാർത്ഥ്യങ്ങളെ അവതരിപ്പിക്കുന്ന ഈ പ്രഖ്യാപനം ചരിത്രത്തിലുടനീളം ശൂന്യതയിൽനിന്നുള്ള സൃഷ്ടിദർശനവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചുപോന്നു. ലുഡ് വിഗ് കോലറുടെ വീക്ഷണത്തിൽ "പഴയനിയമത്തിലെ സൃഷ്ടിയുടെ കഥ പ്രപഞ്ചം എങ്ങനെയുണ്ടായി എന്ന ചോദ്യത്തിന് ഉത്തരം നൽകുന്നതിനേക്കാൾ ഇസ്രായേൽ ജനത്തിന്റെ ചരിത്രം അർത്ഥം കൈവരിക്കുന്നത് എവിടെനിന്നാണ് എന്ന ചോദ്യത്തിനു ദൈവം സൃഷ്ടിയിലൂടെ ആ ജനതയുടെ ചരിത്രത്തിന് അർത്ഥം നൽകി എന്ന ഉത്തരം നൽകുകയാണ് ചെയ്യുന്നത്.[17] അങ്ങനെ ബൈബിളിൽ സ്രഷ്ടാവ് - വിമോചകൻ എന്നീ സങ്കൽപങ്ങൾ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നിലനിൽക്കുന്ന എല്ലാറ്റിന്റെയും കർത്താവ് ദൈവമാണ് എന്ന ദർശനം ആവിഷ്കരിക്കാനാണ് ബൈബിൾ പരിശ്രമിക്കുന്നത്. ഇസ്രായേലിന്റെ രക്ഷാകർമ്മത്തിനുള്ള മുഖവുരയായിട്ടാണ് സൃഷ്ടിവിവരണം നിലനിൽക്കുന്നതെന്ന് ഫൊൺറാഡ് ചൂണ്ടികാണിക്കുന്നു. ജെറമിയ 27:5; ഏശയ്യ 37:26 എന്നീ പാഠഭാഗങ്ങളിലെ സൃഷ്ടിസങ്കൽപങ്ങളിലും സങ്കീർത്തന പുസ്തകത്തിലും (73:12-15) ഇതേ ആശയംതന്നെയാണ് പ്രതിഫലിക്കുന്നത്.

ശൂന്യതയിൽനിന്നുള്ള സൃഷ്ടിയെക്കുറിച്ചു സംശയലേശമന്യേ പ്രതിപാദിക്കുന്ന ഭാഗങ്ങൾ ഒന്നുംതന്നെ ബൈബിളിലില്ല. ഉത്പത്തി1:1-2 വരെ ഭാഗങ്ങൾ ശൂന്യതയിൽനിന്നുള്ള പ്രപഞ്ചസൃഷ്ടിയ്ക്കു തെളിവായി വ്യാഖ്യാനിക്കാറുണ്ട്. ഇറണേയൂസ്, അലക്സാണ്ട്രിയായിലെ ക്ലെമന്റ്, വി. അഗസ്റ്റിൻ തുടങ്ങിയ സഭാപിതാക്കന്മാരെല്ലാം ഈ കാഴ്ചപ്പാട് പുലർത്തിയവരാണ്, ജോബ് 26:7, വിജ്ഞാ.11:17, മക്കബ. 7:28, ഹെബ്രാ.11:3 തുടങ്ങിയ വചനഭാഗങ്ങൾ ശൂന്യതയിൽനിന്നുള്ള സൃഷ്ടിയെക്കുറിച്ചു പ്രതിപാദിക്കുന്നതായി കരുതപ്പെട്ടുപോന്നിരുന്നെങ്കിലും ആധുനിക പഠനങ്ങൾ ഈ അനുമാനങ്ങളെ ചോദ്യം ചെയ്യുന്നുണ്ട്.

പ്രാചീനയുഗത്തിലെ പ്രകൃതിദൈവങ്ങളെ ഒഴിവാക്കുക എന്നതായിരുന്നു സൃഷ്ടിവിവരണങ്ങളുടെ പ്രഥമമായ ലക്ഷ്യം. പിൽക്കാലങ്ങളിൽ ദ്വൈതവാദം, സർവ്വഭൂതദൈവവാദം (Pantheism), ജ്ഞാനവാദം (Gnosticism), തുടങ്ങിയ സിദ്ധാന്തങ്ങളിൽനിന്നുള്ള വെല്ലുവിളികളും സൃഷ്ടിവിവരണങ്ങളുടെ വ്യാഖ്യാനങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. ആകയാൽ ദൈവത്തിന്റെ സർവ്വാതിശായിത്വത്തെയും





(Transcedance), സൃഷ്ടിയുടെ നന്മയെയും, പ്രപഞ്ചത്തിന്റെ ദൈവത്തിലുള്ള ആശ്രയത്വത്തെയും അരക്കിട്ട് ഉറപ്പിക്കുവാൻ പ്രതിജ്ഞാബദ്ധമായിരുന്നു ബൈബിളിന്റെ സൃഷ്ടിവിവരണങ്ങൾ. പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടികളും അതിനുമപ്പുറത്തേക്ക് ഒരു അതീന്ദ്രീയ യാഥാർത്ഥ്യത്തിലേയ്ക്കു വിരൽചൂണ്ടുന്നുവെന്നും ദൈവത്തിന്റെ ജ്ഞാനവും ശക്തിയും വെളിപ്പെടുത്തുന്ന സൃഷ്ടി (സങ്കീ 104:24, സുഭ. 3:19. ജെറ. 10:12-13) അവിടുത്തേക്കു സ്തുതിയും ആരാധനയും അർപ്പിക്കാൻ ബാധ്യസ്ഥമാണെന്നും ബൈബിൾ ഓർമ്മിപ്പിക്കുന്നു. "പരമമായ അർത്ഥത്തിൽ സൃഷ്ടിയെക്കുറിച്ചു പ്രതിപാദിക്കുന്ന ബൈബിളിന്റെ ദൈവശാസ്ത്രദർശനത്തിനു പിന്നിലെ അടിസ്ഥാനപരമായ ഉൾക്കാഴ്ച സർവ്വ അസ്തിത്വത്തിന്റെയും ഏക ഉറവിടവും ഉൽപത്തി മുഴുവന്റെയും പിന്നിലെ രഹസ്യാത്മകതയും ദൈവം മാത്രമാണെന്നതാണ്".[18]

## വെളിപാടിലെ "ശാസ്ത്രം"

ശാസ്ത്രത്തിന്റെ ഭൗതികവും ചരിത്രപരവുമായ സ്വഭാവവും ബൈബിളിന്റെ അതിഭൗതികവും രക്ഷാകരവുമായ ആഭിമുഖ്യങ്ങളും ശാസ്ത്രത്തിന്റെയും ബൈബിളിന്റെയും സൃഷ്ടിവിവരണങ്ങൾ തമ്മിൽ പ്രത്യക്ഷമായ സമാന്തരത്വം കണ്ടെത്തുവാൻ നമ്മെ അനുവദിക്കുന്നില്ല. മാത്രമല്ല; കേവലമായ ആരംഭം (absolute beginning) എന്ന കാഴ്ചപ്പാട് ശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഇപ്പോഴും ഒരുപോലെ തർക്കവിഷയമാണ്. സമയത്തിലുള്ള ആരംഭം വചനത്തിന്റെ ഭാഗമായി തോമസ് അക്വിനാസ് ചൂണ്ടികാണിക്കുന്നുണ്ട്. അതേസമയംതന്നെ നിത്യമായി നിലനിൽക്കുന്ന പ്രപഞ്ചത്തിലും ദൈവത്തിനു സ്രഷ്ടാവും സംരക്ഷകനുമെന്നനിലയിൽ സ്ഥാനമുണ്ട് എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

കേവലമായ ആരംഭത്തെക്കുറിച്ചുള്ള വിവാദങ്ങൾ എന്തുതന്നെയായാലും ബൈബിളിന്റെയും ശാസ്ത്രത്തിന്റെയും കാഴ്ചപ്പാടുകൾക്കു തമ്മിൽ പലവിധത്തിലും പരസ്പരപൂരകത്വം കണ്ടെത്താവുന്നതാണ്. ഇയാൻ ബാർബറുടെ അഭിപ്രായത്തിൽ ശാസ്ത്രീയ വീക്ഷണം അസ്തിത്വത്തിന്റെയും അതിർത്തി വ്യവസ്ഥകളുടെയും പ്രകൃതിനിയമങ്ങളുടെയും ആശ്രയത്വത്തെ (Contingency) അനിവാര്യമാക്കുന്നതാണ്.[19] ശാസ്ത്രത്തിൽ ഒരു ചാക്രിക പ്രപഞ്ചദർശനംതന്നെ സ്ഥിരീകരിക്കപ്പെട്ടാലും അസ്തിത്വത്തിന്റെ ആശ്രയത്വം ശൂന്യതയിൽനിന്നുള്ള സൃഷ്ടിയുടെതുപോലെ പ്രപഞ്ചം മുഴുവനും ബാധകമായിരിക്കും. പ്രകൃതിനിയമങ്ങളോടുള്ള ആശ്രയത്വം, ആകസ്മികത (chance) യോടുള്ള അവയുടെ

സാമിപ്യംനിമിത്തം ദൈവശാസ്ത്രത്തിലെ ക്രമരൂപികരണ (ordering perspective) കാഴ്ചപ്പാടിനു സമാനമായി കരുതാവുന്നതാണ്.

പ്രപഞ്ചത്തിന്റെ ഭൗതികവും ജൈവികവുമായ പരിണാമാത്മകതയും സഹജവും നിതാന്തവുമായ ക്രിയാത്മകതയും അനുസ്യൂത സൃഷ്ടിയെന്ന സങ്കൽപത്തെ ശാസ്ത്രീയമായി ബലപ്പെടുത്തുന്നു. പ്രബലമായിക്കൊണ്ടിരിക്കുന്ന ആധുനിക ശാസ്ത്രദർശനങ്ങളുടെ വെളിച്ചത്തിൽ ദൈവവും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെ അനുസ്യൂതമായ ഒരു സൃഷ്ടി ബന്ധമായി കണക്കാക്കാവുന്നതാണ്.

ഉത്പത്തിഹേതുവായ സൃഷ്ടിയിൽനിന്നും അനുസ്യൂതമായ സൃഷ്ടിയിലേക്കും അതുവഴി അതിരിക്തതയിൽനിന്നും അന്തര്യാമിത്വത്തിലേയ്ക്കും ഉള്ള ദൈവശാസ്ത്രപരിണാമത്തിന്റെ സ്വാധീനം ആധുനിക ദൈവശാസ്ത്രശാഖകൾ പലതിലും നിഴലിച്ചിട്ടുണ്ട്. പ്രോസെസ് തിയോളജി (Process Theology), പാൻ - എൻ - തീയിസം (Pan-en- theism), പേഴ്സണൽ ഏജന്റ് മോഡൽസ് (Personal Agent Models) തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. ഏകവും ദ്വിതീയവുമായ കാരണങ്ങളുടെ വെളിച്ചത്തിലുള്ള കർത്തൃത്വത്തെ പ്രോസെസ് തിയോളജി നിരാകരിക്കുന്നു. വൈറ്റ് ഹെഡിന്റെ വാക്കുകളിൽ, "ദൈവം എല്ലാ സൃഷ്ടികൾക്കും മുൻപുള്ളവനല്ല, പ്രത്യുത എല്ലാ സൃഷ്ടിയോടും ഒപ്പമുള്ളവനാണ്".[20] പാൻ - എൻ - തീയിസത്തിൽ പ്രപഞ്ചം ദൈവത്തിനുള്ളിൽ എന്നാലെന്നവണ്ണം സങ്കൽപിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ദൈവിക രഹസ്യം പ്രപഞ്ചത്താൽ പൂർണ്ണമായി അനാവൃതമാക്കപ്പെടുകയോ നിർവ്വീര്യമാക്കപ്പെടുകയോ ചെയ്യുന്നില്ല.[21] സൃഷ്ടിയെയും ദൈവിക സ്വഭാവത്തെയുംകുറിച്ചു പ്രതിപാദിക്കുവാൻ ആത്മ-ശരീര താദാത്മ്യങ്ങളും സ്ത്രൈണമായ രൂപങ്ങളുമാണ് പേഴ്സണൽ ഏജന്റ് മോഡൽസ് ഉപയോഗിക്കുന്നത്. താത്വികമായി വളരെയേറെ പരിമിതികളുള്ള വീക്ഷണങ്ങളാണെങ്കിലും ദൈവത്തിൽനിന്നുമുള്ള പ്രപഞ്ചത്തിന്റെ ജൈവികമായ ആവിർഭാവത്തെ ഈ ദർശനങ്ങളെല്ലാംതന്നെ ഉൾകൊള്ളുന്നു.

അനുസ്യൂതമായ സൃഷ്ടിയുടെ ഉദാത്തമായ ക്രൈസ്തവ ദർശനമാണ് പരിശുദ്ധാത്മപരമായ സൃഷ്ടി. സൃഷ്ടിയുടെ പരിശുദ്ധാത്മപരമായ മാനങ്ങളെ സൂചിപ്പിക്കുന്ന ശക്തമായ രൂപകങ്ങൾ ബൈബിളിൽ പലേടത്തും കാണാം. "അവിടുന്നു മുഖം മറയ്ക്കുമ്പോൾ അവ പരിഭ്രാന്തരാകുന്നു. അങ്ങ് അവയുടെ ശ്വാസം പിൻവലിക്കുമ്പോൾ അവ മരിച്ചു പൂഴിയിലേക്കു മടങ്ങുന്നു. അങ്ങ് ജീവ





ശ്വാസം അയയ്ക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു" (സങ്കീ. 104:29 -30). "ആഴത്തിനുമുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു" (ഉൽപ. 1:1). സമസ്തജാലങ്ങളുടെയും അസ്തിത്വത്തിന്റെയും ജീവന്റെയും ഉറവിടം ദൈവത്തിന്റെ അരൂപിയാണെന്ന് ഇതു കാണിച്ചു തരുന്നു. ഇത്തരമൊരു ദർശനത്തെ സഭാപിതാവായ നിസ്സായിലെ ഗ്രിഗറിയുടെ പദാർത്ഥവീക്ഷണത്തിൽനിന്നും എളുപ്പത്തിൽ അനുമാനിക്കാം. പ്ലേറ്റോ, അരിസ്റ്റോട്ടിൽ, സ്റ്റോയിക്സ് തുടങ്ങിയവരുടെ പദാർത്ഥനിർവ്വചനങ്ങളെ നിരാകരിക്കുന്ന ഗ്രിഗറി, പദാർത്ഥത്തെ ദൈവത്തിന്റെ ഊർജ്ജമായിട്ടാണ് അവതരിപ്പിക്കുന്നത്.[22] ഇന്നുള്ളതും നാളെ തീയിൽ എറിയപ്പെടുന്നതുമായ പുല്ലിനെ ദൈവം ഒരർത്ഥത്തിൽ ശാശ്വതമാക്കിത്തീർത്തിരിക്കുന്നുവെന്നു നമുക്കു പറയാം. കുതിച്ചൊഴുകുന്ന പ്രവാഹത്തിലും വിടരാൻ വെമ്പുന്ന പൂവിലും അണയാൻ മടിക്കുന്ന തിരിനാളത്തിലുമൊക്കെ നാം കണ്ടുമുട്ടുന്നത് അരൂപിയുടെ ഈ ശക്തിചൈതന്യമാണ്. "ദൈവാരൂപിയുടെ അനർഗ്ഗ പ്രവാഹത്തിലാണ് സൃഷ്ടവസ്തുക്കൾ രൂപവൽകൃതമാകുന്നത്. അവ അരൂപിയിൽ ജനിക്കുകയും അരൂപിയിലൂടെ നവീകരിക്കപ്പെടുകയും ചെയ്യുന്നു. ചലനങ്ങളും താളങ്ങളും രൂപങ്ങളും സ്ഥിരാങ്കങ്ങളും അവയുടെ ഭൗതികമായ സമസ്തസംയോജനങ്ങളും എല്ലാം ദൈവാരൂപിയുടെ സമൂഹത്തിൽനിന്നും ഉരുത്തിരിയുന്ന പ്രാപഞ്ചിക ഊർജ്ജത്തിൽ അധിഷ്ഠിതമാണ്".[23]

### ഉപസംഹാരം

ശാസ്ത്രവും ദൈവശാസ്ത്രവും വരച്ചുകാട്ടുന്ന സൃഷ്ടിയുടെ അത്ഭുതങ്ങളെ സമന്വയിപ്പിക്കാൻ ഒരുപക്ഷേ പരിശുദ്ധാത്മപരമായ സൃഷ്ടിയുടെ പൂർണ്ണമായ ദൈവശാസ്ത്രവികസനം മതിയായേക്കാം. രീതിശാസ്ത്രപരവും ഉള്ളടക്കപരവുമായ ഭിന്നതകളാൽ ശാസ്ത്ര ത്തിന്റെയും ബൈബിളിന്റെയും സൃഷ്ടിദർശനങ്ങളെ അവയുടെ പ്രത്യക്ഷമായ അർത്ഥത്തിൽ സമന്വയിപ്പിക്കാനാവില്ലെങ്കിലും സർവ്വ ശ്ലേഷകമായ ഏകാത്മക യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അതിഭൗതീക വീക്ഷണത്തിൽ ബൈബിളും ശാസ്ത്രവുംതമ്മിൽ ഒട്ടേറെ പൂരകത്വം നമുക്ക് കണ്ടെത്താവുന്നതാണ്. അതിനാൽതന്നെ ഉപരിവിപ്ലവങ്ങളായ താരതമ്യപഠനങ്ങളെക്കാൾ ഗഹനമായ താത്വിക അപഗ്രഥനങ്ങളിലേയ്ക്കാണ് ആധുനിക ശാസ്ത്രത്തിന്റെ പ്രപഞ്ചവിജ്ഞാനീയമായ ഉൾക്കാഴ്ച ദൈവശാസ്ത്രത്തെ ആഹ്വാനം ചെയ്യുന്നത്.

## കുറിപ്പുകൾ


1. *See Heinz R. Pagels, The Cosmic Code- Quantum Physics as the Language of Nature (New York: Simon and Schuster, 1992), pp.312-322.*
2. *See Steven  Weinbergങ്ങs The First Three Minutes (New York: Bantam Books, 1979).*
3. *Stanley Jaki, sFrom Scientific Cosmology to a Created Universeം, in Irish Astronomical Journal 15, p.258. Cited by William B. Dress, Beyond The Big Bang - Quantum Cosmologies and God (lllinois:Open Court, 1990), p.19.*
4. *Peter Stoner, sGenesis 1 in the Light of Modern Astronomyം, in J.C. Monsma (ed.), The Evidence of God in an Expanding Universe (New York: Putnamis Sons, 1958), p. 41. see Drees, pp.19-20.*
5. *Hannes Alfen. sCosmology Myth of Science?ം, W. Yourgrau and A.D. Breck (eds.), Cosmology, History and Theology ( NewYork: plenum press, 1977), p.7. Cited by Drees,p.23. Drees comments that Alfvenങ്ങs opinion on Lemaitreങ്ങs  motive is historically false. Lemaitre was very unhappy with the  way Pope Pius XII, in 1951, used the big bang theory as a physical proof for creation.*
6. *Charles Misner sComology ad Theologyം, in W. Yourgrau and AD Bieck, (eds.) Cosmology, History and Theology (New York:plenum press1977). p.92. Cited by Drees, p.24.*
7. *Milton Muntiz, The Mystery of Existence (New York: New York University press 1974), p. 139.*
8. *Stephen W. Hawking, A Brief History of Time (New York: Bantam Books, 1988), p.151.*
9. *Hawking, A Brief History of Time, p. 149.*
10. *William Lane Crag, s What place, Then for a Creator? Hawking on God and Creationം, in Craig and Quentin Smith, Thesim, Atheism and Big Bang Cosmology (Oxford:Clarendon press, 1995), p.279.*
11. *Craig, p.281.*
12. *See Craig, p.283*
13. *Craig p.291.*
14. *See Hawking, A Brief History of Time, pp.21,23*
15. *Craig, p. 298.*
16. *Craig, p. 300.*
17. *Ludwig Kohler, Cited by Bernhard W. Anderson, From Creation to  New Creation - Old Testament Perpectives (Minneapoils: Fortress press, 1994), p.4.*
18. *See Zachary Hayes, What are they saying about Creation? (New York: paulist press, 1980), p.35.*
19. *See lan G. Barbour, Religion in an Age of Science (Sann Franisco:Harper and Row Publishers. 1990), p.132.*
20. *Alfred North Whitehead,Process and reality (London:The Free press, 1978), p.343.*
21. *Peacocke, Creation and the world of science. p. 207.*
22. *See Paulos Mar Gregorios, sSix Bible Studiesം, in John M. mangum (ed.),The New Faith Science Dabate - Probing Cosmology, Technology and Theology (minneapolis:Fortress Press,1989).p.120.*
23. *Juergen Moltmann, God in Creation - An Ecological Doctrine of Creation (London:SCM press Ltd; 1985), pp.10-11.*




# 05

# ജീവന്റെ ഉത്ഭവം: ആകസ്മികതയോ രൂപകല്പനയോ?

ജീവൻ എന്നത് വെറും രസതന്ത്രമാണ് എന്നു പറയുന്നത് ശരിയാണെങ്കിലും അരോചകമാണ്; ഫുട്ബോൾ എന്നത് ഭൗതികശാസ്ത്രമാണ് എന്നു പറയുന്നതുപോലെ.

– റിഡ്‌ലി[1]

ഒരു പ്യൂപ്പക്ക് സംസാരിക്കാൻ സാധിക്കുമായിരുന്നെങ്കിൽ താൻ ഒരു ചിത്രശലഭം ആയിത്തീരുവാൻ പോകുന്നുവെന്ന് അതു നിങ്ങളോടു പറയുമായിരുന്നോ? അപ്രകാരം സംഭവിക്കുന്നത് നേരത്തെ കണ്ടിരുന്നില്ലെങ്കിൽ നിങ്ങളതു വിശ്വസിക്കുമായിരുന്നോ? മൾബറിയുടെ ആകൃതിയിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്ന എട്ടു സമാന കോശങ്ങളിൽ നിന്നും ഒരു മനുഷ്യൻ ഉണ്ടായിവരുമെന്ന് ആർക്കു വിശ്വസിക്കാനാവും?

– ഷ്റോഡർ[2]

"മോളിക്യൂലാർ ബയോളജിയുടെ സ്വപ്നതുല്യമായ കണ്ടുപിടി ത്തങ്ങൾ ജീവന്റെ ഉത്ഭവം എന്ന പ്രശ്നത്തെ മുൻപെന്നത്തേക്കാളു മധികം ഇന്നൊരു കടങ്കഥയായി മാറ്റിയിട്ടുണ്ട്. നവീനവും ആഴമേറി യതുമായ പ്രശ്നങ്ങളെ ഇന്നു നമ്മൾ അഭിമുഖീകരിക്കുന്നു".[3] ജീവന്റെ ഉത്ഭവത്തെ സംബന്ധിച്ച പുതിയ ശാസ്ത്രീയ ഉൾക്കാഴ്ചകൾ കൂടുതൽ അടിസ്ഥാനപരവും ദാർശനികവുമായ പ്രശ്നങ്ങളിലേക്കുകൂടി വിരൽ ചൂണ്ടുന്നതായി കാൾ പോപ്പറിന്റെ ഈ വാക്കുകൾ സൂചിപ്പിക്കുന്നു. ജീവന്റെ ഉത്ഭവം ഇന്നും ശാസ്ത്രത്തിന് മുന്നിൽ ചുരുളഴിയാത്ത ഒരു സമസ്യയായി നിലകൊള്ളുന്നു. എന്നിരുന്നാലും ആധുനികശാസ്ത്രം ഏതാണ്ടൊക്കെ ഈ മഹാരഹസ്യത്തിന്റെ പ്രാന്തപ്രദേശങ്ങളി ലെങ്കിലും എത്തിച്ചേർന്നിരിക്കുന്നുവെന്ന് തുടർന്നുവരുന്ന ഭാഗങ്ങൾ സൂചിപ്പിക്കുന്നു. ജീവന്റെ ഉത്ഭവത്തിന് വഴിതെളിച്ച അന്തരീക്ഷത്തെക്കുറിച്ചും സാഹചര്യങ്ങളെക്കറുച്ചും ഒക്കെ ശാസ്ത്രത്തിന് ഏതാണ്ട് വ്യക്തമായ നിഗമനങ്ങൾ ഇന്നുണ്ട്. ഈ നിഗമനങ്ങളുടെ പരിശോധന തന്നെ ദാർശനികവും മതാത്മകവുമായ ഒട്ടേറെ വഴിത്താരകൾ വിചിന്തനത്തിനായി തുറന്നു തരുന്നവയാണ്.

## പരമ്പരാഗത കാഴ്ചപ്പാടുകൾ

ജീവന്റെ ഉത്ഭവത്തെക്കുറിച്ച് വളരെക്കാലം മുൻപുതന്നെ ശാസ്ത്രേതരങ്ങളായ പല സിദ്ധാന്തങ്ങളും നിലവിലിരുന്നു. അവയെ വേണമെങ്കിൽ അതിസ്വാഭാവികസിദ്ധാന്തം (Super naturalism), സ്വയം പ്രേരിത ഉത്ഭവം (Spontaneous Creation), പദാർത്ഥിക സനാതനത്വം (Co-eternal with matter) എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. തത്ത്വ ശാസ്ത്രവും ദൈവശാസ്ത്രവും തമ്മിലുള്ള സങ്കലനത്തിൽ നിന്നാണ് ജീവന്റെ ഉത്ഭവത്തെ ക്കുറിച്ചുള്ള അതിസ്വാഭാവിക വ്യാഖ്യാനങ്ങൾ കടന്നുവരുന്നത്. ഈ വീക്ഷണത്തിൽ ശാസ്ത്രത്തിന് വിവരിക്കാനാ വാത്ത ചില പ്രകൃത്യാതീത സംഭവവികാസങ്ങളുടെ പരിണതഫലമാണ് ജീവന്റെ ഉത്ഭവം.

രണ്ടാമത്തെ സിദ്ധാന്തം-സ്വയംപ്രേരിത ഉത്ഭവം- വിവ ക്ഷിക്കുന്നത് ജീവന്റെ ലഘുരൂപങ്ങൾ ജീവരഹിത പദാർത്ഥ ത്തിൽനിന്നും സ്വമേധയാ കടന്നുവന്നു എന്നാണ്. ഇതിന്റെ സാധ്യത പരിശോധിക്കാൻ നിരവധി പരീക്ഷണങ്ങൾ നടത്തുക യുണ്ടായി. ലൂയി പാസ്റ്ററുടെ പരീക്ഷണങ്ങൾ ഈ നിഗമനത്തെ പൂർണ്ണമായും എഴുതിത്തള്ളി. തുറക്കുന്ന ഭാഗം അണു വിമുക്തമാക്കിയ ഫ്ളാസ്കിൽ കുറെ മാംസം നിക്ഷേപിച്ചു





കൊണ്ടുള്ളതായിരുന്നു അദ്ദേഹത്തിന്റെ പരീക്ഷണം. ഫ്ളാ സ്കിലെ മാംസം യാതൊരു നശീകരണഫലവും കാണിക്കു ന്നില്ലെന്ന് അദ്ദേഹം തുടർന്നു മനസ്സിലാക്കി. മാംസത്തിൽ ഈച്ചകൾ ഇടുന്ന മുട്ടകളാണ് സൂക്ഷ്മ ജീവരൂപങ്ങൾക്ക് രൂപം നൽകുന്നത്. ഈ നിഗമനങ്ങൾ സ്വയം പ്രേരിത ഉത്ഭവസിദ്ധാന്തത്തെ നിരാകരിക്കുവാൻ ഉപയുക്തമായിരുന്നു.

ജീവൻ പദാർത്ഥത്തോടൊപ്പം നിത്യം നിലനിന്നിരുന്നു എന്നതാണ് മൂന്നാമത്തെ സിദ്ധാന്തം. ഇതിന് പ്രത്യേകമായ ഒരു ആരംഭവുമില്ല. ഭൂമിയുടെ ജനനത്തോടെ ജീവനും ഭൂമിയിൽ ആവിഷ്കൃതമായി. 10-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ഈ ചിന്താഗതി കടന്നുവരുന്നത്. ഈ മൂന്നു സിദ്ധാന്തങ്ങൾക്കും ശാസ്ത്രീയമായ സാധ്യത യാതൊന്നും തന്നെയില്ല. ജീവന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ആധികാരിക പഠനങ്ങളുടെ അഭാവത്തിൽ കടന്നുവന്ന ചില ചിന്താപ്രധാനങ്ങളായ കാഴ്ചപ്പാടുകൾ മാത്രമാണിവ.

## ജീവന്റെ ഘടകങ്ങൾ

ഭൗതികശാസ്ത്രത്തിന്റെയും രസതന്ത്രത്തിന്റെയും അടിസ്ഥാന ത്തിലേക്ക് കടന്നുചെല്ലുന്നതാണ് ജീവന്റെ വേരുകൾ. കുറേ സൂക്ഷ്മ തന്മാത്രകളുടെ സമന്വയമാണ് ഭൂമിയിൽ ജീവന്റെ ഉത്ഭവത്തിനു വഴിതെളിച്ചത്. സങ്കീർണ്ണങ്ങളായ ജൈവ-രാസിക ഘടകങ്ങൾക്ക് അനവധി രാസിക ബന്ധങ്ങൾ അനിവാര്യമാണ്. ഈ രാസികബന്ധ ങ്ങൾക്ക് രൂപം നൽകുന്നത് കാർബൺ, ഓക്സിജൻ, ഹൈഡ്രജൻ എന്നീ അടിസ്ഥാന ആറ്റങ്ങളാണ്. ഭൂമിയിലെ എല്ലാ ജീവനും കാർബൺ അധിഷ്ഠിതമാണ്. ഇരുമ്പ്, സൾഫർ, കാൽസ്യം, മഗ്നീഷ്യം എന്നിവയും ചെറിയ അളവിൽ ജീവന്റെ നിർമ്മിതി ക്കനിവാര്യമാണെന്ന് കണ്ടെ ത്തിയിട്ടുണ്ട്.

## ജീവ-പൂർവ്വ പരിണാമം (Pre-biotic evolution)

ജീവന്റെ ആരംഭത്തിനുമുൻപുതന്നെ ഇതിനു വഴിതെളിച്ചു കൊണ്ടു നടന്ന തന്മാത്രിക വ്യതിയാനങ്ങളെയാണ് ജീവ-പൂർവ്വ പരിണാമം എന്നതുകൊണ്ടർത്ഥമാക്കുന്നത്. ജീവരഹിത പദാർത്ഥത്തിൽനിന്നും ജീവതന്മാത്ര അനുസ്യൂതമായ ഒരു പരിണാമപ്രക്രിയക്കു വിധേയമായി ഉദയം ചെയ്തു എന്ന് ഇവിടെ വിവക്ഷിക്കുന്നു. 1929-ൽ റഷ്യൻ ബയോകെമിസ്റ്റ് അലക്സാണ്ടർ ഒപാരിൻ ആണ് ഈ ആശയം ആദ്യമായി മുന്നോട്ടുവച്ചത്. ആദ്യം ഈ ആശയം തന്മാത്രാപരിണാമം എന്നാണറി യപ്പെട്ടിരുന്നത്.

ശാസ്ത്രലോകത്ത് കൂടുതലായും സ്വീകാര്യമായിട്ടുള്ളത് ജീവ-പൂർവ്വ പരിണാമം ജീവന്റെ ഉത്ഭവത്തിനു വഴിതെളിച്ചു എന്നുള്ള കാഴ്ചപ്പാടാണ്. ചെറുതന്മാത്രകളിൽനിന്നും സംയുക്തകങ്ങളിൽനിന്നും തുടങ്ങി, വർദ്ധിതമായ തൻമാത്രാ സങ്കീർണ്ണതകളിലൂടെ, ആവിഷ്കൃതമാവുന്ന നവീന സവിശേഷതകളോടുകൂടി ഏറ്റവും അനിതരസാധാരണമായ ആ സവിശേഷത, ജീവൻ, ആവിഷ്കൃതമായി.

## ജീവന്റെ ആവിർഭാവത്തിനനുയോജ്യമായ അന്തരീക്ഷം

ജീവന്റെ ഉത്ഭവത്തെ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുളവാക്കുന്ന ഒരു ഘടകം ജീവൻ ആദ്യമായി ആവിർഭവിച്ച ഭൗമാന്തരീക്ഷത്തെക്കുറിച്ചുള്ള അജ്ഞതയും വിഭിന്നങ്ങളായ കാഴ്ച്ചപ്പാടുകളുമാണ്. ''മുന്നൂറോ നാനൂറോ കോടി വർഷങ്ങൾക്കുമുൻപ് ഭൂമി എപ്രകാരമായിരുന്നു എന്നതിനെക്കുറിച്ച് യഥാർത്ഥമായ അറിവില്ല. അതുകൊണ്ട് പലവിധ സിദ്ധാന്തങ്ങളും നിഗമനങ്ങളും നിലനിൽക്കുന്നു. അന്തരീക്ഷം എപ്രകാര മുള്ളതായിരുന്നു എന്നതിനെക്കുറിച്ചാണ് മുഖ്യമായ അനിശ്ചിതത്വം. ഇത് അഭിപ്രായ ഭിന്നതകളുടെ മേഖലയാണ്''.[4] ജൈവാന്തരീക്ഷം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഭൂമിയുടെ ഉപരിതലത്തിൽ ജീവന്റെ ആരംഭത്തിനും നിലനില്പിനും അനിവാര്യവും അനുയോജ്യവുമായ മേഖലകളും ഘടകങ്ങളുമാണ്. ചേതനാത്മക പദാർത്ഥത്തിന്റെ ആവിർഭാവത്തിനും നിലനിൽപ്പിനും അനിവാര്യമായ സമുദ്രങ്ങളും ശുദ്ധജലവും, അന്തരീക്ഷവും, മണ്ണിന്റെ ഘടനയും ഊർജ്ജസ്രോതസ്സുകളും എല്ലാം ഇതിൽപ്പെടും. കാർബൺ, നൈട്രജൻ, സൾഫർ, ഇരുമ്പ് തുടങ്ങിയ സംയുക്തങ്ങൾ ഇവിടെ സന്നിഹിതമായിരിക്കണം.

അതിപ്രാചീന ഭൂമി പൊടിപടലങ്ങളുടെയും ഗ്യാസിന്റെയും ധാതു കണങ്ങളുടെയും ഒരു സമ്മിശ്രമായിരുന്നു. അന്നത്തെ ഉന്നതമായ താപനിലയിൽ ഭൂമിക്ക് ഒരു അന്തരീക്ഷം ഉണ്ടായിരുന്നില്ല. ഭൂമിയുടെ താപനില താഴുകയും പാറകളിൽ നിന്നുള്ള ഗ്യാസിന്റെ വികിരണം വഴിയായി ഒരു അന്തരീക്ഷം രൂപപ്പെടുകയുമുണ്ടായി. ഭൂമിയുടെ ക്രമാനുഗതവും മന്ദഗതിയിലുള്ളതുമായ ശീതീകരണത്തിന് സൂര്യനിൽ നിന്നും ഉള്ള ഭൂമിയുടെ നിശ്ചിത അകലം കാരണമായി. ഭൂമിയിലെ വാതകങ്ങൾ സ്ഥിരമായി സാന്ദ്രീകരിക്കാതിരിക്കാൻ മാത്രം ഭൂമി സൂര്യനോട് അടുത്തുമായിരുന്നു.





ഭൂമിയുടെ ഉപരിതലത്തിനു മീതെ രൂപംകൊണ്ട വൻ വാതകപടലങ്ങൾ അൻപതു കോടി വർഷങ്ങൾക്കുശേഷം ഉരുകിത്തുടങ്ങി. അതേ ത്തുടർന്ന് ആയിരക്കണക്കിന് വർഷങ്ങളിലേക്ക് ഭൂമിയിൽ പെരുമഴ പെയ്യുകയുണ്ടായി. ഈ ജലമാണ് കടലായി രൂപം പ്രാപിച്ചതെന്ന് കരുതപ്പെടുന്നു. എന്നാൽ വാൽനക്ഷത്രങ്ങ ളാണ് ഭൂമിയിൽ ജലം കൊണ്ടുവന്നതെന്ന് വാദിക്കുന്ന ശാസ്ത്രജ്ഞരുമുണ്ട്.

പുരാതന അന്തരീക്ഷത്തിന്റെ മൂന്നു വിഭിന്നങ്ങളായ മാതൃകകളെ ക്കുറിച്ച് ശാസ്ത്രം പ്രതിപാദിക്കുന്നുണ്ട്.

## ഒന്നാമത്തെ അന്തരീക്ഷ മാതൃക

ഹൈഡ്രജനും ഹൈഡ്രജൻ കലർന്ന അമോണിയ, മീതേയ്ൻ എന്നീ തന്മാത്രകളോടുകൂടിയ, ഓക്സിജനില്ലാത്ത അന്തരീക്ഷമാണ് ഇത്. യുറേ, മില്ലർ എന്നീ ശാസ്ത്രജ്ഞർ 1953-ൽ നടത്തിയ സുപ്രധാന ഗവേഷണം ഈ അന്തരീക്ഷമാതൃകയെ അധികരിച്ചുള്ളതാണ്. യുറേയും മില്ലറും കാർബൺ, നൈട്രജൻ, ഹൈഡ്രജൻ എന്നിവ ഒരു ഫ്ളാസ്കിൽ നിക്ഷേപിച്ച് അതിലൂടെ ഇല്ട്രിക് ചാർജ് കടത്തിവിട്ടു. പിന്നീട് ഇതു പരിശോധിച്ചപ്പോൾ അതിൽ ചില അമിനോ ആസിഡുകളും ജീവന്റെ നിർമ്മിതിഘടകങ്ങളായ ജീവമൂലകങ്ങളും കണ്ടെത്തുകയുണ്ടായി. ഈ മിശ്രിതം ജീവനല്ലെങ്കിലും ജീവന് ആധാരമായി കരുതിപ്പോന്നിരുന്ന സംയുക്തങ്ങൾക്ക് സമാനമായിരുന്നു. ജീവ-പൂർവ്വപരിണാമത്തെക്കുറിച്ചുള്ള ഗവേഷണങ്ങളിൽ ഈ ഗവേഷണം ഒരു വഴിത്തിരിവായിരുന്നു. മിതേയ്ൻ തുടങ്ങിയ ലഘുതന്മാത്രകളിൽ നിന്നും അമിനോ ആസിഡുകൾപോലുള്ള സങ്കീർണ്ണ ജൈവ തന്മാത്രകൾ ഉണ്ടാക്കിയെടുക്കാമെന്നതാണ് ഈ ഗവേഷണത്തിന്റെ കണ്ടുപിടുത്തം.

## രണ്ടാമത്തെ അന്തരീക്ഷം

ഹൈഡ്രജൻ നിയന്ത്രിത അന്തരീക്ഷം ക്രമേണ പ്രകാശസംശ്ലേഷണം വഴിയായി കാർബൺഡൈ ഓക്സൈഡും നൈട്രജനും കലർന്ന അന്തരീക്ഷമായി മാറുന്നതാണ് ഇവിടുത്തെ വിവക്ഷ. ഉപരി അന്തരീ ക്ഷത്തിൽ ഇത് ഓസോൺ പാളിയുടെ രൂപീകരണം അനുവദിക്കുന്നു. പ്രാചീന ഫോസിലുകളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ ഈ അന്തരീ ക്ഷത്തെ പിന്തുണക്കുന്നു. ചൊവ്വ, ബുധൻ എന്നീ ഗ്രഹങ്ങൾക്ക് ഈ അന്തരീക്ഷമാണുള്ളത്.

## മൂന്നാമത്തെ അന്തരീക്ഷം

ജീവജാലങ്ങളുടെ നിലനില്പിനനുയോജ്യമായ ഇപ്പോഴത്തെ അന്തരീക്ഷമാണിത്. പ്രാചീന ബാക്ടീരിയകളുടെ ജൈവ-രാസിക പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ അന്തരീക്ഷം ഉണ്ടായത്. ജീവന്റെ പ്രഥമ രൂപങ്ങളായ ബാക്ടീരിയകൾ ഹൈഡ്രജൻ സൾഫൈഡ് കഴിച്ച് ഓക്സിജൻ പുറപ്പെടുവിച്ചു. ജീവന്റെ നിലനില്പിനനിവാര്യമായ കാലാവ സ്ഥയെ സംരക്ഷിച്ചുപോന്നത് ഈ സൂക്ഷമ ജീവികളാണ്.

## രാസിക-ജൈവ പരിണാമ ദശകൾ

"ജീവന്റെ നാനോന്മുഖ മാനങ്ങൾ രൂപകല്പന ചെയ്യപ്പെട്ടത് തന്മാത്ര തലത്തിലാണ്. തന്മാത്രകളെ മനസ്സിലാക്കാതെ നമുക്ക് ജീവനെ ക്കുറിച്ച് വളരെ ഉപരിപ്ലവമായ അറിവ് മാത്രമേ സാധ്യമായിട്ടുള്ളു".[5] ജീവന്റെ ഉത്ഭവത്തിന് വഴിതുറന്ന രാസിക പരിണാമത്തെ സാധൂകരിക്കുന്നതാണ് ഫ്രാൻസിസ് ക്രിക്കിന്റെ ഈ വാക്കുകൾ.

പ്രാചീന അന്തരീക്ഷത്തിലെ കാർബൺ, ഹൈഡ്രജൻ, നൈ ട്രജൻ, ഓക്സിജൻ, ഫോസ്ഫറസ്, സൾഫർ എന്നിവയുടെ ആറ്റങ്ങൾ ചേർന്ന് തന്മാത്രകൾ രൂപപ്പെട്ടിരിക്കാം. പലതരം തന്മാത്രകൾ ഒന്നിച്ചുചേർന്നു ദശലക്ഷക്കണക്കിന് വർഷങ്ങളിലൂടെ സങ്കീർണ്ണങ്ങളായ തന്മാത്രകൾ രൂപം പ്രാപിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. നക്ഷത്ര ങ്ങളിൽനിന്നും വിദ്യുത്-കാന്തിക തരംഗങ്ങളുടെ വികിരണം ഏൽക്കു മ്പോൾ തന്മാത്രകളിൽ അത് ആന്തോളനങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

നൈട്രജൻ, നീരാവി, കാർബൺ ഡൈ ഓക്സൈഡ് എന്നിവയിൽനിന്ന് ലളിതങ്ങളായ സംയുക്തങ്ങൾ സൃഷ്ടിക്കാവു ന്നതാണ്. ഇടിമിന്നലിന്റെ ഫലമായി കാർബൺ ഡൈ ഓക്സൈഡും ജലവുമായി സംയോജിച്ച് നൈട്രജൻ-ഡൈ ഓക്സൈഡായും അമോണിയയായും മാറാൻ സാധ്യതയുണ്ട്. ഇത്തരം തന്മാത്രവ്യതിയാനങ്ങൾ സൂര്യപ്രകാശ ത്തിന്റെയോ മറ്റ് ഊർജ്ജ സ്രോതസ്സുകളുടെയോ സ്വാധീനത്തിൽ ജീവനെ ലക്ഷ്യമാക്കി മുകളിലോട്ടു പ്രയാണം ചെയ്തിരിക്കാം. ആറ്റങ്ങളും തന്മാത്രകളും ആകസ്മികവും സംഘർഷാത്മകവും ആയി സംയോജിക്കുകയും ചെറിയ ജീവതന്മാത്രകളായി ഉദയം ചെയ്യുകയും ചെയ്തിരിക്കാം. ഉദാഹരണമായി അമിനോ ആസിഡു കൾ പത്തുമുതൽ ഇരുപതുവരെ ഹൈഡ്രജൻ, കാർബൺ, ഓക്സി





ജൻ, നൈട്രജൻ എന്നിവയുടെ ആറ്റങ്ങൾ ചേർന്നുണ്ടായ തന്മാത്രകളാണ്. ലളിതമായ ഘടനയുള്ള ഈ ജീവതന്മാത്രകൾ സംയോജിച്ച് ജീവശാസ്ത്രപരമായി കൂടുതൽ പ്രാധാന്യമുള്ള വലിയ തന്മാത്രകളായ പോളിമറുകൾ ഉണ്ടായി. പ്രാചീന സമുദ്രത്തിലെ അന്തരീക്ഷത്തിലെയും സ്വാഭാവികമായി ഭൗതിക, രാസികവ്യതിയാനങ്ങൾ പ്രോട്ടീനുകളുടെയും ന്യൂക്ലീക് ആസിഡുകളുടെയും നിർമ്മിതിക്ക് കാരണമായിരുന്നിരിക്കാം.

മുൻപ് പ്രതിപാദിച്ച രണ്ടാമത്തെ തരത്തിലുള്ള അന്തരീക്ഷത്തിൽ ജൈവതന്മാത്രകളുടെ വലിയ ശേഖരം തന്നെ രൂപപ്പെടുകയും മഴ വെള്ളം അവയെ കടലിലേക്ക് ഒഴുക്കിക്കൊണ്ടുപോവുകയും ചെയ്തി രിക്കാം. അങ്ങിനെ കടലിൽ ഒരു ജീവ-പൂർവ്വധാതു സൂപ്പ് തന്നെ രൂപം കൊണ്ടു. ജീവരഹിതമായ കടലിൽ രൂപം കൊള്ളുന്ന സംയുക്തങ്ങൾ നശിച്ചുപോകാൻ സാധ്യതയില്ല. കാരണം യാതൊന്നും അവയെ നശിപ്പിക്കുകയോ തിന്നുതീർക്കുകയോ ചെയ്യുന്നില്ല. മാത്രമല്ല പ്രാചീന സമുദ്രത്തിൽ ഓക്സീകരണം വഴിയായി തന്മാത്രകൾക്ക് ഭേദനം വരുത്താൻ ഓക്സിജൻ ഉണ്ടായിരുന്നില്ല. സങ്കീർണ്ണതന്മാത്രകളെ ഭേദിക്കുവാൻ സാധ്യതയുള്ള ഏക ഘടകം അവയുടെ നിർമ്മിതിക്കുതന്നെ കാരണമായ അൾട്രാവയലറ്റ് റേഡിയോ ആക്ടീവ് ഊർജ്ജവികിരണ ങ്ങൾ മാത്രമാണ്.

എന്നാൽ സമുദ്രജലപ്രവാഹങ്ങൾ ഈ സംയുക്തങ്ങളെ സമുദ്രത്തിന്റെ ആഴത്തിന്റെ ഏതാണ്ട് മദ്ധ്യതലത്തിലെ സുരക്ഷിത മേഖലയിലേക്ക് കൊണ്ട് ചെന്നെത്തിച്ചിരിക്കാം. അവിടെ അവ ഉപരിതലത്തിലെ അൾട്രാവയലറ്റ് രശ്മികളിൽനിന്നും ആഴത്തട്ടിലെ റേഡിയോ ആക്ടീവ് വികിരണങ്ങളിൽനിന്നും സംരക്ഷിതമാണ്.

പുരാതന സമുദ്രത്തിലെ ഒരു ശതമാനത്തോളം ഇപ്രകാരം ജീവ സംയുക്തങ്ങളാൽ സൃഷ്ടിക്കപ്പെട്ടതായിരിക്കാം എന്ന് ശാസ്ത്ര ജ്ഞർ അനുമാനിക്കുന്നു. അന്തരീക്ഷത്തിൽ ഇതിന്റെ അളവ് ഒരു മില്യൻ ബില്യൻ ദ്രവ്യമാണ്. ഇത് പ്രകൃതിശക്തികൾക്ക് സ്വാധീനം ചെലുത്താൻ പോന്നത്ര ഒരു അളവാണ്. അത്രയും വലിയ അളവിൽ ഏറ്റവും അസാധ്യമായ സങ്കീർണ്ണതകളോടു കൂടിയ ഘടകങ്ങൾ പോലും സൃഷ്ടിക്കപ്പെടാനിടയുണ്ട്. നൂറുകോടിവർഷത്തെ കാലയളവ് ഇതിന് ലഭ്യമാണു താനും.

തൽഫലമായി കാലക്രമേണ അതിസങ്കീർണ്ണങ്ങളായ അമിനോ ആസിഡുകളും ലളിതങ്ങളായ ഷുഗറും സൃഷ്ടിക്കപ്പെട്ടു. അമിനോ

അസിഡുകൾ സംയോജിച്ച് പെപ്റ്റൈഡുകൾ ഉണ്ടായി. പ്യൂരിൻസ്, പിരിമിഡൈൻസ്, ഷുഗർ, ഫോസ്ഫേറ്റ് എന്നിവ സംയോജിച്ച് ന്യൂക്ലിയോറ്റൈഡുകൾ സൃഷ്ടിക്കപ്പെട്ടു. തുടർന്ന് ജീവന്റെ ഉത്ഭവ ത്തിലെ ആ നിർണ്ണായക സംഭവം നടന്നിരിക്കാം. ആകസ്മിക സംയോജനങ്ങളുടെ ഫലമായി സ്വയം പ്രജനനശേഷിയുള്ള ഒരു ന്യൂക്ലിക്-ആസിഡ് തന്മാത്രയുടെ രൂപീകരണം, ആ നിർണ്ണായക നിമിഷ മാണ് ജീവന്റെ ഉത്ഭവമുഹൂർത്തം!

ബീജസങ്കലനം നടന്ന ഒരു ഏക കോശത്തിന് അതിസങ്കീർ ണ്ണമായ ഒരു ജീവിക്ക് രൂപം നൽകാനാവും. അതുപോലെ ആദ്യം ഉണ്ടായ ഏക ജീവതന്മാത്രക്ക് വൈവിദ്ധ്യാത്മകമായ ജീവവർഗ്ഗ ങ്ങൾക്കു മുഴുവൻ ഹേതുവായി വർത്തിക്കാനാവും. ആദ്യത്തെ ജീവതന്മാത്രകൾക്ക് കുറഞ്ഞ കാലയളവിൽ തന്നെ അതിന്റെ ദശലക്ഷക്കണക്കിന് പകർച്ചകൾക്ക് ജന്മം നൽകി. ഇടക്കിടെ സംഭവിച്ചിട്ടുള്ള ദ്രുത-വ്യതി യാനങ്ങൾ (Mutations) ആദ്യത്തെ ജീവതന്മാത്രയിൽനിന്നും നേരിയ അന്തരമുള്ള തന്മാത്രകൾക്ക് കാരണമായി. ഏതെങ്കിലും തരത്തിൽ മറ്റുള്ളവയേക്കാൾ ശേഷി കൂടിയവ അവയുടെ സഹജീവികളുടെ ചെലവിൽ തങ്ങളുടെ പൂർവ്വികരെ മാറ്റി പ്രതിഷ്ഠിച്ചിരിക്കാം.

## ചുരുളഴിയപ്പെടാത്ത രഹസ്യങ്ങൾ

ജീവന്റെ ആവിഷ്കാര പാതയിൽ അഗ്രാഹ്യങ്ങളും നിർവ്വചനാ തീതവുമായ ഒട്ടേറെ വിസ്മയങ്ങളും വിരോധാഭാസങ്ങളും കണ്ടെ ത്താനാവും. ശാസ്ത്രത്തിനു തന്നെ ഉത്തരം കണ്ടെത്താൻ സാധി ച്ചിട്ടില്ലാത്ത ഒട്ടേറെ സമസ്യകൾ ജീവന്റെ രഥ്യകൾക്കുള്ളിൽ നില നിൽക്കുന്നുണ്ട്. ഈ സമസ്യകളെക്കുറിച്ച് ഒരു ലഘുവിവരണം ഇവിടെ പ്രസക്തമാണ്:

1. കാർബൺ, ഹൈഡ്രജൻ, നൈട്രജൻ തുടങ്ങിയ ആറ്റങ്ങളുടെ യഥോചിതമായ സംയോജനം ഒരർത്ഥത്തിൽ അസാധ്യവും രാസികമായി ഭാവനാതീതവുമാണ്. പതിനായിരത്തോളം ന്യൂക്ലിയോറ്റൈഡുകൾ സ്വമേധയാ സംയോജിച്ച് ഒരു ഏക തന്മാത്രയായെന്നത് തീർത്തും വിസ്മയകരമാണ്.

2. രാസികബന്ധങ്ങൾക്ക് ബാഹികമായ ഒരു ഊർജ്ജസ്രോതസ്സ് അനിവാര്യമാണ്. ഇടിമിന്നൽ ഇതിന് ഒരു ഉദാഹരണമാണ്. എന്നിരുന്നാലും ഈ ബന്ധങ്ങൾ സൃഷ്ടിക്കുന്ന ഊർജ്ജം തന്നെ അവയുടെ ഭേദനത്തിനും കാരണമായേക്കാം. മില്ലറുടെ ഗവേഷണം ഈ വസ്തുത അംഗീക രിക്കുന്നു. അമിനോ ആസിഡുകളും ഷുഗറും





സംയോജിച്ചാൽ അവ പരസ്പരം നശിപ്പിക്കുന്നു. അതിനാൽ പരീക്ഷണശാലയിലെ ഗവേഷണത്തിൽ അവയെ ശ്രദ്ധാപൂർവ്വം വേർതിരിച്ചു സൂക്ഷിക്കുന്നു. പ്രാചീന സമുദ്രത്തിൽ ഈ വേർതിരിവ് എപ്രകാരം സാധ്യമാണ്?

3. പ്രാചീന സമുദ്രത്തിലെ ഓക്സിജന്റെ സാന്നിദ്ധ്യവും അഭാവവും ഒരുപോലെ ജീവനു ഭീഷണിയാണ്. ഓക്സിജനുണ്ടെ ങ്കിൽ അമിനോ ആസിഡുകളും ഷുഗറും പ്യൂരിനുകളും സാധ്യമല്ല. കാരണം അമിനോ അസിഡുകളും ഷുഗറുകളും ഓക്സിജനുമായി പ്രതിപ്രവർത്തിച്ച് കാർബൺ ഡൈ ഓക്സൈഡും ജലവും ഉണ്ടാക്കുന്നു. ഓക്സിജനില്ലെങ്കിൽ ഓസോൺ പാളി ഇല്ലാതിരി ക്കുകയും അൾട്രാവയലറ്റ് രശ്മികളാൽ ജീവരൂപങ്ങൾ നശിപ്പി ക്കപ്പെടുകയും ചെയ്യുന്നു.

4. ഡി.എൻ.എ., ആർ.എൻ.എ. മുതലായവ ഒരു ജീവ-സംവിധാന (Organic System) മായി രൂപീകരിക്കപ്പെടുന്നത് എങ്ങനെയാ ണെന്നത് ഇന്നും ഒരു രഹസ്യമായി നിലകൊള്ളുന്നു. തന്മാത്രകൾ തമ്മിലുള്ള സഹകരണം ഇതിന് ഒരു സാധ്യതയായി കാണുന്നു. ഇത്തരുണത്തിൽ സഹകരിക്കുന്ന തന്മാത്രകളെ ഹൈപ്പർ സൈക്കിൾ എന്നു വിളിക്കുന്നു. ഹൈപ്പർ സൈക്കിൾ ഒരു ജീവിയല്ല; നേരെമറിച്ച് പരിസ്ഥിതി സമാനമായ ബന്ധങ്ങളിൽ ഒരുമിച്ച് കഴിയുന്ന ഒരു പറ്റം തന്മാത്രകളാണ്. ഇത്തരം തന്മാത്രാ സമൂഹങ്ങളാവാം ജീവവർഗ്ഗങ്ങളായി രൂപപ്പെട്ടതെന്ന് കരുതപ്പെടുന്നു.

ഒരു ജീവസമൂഹം കേവലം കുറേ തന്മാത്രകളുടെ ശേഖരമല്ല. സംയുക്തങ്ങളുടെ സമ്മിശ്രണമാണെന്നിരിക്കിലും അവ പ്രവർത്തന ശേഷിയുള്ള വ്യൂഹങ്ങളാണ്. കോശങ്ങളുടെ വിശാല ലക്ഷ്യത്തിന നുസൃതമായി നിലകൊള്ളുന്ന ആന്തരികവും ബാഹികവുമായ പ്രവർത്തി വ്യൂഹങ്ങളാണവ. ശാസ്ത്രവിശകല നത്തിൽ അജ്ഞാതമായ ഏതോ ഊർജ്ജശക്തി കടന്നുവരുന്നു ണ്ടോ? ജീവവ്യൂഹങ്ങളുടെ ആവിർഭാവം ശാസ്ത്രസമസ്യതന്നെ.

5. ഡി.എൻ.എ. തന്മാത്രയുടെ ആവിർഭാവം ഇന്നും അജ്ഞാതമാണ്. ഡി.എൻ.എ. എന്നത് അടിസ്ഥാനപരമായി ഒരു ജനിതകകോഡ് ആണ്; തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്ന ഒരു വിവരശേഖരണവും സന്ദേശവും. അത് അധിവസിക്കുന്ന ജീവിയുടെ നിർമ്മിതിക്കാവശ്യമായ സമസ്ത വിവരങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്. പ്രാചീന ജീവതന്മാത്രകളോ ആറ്റങ്ങളോ എങ്ങിനെയോ തന്മാത്രകളായി രൂപീകരിക്കപ്പെട്ടു എന്നു മാത്രമേ

പറയാൺ കഴിയൂ. ആകസ്മിക വ്യതിയാനങ്ങൾ വഴിയായി ഡി.എൻ.എ. തന്മാത്രകൾ രൂപീകരിക്ക പ്പെട്ടേക്കാം. മറ്റു ഗ്രഹങ്ങളിൽ നിന്നോ മറ്റോ ഭൂമിയിൽ ജീവൻ കടന്നുവന്നുവെന്നു വാദിക്കുന്നവരുണ്ട്. എന്നിരുന്നാലും ഡി.എൻ.എ. ബാഹ്യാകാശത്തെ വികിരണങ്ങളെ അതിജീവിച്ച് ദീർഘദൂരം നിലനിൽക്കുക അസാധ്യം.

ഡി.എൻ.എ.യുടെ രൂപീകരണശേഷം ഇതിന്റെ പ്രത്യേക സവിശേഷത കൾകൊണ്ട് പൂർവ്വ ജീവരൂപങ്ങളെയെല്ലാം ഡി.എൻ.എ. പൂർണ്ണമായും മാറ്റി പ്രതിഷ്ഠിച്ചിരിക്കാം. ഡി.എൻ.എ. തന്മാത്രകൾക്ക് സ്വമേധയാ അവയിലെ ജനിതക വിവര സാങ്കേതത്തെ പുനർസൃഷ്ടിക്കുവാൻ സാധിക്കുന്നു.

6. ഡി.എൻ.എ.യ്ക്കു മുൻപുള്ള ജീവഘടകം എന്തായിരുന്നു എന്നത് അജ്ഞാതമാണ്. ആ ജീവഘടകമായിരിക്കാം ഡി.എൻ.എ. നിർമ്മിച്ചത്. ഒരു സാധ്യത ആർ.എൻ.എ. ആണ്. ഇന്നു നമുക്ക് പരിചിതമായ ഡി.എൻ.എ.യിലും ആർ.എൻ.എ.യിലും പ്രോട്ടീനിലും അധിഷ്ഠിതമായ ജീവനായിരുന്നില്ല ഭൂമിയിലെ ആദ്യത്തെ ജീവരൂപങ്ങൾ. ആർ.എൻ.എ. മാത്രം ഭരിച്ചിരുന്ന ഒരു ലളിത ജീവ ലോകമായിരുന്നിരിക്കാം അന്നത്തേത്. ആർ.എൻ.എ. ക്രമേണ ഡി.എൻ.എ. ആയി മാറാം. അചേതനമായ പദാർത്ഥത്തിൽനിന്നും ന്യൂക്ലിക് ആസിഡോ ആർ.എൻ.എ. പോലുമോ ഗവേഷണശാല കളിൽ സൃഷ്ടിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും അഞ്ചുകോടി വർഷത്തെ കാലയളവ് കണക്കിലെടുക്കുമ്പോൾ പ്രകൃതിയിൽ അപ്രകാരം ഒരു പ്രതിഭാസം നടന്നിരിക്കാനുള്ള സാധ്യത തള്ളി ക്കളയാനാവില്ല.

ജനിതകവീക്ഷണത്തിൽ സുപ്രധാന റോളു വഹിക്കുന്നതാണ് ഡി.എൻ.എ. ആർ.എൻ.എ. ഈ വിവരത്തിന്റെ നിർവ്വഹണത്തിൽ സുപ്രധാന പങ്കുവഹിക്കുന്നു. ജീവികളുടെ ഘടനാരൂപത്തിന് കാരണമായിട്ടുള്ളത് പ്രോട്ടീനുകളാണ്. ജീവികളിലെ ജീവൽ പ്രക്രിയകളെല്ലാം സാധ്യമാക്കുന്നത് എൻസൈമുകളാണ്. അതിനാൽ ആദിയിലേക്കുനോക്കുമ്പോൾ വിഖ്യാതമായ മുട്ട-കോഴിവിവാദം ഇവിടെ കാണാനാവും. ആദ്യം ഉണ്ടായത് ന്യൂക്ലിക് ആസിഡുകളായ ഡി.എൻ.എ. ആണോ, ആർ.എൻ.എ. ആണോ, അതോ പ്രോട്ടീനുകളാണോ?

ഫ്രാൻസിസ് ക്രിക്കും കൂട്ടരും വാദിക്കുന്നത് ആർ.എൻ.എ. ആദ്യം ഉണ്ടായി എന്നാണ്. എങ്കിൽ ആർ.എൻ.എ. ലോകത്തിന് അനിവാര്യ





മായ പല ഘടകങ്ങളെപ്പറ്റിയും വിവരങ്ങൾ ആവശ്യമാണ്. ആർ.എൻ.എ. യുടെ നിർമ്മിതിഘടകങ്ങൾ എവിടെ നിന്ന്? പ്രോട്ടീൻ എൻസൈമു കളുടെ സഹായം കൂടാതെ ഈ നിർമ്മിത ഘടകങ്ങളെ ആർ.എൻ.എ. ആക്കി മാറ്റുന്ന സംവിധാനം എന്ത്? പ്രോട്ടീനുകളുടെ സഹായം കൂടാതെ ആർ.എൻ.എ. തന്മാത്രകൾക്ക് അവയുടെ പകർപ്പ് സൃഷ്ടിക്കുവാൻ സാധിക്കുന്ന സംവിധാനം എന്ത്? ഈ ചോദ്യങ്ങൾക്കുത്തരമായി കൂടുതൽ ലളിതഘടകമായ പി.എൻ.എ. (PNA - Peptitude Nucleic Acid) യെ ശാസ്ത്രജ്ഞർ അവരോധിക്കുന്നുണ്ട്.

പീറ്റർ നീൽസൺ (Peter Nielson), ആൽബർട്ട് എഷെൻമെസർ (Albert Eschenmoser) എന്നീ ശാസ്ത്രജ്ഞരാണ് പി.എൻ.എ.യെ അവതരി പ്പിച്ചത്. ഓർജൽ തുടങ്ങിയ ശാസ്ത്രജ്ഞർ പി.എൻ.എ. യെക്കൊണ്ട് തൃപ്തരായിരുന്നില്ല. ഓർജൽ (Orgel) പറഞ്ഞു: "തീർത്തും ലളിതമായ ഒന്നാണ് നമുക്കാവശ്യവും. ഇതിലും ലളിതമായ ഒന്നിന് വിഭജിക്കാനല്ലെങ്കിൽ അത് ദൈവത്തിന്റെ അസ്തിത്വത്തിനുള്ള ഒരു ശക്തമായ വാദമായിരിക്കാം".[6]

7. ജീനുകളുടെ ഘടനയെപ്പറ്റി ശാസ്ത്രജ്ഞർക്ക് അറിയാമെങ്കിലും ശാസ്ത്രത്തിന് മനസ്സിലാക്കാൻ സാധിക്കാത്ത കാര്യങ്ങളാണ് ജീനുകൾ തമ്മിലുള്ള ആശയവിനിമയം, ജീനുകളുടെ ഇടയിലെ സമ്പർക്കം, അവയുടെ സമൂഹസ്വഭാവം, അവ പ്രവർത്തന നിരതമാകുകയും പ്രവർത്തനരഹിതമാവുകയും ചെയ്യുന്ന രീതി, ക്രമം മുതലായവ. ജീവന്റെ അക്ഷരമാല അറിയാമെങ്കിലും പദാവലിയെ പൂർണ്ണമായും വായിച്ചെടുക്കുവാൻ ശാസ്ത്രത്തിന് സാധിച്ചിട്ടില്ല. ഡി.എൻ.എ. യെ ജീവന്റെ ചവിട്ടുപടി എന്നു വിശേഷിപ്പിക്കാമെങ്കിലും ഡി.എൻ.എ. ജീവനല്ല.

8. ഡി.എൻ.എ. വിഭജനത്തിൽ പ്രകൃതി വരുത്തുന്ന തെറ്റുകളുടെ അഥവാ പ്രകൃതിയുടെ അബദ്ധങ്ങളുടെ വിവരണം തന്നെ വളരെ അത്ഭുതാവഹമാണ്. ഡി.എൻ.എ. സ്വയം വിഭജിക്കുമ്പോൾ ആകസ്മികമായ തെറ്റുകൾ സംഭവിക്കാം. ദ്രോഹകരമായ തെറ്റുകൾ ജീവവർഗ്ഗത്തിന്റെ നാശത്തിൽ കലാശിച്ചേക്കാം. നിരുപദ്രവ കരങ്ങളായ തെറ്റുകൾ ക്രമേണ ജനിതക വ്യതിയാനത്തിന് വഴിതെളിക്കാം. ക്രിയാത്മക അബദ്ധങ്ങൾ വർഗ്ഗങ്ങളുടെ നിലനിൽപ്പിനുതന്നെ സഹായകമാവാം. ഇത്തരം തെറ്റുകളെയാവാം ഡാർവിൻ പ്രകൃതിനിർദ്ധാരണം (Natural Selection) എന്ന തത്ത്വംകൊണ്ട് അർത്ഥമാക്കിയത്.

## ആകസ്മികതയോ രൂപകല്പനയോ?

ജീവന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ശാസ്ത്രപഠനങ്ങൾക്ക് ദാർശനികവും മതാത്മകവും ആയ എന്തെങ്കിലും പ്രസക്തിയുണ്ടോ? ഐസക് ന്യൂട്ടന്റെ കാലം മുതൽ മത-ശാസ്ത്രസംവാദത്തിന്റെ വേദികളിൽ ഉപയോഗിച്ചിരുന്ന അത്ര ആരോഗ്യകരമല്ലാത്ത ഒരു യുക്തിയാണ് 'പഴുതുകളുടെ ദൈവത്തെ' (God of the gaps) അന്വേഷിക്കുക എന്നുള്ളത്. ശാസ്ത്രത്തിന് വിശദീകരിക്കാനാവാത്ത തലങ്ങൾ എത്തുമ്പോൾ അവിടെ ദൈവത്തെ പ്രതിഷ്ഠിച്ച് വ്യാഖ്യാനത്തിലെ പഴുതുകളടക്കുക എന്നതാണ് ഇവിടുത്തെ സമീപനം. കാലക്രമേണ പഴുതുകൾ പലതും ശാസ്ത്രപുരോഗതിയുടെ വെളിച്ചത്തിൽ ശാസ്ത്രം തന്നെ അടയ്ക്കുമ്പോഴും പുതിയ പുതിയ വിടവുകൾ സൃഷ്ടിക്കപ്പെടുന്നതുകൊണ്ടാണ് 'വിടവുകളുടെ ദൈവം' ഇന്നും ശാസ്ത്രത്തിൽ നിലനിൽക്കുന്നുവെന്ന് വേണമെങ്കിൽ പറയാം.

ജീവന്റെ ഉത്ഭവത്തെക്കുറിച്ചുള്ള അനവധി ചോദ്യങ്ങൾക്ക് ശാസ്ത്രത്തിന് വിശദീകരണശക്തി നഷ്ടപ്പെടുന്നതിനാൽ അവിടെയെല്ലാം സുഗമമായി ദൈവത്തെ തിരുകിക്കയറ്റാൻ ആസ്തിക്യവാദി തിടുക്കം കൂട്ടിയേക്കാം. ഇത്തരം ഉപരിപ്ലവങ്ങളായ സമീപനങ്ങൾ ഈശ്വരദർശനത്തിന്റെ ദാർശനികവ്യാപ്തിക്ക് കോട്ടം ചെയ്യുകയേ ഉള്ളൂ. ശാസ്ത്രഗവേഷണങ്ങളോടും ശാസ്ത്രസിദ്ധാന്തങ്ങളോടും മാത്രമല്ല, ശാസ്ത്രത്തിന്റെ അജ്ഞതകളോടും നാളത്തെ ശാസ്ത്രത്തിന്റെ അനന്തസാധ്യതകളോടുംകൂടി ഉള്ള പൂർണ്ണ ബഹുമാനത്തോടെ വേണം ശാസ്ത്രമേഖലയിൽനിന്നും ദാർശനിക-ദൈവശാസ്ത്രനിഗമനങ്ങളിൽ ചെന്നെത്തുവാൻ.

ജീവന്റെ ഉത്ഭവത്തിലെ അഗ്രാഹ്യതകൾ ആത്യന്തികമായി അനിർ വചനീയമായ ഒരു പ്രാപഞ്ചിക വിസ്മയത്തിലേക്കും പ്രാപഞ്ചിക ചേതനയുടെ തന്നെ ഒരു കാവ്യാത്മക സൗന്ദര്യത്തിലേക്കുമാണ് നമ്മെ കൊണ്ടുചെന്നെത്തിക്കുന്നത്. ഈ അനുഭവത്തിൽ ഈശ്വരാനുഭൂതി കുടികൊള്ളുന്നുണ്ട് എന്നു കരുതുന്നതിൽ തെറ്റില്ല. ശാസ്ത്രം പരാജയപ്പെടുന്നതുകൊണ്ട് ദൈവം അനിവാര്യമാണ് എന്ന സമീപനം അത്ര അഭികാമ്യമല്ല.

> രൂപകല്പനയുടെ വക്താക്കൾ രൂപകല്പനയെ അനുമാനിക്കുന്നത് പ്രകൃതിപ്രതിഭാസങ്ങൾക്ക് ജീവവ്യൂഹങ്ങളെന്ന നിലയിൽ അത്തരം സംഗതികളുടെ ഉത്ഭവം തന്നെ വിശദീകരിക്കാൻ സാധിക്കാത്തതുകൊണ്ടല്ല, പ്രത്യുത ഈ വ്യൂഹങ്ങൾ ബുദ്ധിപൂർവ്വം രൂപകല്പന ചെയ്ത വ്യൂഹങ്ങളുടെ മുഖമുദ്രകളെല്ലാം വെളിപ്പെടു





> ത്തുന്നതുകൊണ്ടാണ്. അതായത് സംവേദനത്തിന്റെ വേറെ ഏതൊരു മേഖലയിലും ബുദ്ധിപൂർവ്വകമായ ഒരു കാരണത്തെ അംഗീകരിക്കാൻ പോന്ന സവിശേഷതകൾ അവ ഉൾക്കൊള്ളുന്നു.[7]

തത്ത്വചിന്തകനായ സ്റ്റീഫൻ മെയറുടെ ഈ വാക്കുകൾ ബുദ്ധിപൂർവ്വകമായ രൂപകല്പന (Intelligent Design) എന്ന ആശയത്തെ അതിന്റെ ശരിയായ കാഴ്ചപ്പാടിൽ പ്രതിഷ്ഠിക്കുന്നതാണ്. പാശ്ചാത്യ ചിന്താലോകത്ത് ബുദ്ധിപൂർവ്വകമായ രൂപകല്പന എന്ന ആശയം വിഖ്യാതമായ ഒരു വിവാദ വിഷയം തന്നെയാണ്. ഈ ആശയം പലപ്പോഴും പരിണാമസിദ്ധാന്തത്തിലെ ആകസ്മികതയിന്മേലുള്ള ഊന്നലിനെ ചോദ്യം ചെയ്യുന്ന ഒന്നാണ്. ജീവജാലങ്ങളിൽ നിരീക്ഷിക്കപ്പെടുന്ന സങ്കീർണ്ണസ്വഭാവങ്ങൾ കേവലം ആകസ്മികത കൊണ്ട് ഉണ്ടാവുക അസാധ്യമാണെന്നും ജീവവർഗ്ഗങ്ങളെയെല്ലാം വിഭാവനം ചെയ്ത ഒരു ശക്തിവിശേഷം ഉണ്ടായിരിക്കണം എന്നും ഈ ആശയം വാദിക്കുന്നു.

ബുദ്ധിപൂർവ്വകമായ രൂപകല്പന എന്ന ആശയം അതിൽത്തന്നെ ശാസ്ത്രവുമല്ല ദൈവശാസ്ത്രവുമല്ല എന്നു പറയുന്നതാവും കൂടുതൽ ശരി. കാരണം ശാസ്ത്ര പുരോഗതിക്കനുസൃതമായി പല നിഗൂഢതകളും സാമാന്യ ജ്ഞാനങ്ങളായി മാറിയേക്കാം. ദൈവശാസ്ത്ര ദൃഷ്ട്യാ നോക്കുകയാണെങ്കിൽ സങ്കീർണ്ണതകളുടെയോ നിഗൂഢതകളുടെയോ അഗ്രാഹ്യതകളിൽ യുക്തിഭദ്രമായ മാർഗ്ഗങ്ങളിലൂടെ മാത്രം വെളിപ്പെടുന്നത് ഈശ്വരസ്വഭാവത്തിന്റെ പരിമിതിയായിട്ടേ കണക്കാക്കേണ്ടതുള്ളു. അതുകൊണ്ടാണ് 15-ാം നൂറ്റാണ്ടു മുതൽതന്നെ പല ദൈവശാസ്ത്രജ്ഞരും ആകസ്മികതയും രൂപകല്പനയും തമ്മിൽ യാതൊരു വൈരുദ്ധ്യവും കണ്ടിരുന്നില്ല. ജീവന്റെ ഉത്ഭവത്തിലോ ജൈവവർഗ്ഗങ്ങളുടെ പരിണാമത്തിന്റെ വിവിധ ദശകളിലോ ആകസ്മികത നിർണ്ണായക സ്വാധീനം ചെലുത്തുന്നുവെങ്കിൽ, പരമ്പരാഗത വിശ്വാസം പോലെ, അത് ദൈവത്തിന്റെ അസ്തിത്വത്തിനോ ദൈവത്തിന്റെ പ്രാപഞ്ചിക ബന്ധങ്ങൾക്കോ യാതൊരു ഭീഷണിയും ഉയർത്തുന്നതല്ല. പ്രത്യുത, ദൈവസ്വഭാവത്തിന്റെ മാഹാത്മ്യത്തിലേക്ക് കൂടുതൽ വെളിച്ചം വീശുകയാണ് ചെയ്യുന്നത്. തത്ത്വജ്ഞാനിയും ദൈവശാസ്ത്രജ്ഞനുമായ തോമസ് അക്വിനാസ് പറഞ്ഞു: "എല്ലാക്കാര്യങ്ങളും അനിവാര്യതകൊണ്ട് സംഭവിച്ചതാണെങ്കിൽ അത് ലോകത്തിന്റെ പൂർണ്ണതയ്ക്കും ദൈവപരി പാലനയുടെ സ്വഭാവത്തിനും വിരുദ്ധമായിരിക്കും".[8] ഓക്സ്ഫോർഡിലെ ശാസ്ത്രജ്ഞനും ചിന്തകനുമായ ആർതർ പീക്കോക്കിന്റെ വീക്ഷണത്തിൽ, "പദാർത്ഥത്തിന്റെ അനന്തസാധ്യതകളെ സാക്ഷാത്ക

രിക്കാൻ ദൈവം തന്നെ ഉപയോഗിക്കുന്ന ഒരു ഉപാധിയാണ് ആകസ്മികത".[9]

എന്നാൽ ജീവനെന്ന പ്രതിഭാസത്തിന്റെ ആവിഷ്കാരത്തിലെ പദാർത്ഥരഹസ്യങ്ങൾക്കും പരിണാമ വിസ്മയങ്ങൾക്കും അതിഭൗതികമായ യാതൊരു പ്രസക്തിയുമില്ല എന്നു പറയുന്നത് ശാസ്ത്രീയമായ അന്ധവിശ്വാസം എന്നേ വിശേഷിപ്പിക്കാനാവൂ. സാമാന്യ ബോധത്തിന്റെ പ്രത്യക്ഷങ്ങളായ യുക്തിഭദ്രതയെ തന്നെ അവ നിഷേധിക്കുന്നു എന്നുതന്നെ ഇപ്പോഴത്തെ ശാസ്ത്ര വിജ്ഞാനത്തിന്റെ അവസ്ഥാതല ത്തിൽനിന്നും പ്രതിപാദിക്കാം. ഹാർവാർഡിലെ ബയോകെമിസ്റ്റ് ആയ ജോനാഥൻ എസ്സൻസ്റ്റാന്റെ അഭിപ്രായത്തിൽ, "ബുദ്ധിപൂർവ്വകമായ രൂപകല്പന എന്ന ആശയം ചർച്ച ചെയ്യുവാൻപോലും യോഗ്യമല്ല, കാരണം അവ പരിണാമ സിദ്ധാന്തത്തിന്റെ പരിമിതികളെ ദുരുപയോഗം ചെയ്യുന്ന യാഥാസ്ഥിതിക മതവ്യവസ്ഥിതിയുടെ ഉല്പന്നമാണ്".[10] റിച്ചാഡ് ഹാൾവോസൺ ഈ കാഴ്ചപ്പാടിനെ വിശേഷിപ്പിച്ചത്, "ആനുകാലിക സമൂഹത്തിലെ ക്ഷമാർഹമല്ലാത്ത പാഷണ്ഡത" എന്നാണ്. "മദ്ധ്യകാല യൂറോപ്പിൽ സഭയുടെ സത്യങ്ങളെ ചോദ്യം ചെയ്യുന്നതിൽനിന്നും കർഷകരെ വിലക്കിയിരുന്നു. കമ്യൂണിസത്തിന്റെ കീഴിൽ പാർട്ടിയെ സംശയിക്കുന്നവരെ അടിമകളാക്കിയിരുന്നു. ഇപ്പോൾ ഡാർവിനിസത്തിന്റെ തത്ത്വങ്ങളെ പൗരന്മാർ നിർബന്ധിത വിദ്യാഭ്യാസം വഴി ഏറ്റുപറയേണ്ടിവന്നിരിക്കുന്നു".[11] ശാസ്ത്രത്തിന്റെ ദർശനശുഷ്കതയെ ഒറ്റിക്കൊടുക്കുന്ന ശരാശരി നിലവാരം മാത്രമുള്ള താത്വിക മുൻവിധികൾക്കേ രൂപകല്നയെ അടിസ്ഥാന പരമായി നിഷേധിക്കാനാവൂ.

1953-ൽ ഡി.എൻ.എ യുടെ ഘടന കണ്ടുപിടിച്ച ഫ്രാൻസിസ് ക്രിക്ക് പറഞ്ഞു: "ദൈവം എന്ന പരികല്പനയെ എഴുതിത്തള്ളണം".[12] ഡി.എൻ.എ. യുടെ രഹസ്യങ്ങളെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കിയ ഹ്യൂമൻ ജീനോം പ്രോജക്ടിന്റെ ഡയറക്ടർ ഫ്രാൻസിസ് കോളിൻസ് 2003-ൽ പറഞ്ഞു: "തനിക്ക് കൂട്ടായ്മ സാധിക്കുന്ന ഒരു വർഗ്ഗത്തെ സൃഷ്ടിക്കുവാൻ ദൈവം തീരുമാനിച്ചു. പരിണാമം എന്നത് അതു ചെയ്യുവാനുള്ള ബധിരമായ ഒരു മാർഗ്ഗമാണെന്ന് ആരു പറഞ്ഞു? അതുല്യമാംവിധം സുന്ദരമായ ഒരു മാർഗ്ഗമാണത്".[13] ഈ അവബോധമായിരുന്നിരിക്കാം ചെറുപ്പകാലത്ത് നിരീശ്വരനായിരുന്ന ഫ്രാൻസിസ് കോളിൻസിനെ ഈശ്വരവിശ്വാസത്തിലേക്ക് നയിച്ചത്. ഡി.എൻ.എ. യിൽ നടത്തിയ ഗവേഷണങ്ങളെപ്പറ്റി അദ്ദേഹം തുറന്നു പ്രസ്താവിക്കുകയുണ്ടായി.





"മുൻപ് ദൈവം മാത്രം അറിഞ്ഞിരുന്ന കാര്യങ്ങൾ ഇപ്പോൾ മാനവരാശി മനസ്സിലാക്കിയിരിക്കുന്നു എന്ന വസ്തുതയിൽ എനിക്കു ഒരുതരം അത്ഭുതം തോന്നുന്നു. ജീവന്റെ ആത്മീയ മാനത്തെ അംഗീകരി ക്കാൻ എന്നെ സഹായിക്കുന്ന ആഴമേറിയ ഒരു ചലനാത്മക വികാരമാണിത്".[14]

ജീവിതകാലം മുഴുവൻ ശാസ്ത്രീയ നിരീശ്വരവാദത്തിന്റെ കരുത്തുറ്റ വക്താവായിരുന്നു ഓക്സ്ഫോർഡിലെ ഫിലോസഫറായ ആന്റണി ഫ്ള്യൂ. ഡി.എൻ.എ. യുമായി ബന്ധപ്പെട്ട പുതിയ കണ്ടുപിടുത്ത ങ്ങളുടെ വെളിച്ചത്തിൽ ജീവന്റെ ആവിഷ്കാര പാതയിൽ ഒരു അതിപ്രജ്ഞയുടെ സാന്നിദ്ധ്യത്തെ അംഗീകരിക്കേണ്ടിയിരിക്കുന്നു എന്ന അദ്ദേഹത്തിന്റെ 2004 ലെ പ്രസ്താവന മാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടുകൂടിത്തന്നെ റിപ്പോർട്ടു ചെയ്യുകയുണ്ടായി. ഇതെല്ലാം സൂചിപ്പിക്കുന്നത് ആകസ്മികത കൊണ്ടായാലും രൂപകല്പനകൊണ്ടായാലും ജീവന്റെ ഉത്ഭവത്തിലെ അതിസ്വാഭാവിക വിസ്മയങ്ങളുടെ നേർക്ക് കണ്ണടയ്ക്കുവാൻ ശാസ്ത്രത്തിന് ഒരിക്കലും സാധ്യമല്ല എന്നാണ്.

## കുറിപ്പുകൾ


1. *Matt Ridley, Genome - The Autobiography of a Species ( London: Fourth Estate, 1999), p.15.*
2. *Gerald L. Schroeder, The Hidden Face of God (New York: Touchstones, 2001), p.70.*
3. *Karl popper, "Reduction and the Essential Incompleteness of All Science, "Studies in the philosophy of Biology, eds; Francisco Jose Ayala and Theodosina Dobzhansky, 1974, p. 271.*
4. *David Koerner & Simon Leavy, Here Be Dragons - A Scientific Quest for Extrsterrestrials (New York: Oxford University press, 2000), p.32.*
5. *Cited in Peter Atkins, Galileo's Finger - The Great Ideas of Science (New York: Oxford University press, 2003), p.45.*
6. *"From Primoridal Soup to the Pre-biotic Beach,"Interview with Stanley Miller by Sean Henahan, October1996; web:www.accessexcellence.org/ WN/NM/ miller.html.*
7. *Denyse O'Leary, By Design or by Chance - The Growing Controversy on the Origins of life in the Universe (Minneapolis:Augusburg Books, 2004),p.210.*
8. *Thomas Aquinas, Summa Theologica, I, Ques.105, art. 5.*

*9. See Jaques Monod's discussion of Peacocke in chance and Necessity (New York: Vintage Books,19720),p.76.*
*10. Jonathan H. Esenten, "Death to Intelligent Design," The Crimson (March 32, 2003). Http:www. thecrison.com/article.aspx?ref=347206.*
*11. Richard C.Halvorson,Confession of a Skeptic," The Crimson (April 7, 2003). http:www. thecrimpson.com/article.aspex?ref=347399.*
*12. See Roger Highfield, "DNA Pioneers Lash out at Religion,"London Daily Telegraph (March 24,2003).Cited in Denyse O'Leary, p.85.*
*13. See "Do our Genes Reveal the Hand of God," A Daily Telegraph "Science in the News" feature (March 20,2003), http://www.science - writer. co.uk./news- and-pr/headline-mar-25-03-1.html.*
*14. The actual saying goes, " I experience a sense of awe at the realization that humanity now knows something only God knew before. It is a deeply moving sensation that helps me appreciate the spiritual side of life". Cited in Augustine Pamplany, Cosmos, Bios and Theos - Introduction to philosophy of Science, Scientific Cosmology and Scien - Religion Dialogue (Aluva: Institute of Science and Religion 2003), p.138.*



# 06

# മതങ്ങളിലെ മനുഷ്യദർശനം

## ആമുഖം

മനുഷ്യൻ എന്നും ദൈവാന്വേഷിയായിരുന്നു. വീശിയടിക്കുന്ന കൊടുങ്കാറ്റിലും അതിരുകളില്ലാത്ത സാഗരസമൃദ്ധിയിലും ദൈവീകത ദർശിക്കുന്ന മനുഷ്യനെ ദൈവാന്വേഷണചരിത്രത്തിന്റെ ആദ്യഘട്ടത്തിൽ കണ്ടുമുട്ടുവാൻ കഴിയും. സാവധാനം പരമനിഗൂഢതയായ ദൈവികസത്തയെക്കുറിച്ചുള്ള അവന്റെ അറിവ് വളർന്നു. ദൈവാന്വേഷണങ്ങൾ ദൈവാനുഭവങ്ങൾക്ക് നിമിത്തമായി *ദെവത്തെക്കുറിച്ചറിഞ്ഞവരൊക്കെ അവരുടേതായ ഭാഷയിൽ അവ വിവരിച്ചു തുടങ്ങി. അങ്ങനെ വ്യത്യസ്ത മതങ്ങൾക്ക് ഉദയമായി. ഓരോ മതവും അവയുടെ വിശ്വാസസംഹിതകളനുസരിച്ച് മനുഷ്യനെന്ന രഹസ്യത്തിന്റെ ചുരുളഴിക്കുവാൻ പരിശ്രമിച്ചു. ഹൈന്ദവമതവും ക്രൈസ്തവമതവും ഇസ്ലാംമതവുമെല്ലാം മനുഷ്യനെ ദർശിക്കുന്നത് അവരുടേതായ വീക്ഷണകോണിലൂടെയാണ്. സൃഷ്ടിയുടെ മകുടമായി ക്രൈസ്തവമതം മനുഷ്യനെ കാണുമ്പോൾ, മനുഷ്യജീവിതത്തിലെ ദുഃഖവും അതിന്റെ പരിഹാരമാർഗ്ഗങ്ങളുമാണ്, ബുദ്ധമതത്തിൽ മനുഷ്യനെക്കുറിച്ചുള്ള മുഖ്യ

പ്രമേയം. ഹിന്ദുപുരാണങ്ങൾ മനുഷ്യന്റെ ഉത്ഭവം ബ്രഹ്മനിൽ നിന്നെന്ന് വിശ്വസിക്കുമ്പോൾ, ഇസ്ലാംമതം സകലചരാചരങ്ങളുടെയും സ്രഷ്ടാവായ അല്ലാഹുവിനെ തത്സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. ഇപ്രകാരം വിവിധമതങ്ങളിൽ കാണുന്ന മനുഷ്യദർശനങ്ങളുടെയും സങ്കൽപ്പങ്ങളുടെയും അവലോകനമാണ് ഈ അധ്യായം.

## യഹൂദമനുഷ്യദർശനം

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മനുഷ്യനെ സൃഷ്ടിച്ചതെന്ന് യഹൂദർ വിശ്വസിക്കുന്നു. മനുഷ്യൻ സ്രഷ്ടാവിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട സൃഷ്ടിയായതിനാൽ സൃഷ്ടിയുടെ മകുടമാണ്. തന്റെ ഛായയിൽ സൃഷ്ടിച്ചതുകൊണ്ടാണ് മറ്റു ജീവികളിൽ നിന്നും വ്യത്യസ്തമായി, ചിന്തിക്കാൻ ബുദ്ധിയും, പ്രവർത്തിക്കാൻ ഇച്ഛാശക്തിയും, വികാരങ്ങൾ പ്രകടിപ്പിക്കാനുള്ള കഴിവും ദൈവം മനുഷ്യന് നൽകിയിരിക്കുന്നത്. മനുഷ്യൻ തന്റെ കഴിവുകൾ അവയുടെ പൂർണ്ണതയിൽ ഉപയോഗിച്ച് ദൈവേഷ്ടം പോലെ ജീവിച്ച് മറ്റു ജീവികളുടെമേൽ ആധിപത്യം പുലർത്തി ജീവിക്കണമെന്നാണ് സ്രഷ്ടാവിന്റെ ഇഷ്ടം.

സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞനും സ്രഷ്ടാവുമായ യാഹ്വേയുടെ കല്പനകൾ പാലിച്ച് ജീവിക്കുകയാണ് യഹൂദർക്ക് മതജീവിതം. യാഹ്വേ എന്നാൽ, ആയിരിക്കുന്നവൻ എന്നാണ് അർത്ഥം. യഹൂദമനുഷ്യദർശനമനുസരിച്ച് മനുഷ്യന് രണ്ടു തരം സ്വഭാവങ്ങളുണ്ട്. ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേയ്ക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ അവൻ ജീവനുള്ളവനായിത്തീർന്നു (ഉൽപത്തി 2:7). പൂഴികൊണ്ട് രൂപപ്പെടുത്തിയതിനാൽ ഭൗതികസ്വാഭാവവും ദൈവം നിശ്വസിച്ചതിനാൽ ആത്മീയസ്വഭാവവും മനുഷ്യനുണ്ട്. എന്നാൽ അവൻ വ്യത്യസ്തങ്ങളായ രണ്ട് പ്രതിഭാസങ്ങൾ ഉൾക്കൊള്ളുന്ന ദ്വൈതഭാവമല്ല, പ്രത്യുത സമഞ്ജസമായി സമ്മേളിക്കപ്പെട്ട മൂന്നാമതൊരു സൃഷ്ടിയായിട്ടാണ് യഹൂദർ മനുഷ്യനെ അവതരിപ്പിക്കുന്നത്. മനുഷ്യനെ "അഫേഷ്" എന്ന് വിളിക്കുന്നു; 'ജീവനുള്ള ദേഹി.' ഇത് ഏകീഭൂതമായ ആളത്തമാണ്. ഈ ആളത്തത്തിന്റെ പൂർണ്ണതയ്ക്കായി പുരുഷന്റെ വാരിയെല്ലിൽ നിന്നും സ്ത്രീ സൃഷ്ടിക്കപ്പെട്ടു. അതിനാൽ പൂർണ്ണ മനുഷ്യർ ബഹുമുഖമാണ് അഥവാ സാമൂഹ്യപരമാണ്. മനുഷ്യസത്തതന്നെയാണ് സ്ത്രീയും പങ്കിടുന്നത്.





ഭൗതിക മനുഷ്യനെപ്പറ്റി വേദപുസ്തകം പറഞ്ഞിരിക്കുന്നത്, പൊടിയിൽനിന്നും രൂപപ്പെട്ടവൻ പൊടിയിലേയ്ക്ക് തന്നെ മടങ്ങും എന്നാണ്. പക്ഷേ, അവന്റെ ആത്മീയ ഘടകത്തിന് അന്ത്യമില്ല, അത് നിത്യമാണ്. ജീവിതം ഒന്നേയുള്ളൂ. യഥാർത്ഥ അർത്ഥത്തിൽ മരണം എന്നൊന്നില്ല. ഭൗതിക മനുഷ്യൻ പൊടിയാകാനുള്ള ഒരു പ്രക്രിയ മാത്രമാണ് മരണം. മരണം ജീവിതത്തിന്റെ അന്ത്യമാകുന്നില്ല. യഹൂദ നിയമങ്ങൾ മൃതശരീരങ്ങളെ പോസ്റ്റുമാർട്ടം ചെയ്യുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

പുരാതന യഹൂദവിശ്വാസമനുസരിച്ച് മരണശേഷം പാതാളത്തിലേയ്ക്കാണ് എല്ലാവരും ചെന്നുചേരുന്നത്. നിശ്ചലവും പ്രകാശരഹിതവുമായ ആ സ്ഥലത്ത്, നല്ലവരും മോശമായവരും എത്തിപ്പെടുന്നു. പക്ഷേ ദാനിയേൽ, മക്കബായർ, വിജ്ഞാനം എന്നീ ഗ്രന്ഥങ്ങളിലൂടെ മരണാനന്തര വിധിയിലും പുനരുത്ഥാനത്തിലും യഹൂദർ വിശ്വസിച്ചു തുടങ്ങി. യഹൂദമതത്തിനുവേണ്ടി മരിക്കുന്നവരുടെ പുനരുത്ഥാനവും അന്തിമവിജയവും ഈ പുസ്തകങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടികളെയും സമന്വയിപ്പിച്ച് നിർത്തുന്നത് മനുഷ്യനാണ്; തുടർന്നുള്ള സൃഷ്ടിയിൽ ദൈവത്തിന്റെ പങ്കാളിയായിരിക്കാനും ഭൂമിയിൽ സ്വർഗ്ഗരാജ്യം വരുത്താനുമാണ് മനുഷ്യനെ സൃഷ്ടിച്ചത്.

ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനതയാണ് തങ്ങളെന്ന് യഹൂദർ വിശ്വസിക്കുന്നു; ബാക്കിയുള്ളവരെല്ലാം വിജാതീയരും നശിച്ചുപോകാനുള്ളവരുമാണ്. തങ്ങൾക്ക് ദൈവം വാഗ്ദാനം ചെയ്ത രക്ഷകൻ വരാനിരിക്കുന്നുവെന്നും യഹൂദർ വിശ്വസിക്കുന്നു. യഹൂദർക്ക് തങ്ങളുടെ സമുദായത്തെപ്പറ്റിയുള്ള മനുഷ്യസങ്കല്പമല്ല മറ്റുള്ളവരോടുണ്ടായിരുന്നത്. യഹൂദർക്ക് മനുഷ്യൻ നിയമങ്ങളനുസരിച്ച് ജീവിക്കേണ്ടവനാണ്. വേദപുസ്തകത്തിലെ ആദ്യത്തെ പുസ്തകങ്ങളായ ഉൽപത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നിവ ഉൾപ്പെടുന്ന തോറയാണ് അവരുടെ നിയമപുസ്തകം. നിയമത്തിലുള്ള ഭക്തിയും വിശ്വാസവും കൊണ്ടാണ് യഹൂദർ അവരുടെ വീടുകളിലും, വസ്ത്രങ്ങളിലും, നെറ്റിയിലും, കൈത്തണ്ടയിലുമെല്ലാം നിയമങ്ങൾ എഴുതി സൂക്ഷിക്കുന്നത്.

യഹൂദ മാനവീയ വീക്ഷണത്തിൽ, സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനെ ആറായി തരം തിരിക്കാം. സംയോജിത മനുഷ്യൻ, വിയോജിത മനുഷ്യൻ, സ്വതന്ത്ര മനുഷ്യൻ, സാമൂഹ്യ മനുഷ്യൻ, സാമാന്യ മനുഷ്യൻ, ആദർശ മനുഷ്യൻ. ഈശ്വരന്റെയും

പ്രകൃതിയുടെയും സംയോജിത അവസ്ഥയാണ് സംയോജിത മനുഷ്യൻ. ഈ സംയോജിത അവസ്ഥയിൽ നിന്നും മാറി ഈശ്വരനോട് ആഭിമുഖ്യം കുറഞ്ഞ് പ്രകൃതിയോടു മാത്രം ആഭിമുഖ്യം പുലർത്തി ജീവിക്കുന്നവനാണ് വിയോജിത മനുഷ്യൻ. ഈശ്വരനോടും പ്രകൃതിയോടും ഒരുപോലെ ആഭിമുഖ്യം പുലർത്തി, കടപ്പാടുകൾ നിറവേറ്റുന്ന മനുഷ്യനാണ് സ്വതന്ത്ര മനുഷ്യൻ. ദൈവത്തിന്റെയും പ്രകൃതിയുടെയും നിയമങ്ങൾ നിറവേറ്റി ജീവിക്കുന്ന സ്വതന്ത്രമനുഷ്യനിൽ സാമൂഹ്യഭാവം ജന്മസിദ്ധമാണ്. അതിനാൽ സ്വതന്ത്ര മനുഷ്യൻ ഒരു സാമൂഹ്യ മനുഷ്യൻ കൂടിയാണ്. പ്രാപഞ്ചികനായ മനുഷ്യൻ താല്ക്കാലികനും, അസ്ഥിരനും, മാറ്റത്തിനു വിധേയനുമാണ്. അതിനാൽ പ്രപഞ്ചത്തോടുള്ള ബന്ധം നഷ്ടപ്പെടുത്താതെ തങ്ങളുടെ അപൂർണ്ണതയിലും ജീവിതപരാജയത്തിലും ഈശ്വരനെ ആശ്രയിക്കുന്നവനാണ് സാമാന്യ മനുഷ്യൻ. ആത്യന്തിക ലക്ഷ്യപ്രാപ്തിക്കുവേണ്ടി സ്വധർമ്മം നിറവേറ്റുവാൻ പരിശ്രമിക്കുന്ന സാമാന്യ മനുഷ്യനാണ് ആദർശ മനുഷ്യൻ. മനുഷ്യനിൽ ആറ് സവിശേഷ ഗുണങ്ങൾ ഉണ്ടായിരിക്കണം: പ്രത്യേക സാമർത്ഥ്യം, സമ്പത്ത്, ശത്രുവിനെ ജയിക്കാനുള്ള കഴിവ്, സരളസംസാരം, ആകർഷകമായ ആകാരം, ദൈവഭക്തി എന്നിവയാണവ.

യഹൂദ ദർശനമനുസരിച്ച് വ്യത്യസ്തമായ പ്രവൃത്തികളാണ് മനുഷ്യൻ ചെയ്യുന്നതെങ്കിലും എല്ലാ മനുഷ്യരും ദൈവത്തിന്റെ പദ്ധതി നടപ്പിലാക്കാനുള്ള ഉപകരണങ്ങൾ മാത്രമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മനുഷ്യനിലൂടെ പ്രവർത്തിക്കുന്നത് ദൈവം തന്നെയാണ്. ഇവിടെ ഒരു യാഥാർത്ഥ്യമേയുള്ളൂ, നിത്യമായ അതിരുകളില്ലാത്ത ദൈവം. മനുഷ്യൻ മനസ്സു തുറന്നു നോക്കിയാൽ ദർശിക്കുന്നത് ദൈവത്തിന്റെ ഛായയിലുള്ള മനുഷ്യനെയല്ല; മറിച്ച്, ദൈവത്തെതന്നെയാണ്.

## ക്രിസ്തുമത മനുഷ്യദർശനം

ക്രൈസ്തവ ദർശനത്തിൽ മനുഷ്യൻ ജീവോന്മുഖ സത്തയാണ്. സൃഷ്ടിയുടെ നാഴികക്കുടമായ അവൻ പ്രപഞ്ചത്തിന്റെ കേന്ദ്രമാണ് (ഉൽപ.1:26). മനുഷ്യനെ സ്വന്തം ഛായയിലും സാദൃശ്യത്തിലുമാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത് (ഉൽപ 1:26). ഇത് ഉദ്ദേശിക്കുന്നത്, മനുഷ്യൻ ലോകത്തിൽ ഈശ്വര സ്വരൂപമാണെന്നും ദൈവത്തിന്റെ ഛായ മനുഷ്യന്റെ ശാരീരിക പ്രകൃതിയിലല്ല, മറിച്ച്, ബുദ്ധിയും സ്വതന്ത്രമായ ഇച്ഛാശക്തിയുമുള്ള ആത്മാവിന്റെ സാന്നിദ്ധ്യത്തിലൂടെയാണ് വെളിവാകുന്നതെന്നുമാണ്. ഈ ആത്മാവ് ശരീരത്തിനെതിരായ യാഥാർത്ഥ്യമല്ല. മനുഷ്യജീവന്റെ ഉറവിടവും ദൈവ





ചൈതന്യവും ഈ ആത്മീയ ശക്തിയാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖയിൽ ആധുനിക ഹ്യൂമനിസത്തിന്റെ നൂതന കാഴ്ചപ്പാടും ദൈവവിജ്ഞാനത്തിലെ പുതുചലനങ്ങളും കൂട്ടിയൊരുക്കി മനുഷ്യന്റെ സമഗ്രമായ രൂപം വരച്ചുകാട്ടുന്നുണ്ട്. മനുഷ്യമഹത്വത്തിന്റെ പൂർണ്ണത അടങ്ങിയിരിക്കുന്നത് സ്വാതന്ത്ര്യത്തിലാണ്. ബുദ്ധിയെയും ഇച്ഛാശക്തിയെയും വികാരങ്ങളെയും സ്വതന്ത്രമായി കൈകാര്യം ചെയ്യാനുള്ള സിദ്ധി മനുഷ്യനെ ഇതരജീവികളിൽ നിന്ന് വേർപെടുത്തുന്നു. അതിനാൽ മനുഷ്യമഹത്വം അതിന്റെ പൂർണ്ണതയിലെത്തുന്നത് പരസ്പരമുള്ള സ്നേഹത്തിലാണ്. ഈശ്വരസാന്നിദ്ധ്യം നിറഞ്ഞ മനുഷ്യൻ ദൈവവുമായി അഭേദ്യമായ ബന്ധം പുലർത്തണം. ഇതു സാധിക്കുന്നത് അനുദിനജീവിതത്തിൽ ദൈവസാന്നിദ്ധ്യം നിലനിർത്തികൊണ്ടുതന്നെയാണ്. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റി തന്റെ ഉന്നമനത്തിനായി പരിശ്രമിക്കുമ്പോൾ അവനിലുള്ള ദൈവത്തിന്റെ സാരൂപ്യം വികസിക്കുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ മുന്നിൽ കേവലം ഒരു സൃഷ്ടി മാത്രമാണ് മനുഷ്യൻ. അതുകൊണ്ട് ദൈവവുമായി ഗാഢമായ ബന്ധത്തിലാണ് അവൻ. ഈ ബന്ധത്തെ ആശ്രയിച്ചാണ് അവൻ ജീവിതം കരുപ്പിടിക്കുന്നത്. ഈ ബന്ധത്തെ ശ്രേഷ്ഠതയിലേക്കുയർത്തുന്നത് അവന്റെ വിശുദ്ധജീവിതമാണ്. ഈ ജീവിതമാണ് ദൈവത്തിന് അവനിൽ പ്രവർത്തിക്കാനുള്ള അവസരമായി തീരുന്നത് (ഉൽപ.17:1) അവിടുന്ന് ഓരോ മനുഷ്യനിൽ നിന്നും പ്രത്യുത്തരം ആവശ്യപ്പെടുന്നു (മത്താ.5:48).

## മനുഷ്യന്റെ ഘടന

ആത്മശരീരങ്ങളോടെ നിർമ്മിതമാണ് മനുഷ്യനെങ്കിലും അവൻ അവിഭാജ്യനാണ്. തന്റെ ശാരീരികഘടനയിലൂടെ ഭൗതികലോകത്തിന്റെ അംശങ്ങൾ അവൻ തന്നിൽ സമാഹരിക്കുന്നു. അങ്ങനെ മനുഷ്യനിലൂടെ അവ മകുടമണിയുന്നു; സ്വതന്ത്രമായി സ്രഷ്ടാവിനെ സ്തുതിക്കുന്നു. അതിനാൽ മനുഷ്യൻ തന്റെ ശാരീരികജീവിതത്തെ അവഗണിക്കാൻ പാടില്ല. മറിച്ച് തന്റെ ശരീരത്തിന്റെ ശ്രേഷ്ഠതയോടുകൂടി ദൈവത്തെ സ്തുതിക്കാനാണ് അവൻ പരിശ്രമിക്കേണ്ടത്. സ്വശരീരത്തെ വിലമതിക്കാനും ശരീരത്തിന്റെ ദുർവാസനകളെ സേവിക്കാതിരിക്കാനും മനുഷ്യന്റെ വ്യക്തിമാഹാത്മ്യം ആവശ്യപ്പെടുന്നു. തന്റെ ഹൃദയാന്തരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ, തന്റെ അകക്കണ്ണ് തുറക്കുമ്പോൾ, അവൻ കണ്ടെത്തുന്നു; തന്നെ കാത്തിരിക്കുന്ന ഹൃദയങ്ങൾ പരിശോധിക്കുന്ന ദൈവം

അവിടെ അവനെ കാത്തിരിക്കുന്നു എന്ന്. ആ മഹാസാന്നിധ്യത്തിന്റെ മുമ്പിൽ തന്റെ ശരിയായ ഭാഗധേയം മനുഷ്യൻ വിവേചിച്ചറിയുന്നു. അങ്ങനെ പദാർത്ഥാക്തിതവും ശ്രേഷ്ഠവുമായ ആത്മാവിനെ തന്നിലേക്ക് അവൻ അംഗീകരിക്കുമ്പോൾ വെറും കായികവും സാമൂഹികവുമായ സ്വാധീന വലയങ്ങളിൽ നിന്നും ഉയിർക്കൊള്ളുന്ന സങ്കൽപ്പങ്ങളാൽ അവൻ വഞ്ചിതനാകുന്നില്ല.

## മനുഷ്യന്റെ പതനം

ദൈവം മനുഷ്യന് അസ്തിത്വം നൽകിയത് തന്റെ ഛായാസാദൃശ്യത്തിലാണ്. സ്വതന്ത്ര്യത്തെ ദുരുപയോഗിച്ച് അവൻ ദൈവത്തിന്റെ പദ്ധതികൾക്കെതിരായി പ്രവർത്തിച്ചു. ദൈവത്തെ പോലെ ആകാനുള്ള അവന്റെ അഭിലാഷം അവനെ അധഃപതനത്തിലേക്ക് നയിച്ചു. അങ്ങനെ ദൈവത്തിന് മനുഷ്യനോടുള്ള ആദ്യചോദ്യമുണ്ടായി. മനുഷ്യാ നീ എവിടെയാകുന്നു? (ഉൽപ 3:9) മനുഷ്യൻ ഓരോ പാപങ്ങൾ ചെയ്യുമ്പോഴും ഈ ചോദ്യം ആവർത്തിക്കപ്പെടുന്നു. ആദ്യ പാപം വഴി അവന്റെ ജീവിതത്തിലേക്ക് അസ്വസ്ഥതയും ക്ലേശവും കടന്നുവന്നു (ഉൽപ 3:17). ഈ ആദ്യപാപം മനുഷ്യന് ആന്തരിക ലക്ഷ്യത്തിലേക്കെത്തിച്ചേരാൻ വിഘാതമായിത്തീർന്നു. അവന്റെ മനസ്സ് സ്രഷ്ടാവിനു പകരം സൃഷ്ടിയെ സേവിച്ചു. തന്നോടും മറ്റുള്ളവരോടും എല്ലാ സൃഷ്ടവസ്തുക്കളോടുമുള്ള ഐക്യബന്ധത്തിൽ നിന്ന് മനുഷ്യൻ പുറംതള്ളപ്പെട്ടു. അവന്റെ രക്ഷയ്ക്കായും നഷ്ടപ്പെട്ട പറുദീസ സ്വപ്നത്തിലേയ്ക്കും അവനെ സ്വതന്ത്രനും ശക്തനുമാക്കാൻ ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു (ഉൽപ 3:15).

## ആദർശ മനുഷ്യൻ

ദൈവത്തിന് തങ്ങളെത്തന്നെ സമർപ്പിച്ചവനാണ് ആദർശമനുഷ്യൻ. വി. മത്തായിയുടെ സുവിശേഷം 5-ാം അധ്യായത്തിൽ ഒരു ആദർശമനുഷ്യനുണ്ടായിരിക്കേണ്ട ഗുണങ്ങൾ വിവരിക്കുന്നുണ്ട്. സമ്പത്തിലാശ്രയിക്കാതെ സ്വന്തം കഴിവുകളെ ഊന്നു വടികളാക്കാതെ ദൈവത്തിൽ മാത്രം ആശ്രയിക്കുന്നവർ ആത്മാവിൽ ദരിദ്രരായവരും (മത്താ 5:8) ശിശുക്കളുടെ നിഷ്കളങ്കതയോടെ ജീവിക്കുന്നവരും ഹൃദയശുദ്ധിയുള്ളവരും (മത്താ 5:8) ശാന്തശീലരും (മത്താ 5:4) സമാധാനപാലകരും (മത്താ 5:6-9) കാരുണ്യവാന്മാരും (5:7) ആദർശ മനുഷ്യരായി കാണപ്പെടുന്നു. ഈ പോരാട്ടത്തിനായി പീഡകൾ ഏൽക്കേണ്ടി വരും (മത്താ 5:11). ഇതിനെയൊക്കെ അതിജീവിക്കുന്നവനാണ് ആദർശ മനുഷ്യൻ.





## മനുഷ്യന്റെ അന്ത്യം

മരണത്തിന്റെ മുൻപിലാണ് മനുഷ്യൻ നിഷ്ക്രിയനാകുന്നത്. മരണം മനുഷ്യന്റെ പ്രകൃതമാണെങ്കിലും ക്രൈസ്തവവിശ്വാസങ്ങൾക്കനുസരിച്ച് മരണം പാപത്തിന്റെ ശമ്പളമാണ് (റോമാ 6:23, ഉൽപ 2:17, 3:3, 3:19 ജ്ഞാനം 1:13). പാപം ചെയ്തില്ലായിരുന്നുവെങ്കിൽ ശാരീരികമായ മരണം തന്നെ ഉണ്ടാകുമായിരുന്നില്ല. സ്വന്തം ചെയ്തികളാൽ നാശത്തിന്റെ പടുകുഴിയിലേയ്ക്ക് കൂപ്പുകുത്തിയ മനുഷ്യനെ, അവന്റെ പൂർണ്ണതയിലേയ്ക്ക്, സർവ്വശക്തനും കരുണാസമ്പന്നനുമായ രക്ഷകൻ, നാശത്തിന്റെ ഗർത്തത്തിൽ നിന്ന് ഉയർത്തുമ്പോൾ മരണം കീഴ്പ്പെടും. മനുഷ്യന്റെ മുഴുവൻ അസ്ഥിത്വത്തോടുകൂടി തന്റെ സ്രഷ്ടാവിൽ പറ്റിച്ചേരാനാണ് അവിടുന്നു മനുഷ്യനെ വിളിക്കുന്നത്. ജീവനിലേയ്ക്ക് പുനരുത്ഥാനം ചെയ്തപ്പോൾ ക്രിസ്തു മരണത്തിന്മേൽ വിജയം നേടിയെടുത്തു. അവിടുന്നു തന്റെ മരണത്തിലൂടെ മനുഷ്യനെ മൃത്യുവിൽ നിന്ന് മോചിപ്പിച്ചു. ക്രിസ്തു മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തതു പോലെ അന്ത്യദിനത്തിൽ മനുഷ്യരെല്ലാവരും ഉത്ഥാനം ചെയ്യും എന്നത് ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമാണ് (യോഹ 6:39-40, 5:29). നന്മ ചെയ്തവർ ജീവന്റെ ഉയർപ്പിനായും തിന്മ ചെയ്തവർ അന്ത്യവിധിയുടെ ഉയർപ്പിനായും, ക്രിസ്തുവിന്റെ ഉയർപ്പിന്റെ ശക്തിയാൽ, കല്ലറയിൽ നിന്നും പുറത്തുവരും (ലൂക്ക 24:39), (ഫിലി 3:21), (1 കൊറി 15:44) എന്ന് ബൈബിൾ പഠിപ്പിക്കുന്നു.

## ക്രിസ്തു പൂർണ്ണമനുഷ്യൻ

ദൈവപുത്രനായ ക്രിസ്തുവിന്റെ മനുഷ്യാവതാരം മനുഷ്യനെ സമുദ്ധരിച്ച് മനുഷ്യജീവിതത്തിന് അർത്ഥവും പ്രസക്തിയും പ്രദാനം ചെയ്യുന്നു. ആദ്യമനുഷ്യനായ ആദം വരാനിരിക്കുന്ന ക്രിസ്തുവിന്റെ പ്രതിരൂപമായിരുന്നു. രണ്ടാമത്തെ ആദമായ ക്രിസ്തു. ദൈവസ്നേഹത്തിന്റെ അധിഷ്ഠിതരൂപമായ തന്നിലൂടെ സ്വർഗ്ഗീയ പിതാവിനെ മനുഷ്യനു വെളിപ്പെടുത്തുകയും ചെയ്തു. അദൃശ്യ ദൈവത്തിന്റെ പ്രതിരൂപമായ (കൊളോ 1:15) അവിടുന്നുതന്നെ പരിപൂർണ്ണ മനുഷ്യനാണ്.

മനുഷ്യനെ ക്രിസ്തുരഹസ്യത്തിന്റെ വെളിച്ചത്തിലാണ് ക്രിസ്തുമതം വീക്ഷിക്കുന്നത്. ലോക രക്ഷകനായി അവതാരം ചെയ്ത ക്രിസ്തു ലോകത്തിനു നൽകിയത് പുതിയൊരു ജീവനാണ്. ലോകം ക്രിസ്തുവിന് നൽകിയ ശരീരത്തെ അവിടുന്ന് ഉത്ഥാനത്തിലെത്തിച്ചു. അതുപോലെ പ്രപഞ്ചം മുഴുവൻ യുഗാന്ത്യത്തിൽ രൂപാന്തരം

പ്രാപിക്കുമെന്ന് ക്രൈസ്തവൻ വിശ്വസിക്കുന്നു. ലോകത്തെ ദൈവീക ജീവനിലേക്കു നയിക്കുവാനാണ് ദൈവം മനുഷ്യനു ജന്മം നൽകിയത്. അതിനാൽ മനുഷ്യൻ തന്നെയാണ് ലോകത്തിന്റെ അർത്ഥവും ലക്ഷ്യവും.

## മനുഷ്യ സമീക്ഷ ബൈബിളിൽ

യഹൂദരുടെയും ക്രൈസ്തവരുടെയും മതാനുഭവങ്ങളുടെ ആലേഖനമായ ബൈബിൾ മനുഷ്യന്റെ സമഗ്രമായൊരു ചിത്രം വരച്ചു കാട്ടുന്നുണ്ട്. "മനുഷ്യനെ ദൈവം സ്വന്തം ഛായയിൽ സൃഷ്ടിച്ചു" (ഉൽപ 1.27) എന്ന ആദ്യ അധ്യായത്തിലെ പ്രസ്താവന തന്നെ ബൈബിളിലെ മനുഷ്യ സമീക്ഷയുടെ ഉച്ചകോടിയാണ്. ഇതിനു പിന്നിൽ മനുഷ്യനെക്കുറിച്ചുള്ള വ്യക്തമായ ഒരവബോധം കുടികൊള്ളുന്നുണ്ട്. ഇസ്രായേൽക്കാർ പൊതുവെ മൃഗസംരക്ഷകരായിരുന്നു. മൃഗങ്ങളുമായി ചിലകാര്യങ്ങളിൽ മനുഷ്യന് സാമ്യമുണ്ടെങ്കിലും അവയ്ക്കുപരിയൊരു മഹത്വം മനുഷ്യനുണ്ടെന്ന് അവർ കരുതിയിരുന്നു. മൃഗവും മനുഷ്യനും നശ്വരമായ മാംസത്താൽ നിർമ്മിതരാണ്; ജീവശ്വാസമാണിരുവർക്കും ജീവൻ നൽകുന്നതും. എങ്കിലും മൃഗങ്ങളെ കൊന്നുഭക്ഷിക്കുവാൻ മനുഷ്യന് അധികാരമുണ്ടായിരുന്നു (ഉൽപ 9:2-3).

മനുഷ്യൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടു എന്ന സമർത്ഥനത്തിൽ പ്രസക്തമായ രണ്ട് ഉൾക്കാഴ്ചസളുണ്ട്: 1) മനുഷ്യന്റെ മഹത്വവും 2) മനുഷ്യനെ ഭരമേൽച്ചിരിക്കുന്ന കർത്തവ്യവും. ദൈവശാസ്ത്രചരിത്രത്തിലും മനുഷ്യൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടു എന്ന പ്രസ്താവനയെ പല ചിന്തകരും വ്യാഖ്യാനിച്ചിട്ടുണ്ട്. ദൈവഛായയെ ദൈവത്തെ അഭിമുഖം ദർശിക്കുവാനുള്ള സ്വാഭാവിക അഭിവാഞ്ജയയാണ് വി. അഗസ്റ്റിൻ വ്യാഖ്യാനിക്കുന്നത്. വി. തോമസ് അക്വീനാസിന്റെ ഭാഷയിൽ അത് ഇച്ഛാശക്തിയും ബുദ്ധിശക്തിയും തമ്മിലുള്ള ബന്ധമാണ്.

ആത്മാവ്, ശരീരം എന്നീ ഘടകങ്ങൾ ചേർന്നാണ് മനുഷ്യനുണ്ടാകുന്നത് എന്ന് തത്വചിന്തയിലും ദൈവഭാഷ്യത്തിലും പൊതുവെ സമർത്ഥിക്കാറുണ്ട്. ഈ വീക്ഷണത്തിന്റെ ചുവടുപിടിച്ച് ആത്മാവിനെ ദൈവം നേരിട്ടു സൃഷ്ടിക്കുന്നു എന്നൊരു സിദ്ധാന്തവും നിലകൊള്ളുന്നുണ്ട്. എന്നാൽ ബൈബിൾ ദർശനത്തോട് ഈ ആത്മശരീര വിവേചനം ഒത്തുപോകുന്നില്ല. ഗ്രീക്ക് ചിന്തകരും അവരെത്തുടർന്ന് ക്രൈസ്തവദാർശനികരുമാണ് മനുഷ്യനെ ആത്മാവും ശരീരവുമായി വിഭജിച്ചത്. ബൈബിൾ വീക്ഷണത്തിൽ മനുഷ്യ





വ്യക്തി ജീവനുള്ള ഒരു പുരുഷാത്മക സാകല്യമാണ്.

മനുഷ്യനെ പരാമർശിക്കാൻ ജഡം, പ്രാണൻ, ചൈതന്യം എന്നിങ്ങനെ ഒന്നിലേറെ ധാരണകൾ മനുഷ്യൻ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ഒരൊറ്റ സാകല്യമായ മനുഷ്യനെ മൂന്നു വ്യത്യസ്തവശങ്ങളിലൂടെ നിർവചിക്കുക മാത്രമാണ് അവ ചെയ്യുന്നത്. ജഡം മനുഷ്യന്റെ ശരീരബദ്ധവും ബലഹീനവുമായ വശത്തെ സൂചിപ്പിക്കുന്നു. ശാരീരികവും മാനസികവുമായ ജീവശക്തിയാണ് പ്രാണൻകൊണ്ട് അർത്ഥമാക്കുന്നത്. ചൈതന്യമെന്നത് ജീവിതത്തിന്റെതന്നെ മറ്റൊരു വിവക്ഷയുമാണ്. ഇവ തമ്മിലുള്ള വ്യത്യാസം, സത്തയിലുള്ള വ്യത്യാസമല്ല, സത്തയുടെ പ്രകാശനത്തിലുള്ള വൈവിധ്യമാണ്.

## മനുഷ്യനും ലോകവും

ആദം അഥവാ മനുഷ്യൻ എന്ന പദം തന്നെ ഭൂമി എന്നർത്ഥമുള്ള അദാമാ (adhama) എന്ന വാക്കിനോട് ബന്ധമുള്ളതാണ്. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു (യോഹ 1:14) ആദിയിൽ ലോകത്തെ സൃഷ്ടിച്ച ദൈവം, ലോകമായിത്തീർന്നു എന്നതാണ് വചനം മാംസമായി എന്നതിന്റെ ആത്യന്തികമായ പൊരുൾ. ലോകത്തിന്റെ കേന്ദ്രബിന്ദുവായ മനുഷ്യൻ ലോകത്തെ മുഴുവൻ ഉൾക്കൊള്ളുകയും അതിജീവിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ, ദൈവം മനുഷ്യനായി എന്നത്, ദൈവം ലോകമായി എന്നയർത്ഥത്തിലും വ്യാഖ്യാനവിധേയമാണ്.

ക്രൈസ്തവദർശനമനുസരിച്ച് മനുഷ്യന്റെ ശരീരം, അവനെ ലോകവുമായി നേരിട്ടുബന്ധിപ്പിക്കുന്നതാണ്. വിശ്വത്തിന്റെ ആകെത്തുകയിൽ ഒരംശമാണ് മനുഷ്യശരീരം. അതിനാൽ അവന്റെ ഉയർച്ച താഴ്ചകളിലും രക്ഷശിക്ഷകളിലും പ്രപഞ്ചവും പങ്കുചേരുന്നുണ്ട്. മനുഷ്യന്റെ പാപം മൂലം ഭൂതലം ശാപഗ്രസ്തമാവുകയും അദ്ധ്വാനവും കഷ്ടപ്പാടുകളും ഭൂമിയിൽ ഉടലെടുക്കുകയും ചെയ്തു. ഭൂമിയിലവതീർണ്ണനായ ക്രിസ്തുവിൽ മനുഷ്യനും പ്രപഞ്ചവും ഉദ്ധരിക്കപ്പെടുകവഴി മരണത്തിന്റെ ബന്ധനത്തിൽ നിന്നു അവൻ മോചിതനായി. ലോകത്തിന്റെ ഏറ്റവും സമുൽക്കൃഷ്ടമായ കേന്ദ്രബിന്ദുവാണ് ഓരോ മനുഷ്യനും. ലോകത്തിന്റെ ചിന്തയിം ബോധവുമൊക്കെ മനുഷ്യനിലൂടെയാണ് ഫലംചൂടി നിൽക്കുന്നത്. മനുഷ്യശരീരത്തിന്റെ ഉത്ഥാനത്തിൽ വിശ്വസിക്കുന്നവരാണ് ക്രൈസ്തവർ. ശരീരം ഉത്ഥിതമാകാനുള്ളതെങ്കിൽ ലോകവും ഉത്ഥിതമാകേണ്ടതുണ്ട്. പ്രപഞ്ചത്തിന്റെ തന്നെ ഭാഗമാണല്ലോ മനുഷ്യനും.

## മനുഷ്യന്റെ ചരിത്രപരത

ക്രൈസ്തവദർശനം ചരിത്രത്തിന് വളരെ പ്രാധാന്യം നൽകുന്നുണ്ട്. ചരിത്രപരത മനുഷ്യന്റെ സവിശേഷതയായി ക്രിസ്തുമതം കാണുന്നുണ്ട്. ലോകവേദിയിൽ മനുഷ്യന്റെ സ്വാതന്ത്ര്യത്തിലൂടെ അവന്റെ സർഗ്ഗശക്തിപ്രകടമാക്കുമ്പോഴാണ് ചരിത്രമുണ്ടാകുന്നത്. മറ്റൊരർത്ഥത്തിൽ, ലോകത്തോടു ബന്ധപ്പെട്ടിരിക്കുന്ന മനുഷ്യൻ ലോകത്തിനുപരി, സ്വാതന്ത്ര്യത്തിന്റെയും സർഗ്ഗാത്മകതയുടേയും സ്രഷ്ടാവുതന്നെയാണ്. ചരിത്രത്തിന്റെ വിധാതാവെന്ന നിലയിൽ, മനുഷ്യൻ പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും സഹ സ്രഷ്ടാവായിത്തീരുന്നു. ക്രൈസ്തവദർശനം ലോകത്തെയും അതിൽ വീഴുന്ന വിയർപ്പുതുള്ളികളെയും വിലമതിക്കുന്നതോടൊപ്പം ചരിത്രത്തിന്റെ യാഥാർത്ഥ്യത്തെ അംഗീകരിക്കുകയും അതിനൊരന്ത്യമുണ്ടെന്ന് പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. ലോകത്തെ ചരിത്രത്തിന്റെ പ്രക്രിയയിൽ പ്രവേശിപ്പിച്ച്, ചരിത്രഗതിയിലൂടെ അതിനെ നയിച്ച് യുഗാന്ത്യത്തിൽ സാക്ഷാത്കാരത്തിലെത്തിക്കേണ്ടവനാണ് മനുഷ്യൻ. ഗ്രീക്ക് ചിന്തയിൽ നിന്നും ഭാരതീയ സാംഖ്യ അദ്വൈതദർശനത്തിൽനിന്നുമെല്ലാം വേറിട്ടുനിൽക്കുന്നൊരു ചിന്താധാരയാണിത്. ചരിത്രത്തിന്റെ അന്ത്യത്തെ മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ക്രൈസ്തവന് നിലവിലിരിക്കുന്ന വ്യവസ്ഥിതികളോട് അനുരൂപപ്പെടാനാവില്ല, എന്നാൽ, ചരിത്രത്തിന്റെ ഏതൊരു വ്യവസ്ഥിതിയെയും മറികടക്കാനും അതിനായി പ്രവർത്തിക്കുവാനും സാധിക്കും.

ആദിയിൽ ദൈവത്തോടുകൂടെയുണ്ടായിരുന്ന വചനം ചരിത്രത്തിന്റെ ഒരു പ്രത്യേക നിമിഷത്തിൽ മനുഷ്യനായി അവതരിക്കുന്നു. അതോടൊപ്പം ചരിത്രത്തിലവതരിച്ചുകൊണ്ട് അതിനൊരു പുതിയ നേതൃത്വവും ചലനശേഷിയും പ്രദാനം ചെയ്തു. എല്ലാം ക്രിസ്തുവിൽ കേന്ദ്രീകൃതമാകുന്ന ചരിത്രത്തിന്റെ അന്ത്യത്തെക്കുറിച്ചും ബൈബിൾ പഠിപ്പിക്കുന്നുണ്ട് (കൊളോ 1:19-12). ഈ യുഗാന്ത്യവ്യവസ്ഥിതിയെ പുതിയ ആകാശവും പുതിയ ഭൂമിയും എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത് (വെളി 21:1).

## ക്രൈസ്തവ അസ്തിത്വത്തിന്റെ സ്വഭാവം

ക്രിസ്തുവിനോട് ബന്ധപ്പെട്ടാണ് ക്രിസ്ത്യാനിയുടെ അസ്തിത്വം. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ക്രൈസ്തവാസ്തിത്വത്തിന്റെ സ്വഭാവം നിർണയിക്കപ്പെടുന്നത്. ക്രിസ്തുവാണ് ഒരുവനെ ക്രിസ്ത്യാനിയാക്കുന്നത് അഥവാ, ഒരുവൻ എന്തായിത്തീരുവാൻ ക്രിസ്തു ആഗ്രഹിക്കുന്നുവോ, അതായിത്തീരുമ്പോൾ, അവൻ





ക്രിസ്ത്യാനിയാകുന്നു. ക്രൈസ്തവാസ്തിത്വം ക്രിസ്തുവിന്റെ അസ്തിത്വത്തിന്റെ തുടർച്ചയാണെന്ന് പറയാം. ക്രിസ്തു തുടങ്ങിവെച്ച ദൈവാനുഭവത്തിന്റെയും ദൈവവൈകൃത്തിന്റെയും വിധേയത്വത്തിന്റെയും ജീവിതം, സ്ഥലകാല സംസ്ക്കാര പരിഗണനകൂടാതെ തുടരുകയാണ് ക്രൈസ്തവാസ്തിത്വത്തിന്റെ ലക്ഷ്യം. ആത്മാർത്ഥവും നിരന്തരവുമായ സഹകരണത്താൽ നിലനിർത്തേണ്ടതും പരിപോഷിക്കപ്പെടേണ്ടതുമാണ് ദൈവമനുഷ്യസഹവാസത്തിലൂടെ നിലനിൽക്കുന്ന ക്രൈസ്തവാസ്തിത്വം. ക്രൈസ്തവാസ്തിത്വത്തെ അപ്പസ്തോല പ്രമുഖനായ പൗലോസ് ഓട്ടപന്തയത്തിലെ ഓട്ടക്കാരനോടാണ് ഉപമിക്കുന്നത് (ഫിലി 3:12-14). ക്രൈസ്തവൻ ആയിത്തീർന്നവനല്ല, ആയിത്തീരേണ്ടവനാണ്. ഓടിയെത്തിയവനല്ല, ഓടിക്കൊണ്ടിരിക്കേണ്ടവനാണ്; വിജയം വരിച്ചവനല്ല, യുദ്ധം ചെയ്യേണ്ടവനാണ് ക്രിസ്ത്വാനുഭവത്തിലൂടെ ദൈവത്തിന് സ്വയം വിട്ടുകൊടുക്കാത്തവന് ക്രൈസ്തവാസ്തിത്വത്തിന്റെ അന്തസത്തയില്ല. "നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്തില്ലെങ്കിൽ നിങ്ങൾക്ക് ജീവനുണ്ടായിരിക്കുകയില്ല" (യോഹ 6:54).

ലോകത്തിൽ പ്രവർത്തിച്ച് ലോകത്തെയും തന്നെത്തന്നെയും സാക്ഷാത്കാരത്തിൽ എത്തിക്കേണ്ടവനാണ് ക്രിസ്തുമതത്തിലെ മനുഷ്യൻ. ചൈതന്യസിദ്ധിയുള്ള പ്രപഞ്ചാംശം എന്ന നിലയിൽ, മനുഷ്യൻ സ്വന്തം കർമ്മങ്ങളിലൂടെ സാധിക്കേണ്ടത്, ആ ചൈതന്യത്തെ ലോകത്തിൽ സാക്ഷാത്കരിക്കുകയാണ്. മനുഷ്യചൈതന്യത്തിന്റെ സാക്ഷാത്കാരം ദൈവീകചൈതന്യത്തിലാണ്. ദൈവസമ്പർക്കത്താൽ സമ്പന്നമായ മാനുഷിക ചൈതന്യം ലോകത്തിൽ കർമ്മനിരതമാകുമ്പോൾ ദൈവീകതചൈതന്യം തന്നെ ലോകത്തിൽ വീണ്ടും അവതീർണ്ണമാകും. ചുണ്ടിൽ പുഞ്ചിരിയും മനസ്സിൽ ആരാധനയും കാലുകളിൽ നൃത്തച്ചുവടുകളുമുണർത്തുന്ന ക്രൈസ്തവ ആദ്ധ്യാത്മികത, സൃഷ്ടിയുടെ സാക്ഷാത്കാരമായ ഉത്ഥാനത്തിലേക്ക് അവനെ അടുപ്പിക്കും.

## ഇസ്ലാംമത മനുഷ്യദർശനം

പ്രവാചകനായ മുഹമ്മദിന് AD 610-നും 613നും ഇടയിൽ അല്ലാഹു വെളിപ്പെടുത്തിക്കൊടുത്തതാണ് ഇസ്ലാംമതം. 'ഇൻസാൻ' എന്ന പദത്തിന് സഹവർത്തിത്വത്തിലാവുക എന്നാണർത്ഥം. ഇതാണ് ഇസ്ലാംമതത്തിൽ മനുഷ്യനെ സൂചിപ്പിക്കുന്ന പദവും. ഈ മനുഷ്യൻ സ്വതന്ത്രമനസ്സോടെ ജീവിച്ച്, അല്ലാഹുവിന് പൂർണ്ണമായി വിധേയപ്പെട്ട്, സാക്ഷാൽ മുസ്ലീമിന്റെ സ്വഭാവമഹിമകളുടെ പൂർണ്ണ

തയിലെത്തണമെന്നാണ് ഇസ്ലാം ആഗ്രഹിക്കുന്നത്.

സ്വന്തം സമൂഹത്തെ സ്വാഭീഷ്ടപ്രകാരം ക്രമപ്പെടുത്തുവാൻ കൂട്ടുത്തരവാദിത്വമുള്ള പ്രപഞ്ചത്തിലെ ഏകജീവി മനുഷ്യനാണ്. ജുർജാനി, ഇബ്നുസീസ തുടങ്ങിയ തത്വചിന്തകർ മനുഷ്യനെ, സംസാരിക്കുന്ന മൃഗം എന്നാണ് വിശേഷിപ്പിക്കുന്നത്. അല്ലാഹുവാണ് സകലചരാചരങ്ങളെയും സൃഷ്ടിച്ചത്. അവൻ ഒന്നുമില്ലായ്മ (ലാമിൻഷായ്)യിൽ നിന്നു വരുന്നു. ആത്മാവിൽ ഏറ്റവും ആദ്യം രൂപം കൊണ്ടത് മനുഷ്യരാശി യാണ്. അത് ബുദ്ധിയുടെമേൽ ആത്മാവിന്റെ ആദ്യഫലമാണ്. വിത്തിൽ ഒരു മരം ഉറങ്ങിക്കിടക്കുന്നതുപോലെ ബുദ്ധി വിവേകിയായ മനുഷ്യാത്മാവിന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്നു. ഒരു വിത്തിന് ജലമെന്നപോലെ മനുഷ്യയുക്തിക്ക് പ്രവാചകവചനമാകുന്ന ജലവും വളവും ആവശ്യമാണ്.

മനുഷ്യൻ ഒരു സൃഷ്ടി മാത്രമാണ്. സ്രഷ്ടാവിൽ നിന്നു വ്യതിരിക്തമായോ അധികമായോ ഒരു പ്രകൃതിയും അവനിൽ ഇല്ല. മനുഷ്യൻ ഒരു ലക്ഷ്യമുള്ളവനും പരിണാമവിധേയനുമാണ്, (Qr. 20:67) കളിമണ്ണിന്റെ സത്തിൽ നിന്നാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. പിന്നീട് പുനരുത്ഥാന ദിവസം നിങ്ങൾ എഴുന്നേൽപ്പിക്കപ്പെടുകയും ചെയ്യും (Qr. 23:12–16). കൂടിച്ചേർന്ന ഇന്ദ്രിയത്തിന്റെ ഒരു ബിന്ദുവിൽ നിന്നാണ് മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നത്. അങ്ങനെ നാം അവനെ സൃഷ്ടിച്ചത് അവനെ പരീക്ഷിക്കുവാൻ വേണ്ടിയാണ്. എന്നിട്ട് അവനെ നാം വളർത്തിക്കൊണ്ടു പോന്ന് കേൾവിയും കാഴ്ചയുള്ളവനാക്കിത്തീർത്തു. അവന് നാം മാർഗം ചൂണ്ടിക്കാട്ടിക്കൊടുത്തു. (Qr. 76:2–3) സ്രഷ്ടാവാണ് മനുഷ്യനെ സൃഷ്ടിച്ചതെന്നും വളർത്തിക്കൊണ്ടുവന്നതെന്നും വി. ഖുറാനിലെ ഈ വചനങ്ങൾ സാക്ഷിക്കുന്നു.

പ്രപഞ്ചകർത്താവിനുശേഷമുള്ള ഏറ്റവും ഉന്നതപദവിയിലിരിക്കുന്നത് മനുഷ്യനാണ്. ഈ പ്രപഞ്ചത്തെയും സൃഷ്ടിജാലങ്ങളെയുമെല്ലാം അല്ലാഹു സൃഷ്ടിച്ചത് മനുഷ്യനുവേണ്ടിയാണ്. മലക്കുകളോട് 'ആദാമിനെ നിങ്ങൾ സാഷ്ടാംഗം പ്രണമിക്കുക' എന്ന് അല്ലാഹു കൽപിച്ചത് മനുഷ്യന്റെ മഹത്വം കാണിക്കുന്നതിനുവേണ്ടിയാണ്. അവർ അതനുസരിക്കുകയും ചെയ്തു. ഖുറാൻ തുടക്കത്തിൽത്തന്നെ ഇത് ഓർമ്മപ്പെടുത്തിയിരിക്കുന്നത് മനുഷ്യൻ തന്റെ പദവിക്കനുസരണം ജീവിക്കുന്നതിനാണ്. അത് മറക്കാതിരിക്കാൻ ദിവസത്തിൽ ഏഴുപ്രാവശ്യം ദൈവസന്നിധിയിൽ പ്രതിജ്ഞ ചെയ്യണമെന്നും അല്ലാഹു കൽപിച്ചു.





മനുഷ്യന് ദൈവത്തെ ആവശ്യമുണ്ട് എന്നതിൽ സംശയത്തിനിടമില്ല. അവന്റെ പരിമിതികൾത്തന്നെ അത് വിളിച്ചോതുന്നുണ്ട്. മനുഷ്യൻ ബലഹീനനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (Qr. 4:28). അതുകൊണ്ട് അവന് ദൈവകൃപ അത്യാവശ്യമാണ്. ആദാമിന്റെ വീഴ്ച തന്നെ അതിനുദാഹരണമാണ്. പക്ഷെ അവന്റെ പശ്ചാത്താപം അല്ലാഹു സ്വീക രിച്ചു. മനുഷ്യൻ നിരാശയുള്ളവനാണെന്ന് അല്ലാഹുവിനറിയാം. പക്ഷെ അവനതിൽ നിന്നുമുയരുവാൻ കഴിയുമെന്ന് അല്ലാഹു വിശ്വസിക്കുന്നു. ഇസ്ലാംമതം, സ്രഷ്ടാവ് നൽകിയ പ്രപഞ്ചനിയമങ്ങളിലും ധാർമ്മികപ്രമാണങ്ങളിലും അടിയുറച്ച് വിശ്വസിക്കുന്നു. പരിമിതികളിൽ നിന്നുയരാൻ മനുഷ്യന് ദൈവദത്തമായ മൂല്യങ്ങളും ലക്ഷ്യങ്ങളും ആവശ്യമാണ്.

സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുന്ന പക്ഷം സത്യഅസത്യങ്ങളെ വേർതിരിക്കാനുള്ള കഴിവ് അവൻ നിങ്ങൾക്കു നൽകും. നിങ്ങളുടെ തിന്മകളെ അവൻ മായിച്ചുകളയുകയും നിങ്ങൾക്കു പൊറുത്തുതരികയും ചെയ്യും (Qr.76:2–3). ഈ വാക്യം ഓർമ്മിപ്പിക്കുന്നത് ഉന്നതങ്ങളിലേക്ക് മനുഷ്യന് ഉയരാനാവുമെന്നും അതിന് ദൈവാസ്തിത്വത്തിലുള്ള വിശ്വാസം അവന് ആവശ്യമാണെന്നുമാണ്. മനുഷ്യന്റെ സ്വാർത്ഥതയും ധിക്കാരവും അല്ലാഹുവിനറിയാം എന്നും ഖുറാനിൽ പറയുന്നു; പക്ഷെ നല്ലവരുമുണ്ട്. എല്ലായ്പോഴും തന്നെ സ്മരിക്കുന്നവരുണ്ടെന്നും അവർക്ക് ഭൗമരഹസ്യങ്ങളിൽ പല ദൃഷ്ടാന്തങ്ങളുമുണ്ടെന്നും അവിടുന്ന് പറയുന്നു (Qr.3:190–191).

മനുഷ്യമനസ്സുകളിൽ സമാധാനം ദൈവസ്മരണകൊണ്ടേ കൈവരു എന്നും, എല്ലാത്തിലുംനിന്ന് മോചനം നേടാൻ ആത്മീയമായ സഹായം ആവശ്യമാണെന്നും ഇസ്ലാംമതതത്വങ്ങൾ ഉപദേശിക്കുന്നു. മനുഷ്യൻ ഒരു സമൂഹജീവിയാണ്. അവന്റെ ഉത്ഭവത്തിലും പ്രകൃതിയിലും ലക്ഷ്യത്തിലും ഭാഗധേയത്തിലും ഭൂതവർത്തമാന ഭാവിരാജികൾ തമ്മിൽ അവിഘടിതമായ ഐക്യമുണ്ട്. ഒരുവന്റെ നേട്ടവും കോട്ടവും, മറ്റുള്ളവന്റെയും നേട്ടവും കോട്ടവുമാണ്.

വി. ഖുറാൻ അനുസരിച്ച് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ഏറ്റവും ഉത്കടമായ പ്രകൃതിയോടുകൂടിയാണ് (Qr. 95:4) പുനർജന്മ സങ്കൽപത്തിന് വിപരീതമായ ഒരു ദർശനമാണ് ഇസ്ലാം പുലർത്തുന്നത്. മനുഷ്യന് തിന്മയ്ക്കെതിരെ പടപൊരുതാൻ കഴിയും. ആദത്തിന്റെ കഥ ഇവിടെ പ്രസക്തമാണ്. മലക്കുകൾ അവനെ വണങ്ങി എന്നതിനർത്ഥം അവൻ മലക്കുകളുടേതുപോലെ വിശുദ്ധിയും നന്മയുള്ളവനായിരുന്നുവെന്നാണ്. പക്ഷെ ഇബലീസ് അവരുടെ സഹ

വർത്തിത്വം തകർത്തു.

മനുഷ്യൻ ആത്യന്തികമായി നല്ലവനെങ്കിലും അവന് ഏറ്റവും പരിതാപകരമായ അവസ്ഥയിലേക്കു താഴുവാനും കഴിയും (Qr. 95:5). അവന്റെ കൊള്ളരുതായ്മ അവനെ അധമന്മാരിൽ അധമ നാക്കി മാറ്റുന്നു. മനുഷ്യന് സ്വതന്ത്രമനസ്സാണ് അല്ലാഹു നൽകി യിരിക്കുന്നത് നന്മയും തിന്മയും തിരഞ്ഞെടുക്കാനുള്ള പരിപൂർണ സ്വാതന്ത്ര്യവും അവന് നൽകപ്പെട്ടിട്ടുണ്ട്. ധാർമ്മികസംഘട്ടനവേ ദികളിൽ ഇത് അവനെ സഹായിക്കുന്നു. ആകാശഭൂമികളുടെയും പർവ്വതങ്ങളുടെയും മുന്നിൽ നാം 'അമാനത്ത്' വച്ചുനീട്ടി അപ്പോൾ ആ ചുമതല വഹിക്കുവാൻ അവ കൂട്ടാക്കിയില്ല. അവ അമാനത്തി നെക്കുറിച്ച് ഭയം പുറപ്പെടുവിച്ചു. മനുഷ്യനാണ് അത് ഏറ്റെടുത്തത് (Qr. 33:72). ഇതിന്റെ വിശദീകരണം, സർ മുഹമ്മദ് ഇക്ബാൽ നൽകുന്നുണ്ട്. ഈ ഏറ്റെടുക്കൽ മനുഷ്യന്റെ ധാർമ്മിക ഉത്തരവാ ദിത്വത്തിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. നന്മയും തിന്മയും അവന്റെ മുമ്പിലുണ്ട്. തിരഞ്ഞെടുപ്പ് മനുഷ്യന് നൽകിയിരിക്കുന്നു. അങ്ങനെ അവൻ ദൈവത്തിന്റെ അനുസരണമുള്ള അടിമയും ഖലീഫയുമാ യിത്തീരുന്നു.

ധാർമ്മികവും ആദ്ധ്യാത്മികവുമായ അവന്റെ നിലപാടുകൾ മനു ഷ്യന്റെ ശാരീരിക സ്ഥിതിയെയും ബാധിക്കുന്നു. അതുകൊണ്ട് അവൻ ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും അവന്റെ ധാർമ്മിക ഗുണങ്ങൾ രൂപം കൊള്ളുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ശരീരം ആത്മാവിന്റെ മാതാവുകൂടിയാണ്. മനസ്സിനെയും ബുദ്ധി യെയും സ്വാധീനിക്കുന്ന സവിശേഷ അസ്ഥിത്വമായി മനുഷ്യന് ആത്മാവ് (റൂഹ്) നൽകപ്പെട്ടിരിക്കുന്നു; അത് മനുഷ്യൻ എത്ര നന്നായി പ്രയോജനപ്പെടുത്തും എന്നറിയുവാനാണ്.

മനുഷ്യൻ ദൈവത്തിന്റെ അടിമയും ഭൂമിയിൽ അവന്റെ പ്രതിനി ധിയുമാണ്. എനിക്ക് ഇബാദത് ചെയ്യുവാൻവേണ്ടി മാത്രമാണ് ഞാൻ ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചത് (Qr.51:56) ഇബാദത് മനുഷ്യന്റെ മുഴുവൻ ജീവിതധർമ്മത്തെയാണ് സൂചിപ്പിക്കുന്നത്. ഇബാദതിന്റെ അർത്ഥം വഴിപ്പെടുക, ആരാധന എന്നൊക്കെയാണ്. സമ്പൂർണ്ണ വിധേയത്വമാണ് അല്ലാഹു ആവശ്യപ്പെടുന്നത്. അതിൽ ആരാധനയും നിരുപാധിക അനുസരണയുമെല്ലാം ഉൾപ്പെടുന്നു.

സൂഫി പാരമ്പര്യത്തിൽ 'അൽ ഇൻസാനുൽ കാമിൽ' എന്ന പദം മനുഷ്യനെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നു. പൂർണ്ണ മനുഷ്യൻ എന്നാണിതിനർത്ഥം ആദം അല്ല മുഹമ്മദ് പരിപൂർണ്ണ





മനുഷ്യനെന്ന് ഫുതുഹാലിൽ ഇബ്നു അറബി പറയുന്നു. മഹാ കവി ഡോ. മുഹമ്മദ് ഇക്ബാലിന്റെ അഭിപ്രായത്തിൽ സാക്ഷാൽ മുസ്ലിമിന്റെ സ്വഭാവമഹിമകളുടെ ആകെത്തുകയാണ് പൂർണ്ണമനു ഷ്യൻ.

## ഹൈന്ദവ മനുഷ്യദർശനം

ഹിന്ദുമതത്തെ നിർവചിക്കുക ദുസ്സാധ്യമാണ്. ഏകശിലാരൂപ മല്ല ബഹുസ്വരതയാണ്, ഹിന്ദുമത സ്വഭാവം. വൈവിധ്യമാർന്ന അവ താരഭേദങ്ങൾ ആശയസംഹിതകൾ, ആചാരാനുഷ്ഠാനങ്ങൾ, ജീവി തമാതൃകകൾ, ആ ജീവിതമാതൃകകൾക്കാധാരമായ അടിസ്ഥാന പരികല്പനകൾ, ഈശ്വരൻ, ആത്മാവ്, ലോകം ബന്ധനമോക്ഷ ങ്ങൾ, മോക്ഷമാർഗങ്ങൾ എന്നിവയെക്കുറിച്ചെല്ലാം വൈവിധ്യ മാർന്ന നിലപാടുകൾ ഹിന്ദുമതത്തിൽ അന്തർഹിതമാണ്. ചാർവാ കം, ബൗദ്ധം, ജൈനം, ന്യായം, വൈശേഷികം, സംഖ്യം, യോഗം, പൂർവ്വമീമാംസ, ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം, ഋഗ്വേദം, ഭഗവത്ഗീത തുടങ്ങിയ ദാർശനിക വൈവിധ്യങ്ങളിലെല്ലാം വ്യത്യ സ്തമാർന്ന കാഴ്ചപ്പാടുകളാണ് മനുഷ്യദർശനത്തെക്കുറിച്ചുള്ളത്.

ഹിന്ദുപുരാണമനുസരിച്ച് മനുഷ്യന്റെ ഉത്ഭവം ആദ്യബ്രഹ്മാവിൽ നിന്ന് സ്വയം ഭൂമനുവും ആ മനുവിൽനിന്ന് മനുഷ്യജാതിയുമുണ്ടായി എന്ന് കരുതപ്പെടുന്നു. ഇതനുസരിച്ച് മനുഷ്യനാണ് സൃഷ്ടികളിൽ പ്രഥമസ്ഥാനം. ഹൈന്ദവദർശനപ്രകാരം മനുഷ്യനായി ജനിക്കുക എന്നതുതന്നെ വിശേഷഭാഗ്യമാണ്. മനുഷ്യന്റെ ഗുണസവിശേഷ തകൾ ഹിന്ദുവേദങ്ങൾ ആവർത്തിച്ചു പറയുന്നുണ്ട്. ഭക്തകവിയായ തുളസീദാസ് രാമചരിതമാനസമെന്ന തന്റെ കൃതിയിൽ മനുഷ്യന്റെ സവിശേഷതകളെക്കുറിച്ച് പറയുന്നതിപ്രകാരമാണ്. "വേദങ്ങൾ പറ യുമ്പോലെ നിങ്ങൾക്ക് ഒരു മനുഷ്യശരീരം സ്വീകരിക്കാനായത് നിങ്ങളെ സംബന്ധിച്ച് അത്യന്തം ഭാഗ്യം നിറഞ്ഞ ഒന്നാണ്. കാരണം ഈ ശരീരം സ്വീകരിക്കാൻ സ്വർഗ്ഗവാസികൾക്കുപോലു മാവില്ല. ആത്മീയ അഭ്യാസത്തിനുതകുന്ന ശ്രീകോവിലും വിമോ ചനത്തിന്റെ വാതിലുമാണ് മനുഷ്യശരീരം".

പുരുഷസൂക്തമനുസരിച്ച് മനുഷ്യസമൂഹത്തെ കർമ്മങ്ങൾ,ആ ചാരനുഷ്ഠാനങ്ങൾ, ജീവിതരീതി എന്നിവയെ ആധാരമാക്കി നാലായി തിരിച്ചിരിക്കുന്നു. ബ്രാഹ്മണർ, ശൂദ്രർ, വൈശ്യർ, ക്ഷത്രി യർ എന്നിവയാണിത്. ബ്രാഹ്മണർ ലോകസ്രഷ്ടാവായ ബ്രഹ്മാ വിന്റെ ശിരസ്സിൽനിന്ന് ജനിച്ചവരായി കരുതപ്പെടുന്നു. സമൂഹത്തിലെ ഉന്നതസ്ഥാനീയരായ ഇവർ ആരാധനകളും പുരോ

ഹിതകർമ്മങ്ങളും അനുഷ്ഠിക്കുന്നു. ബ്രഹ്മാവിന്റെ കൈകളിൽ നിന്നുമുദയം ചെയ്തവരാണ് ക്ഷത്രിയർ. ധീരന്മാരും ശക്തരുമായ ഇവരുടെ ധർമ്മം രാജ്യസംരക്ഷണമാണ്. വൈശ്യർ കച്ചവടക്കാരാണ്. ഇവരുടെ ഉത്ഭവം ബ്രഹ്മാവിന്റെ തുടയിൽ നിന്നുമത്രേ. സമൂഹത്തിലെ താഴേക്കിടയിലുള്ള ശൂദ്രർ ബ്രഹ്മാവിന്റെ കാൽപാദത്തിൽ നിന്നും ജനിച്ചതായി കണക്കാക്കപ്പെടുന്നു. ജന്മം കൊണ്ടാണ് ഓരോ ഹിന്ദുവും, ബ്രാഹ്മണനൊ, ക്ഷത്രിയനൊ എന്നു നിശ്ചയിക്കുന്നത്. ഓരോ സമൂഹത്തിനും അവരുടേതായ കർമ്മാനുഷ്ഠാനങ്ങൾ നിശ്ചയിച്ചു നൽകപ്പെട്ടിരിക്കുന്നു.

ഹിന്ദുവേദങ്ങളനുസരിച്ച് ഒരു വ്യക്തിയുടെ പൂർണ്ണത കുടുകൊള്ളുന്നത് മോക്ഷത്തിലാണ്. ഈ മോക്ഷത്തിലേക്കെത്തുവാനായി ആശ്രമധർമ്മങ്ങളും പുരുഷാർത്ഥങ്ങളും നൽകിയിരിക്കുന്നു. ഒരു വ്യക്തി ഏതൊക്കെ ജീവിതചര്യകളിലൂടെ കടന്നുപോകണമെന്ന് ആശ്രമധർമ്മത്തിലൂടെ ഹിന്ദുപൈതൃകം വ്യക്തമാക്കുന്നുണ്ട്. ഹിന്ദു ധാർമ്മികത വിരൽ ചൂണ്ടുന്നത് മനുഷ്യന്റെ മോക്ഷമാണ്. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നിവ ഈ മോക്ഷത്തിലേക്കു നയിക്കുന്ന നാല് ജീവിതചര്യകൾ അഥവാ ആശ്രമങ്ങളാണ്. വ്യക്തിയുടെ ജീവിതത്തിലെ പ്രഥമആശ്രമം ബ്രഹ്മചര്യാശ്രമമാണ്. ഇതിൽ ഒരുവൻ ജ്ഞാനിയായ ഒരു ഗുരുവിന്റെ കീഴിൽ വിദ്യ അഭ്യസിക്കുന്നു. ബ്രഹ്മചര്യാശ്രമത്തിൽ ഒരു വ്യക്തിയുടെ ജീവിതചര്യ ക്രമപ്പെടുത്തുന്നു. ജീവിതമൂല്യങ്ങളും സ്വഭാവരൂപീകരണവും നടക്കുന്നത് ഈ കാലയളവിലാണ്. വ്യക്തിത്വരൂപീകരണം ലഭിച്ച വ്യക്തിയുടെ രണ്ടാം ജന്മമായി ഈ കാലഘട്ടം കണക്കാക്കപ്പെടുന്നു. ഗൃഹസ്ഥാശ്രമത്തിൽ വ്യക്തി ഉത്തരവാദിത്വബോധമുള്ളവനാകുന്നു. വിവാഹിതന്റെ കാലഘട്ടം കൂടിയാണിത്. ഈ കാലയളവിലാണ് പുരുഷാർത്ഥങ്ങളായ ധർമ്മം, അർത്ഥം, കാമം എന്നിവ ഒരു വ്യക്തിയെ സ്വാധീനിക്കുന്നത്. എല്ലാ നദികളും സമുദ്രത്തിൽ ചെന്ന് ചേരുംപോലെ എല്ലാ ആശ്രമങ്ങളും ഗൃഹസ്ഥാശ്രമത്തിൽ ചെന്നു ചേരുന്നതായി മനുസ്മൃതിയിൽ മനു പറഞ്ഞിരിക്കുന്നു. ഉത്തരവാദിത്വങ്ങളുടെയും കടമകളുടെയും നിർവ്വഹണശേഷം ആ വ്യക്തി വാനപ്രസ്ഥാശ്രമത്തിലേക്ക് പ്രവേശിക്കുന്നു. ഇത് മനുഷ്യജീവിതത്തിന്റെ മൂന്നാം ഘട്ടമാണ്. സ്വന്തം ജീവിതത്തിലേക്കൊരു തിരിഞ്ഞുനോട്ടവും ആത്മീയതയിലേക്കുള്ള ചവിട്ടുപടിയും സന്യാസത്തിലേക്കുള്ള ഒരുക്കവുമാണ് ഈ കാലഘട്ടം. ഹിന്ദുവേദങ്ങളനുസരിച്ച് മനുഷ്യജീവിതത്തിന്റെ അവസാനഘട്ടമാണ് സന്യാസം. ലോകസുഖം സർവ്വവും വെടിഞ്ഞ് ധ്യാനത്തിലൂടെയും ആത്മീയ ചര്യകളിലൂടെയും മോക്ഷത്തിനായുള്ള കാത്തിരി പ്പാണിത്.





വ്യത്യസ്ഥ ജീവിതഘട്ടങ്ങളിലൂടെ കടന്നുപോകുന്ന വ്യക്തി ആർജ്ജിച്ചെടുക്കേണ്ട പുണ്യങ്ങളാണ് പുരുഷാർത്ഥങ്ങൾ. ഒരു വ്യക്തിയുടെ ജീവിതത്തിലെ വിവിധ ലക്ഷ്യങ്ങളെയാണ് ഇവ സൂചിപ്പിക്കുന്നത്. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥങ്ങളാണ് ഹൈന്ദവമതം മുന്നോട്ടു വയ്ക്കുന്നത്, പ്രപഞ്ചത്തെ മുഴുവൻ ഒന്നിച്ചു ചേർക്കുന്ന ഒരു പ്രാപഞ്ചികശക്തിയാണ് ധർമ്മം. മനുഷ്യൻ എന്താണ് ചെയ്യേണ്ടതെന്ന് ധർമ്മം അവനെ ബോധ്യപ്പെടുത്തുന്നു. ഭാരതീയ തത്വശാസ്ത്രപണ്ഡിതനായ ഡോ. എസ്. രാധാകൃഷ്ണന്റെ അഭിപ്രായത്തിൽ ധർമ്മം ഒരു വ്യക്തിയുടെ ജീവിതത്തിലെ സത്യമോ അവയെ വേർതിരിച്ചറിയാനുള്ള വഴിയോ ആണ്. ധർമ്മം ഒരു ജീവിതരീതിയും മനുഷ്യജീവിതത്തിലെ ഒരു ധാർമ്മിക മൂല്യവുമാണ്. മനുസ്മൃതിയിൽ ഏഴുതരം ധർമ്മങ്ങളെക്കുറിച്ചുള്ള സൂചനയുണ്ട്. ധർമ്മത്തിലൂടെ ചരിക്കുന്ന വ്യക്തിക്കേ ജീവിതത്തിൽ അർത്ഥം നേടാനാവൂ. സത്യത്തിന്റെ വഴിയിലൂടെയാണിവ നേടേണ്ടത്. ജീവിക്കുക എന്നാൽ സന്തോഷമായി ജീവിക്കുക എന്നതാണ്. പട്ടിണിയും വിശക്കുന്ന ഉദരവും പുണ്യമായി ഹിന്ദുപുരാണങ്ങളിൽ കണക്കാക്കുന്നില്ല. അർത്ഥം നേടിയ മനുഷ്യൻ സന്തോഷത്തിലേക്കെത്തിച്ചേരുന്നു. കാമം മനുഷ്യന്റെ ജീവിതസന്തോഷത്തെയും സുഖത്തെയും സൂചിപ്പിക്കുന്നു. മനുഷ്യന്റെ വൈകാരികവും ആദ്ധ്യാത്മികവുമായ ഒരു സംതൃപ്തി കൂടിയാണിത്. ഈ മൂന്നു പുണ്യങ്ങളിലൂടെയും മനുഷ്യൻ മോക്ഷത്തിന്റെ വഴിയിലേക്കെത്തുന്നു. മനുഷ്യജീവിതത്തിന്റെ പൂർണ്ണത വരുന്നത് മോക്ഷത്തിലാണ്. ശരിയായ ധ്യാനത്തിലൂടെയും, പ്രവൃത്തിയിലൂടെയും ജ്ഞാനത്തിലൂടെയും ആരാധനയിലൂടെയും വ്യക്തി മോക്ഷം പ്രാപിക്കുന്നു.

ഹിന്ദുമതത്തിൽ സംഹിതകളുടെ കാലഘട്ടത്തിൽ മനുഷ്യനെ പ്രപഞ്ചസൃഷ്ടിയുടെ കേന്ദ്രബിന്ദുവായി കണക്കാക്കിയിരുന്നു. മഹാനായ പുരുഷന്റെ ശരീരമാണ് സൃഷ്ടിക്കുപയോഗിച്ചതെന്ന് ഋഗ്വേദം സാക്ഷിക്കുന്നു. അവന്റെ തല ആകാശമായും നാഭി വായുവായും പാദങ്ങൾ ഭൂമിയായും മനസ് ചന്ദ്രനായും കണ്ണ് സൂര്യനായും ശ്വാസം കാറ്റായും രൂപം പ്രാപിച്ചു (ഋഗ് 10.90 8-14). ഇവിടെ പ്രപഞ്ചത്തെ മുഴുവൻ വ്യക്തിയായി കാണുന്നു. മനുഷ്യവ്യക്തി പ്രപഞ്ചത്തിന്റെയും ഈശ്വരന്റെയും പ്രതിരൂപമാണ്.

ബ്രാഹ്മണ കാലഘട്ടത്തിൽ മനുഷ്യന് കൂടുതൽ പ്രാധാന്യം കൈവന്നു. യജ്ഞങ്ങളുടെ ഫലസിദ്ധി മനുഷ്യന്റെ കഴിവിനനുസൃതമായിവന്നു. ശതപഥ ബ്രാഹ്മണത്തിൽ പുരുഷനെ സൂചിപ്പിക്കാൻ

നാരായണൻ എന്ന പദമുപയോഗിച്ചിരിക്കുന്നു. ഈ നാരായണൻ എല്ലാ സൃഷ്ടികളെയും അതിജീവിക്കുകയും പ്രപഞ്ചം മുഴുവൻ പ്രാപിക്കുകയും ചെയ്തിരിക്കുന്നു.

ഉപനിഷത് കാലഘട്ടത്തിൽ മനുഷ്യനെ വിശ്വാസസത്തയുടെ ഭാഗമായി കാണുന്നു. മനുഷ്യാത്മാവും പ്രപഞ്ചാത്മാവും ഒന്നായി കണക്കാക്കുന്നു. ഭഗവത്ഗീതയനുസരിച്ച് മനുഷ്യനിൽ നിത്യമായി നിലനിൽക്കുന്ന ആത്മാവുണ്ട്. ഈ ആത്മാവ് ജനിമൃതികൾക്ക് അതീതമാണ്.

> നാ ജായതേ മ്രിയതേ വാ കദാചിത്
> നായം ദുത്ത്യോ ഭവിതാ വാന ദുയ:
> അജോ നിത്യ: ഗാഗ്യത്യേയം
> ന ഹസ്യതേ ഹന്യമാനേ ശരീരേ (ഗീത 2:20)

"മനുഷ്യനിലെ ആത്മാവ് എപ്പോഴെങ്കിലും ഒരു ശരീരത്തോടു കൂടി ജനിച്ച് അതോടൊപ്പം നശിച്ചുപോകുന്ന ഒന്നല്ല. അതായത് ഞാൻ ഒരിക്കൽ മാത്രമുണ്ടാവുകയും പിന്നെ ഉണ്ടാകുകയേയില്ലാത്തതുമായ ഒരു താൽക്കാലിക പ്രതിഭാസമല്ല. ഒരിക്കലും ഇല്ലാതിരുന്നിട്ടില്ലാത്തതിനാൽ ഞാൻ അജനും എന്നും നിലവിൽക്കുന്നവനും യാതൊരുവിധ ക്ഷയവും മാറ്റവും ഇല്ലാത്തവനുമാകുന്നു. ഈ ആത്മാവ് ശരീരം വധിക്കപ്പെടുമ്പോൾ ഒപ്പം വധിക്കപ്പെടുന്നില്ല."

ആത്മപൂജോ ഉപനിഷത്ത് അനുസരിച്ച് ശരീരം ആത്മാവിന്റെ ഭാഗമാണ്. ശരീരത്തിന്റെ ഓരോ പ്രവർത്തനവും പൂജയായി കണക്കാക്കപ്പെടുന്നു. ഇപ്രകാരം പരിപൂർണ്ണ രാജയോഗിയുടെ സർവ്വാത്മക രൂപമായ പൂജയും ഉപചാരവും സർവ്വാത്മകതയും തന്നെയാണ് ആത്മാവിന്റെ ആധാരം. ഇങ്ങനെ മനുഷ്യശരീരം മുഴുവനും ഒരു ആത്മപൂജയായിതീരുന്നു.

ഹിന്ദുമത മനുഷ്യദർശനത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പുനർജന്മസിദ്ധാന്തം. കർമ്മവും പുനർജന്മവും പരസ്പര പൂരകങ്ങളാണ്. ഒരു വ്യക്തിയുടെ പ്രവർത്തനങ്ങളുടെ നല്ലതോ ചീത്തയോ ആയ ഫലത്തെയാണ് കർമ്മം സൂചിപ്പിക്കുന്നത്. കർമ്മഫലമനുസരിച്ചാണ് ആ വ്യക്തിയുടെ പുനർജന്മം നിശ്ചയിക്കപ്പെടുന്നതെന്ന് വേദങ്ങൾ വിശ്വസിക്കുന്നു. സത്കർമ്മം ചെയ്ത വ്യക്തി അടുത്ത ജന്മത്തിൽ പഴയ ജീവിതാവസ്ഥയിൽനിന്നും ഉയർന്ന ജീവിതാവസ്ഥയിലേക്ക് എത്തപ്പെടുന്നു. ദുഷ്കൃത്യങ്ങളുടെ കർമ്മഫലമായി താഴ്ന്ന ജീവിതാവസ്ഥയിലേക്കും - പട്ടി, പുഴു, പന്നി -





എന്നിവയായി പുനർജന്മം പ്രാപിക്കുന്നതായി ഹിന്ദുമതം പഠിപ്പിക്കുന്നു. ഈ രണ്ട് ദർശനങ്ങളാണ് ഒരു വ്യക്തിയുടെ ജീവിതപ്രവർത്തനത്തെ സ്വാധീനിക്കുന്നത്. ഒരു വ്യക്തിയുടെ ജാതി നിർണ്ണയിക്കുന്നത് അവന്റെ ആദി ജീവിതത്തിന്റെ കർമ്മമാണ്. പഴയ ജീവിതകർമ്മ ഫലമായാണ് ഒരു വ്യക്തിയുടെ ജീവിതത്തിൽ സന്തോഷവും ദുഃഖവും ഉണ്ടാകുന്നത്. മുൻകാല ജീവിതത്തിലെ ദുഷ്കൃത്യങ്ങൾക്ക് ആ വ്യക്തി പുനർജന്മത്തിൽ പരിഹാരം ചെയ്തേ മതിയാകൂ എന്ന് ഹിന്ദുവേദങ്ങൾ അഭിപ്രായപ്പെടുന്നു.

അദ്വൈതസിദ്ധാന്തത്തിന്റെയും ഉപനിഷത്തുകളിലെ ബ്രഹ്മാന്വേഷണത്തിന്റെയും ഉച്ചിയിലെത്തുമ്പോൾ നമ്മൾ കണ്ടെത്തുന്ന മനുഷ്യദർശനം 'അഹം ബ്രഹ്മാസ്മി', ഞാൻ തന്നെയാണ് ബ്രഹ്മൻ, 'തത്ത്വമസി' നീ എന്തന്വേഷിക്കുന്നുവോ അത് നീ തന്നെ എന്ന ദർശനങ്ങളിലേക്കാണ്. ഈ ദർശനങ്ങളനുസരിച്ച് ഏകസത്ത മാത്രമാണുള്ളത്. ദൈവവും മനുഷ്യനും പ്രപഞ്ചവും ഇവിടെ ഏകസത്തയായിത്തീരുന്നു അഥവാ ഇവ മൂന്നും ഒന്നു തന്നെയാണ്.

### ബുദ്ധമത മനുഷ്യദർശനം

ശ്രീബുദ്ധന്റെ ഉപദേശങ്ങളെ ആധാരമാക്കിയുള്ളതും ക്രിസ്തുവിനു മുമ്പ് 6-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ജന്മമെടുത്തതുമായ മതമാണ് ബുദ്ധമതം. സിദ്ധാന്തങ്ങൾക്കും ബാഹ്യാനുഷ്ഠാനങ്ങൾക്കും ഉപരി മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളെ പ്രഥമമായി ഗണിക്കുന്നതുകൊണ്ടും വ്യത്യസ്ഥ സംസ്ക്കാരങ്ങളുമായി ഇണങ്ങിച്ചേർന്നുപോകാൻ കഴിയുന്നതുകൊണ്ടും ബുദ്ധമതത്തിന് ഇന്നും പ്രചുരപ്രചാരം ലഭിക്കുന്നുണ്ട്. ബുദ്ധന്റെ ദർശനങ്ങളുടെയും ആശയങ്ങളുടെയും വെളിച്ചത്തിലുള്ള മനുഷ്യസങ്കല്പമാണ് ബുദ്ധമതത്തിന്റേത്.

സാന്മാർഗ്ഗിക തത്വങ്ങളാണ് ബുദ്ധമത തത്വങ്ങളുടെ ആധാരം. ബുദ്ധന്റെ വീക്ഷണത്തിൽ മനുഷ്യൻ അനിയന്ത്രിത മോഹമുള്ളവനും രോഗിയും വൃദ്ധനും ജഢവുമാണ്. മനുഷ്യന്റെ അത്യന്താപേക്ഷിതമായ ആവശ്യം ദുഃഖത്തിന് പരിഹാരം കാണുക എന്നതാണ്. ദുഃഖത്തിൽ നിന്നൊരു ശാശ്വതമോചനം നേടുകയെന്നതായിരുന്നു ബുദ്ധന്റെ പ്രയത്നവും ലക്ഷ്യവും. അതിനാലാണ് മറ്റു മതങ്ങളിലേതുപോലെ പ്രപഞ്ചം, ഈശ്വരൻ തുടങ്ങിയവയെക്കുറിച്ചുള്ള ദർശനങ്ങളൊന്നും ബുദ്ധമതത്തിൽ ലഭ്യമല്ലാത്തത്.

മനുഷ്യൻ ഭൗതീക ശരീരത്തിന്റെയും അമൂർത്ത ചിത്തത്തിന്റെയും അരൂപമായ പ്രജ്ഞയുടെയും സമുച്ചയമാണ്. ഇവയുടെ

വേർപിരിയൽ മനുഷ്യാസ്തിത്വത്തെ ഇല്ലാതാക്കുന്നു. ആത്മാവ് അല്ലെങ്കിൽ അഹം (ego) എന്നത് ഈ കൂടിച്ചേരലല്ലാതെ മറ്റൊന്നുമല്ല. ബുദ്ധമതത്തിലെ ആര്യചതുഷ്ടയത്തിൽ ദുഃഖം, ദുഃസമുദായം, ദുഃഖനിരോധം, ദുഃഖനിരോധനമാർഗ്ഗം എന്നിവയെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്.

മനുഷ്യന്റെ അന്തരംഗംതന്നെ അവന്റെ ദുഃഖത്തിന് കാരണമാകുന്നുവെന്ന് ബുദ്ധൻ പറയുന്നു. ജനിക്കുന്നതിലാണ് മനുഷ്യൻ ജരാനരകൾക്കും മരണത്തിനും വിധേയനാകുന്നത്, ജനിച്ചില്ലായിരുന്നെങ്കിൽ അവന് ദുഃഖമുണ്ടാകുമായിരുന്നില്ല. മനുഷ്യജന്മത്തിനു കാരണമായി നിൽക്കുന്നത് അവന്റെ ജനിക്കുവാനുള്ള ആഗ്രഹമാണ്. ഈ ലോകത്തിലെ മായികവസ്തുക്കളോടുള്ള ആസക്തിയാണ് ഈ ആഗ്രഹത്തിനു പിന്നിൽ. സന്തോഷം നിറഞ്ഞ പൂർവ്വകാല ഇന്ദ്രിയ അനുഭവങ്ങളാണ് ഈ ആസക്തിക്കും കാരണമായി നിൽക്കുന്നത്. ഇന്ദ്രിയാനുഭവങ്ങൾ മനസ്സും പഞ്ചേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവയുടെ അസ്ഥിത്വം ശരീരത്തിലുമാണ്. മാതാവിനുദരത്തിൽ വളരുന്നൊരു ശിശുവിന് ലഭിക്കുന്ന വിജ്ഞാനം അവന്റെ പൂർവ്വജന്മത്തിലെ സംസ്കൃതികളുടെ ഫലമാണ്. സത്യത്തെക്കുറിച്ചുള്ള അജ്ഞതയാണ് പൂർവ്വകാല സംസ്കൃതിയുടെയും കാരണം. ഇപ്രകാരം ഈ ലോകാവസാനത്തിന്റെ നൈമിഷികവും ദുരിതപൂർണ്ണവുമായ സ്വഭാവം അറിഞ്ഞിരുന്നെങ്കിൽ പുനർജന്മത്തിലേക്കു നയിക്കുന്ന ഇച്ഛാശക്തി മനുഷ്യനുണ്ടാകുമായിരുന്നില്ല. ബുദ്ധമതത്തിൽ 'ദ്വാദശനിദാനം' എന്ന പേരിലാണ് വർത്തമാനചെയ്തികളെല്ലാം ആശ്രയിച്ചിരിക്കുന്നത്. മനുഷ്യന് അവന്റെ കർമ്മഫലങ്ങളിൽനിന്നും ഒഴിഞ്ഞുമാറുവാനാവില്ല. ഒരു പ്രവൃത്തി നന്മയായാലും തിന്മയായാലും അവ അതിന്റെ പരിണിതഫലം പുറപ്പെടുവിക്കും. ബുദ്ധമതവീക്ഷണപ്രകാരം മാന്യനായ മനുഷ്യൻ ശുദ്ധവും ബഹുമാന്യവുമായ പാരമ്പര്യമുള്ളവനല്ല. മറിച്ച്, നിർമ്മലവും ഉപകാരപ്രദവുമായ കർമ്മങ്ങൾ അനുഷ്ഠിക്കുന്നവനാണ്.

## അഷ്ടാംഗമാർഗ്ഗങ്ങൾ

മനുഷ്യജീവിതത്തിൽ ദുഃഖമെന്ന യാഥാർത്ഥ്യം ഒഴിവാക്കുവാൻ വേണ്ട ഉപായങ്ങൾ ഉൾക്കൊള്ളുന്ന അഷ്ടാംഗമാർഗ്ഗങ്ങൾ ബുദ്ധമതം ഉപദേശിക്കുന്നുണ്ട്. അഷ്ടാംഗമാർഗ്ഗം ബുദ്ധമത സന്മാർഗ്ഗശാസ്ത്രത്തിന്റെ സംക്ഷിപ്താവതരണം കൂടിയാണ്.അവയുടെ രത്നച്ചുരുക്കം താഴെ പ്രതിപാദിക്കുന്നു.

സത്യത്തെക്കുറിച്ചുള്ള അറിവ് മനുഷ്യനെ ദുഃഖവിമുക്തനാക്കും. ആ ജ്ഞാനം മനുഷ്യൻ സ്വന്തമാക്കണം. കാരണം ആത്മാവിനെയും





ലോകത്തെയുംകുറിച്ചുള്ള മിഥ്യാധാരണയാണ് ദുഃഖത്തിന്റെ മൂലകാരണം. നിരർത്ഥകവും വേദനിപ്പിക്കുന്നതുമായ വാക്കുകൾ ഒഴിവാക്കുക, പഞ്ചശീലതത്വങ്ങൾ സ്വീകരിക്കുക തുടങ്ങിയവയാണ് ദുഃഖനിവാരണമാർഗ്ഗങ്ങൾ. മനുഷ്യദുഃഖത്തിന്റെ കാരണം കണ്ടെത്തി അതിനെ ഉന്മൂലനം ചെയ്താൽ ദുഃഖത്തെ നിരോധിക്കുവാനാകും. ഈ പ്രക്രിയയ്ക്ക് ബുദ്ധമതത്തിൽ നിർവ്വാണമെന്നും അതു കൈവരിച്ചവനെ 'അർഹത്' (venerable person) എന്നും പറയുന്നു. നിർവ്വാണയെന്നത് ദൈവവുമായി താദാത്മ്യപ്പെടലല്ല; മറിച്ച്, ശാശ്വതസത്യം വെളിപ്പെടുമ്പോഴുള്ള അതീന്ദ്രീയാനുഭവമാണ്.

ബുദ്ധമത തത്വങ്ങളനുസരിച്ച് മനുഷ്യജീവിതത്തെ സംബന്ധിച്ച് രണ്ടുതരം കർമ്മങ്ങളുണ്ട്. രാഗദ്വേഷമോഹങ്ങളോടു കൂടിയതും അവയില്ലാത്തതും, ഇവയിൽ ആദ്യത്തേത് മനുഷ്യനെ ഈ ലോകത്തോട് ഒന്നിപ്പിച്ചു നിർത്തുകയും പുനർജന്മത്തിന് കാരണമാക്കുകയും ചെയ്യുന്നു. എന്നാൽ രാഗദ്വേഷമോഹങ്ങളില്ലാതെ നിത്യജ്ഞാനത്തോടെ അനുഷ്ഠിക്കുന്ന കർമ്മങ്ങൾ പുനർജന്മത്തിന് കാരണമൊരുക്കുന്നില്ല. നിർവ്വാണാവസ്ഥയിൽ ഒരുവൻ പിൻതുടരുന്നത് ഇത്തരം കർമ്മങ്ങളാണ്. നിർവ്വാണയ്ക്ക് രണ്ടുതരം നേട്ടങ്ങളുണ്ട്. ഒന്നാമതായി, അത് ദുഃഖവും പുനർജന്മവും ഒഴിവാക്കുന്നു. രണ്ടാമതായി, അത് മരണംവരെ പൂർണ്ണശാന്തി അനുഭവിക്കുവാൻ ഇടയാക്കുന്നു. ഇപ്രകാരമൊക്കെയാണെങ്കിലും മുക്തിപ്രാപിച്ച മനുഷ്യന്റെ മരണാനന്തര ജീവിതത്തെക്കുറിച്ച് ബുദ്ധൻ വ്യക്തമായൊന്നും പറയുന്നില്ല.

ബുദ്ധമതത്തിലെ കർമ്മഫല സിദ്ധാന്തമനുസരിച്ച് മനുഷ്യന്റെ വർത്തമാനകാലം അവന്റെ ഭൂതകാലകർമ്മഫലമാണ്. അതുപോലെ തന്നെ അവന്റെ ഭാവികാലം വർത്തമാനകാലജീവിതത്തെ ആശ്രയിച്ചാണിരിക്കുന്നത്. വ്യഭിചാരം, നുണ എന്നീ ദുർമാർഗ്ഗങ്ങളോട് വിട പറയുക, താൻ വേദനിച്ചാലും മറ്റുള്ളവരെ വേദനിപ്പിക്കാതിരിക്കുവാൻ ശ്രമിക്കുക, ദുർവ്വിചാരങ്ങളെ നിഹനിച്ച് നിർവ്വാണത്തിനൊരുങ്ങുക, ആത്മീയ അവബോധത്തിലേക്കുണരുക, ശരീരം വെറും ദുഃഖഹേതുക്കളായ പദാർത്ഥങ്ങളാൽ നിർമ്മിതമാണെന്നറിയുക ഇങ്ങനെ ഏഴുഘട്ടങ്ങളും പിന്നീട് ആഴമായ ഏകാഗ്രതയിലേക്കു നീങ്ങി മനസ്സിനെ സത്യത്തിൽ കേന്ദ്രീകരിച്ച് ധ്യാനത്തിന്റെ പടി കയറിയാണ് മനുഷ്യൻ നിർവ്വാണം പുൽകുക.

## മനുഷ്യാത്മാവ്

ബുദ്ധമതമനുസരിച്ച് മാറ്റത്തിന്റെ നിയമം സാർവ്വത്രികമാണ്. സകലചരാചരങ്ങളും അതിൽ ബന്ധിതവുമാണ്. ഭാരതദർശനമനുസ

രിച്ച് ആത്മാവ് നിത്യമാണെന്നും ഒരു ശരീരം നശിക്കുമ്പോൾ അത് മറ്റൊന്നിലേക്ക് പ്രവേശിക്കുമെന്നും ഒരു സങ്കൽപ്പമുണ്ട്. പക്ഷെ ബുദ്ധമതം മാറ്റത്തിന്റെ സാർവ്വത്രികനിയമമനുസരിച്ചും പ്രതീത്യ സമുദ്പാദദർശത്തിലൂടെയും ആത്മാവിന്റെ നിത്യതയെ നിരാകരിക്കുന്നു. അങ്ങനെ വരുമ്പോൾ ബുദ്ധമതം എങ്ങനെ തലമുറകളെ ത്തമ്മിൽ ബന്ധിപ്പിക്കും എന്നൊരു ചോദ്യത്തിനിടമുണ്ട്. നിത്യമായ ആത്മാവ് എന്ന ധാരണ നിരാകരിക്കുന്നെങ്കിലും മനുഷ്യജീവിതത്തെ രൂപീകരിക്കുന്ന തുടർച്ചയായ അവസ്ഥാന്തരങ്ങളെ ബുദ്ധമതം അംഗീകരിക്കുന്നു. ജീവിതം ഇടമുറിയാത്ത അവസ്ഥകളുടെ പ്രവാഹമാണ്. ഓരോ അവസ്ഥക്കും അതിന്റേതായ കാരണങ്ങളും സാഹചര്യങ്ങളുമുണ്ട്. ഒരവസ്ഥ മറ്റൊന്നിന് കാരണമാകുന്നു. ഇപ്രകാരം മനുഷ്യജീവിതം കാരണങ്ങളാകുന്ന കണ്ണികൾ ചേർന്നുണ്ടാകുന്ന ഒരു ചങ്ങലയാണ്. പുനർജന്മം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒരേ ആത്മാവ് ഒന്നിനുപുറകേ ഒന്നായി പുതിയശരീരങ്ങൾ സ്വീകരിക്കുന്നു എന്നല്ല. മറിച്ച്, അടുത്ത ജന്മത്തോട് ഇപ്പോഴത്തെ ജീവിതാവസ്ഥ കാര്യം കാരണത്തോടെന്നപോലെ ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. അങ്ങനെ ആത്മാവ് എന്ന സങ്കൽപ്പത്തിനുപകരം ഇടമുറിയാത്ത അവബോധാവസ്ഥകളുടെ അനുസ്യൂതമായ പ്രവാഹത്തിൽ ബുദ്ധാനുയായികൾ വിശ്വസിക്കുന്നു.



07

# ദൈവ ശാസ്ത്രപരമായ മനുഷ്യദർശനം

വിശ്വവിഖ്യാതനായ വി. ആഗസ്തിനോസിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ മനസ്സിൽ ഉയർന്നുവരുന്ന ഒരു ചോദ്യമാണ്, "ദൈവമേ ഈ ഞാൻ എന്താണ്? എന്റെ സ്വഭാവം എങ്ങനെയുള്ളതാണ്? അസംഖ്യം വൈവിദ്ധ്യങ്ങളുടെയും വൈചിത്ര്യങ്ങളുടെയും സമാഹാരമായ ഒരു ജീവവിശേഷം!" (അഗസ്റ്റിന്റെ ആത്മകഥ, 10.17.26). ഞാൻ ആരാണ്, നീ ആരാണ് മുതലായ സ്വാഭാവിക ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ ശ്രമിക്കുകയാണ് ദൈവശാസ്ത്രപരമായ മനുഷ്യദർശനത്തിലൂടെ. ദൈവശാസ്ത്ര മനുഷ്യദർശനത്തിന്റെ ചില ലക്ഷ്യങ്ങളും, മാനങ്ങളും ചുരുക്കത്തിൽ വിശദീകരിക്കുവാൻ പരിശ്രമിക്കുകയാണിവിടെ.

പുരാണഗ്രന്ഥങ്ങളിൽ പലതും മനുഷ്യദർശനത്തിന്റെ വിവിധമാനങ്ങൾ കണ്ടെത്താൻ പരിശ്രമിച്ചിട്ടുണ്ട്. ഭജഗോവിന്ദത്തിലും, ഉപനിഷത്തുകളിലും, വി.

ബൈബിളിലും എല്ലാം ഈവിധ ചിന്തകൾ നമുക്ക് കണ്ടെത്താനാവും. വി. ഗ്രന്ഥത്തിൽ സങ്കീർത്തനപുസ്തകത്തിലൂടെ മനുഷ്യന്റെ പ്രാധാന്യം ദർശിക്കുവാൻ ശ്രമിക്കുന്നതായി കാണുവാൻ സാധിക്കും. ഇപ്രകാരം നാം വായിക്കുന്നു: "അവിടുത്തെ ചിന്തയിൽവരാൻമാത്രം മർത്യന് എന്തു മേന്മയുണ്ട്? അവിടുത്തെ പരിഗണന ലഭിക്കാൻ മനുഷ്യപുത്രന് എന്ത് അർഹതയാണുള്ളത്?" (സങ്കീ 8:4). മനുഷ്യൻ എന്നും ഒരു അത്ഭുത പ്രതിഭാസംതന്നെയാണ്. മനുഷ്യജീവൻ, മനുഷ്യമനസ്സ്, മനുഷ്യനും സമൂഹവുംതമ്മിലുള്ള ബന്ധം തുടങ്ങിയവയെല്ലാം എന്നും ചർച്ചചെയ്യപ്പെടുന്നതും എന്നാൽ പൂർണ്ണ അർത്ഥം പിടികിട്ടാത്തതുമായ ചില ആശയങ്ങളാണ്. കാരണം ഇവയുടെ ആഴങ്ങളിലേക്ക് പൂർണ്ണ അർത്ഥത്തിൽ എത്തിച്ചേരുക മനുഷ്യബുദ്ധിക്കുതന്നെ അപ്രാപ്യമാണ്. ആഗസ്തീനോസ് പറയുന്നതുപോലെ, "ഏതു വശത്തേയ്ക്കും എത്രയാഴമായി ഞാൻ മുങ്ങിനോക്കിയാലും അടിയിലെത്തുക സാധ്യമല്ല. അത്രവലിയ ശക്തിയാണ് സ്മരണ! അത്രവലിയ ശക്തിയാണ് ജീവൻ. മനുഷ്യന്റെ മരണവിധേയമായ ഈ ജീവൻ പോലും" (ആഗസ്റ്റിന്റെ ആത്മകഥ 10.17.26).

എങ്കിലും വി. ഗ്രന്ഥത്തിൽ ദൈവം മനുഷ്യന് വലിയ സ്ഥാനവും മഹത്വവും, ദൈവത്തിന്റെ ഛായയും, സാദൃശ്യവും തരുന്നു. സങ്കീർത്തനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു: "എന്നിട്ടും അവിടുന്ന് അവനെ ദൈവദൂതന്മാരെക്കാൾ അല്പംമാത്രം താഴ്ത്തി; മഹത്വവും ബഹുമാനവുംകൊണ്ട് അവനെ മകുടമണിയിച്ചു" (സങ്കീ 8:5). മനുഷ്യമഹത്വത്തെക്കുറിച്ചും, പ്രാധാന്യത്തെക്കുറിച്ചും ഒത്തിരിയേറെ പറയുന്നുണ്ടെങ്കിലും ശാസ്ത്രീയമായ ക്രമീകൃതമായ ഒരു പഠനം മനുഷ്യവ്യക്തിയെക്കുറിച്ച് ബൈബിളിലെ ഒരു പുസ്തകത്തിലും പൂർണ്ണമായി കാണുവാൻ സാധിക്കില്ല. പക്ഷേ പല സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന ചിന്തകൾ കൂട്ടിവായിച്ചാൽ ഒരു പൂർണ്ണചിത്രം ലഭിക്കുന്നു.

## മനുഷ്യദർശനത്തിന്റെ പ്രത്യേകതകൾ

മനുഷ്യൻ മനുഷ്യനെക്കുറിച്ചുതന്നെ പറയുന്നു, പഠിപ്പിക്കുന്നു. നാം നമ്മെക്കുറിച്ചുതന്നെ ചോദിക്കുന്നു, ഉത്തരം കണ്ടെത്തുന്നു, പഠിപ്പിക്കുന്നു. ചോദ്യം ചോദിക്കുന്നതും, ചോദിക്കപ്പെടുന്നതും ഒരാൾതന്നെ. എങ്കിലും ഇവിടെ നമുക്കറിയാം നീ എന്നു പറയുന്നതും ഞാൻ എന്നു പറയുന്നതും തികച്ചും വ്യത്യസ്ഥമാണ് എന്ന്.





മനുഷ്യദർശനങ്ങളിൽ ദൈവശാസ്ത്രപരമായ മനുഷ്യദർശനത്തിന് വലിയ പ്രാധാന്യമുണ്ട്. വിവിധ മനുഷ്യദർശനങ്ങളിൽ എവിടെയും ഉന്നയിക്കപ്പെടുന്ന ചോദ്യം, ഞാൻ ആരാണ്? നീയാരാണ്? എന്നുതന്നെയാണ്. ജീവശാസ്ത്രപരമായ മനുഷ്യദർശനം, മനശാസ്ത്രപരമായ മനുഷ്യദർശനം, പുരാവസ്തുപരമായ മനുഷ്യദർശനം, രാഷ്ട്രീയപരമായ മനുഷ്യദർശനം, സാമൂഹ്യമനുഷ്യദർശനം, തത്വശാസ്ത്രപരമായ മനുഷ്യദർശനം എന്നിങ്ങനെ പലതായി മനുഷ്യദർശനത്തെ തിരിക്കാവുന്നതാണ്. ഇവിടെയെല്ലാം മനുഷ്യനെക്കുറിച്ചുള്ള പഠനങ്ങളുടെ വിവിധ വശങ്ങൾ കണ്ടെത്തുന്നു. കൂടാതെ വിവിധ മതങ്ങളിലെ മനുഷ്യസങ്കല്പങ്ങളും പഠനങ്ങളും തുടർന്നുവരുന്ന ഭാഗങ്ങളിൽ നാം പഠനവിധേയമാക്കുന്നതാണ്.

## ക്രിസ്തീയ മനുഷ്യശാസ്ത്രത്തിന്റെ പ്രാധാന്യം

ക്രിസ്തീയ ദൈവശാസ്ത്രപരമായ മനുഷ്യദർശനത്തിന് വളരെ പ്രാധാന്യമുണ്ട്. കാരണം ഇത് മറ്റു മനുഷ്യദർശനങ്ങളിൽനിന്നും വ്യത്യസ്തമായ പുതിയ ഉൾക്കാഴ്ച നൽകുന്നു. ഇവിടെ മനുഷ്യനെ യേശുക്രിസ്തുവിൽ വെളിപ്പടുത്തപ്പെട്ട ദൈവവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാൻ ശ്രമിക്കുന്നു. യേശുക്രിസ്തു ഒരേസമയം പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായിരുന്നു.

കൂടാതെ ക്രിസ്തീയ മനുഷ്യദർശനം നമ്മെ ഓരോരുത്തരെയും നമുക്കുതന്നെ വെളിപ്പെടുത്തിതരുന്നു. പീലാത്തോസ് ഈശോയെ നോക്കി പറയുന്ന ഒരു വാചകമുണ്ട്: "ഇതാ മനുഷ്യൻ" (യോഹ 19:5). യേശുവാണ് യഥാർത്ഥ മനുഷ്യൻ, പൂർണ്ണമനുഷ്യൻ എന്ന് നമുക്ക് പറയുവാൻ സാധിക്കും. കാരണം പഴയനിയമത്തിൽ, മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു, എന്നും നാം വായിക്കുന്നു. ദൈവം വീണ്ടും അരുളിചെയ്തു: നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം.... അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു (ഉൽപ 1:26-27). മനുഷ്യൻ ഭൂമിയിൽ ദൈവത്തെ പ്രതിനിധീകരിക്കുന്നു. ഈജിപ്തിൽ ഫറവോയുടെ പ്രതിമകൾ സ്ഥാപിച്ചിരുന്നു. മെസപ്പെട്ടോമിയായിൽ രാജാവ് ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധിയായിരുന്നു. രാജാക്കന്മാരുടെയും, ദൈവങ്ങളുടെയും പ്രതിമകൾ സ്ഥാപിച്ചിരുന്നു പല രാജ്യങ്ങളിലും (2 രാജ 11:18; എസെ 7:20). ഇത്തരം പ്രതിമകളെ സൂചിപ്പിക്കുന്ന "സെലം" എന്ന ഹീബ്രു

പദമാണ് "ഛായ" എന്ന് മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്. ഛായയും, സാദൃശ്യവും എന്നീ വാക്കുകൾ ഏകദേശം ഒരേ അർത്ഥത്തിൽതന്നെയാണ് ഉപയോഗിക്കുക. അദൃശ്യനായ സ്രഷ്ടാവിനെ ഈ പ്രപഞ്ചത്തിൽ പ്രതിനിധാനം ചെയ്യേണ്ടവനാണ് മനുഷ്യൻ എന്ന് ഈ പദങ്ങൾ വിവക്ഷിക്കുന്നു.

## ബൈബിളിലെ മനുഷ്യദർശനം

വി. ബൈബിൾ വളരെ സമഗ്രവും, പൂർണ്ണവുമായ ഒരു മനുഷ്യദർനം പ്രദാനം ചെയ്യുന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങളിൽ ചിതറിക്കിടക്കുന്ന ചിന്തകളും, ആശയങ്ങളും, പഠനങ്ങളും കൂട്ടിച്ചേർത്തുവായിക്കുമ്പോൾ പഴയനിയമത്തിൽനിന്നും, പുതിയ നിയമത്തിൽനിന്നുമായി മനുഷ്യനെക്കുറിച്ച് വളരെ ആഴമായ ഒരു ദർശനം ലഭിക്കുന്നു. മനുഷ്യൻ എന്ന വാക്കുതന്നെ വ്യത്യസ്ത അർത്ഥത്തിൽ സൂചിപ്പിച്ചിരിക്കുന്നു. ആദാം എന്നുള്ളത് മനുഷ്യനെ സൂചിപ്പിക്കാനും, പുരുഷനെയും സ്ത്രീയെയും സൂചിപ്പിക്കാനും, ഒരുപോലെ ഉപയോഗിക്കുന്നു (ഉൽപ 4:26; 4:25). മനുഷ്യന്റെ മർത്യതയെ സൂചിപ്പിച്ചുകൊണ്ട് ഏശയ്യാ 51:12 ലും സങ്കീർത്തനം 103:15-16 ലും മനുഷ്യൻ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു.

ദൈവം എല്ലാത്തിന്റെയും അവസാനമായി പൂർണ്ണതയായി മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു (ഉൽപ 1:26-30). മനുഷ്യനെ ഭൂമിയിലെ പൊടിയിൽനിന്നും സൃഷ്ടിക്കുന്നതായും നമുക്ക് കാണുവാൻ സാധിക്കും (ഉൽപ 2:7-8; 18-23). ഇവിടെ മനുഷ്യന്റെ പ്രാധാന്യവും അതോടൊപ്പം മനുഷ്യന് ദൈവവുമായും, പ്രകൃതിയുമായും, മറ്റുമനുഷ്യരുമായുള്ള ബന്ധത്തെയും എടുത്തു കാണിക്കുന്നു. മനുഷ്യൻ നിരന്തരമായി ഈ മൂന്നു ബന്ധങ്ങളിൽ ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

### 1) ദൈവവുമായുള്ള ബന്ധം

പുറപ്പാടിന്റെ പുസ്തകത്തിൽ വായിക്കുന്നു: "ഞാൻ നിങ്ങളെ എന്റെ ജനമായി സ്വീകരിക്കും; നിങ്ങളുടെ ദൈവമായിരിക്കുകയും ചെയ്യും" (പുറ 6:7; ലേവ്യ 26:12; ജറെ 30:22; എസെ 36:28). ഇവിടെ മനുഷ്യനും ദൈവവുമായുള്ള ബന്ധത്തെ വളരെ കൃത്യമായും വിശദമായും അവതരിപ്പിച്ചിരിക്കുന്നു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു, ദൈവം മനുഷ്യന്റെ നാസാരന്ധ്രങ്ങളിലേക്ക് ജീവന്റെ ശ്വാസം നിശ്വസിച്ചു എന്നു പറയുമ്പോഴും ദൈവമനുഷ്യബന്ധം വിശദമാക്കപ്പെടുന്നു. ദൈവം മനുഷ്യനുമായി നിരന്തരം ബന്ധപ്പെടാനും, മനുഷ്യൻ ദൈവത്തിലാശ്രയിക്കാനും,





ദൈവവുമായി നിരന്തര സമ്പർക്കത്തിലായിരിക്കാനും ആഗ്രഹിക്കുന്നു.

### 2) പരസ്പരബന്ധം

മനുഷ്യർ പരസ്പരം ബന്ധത്തിലായിരിക്കത്തക്കവിധമാണ് ദൈവം അവരെ സൃഷ്ടിച്ചിരിക്കുക. ദൈവമാണ് മനുഷ്യന് ചേർന്ന ഇണയെ നൽകുന്നത്. "ദൈവമായ കർത്താവരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. അവനു ചേർന്ന ഇണയെ ഞാൻ നൽകും" (ഉൽപ 2:18; 20-22). ഈ ഭൂമിയിലെ മൃഗങ്ങൾക്കോ, പക്ഷികൾക്കോ, പ്രകൃതിക്കുതന്നെയോ മനുഷ്യന് ഇണയോ, കൂട്ടോ ആയിരിക്കാൻ കഴിയില്ല. അതിനാൽ ദൈവം മനുഷ്യന്റെ വാരിയെല്ലിൽനിന്നും സ്ത്രീയെ സൃഷ്ടിക്കുന്നു. മനുഷ്യർ തമ്മിലുള്ള ബന്ധവും പരസ്പര ആശ്രയത്വവും ഈ വാക്കുകളിലൂടെ വെളിപ്പെടുന്നു. കൂടാതെ മനുഷ്യൻ സമൂഹജീവിയാണ്. അവർ സമൂഹമായി ജീവിക്കുന്നു. സമൂഹത്തിന്റെ ഭാഗംതന്നെയാണ്. ഇതിനെക്കുറിച്ച് മറ്റൊരദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്.

### 3) പ്രകൃതിയുമായുള്ള ബന്ധം

മനുഷ്യൻ എന്നും പ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രകൃതിയില്ലാതെ മനുഷ്യന് ജീവിക്കാനാവില്ല. ദൈവം മനുഷ്യനെ രൂപപ്പെടുത്തുന്നത് പ്രകൃതിയിൽനിന്നാണ്. "ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തി" (ഉൽപ 2:7; 18:27; ജോബ് 10:8-9). ഇപ്രകാരം മനുഷ്യൻ തന്റെ ജനനം മുതൽ, മരണംവരെ പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നു. മനുഷ്യന് പ്രകൃതിയുമായുള്ള ബന്ധം അത്യന്താപേക്ഷിതമാണ്. മനുഷ്യൻ മരിക്കുമ്പോൾ അവൻ ഭൂമിയിലേക്കുതന്നെ മടങ്ങുന്നു. മണ്ണിൽനിന്ന് വന്നവൻ മണ്ണിലേക്ക് മടങ്ങുന്നു. പ്രകൃതിയെ കീഴടക്കുവാനും, കൃഷി ചെയ്യുവാനും, സംരക്ഷിക്കുവാനും ദൈവം അവനെ ചുമതലപ്പെടുത്തുന്നു (ഉൽപ 2:15). മനുഷ്യൻ പ്രകൃതിയോട് വളരെയധികം ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവൻ പാപംചെയ്തു കഴിയുമ്പോൾ പ്രകൃതിയുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുന്നു (ഉൽപ 3:17-18). പ്രകൃതി മനുഷ്യപാപത്തിലൂടെ ശപിക്കപ്പെട്ടതും, മുള്ളും, മുൾച്ചെടികളും മുളപ്പിക്കുന്നതും ആയിതീർന്നതുപോലെ, മനുഷ്യന്റെ രക്ഷയിൽ പ്രകൃതിയും സന്തോഷിക്കുന്നു (സങ്കീ 96:10-13; ഏശ 35; 11:6-9).

## പുതിയനിയമത്തിലെ മനുഷ്യദർശനം

ഈശോ മനുഷ്യവംശത്തെ മനസ്സിലാക്കിയതിനെ നാല് ഭാഗമായിട്ട് തിരിക്കാവുന്നതാണ്.

**1) മനുഷ്യൻ സ്വതന്ത്രനാണ്**

ദൈവത്തിന്റെ ഇഷ്ടം അറിയുവാനുള്ള കഴിവ് അവനുണ്ട്. ശരിയും തെറ്റും തിരിച്ചറിയാൻ മനുഷ്യന് കഴിയുന്നു (യോഹ 8:1-11; മർക്കോ 10:17-22; ലൂക്ക 15:11-32; ലൂക്ക 16:19-31). ശരിയും തെറ്റും അറിയുവാനും സ്വീകരിക്കുവാനും, തള്ളിക്കളയുവാനുമുള്ള കഴിവ് മനുഷ്യന് ഉണ്ട്.

**2) മനുഷ്യൻ വിലപ്പെട്ടവനാണ്**

മനുഷ്യന് യേശു വലിയ വില കല്പിക്കുന്നു. ഭാഷക്കും, ജാതിക്കും, ലിംഗത്തിനും ഉപരിയായ ഒരു വില മനുഷ്യനുണ്ട്. സമ്പത്തിനേക്കാളും വിലപ്പെട്ടവനാണ് മനുഷ്യവ്യക്തിയെന്ന് ഈശോ വ്യക്തമായി പഠിപ്പിക്കുന്നു (മർക്കോ 2:27; മത്താ 12:10). പ്രകൃതിയിലെ എന്തിനെക്കാളും ഒരു മനുഷ്യവ്യക്തി വിലപ്പെട്ടവനാണ് (മത്താ 6:26-34; മർക്കോ 8:37; മത്താ 16:26). ഏതുതരത്തിൽപ്പെട്ട വ്യക്തികളും, യേശുവിന്റെ ശിഷ്യസമൂഹത്തിലും സുഹൃത്തുക്കളായും ഉണ്ടായിരുന്നു. ദൈവവുമായുള്ള വലിയ ബന്ധത്തിലൂടെ മനുഷ്യൻ വിലപ്പെട്ടവനായിത്തീർന്നു (മത്താ 5:43-47; 6:26-34; 10:30-31; യോഹ 15:13).

**3) മനുഷ്യജീവിതം മരണത്തോടെ അവസാനിക്കുന്നില്ല**

മനുഷ്യജീവിതം മരണത്തിനുമപ്പുറത്തേക്ക് നീളുന്നതാണെന്ന് ഈശോ പഠിപ്പിക്കുന്നു. യേശുവിന്റെ കാലത്തെ യഹൂദരിൽ ഫരിസേയർ മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നെങ്കിലും, സദൂക്കായർ വിശ്വസിച്ചിരുന്നില്ല. ഈ സാഹചര്യത്തിലാണ് യേശു പഠിപ്പിക്കുക: "ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ 11:25). മരണശേഷമുള്ള ജീവിതത്തിനായി ഒരുങ്ങിയിരിക്കുവാൻ യേശു തന്റെ പഠനങ്ങളിൽ ആഹ്വാനം ചെയ്യുന്നു (മത്താ 6:20; മത്താ 16:26; ലൂക്ക 12:15).

**4) മനുഷ്യൻ പാപാവസ്ഥയിലാണ്**

മനുഷ്യൻ ദൈവത്തിനെതിരായി പാപം ചെയ്യുന്നു. മനുഷ്യന്റെ മഹത്വവും, വലിപ്പവും വിവരിക്കുമ്പോഴും അവന്റെ പാപാവസ്ഥയെ മറക്കുവാൻ സാധിക്കുകയില്ല. പിതാവേ സ്വർഗ്ഗത്തിനെതിരായും, നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു (ലൂക്ക 15:21). ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കുന്നതാണ് നിയമം (മത്താ 22:34-40; മർക്കോ 12:28-34). ഈ നിയമം പാലിക്കാതെ വരുമ്പോൾ അത്





ദൈവവുമായും, മനുഷ്യനുമായും, പ്രകൃതിയുമായും ഉള്ള ബന്ധങ്ങളിൽ തകർച്ചക്ക് കാരണമാകും (മത്താ 15:19-20; മർക്കോ 7:21-23). മനുഷ്യഹൃദയങ്ങളിൽ പാപം കുടികൊള്ളുന്നു (മത്താ 15:11; മർക്കോ 7:15). മനുഷ്യൻ പാപാവസ്ഥയിലാണെങ്കിലും ദൈവം അവന്റെ പാപങ്ങൾ ക്ഷമിക്കുന്നു. തന്റെ രക്തത്തിലൂടെ മനുഷ്യന് രക്ഷ പ്രദാനം ചെയ്യുന്നു (മത്താ 1:21; 3:6; 12:31; 26:28; 9:1-8; മർക്കോ 2:1-12).

വി. പൗലോസിന് തന്റേതായ മനുഷ്യദർശനമുണ്ട്. കൂടാതെ ആദിമസഭയിലും തുടർന്ന് സഭാപിതാക്കന്മാരുടെ ഇടയിലും മനുഷ്യദർശനത്തെക്കുറിച്ചുള്ള വിശദമായ പഠനങ്ങൾ കാണാവുന്നതാണ്. ഇവയെല്ലാം ദൈവവചനത്തിലൂടെ വെളിപ്പെടുന്ന അടിസ്ഥാന മനുഷ്യദർശനത്തെ ആധാരമായി രൂപപ്പെട്ടവയാണ്.

08

# ശാസ്ത്രവും മതവും സമന്വയിക്കുന്ന സംസ്കാരം

"മാനവരാശിയെ സംബന്ധിച്ചിടത്തോളം മതവും ശാസ്ത്രവും എന്താണെന്ന് യഥാർത്ഥത്തിൽ മനസ്സിലാക്കുമ്പോൾ ഭാവിതലമുറകളുടെ ഭാഗധേയം തന്നെ നിർണ്ണയിക്കുന്നത് മതവും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഇന്നത്തെ തലമുറ എടുക്കുന്ന തീരുമാനങ്ങളാണ് എന്നുകാണാവുന്നതാണ്". വിശ്രുതതത്വശാസ്ത്രജ്ഞനായ ആൽഫ്രഡ് നോർത്ത് വൈറ്റ് ഹെഡിന്റെ വാക്കുകളാണിവ. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അദ്ദേഹം നടത്തിയ ഈ പ്രവചനാത്മക നിരീക്ഷണം ഇന്ന് എന്നത്തേക്കാളുമധികം സാധൂകരിക്കപ്പെടുകയാണ്. മാനവസംസ്ക്കാരത്തിന്റെ ഗതിവിഗതികൾ നിർണ്ണയിക്കുന്നതിൽ ചരിത്രത്തിനുമേൽ അതിനിർണ്ണായക സ്വാധീനം ചെലുത്തിപ്പോന്ന രണ്ടു ഘടകങ്ങളാണ് ശാസ്ത്രവും മതവും. ഇത്തരമൊരു സാഹചര്യത്തിൽ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ സംസ്കാരപരിണതിയുടെ രീതിശാസ്ത്രം ആവിഷ്കരിക്കപ്പെടേണ്ടത്





മതവും ശാസ്ത്രവും തമ്മിലുള്ള സമന്വയത്തിന്റെ ഭാഷയിലായിരിക്കണമെന്ന വസ്തുതയ്ക്ക് അടിവരയിടുന്ന ഘടകവും ആനുകാലിക സംസ്കാരംതന്നെയാണ്.

ചരിത്രപരമായ വിശകലനത്തിൽ മതവും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തിന്റെ യഥാർത്ഥ വസ്തുതകൾ എന്തൊക്കെയാണ്? മതശാസ്ത്ര ബന്ധത്തിന്റെ നിമ്നോന്നതങ്ങൾ എപ്രകാരമാണ് സംസ്കാരത്തിലും സമൂഹത്തിലും നിഴലിക്കുന്നത്? ഉത്തരാധുനിക സംസ്കാരത്തിലെ മതശാസ്ത്രസമന്വയത്തിന്റെ വഴിത്താരകൾ ഏവയെല്ലാം? ഇത്തരം ചോദ്യങ്ങളാണ് ഈ ലേഖനത്തിന്റെ പ്രമേയം.

## മതശാസ്ത്ര സംഘർഷം - മിത്തും യാഥാർത്ഥ്യവും

പത്തൊമ്പതാം നൂറ്റാണ്ടിലെ ഗണിതശാസ്ത്രജ്ഞനായ സാമുവൽ ലാപ്ലേസ് ഐസക് ന്യൂട്ടന്റെ നിയമങ്ങളുടെ അടിസ്ഥാനത്തിൽ സൗരയുഥത്തിന്റെ സ്ഥിരതയെ എങ്ങനെ വിശദീകരിക്കാമെന്ന് വിവരിച്ചുകൊണ്ട് ഒരു ബൃഹദ്ഗ്രന്ഥമെഴുതി. ഈ കൃതിയുടെ ആദ്യപ്രതി വായിച്ച നെപ്പോളിയൻ ചക്രവർത്തി "അതിബൃഹത്തായ ഈ കൃതിയിൽ സ്രഷ്ടാവിനെക്കുറിച്ചുള്ള യാതൊരു സൂചനയും ഇല്ലല്ലോ" എന്നു പ്രതികരിച്ചപ്പോൾ ലാപ്ലേസിന്റെ പ്രത്യുത്തരം ഇതായിരുന്നു: "എനിക്ക് ദൈവമെന്ന പരികല്പനത്തിന്റെ യാതൊരു ആവശ്യവും ഇല്ല".

ഈ സംഭവം സൂചിപ്പിക്കുന്നതുപോലെ പതിനാറു മുതൽ പത്തൊൻപതുവരെയുള്ള നൂറ്റാണ്ടുകളിലെ മതശാസ്ത്ര സമ്പർക്കത്തിന്റെ അന്തർധാര കൂടുതലായും സംഘർഷത്തിന്റേതായിരുന്നു എന്നുപറയുന്നത് ഭാഗികമായി ശരിയാണ്. ശാസ്ത്രസിദ്ധാന്തങ്ങളും മതവിശ്വാസങ്ങളും ഒരിക്കലും സമരസപ്പെടുത്താനാവാതെ വിരുദ്ധധ്രുവങ്ങളിൽ കഴിയുന്ന പ്രതിഭാസങ്ങളായിരുന്നുവെന്ന ജനകീയ വിശ്വാസം ഈ കാലയളവിൽ രൂഢമൂലമായി. പാശ്ചാത്യലോകത്തെ സ്കൂളുകളിലും കോളേജുകളിലുമെല്ലാം മതവും ശാസ്ത്രവും തമ്മിലുള്ള സംഘർഷത്തിന്റേതായ ചിത്രം ഒത്തിരിയേറെ പെരുപ്പിച്ചും ആവർത്തിച്ചും തന്നെ പഠിപ്പിച്ചുപോന്നു. സംഘർഷത്തിന്റേതായ ഈ കഥ ഇപ്രകാരം ചിത്രീകരിക്കപ്പെട്ടു. ഉദാത്തമായ വെളിപാടുകളുടെ വെളിച്ചത്തിൽ ദൈവശാസ്ത്രം പ്രപഞ്ചത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചുമെല്ലാം ചില അവകാശവാദങ്ങൾ നടത്തുന്നു. ഈ അവകാശവാദങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ശാസ്ത്രസിദ്ധാ

ന്തങ്ങൾ വാദിക്കുന്നു. ദൈവശാസ്ത്രത്തിന്റെ പെട്ടെന്നുള്ള പ്രതികരണം പ്രതിരോധത്തിന്റേതാണ്. എന്നിരുന്നാലും ക്രമേണ ദൈവശാസ്ത്രത്തിന്റെ അതിഭൗതിക ജ്ഞാനം ശാസ്ത്രത്തിന്റെ പരീക്ഷണാധിഷ്ഠിതമായ സ്വാഭാവികജ്ഞാന ത്തിന് അടിയറവു പറയുന്നു. അങ്ങനെ മതവും ശാസ്ത്രവും തമ്മിലുള്ള ദ്വന്ദയുദ്ധത്തിൽ മതമെപ്പോഴും പരാജിതന്റെ വശത്തേക്ക് തള്ളിമാറ്റപ്പെട്ടുകൊണ്ടേയിരുന്നു.

പക്ഷെ, ഇത്തരം ജനകീയപ്രതിച്ഛായകളിൽ യാഥാർത്ഥ്യത്തിന്റെ നേരിയ ഒരു അംശം മാത്രമേ കലർന്നിട്ടുള്ളൂ എന്ന് ആധുനിക പഠനങ്ങൾ വെളിവാക്കുന്നുണ്ട്. വൈറ്റ് ഹെഡിനെപ്പോലുള്ള ചിന്തകൾ ആധുനിക ശാസ്ത്രത്തിന്റെ ആരംഭംതന്നെ മതപരമായ അടിത്തറകളിൽ നിന്നാണെന്ന് വാദിക്കുന്നവരാണ്. ഈ കാലയളവിൽ മതശാസ്ത്ര സംഘർഷത്തിന്റെ ഗോദയിലെ രണ്ടു പ്രമുഖ സംഭവവികാസങ്ങളായിരുന്നു ഗലീലിയോ സംഭവവും ഡാർവിന്റെ "വംശോല്പത്തി"യുടെ പ്രസിദ്ധീകരണവും. ഈ രണ്ടു സംഭവങ്ങളെത്തന്നെ മതശാസ്ത്ര സംഘർഷത്തിന്റെ നിദർശനങ്ങളായി ചിത്രീകരിക്കുന്നത് പൂർണ്ണമായും ശരിയല്ല. "ഗലീലിയോയെ തുറങ്കിലടച്ചു"വെന്ന് ആക്ഷേപിക്കപ്പെടുന്ന മതത്തിന്റെ പക്ഷത്തുനിന്നുതന്നെ അക്കാലത്തും ഗലീലിയോ സിദ്ധാന്തത്തെ പിന്താങ്ങിയ ദൈവശാസ്ത്രജ്ഞന്മാരുണ്ടായിരുന്നെന്നും, കൂടുതലായും മതേതരങ്ങളായ പരിഗണനകളിന്മേലാണ് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ തിരസ്ക്കരിക്കപ്പെട്ടതെന്നും ഇന്നും നാം മനസിലാക്കുന്നു.

ഡാർവിന്റെ പരിണാമസിദ്ധാന്തത്തിന്റെ പ്രമേയങ്ങളെ ക്രൈസ്തവ വിശ്വാസത്തിന്റെ മുഖ്യധാരയുമായി തുന്നിച്ചേർക്കുവാൻ പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽത്തന്നെ നിരവധി പരിശ്രമങ്ങൾ നടന്നിട്ടുണ്ട് എന്നതിന് പരിണാമസിദ്ധാന്തത്തെക്കുറിച്ച് അക്കാലയളവിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒട്ടനവധി ദൈവശാസ്ത്രഗ്രന്ഥങ്ങൾ തെളിവാണ്. ആകയാൽ സംഘർഷത്തിന്റേത് എന്നതിനെക്കാൾ ക്രിയാത്മകമായ സംവാദത്തിന്റെ പ്രതിച്ഛായയായിരിക്കും ചരിത്രപരമായി മതശാസ്ത്ര സമ്പർക്കത്തെ ചിത്രീകരിക്കുവാൻ കൂടുതൽ ഉചിതമായിട്ടുള്ളത്.

### ആധുനികത: അന്യവത്കരിക്കപ്പെട്ട സംസ്കാരം

യഥാർത്ഥത്തിൽ മതശാസ്ത്രസമ്പർക്കത്തെ കൂടുതലായും സംഘർഷാത്മകമാക്കിയത് ശാസ്ത്രസിദ്ധാന്തങ്ങളെ അടിസ്ഥാന





മാക്കി പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടുകളിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി വളർന്നുവന്ന രണ്ട് തത്വശാസ്ത്ര രൂപങ്ങളായ യാന്ത്രിക പ്രപഞ്ചവീക്ഷണവും (Mechanical philosophy of nature) ലോജിക്കൽ പോസിറ്റിവിസവും (Logical positivism) ആണ്.

ന്യൂട്ടന്റെ യാന്ത്രിക പ്രപഞ്ചസിദ്ധാന്തം അഗോചരങ്ങളായ ഘടകങ്ങളെയെല്ലാം ശാസ്ത്രത്തിൽനിന്നും മാറ്റുന്നതിനുള്ള യത്നമായി രുന്നു. പദാർത്ഥവും അതിന്റെ ഗതിയും, ബലവും സകല പ്രതിഭാസങ്ങളും വിശദീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളായി മാറി. ജീവൻ പോലും വെറും യാന്ത്രികമായി വ്യാഖ്യാനിക്കപ്പെട്ടു. യാദൃച്ഛികതയും ഭവ്യതയും യാന്ത്രികപ്രപഞ്ച സിദ്ധാന്തത്തിന് അന്യമായി. പ്രപഞ്ചം വലിയൊരു ഘടികാരം പോലെയാണ്. ജീവനും മറ്റ് ജീവൽപ്രതിഭാസങ്ങളും രസതന്ത്രത്തിലേക്കും ഭൗതികശാസ്ത്രത്തിലേക്കും തരംതാഴ്ത്ത പ്പെട്ടു. ഭൗതികനിയമങ്ങളനുസരിച്ച് എല്ലാം പ്രവചനാത്മകമാണെന്ന് അവർ കരുതി. ലക്ഷ്യോന്മുഖത അവർ നിരാകരിച്ചു. തന്മൂലം ഇതിന്റെ പ്രയോക്താക്കൾ വിശ്വാസികളായിരുന്നുവെങ്കിലും നിരീശ്വരത്വം സാഹചര്യങ്ങളുടെ ഒരു വിരോധാഭാസമെന്നോണം സംജാതമായി.

ഇരുപതാം നൂറ്റാണ്ടിലെ ലോജിക്കന്റെ പോസിറ്റിവിസം എന്ന ശാസ്ത്ര-തത്വശാസ്ത്ര സിദ്ധാന്തം ശാസ്ത്രത്തിന്റെ പരിധിയിലേക്ക് അതിഭൗതികതയുടെ കടന്നുകയറ്റത്തെ തടയാനുള്ള ശ്രമങ്ങളുടെ പരിണതഫലമായിരുന്നു. സമ്മതമായ ഏതൊരു പ്രസ്താവനയും അനുഭവസിദ്ധമായ അടിസ്ഥാനമുള്ളതാവണമെന്നായിരുന്നു അവരുടെ വാദം. ശാസ്ത്രത്തിന്റെ യുക്തിമൂലകത്വം ശാസ്ത്രജ്ഞാനത്തിന്റെ നിയമങ്ങളായി മാറി. ശാസ്ത്രം എല്ലാക്കാലത്തും സാർവ്വത്രികമായി നിലനിൽക്കുന്നു. കാരണം ശാസ്ത്രവിജ്ഞാനം വസ്തുനിഷ്ഠമാണ്. പരീക്ഷണനിരീക്ഷണങ്ങളിലൂടെ ഒരു പ്രസ്താവനയെ പ്രമാണീകരി ച്ചാൽമാത്രമെ അതിനെ സത്യമായി സ്വീകരിക്കാവൂ. തന്മൂലം ശാസ്ത്രത്തിലെ സാമാന്യ സങ്കല്പങ്ങളുടെ അർത്ഥം നിയതമായി നിശ്ചയിക്കപ്പെട്ടു.

ഈ രണ്ട് ശാസ്ത്ര-തത്ത്വശാസ്ത്ര സംഹിതകൾ മതശാസ്ത്ര ദ്വന്ദയുദ്ധ ഗോദയിലെ ആധുനിക ലോകത്തെ നവാഗതരായി. ഇവയും, ഇവയോട് ബന്ധപ്പെട്ട് അഭിവൃദ്ധിപ്പെട്ട സാങ്കേതിക വിദ്യയും, മത ശാസ്ത്രബന്ധത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നതിന് അപ്രധാനമല്ലാത്ത ഒരു പങ്കുവഹിച്ചു.

ആധുനിക മനുഷ്യന്റെ പരിണാമചക്രത്തിലെ ഈ കാലഘട്ടത്തിൽ പ്രപഞ്ചത്തിൽനിന്നും മനുഷ്യൻ അന്യവത്ക്കരിക്കപ്പെട്ടു. സസ്യങ്ങളെയും മൃഗങ്ങളെയും നാം അടിമകളായി കണക്കാക്കി. മനുഷ്യസംസ്കാരം അന്യവത്ക്കരണത്തിന്റെ സംസ്ക്കാരമായിത്തീർന്നു. പ്രപഞ്ചത്തിൽനിന്നും സഹജീവികളിൽനിന്നും, ദൈവത്തിൽനിന്നും അവനകന്നു. യാഥാർത്ഥ്യത്തിന്റെ ന്യൂനീകരണം അതിൽനിന്നുമുള്ള മനുഷ്യന്റെ വിച്ഛേദക ഹേതുവായി മാറി. ഈ അന്യവത്ക്കരണത്തിന്റെ സംസ്കാരം മനുഷ്യരാശിയുടെ ഹൃദയങ്ങളിലെ സ്ത്രൈണഭാവങ്ങളെ ശുഷ്ക്കമാക്കി. പ്രപഞ്ചവും സഹജീവികളും മനുഷ്യന് തന്റെ അധീശത്വത്തെ ഉറപ്പിക്കുവാനുള്ള വസ്തുക്കളായി. ഇക്കാലത്തെ മനുഷ്യചരിത്രം ധൂർത്തപുത്രന്റെ ചരിത്രമാണ്. ദൈവത്തിൽനിന്നും സഹജീവികളിൽനിന്നും പ്രപഞ്ചത്തിൽനിന്നും തന്റെ വിഹിതവും മേടിച്ചുകൊണ്ട് മനുഷ്യൻ യാന്ത്രികതയുടെ മടിത്തട്ടിൽ വിലയം പ്രാപിച്ചു. അതുകൊണ്ടാണ് റോബർട്ട് എൽ കെക്ക് ഇങ്ങനെ പറയുന്നത്, ''നാം നമ്മുടെ ദൈവാരാധനയെ സ്വർഗ്ഗീയ പിതാവിൽനിന്നും ഭൗതികശാസ്ത്ര ത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു. ആത്മീയവിശുദ്ധരോടുള്ള വണക്കം ശാസ്ത്രീയവിരുദ്ധരുടെ ലോകം കീഴടക്കാനുള്ള കഴിവിനോടുള്ള വണക്കമായി മാറി. ഈ ധൂർത്തപുത്രന്റെ ദൈവശാസ്ത്രം, "മസ്കുലിനിറ്റി" (Masculinity), ''മെറ്റീരിയലിസം'' (Materialism), ''മെഷീനു''കൾ (Machines) എന്നിങ്ങനെ മൂന്ന് 'എം' (M) കളായിരുന്നു".

മനുഷ്യന്റെയും മനുഷ്യസംസ്ക്കാരത്തിന്റെയും ഈ അന്യവത്ക്കരണം വലിയൊരു അന്തഃസ്ഫോടനത്തിലേക്ക് മനുഷ്യനെ നയിച്ചു. ബാഹ്യമായ സമൃദ്ധി ആന്തരികമായ ശുഷ്കതയിലേക്ക് അവനെ ആനയിച്ചു. ഭൂമിയുടെ ധ്രുവങ്ങൾ അടുത്തു വന്നപ്പോൾ ശാസ്ത്രത്തിന്റെ ചിറകുകളിലേറി മനുഷ്യഹൃദയങ്ങൾ പറന്നകലുകയായിരുന്നു. മനുഷ്യരാശിയുടെ "ആത്മാവിന്റെ ഇരുണ്ടരാത്രി" എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇക്കാലത്ത് സംസ്ക്കാരത്തിന്റെയും മതത്തിന്റെയും അടിസ്ഥാനങ്ങളായ മൂല്യങ്ങൾ പലതും തച്ചുടയ്ക്കപ്പെട്ടു.

ഇത്തരമൊരു മതാത്മക ധ്രുവീകരണത്തിന്റെ പശ്ചാത്തലത്തിലാണ് ആധുനിക പാശ്ചാത്യസാംസ്ക്കാരികാന്തരീക്ഷം മുഴുവൻ ഒരു മാനസിക രോഗമായ 'സ്കിസോഫ്രേനിയ' (Schizophrenia) യുടെ നടുത്തളത്തിലാണെന്ന് വെസ്‌ലി വൈൽഡ്മാൻ നിരീക്ഷിക്കുന്നത്. അപചയത്തിന്റെയും അന്യവത്ക്കരണത്തി





ന്റെയും സീമകളിലൂടെ ബഹുദൂരം സഞ്ചരിച്ച ആധുനിക പാശ്ചാത്യസംസ്കൃതി ഇന്ന് സ്വന്തം ശൂന്യതകളുടെയും അസ്വസ്ഥതകളുടെയുംമുന്നിൽ പകച്ചുനിൽക്കുകയാണ്. ഈ അരക്ഷിതാവസ്ഥ സംസ്ക്കാരത്തിന്റെ ധനപരവും രാഷ്ട്രീയവും സാമൂഹികവും ധാർമ്മികവും മതപരവുമായ മേഖലകളിലെല്ലാം നിഴൽ വീഴ്ത്തിയിരിക്കുന്നു. സോവിയറ്റ് യൂണിയന്റെ കേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥിതിയുടെ പതനത്തിനുശേഷവും പാശ്ചാത്യ മുതലാളിത്വ വ്യവസ്ഥിതിയുടെ ഭാവി ഒട്ടുംതന്നെ ശോഭനമല്ലെന്ന് ധനതത്വശാസ്ത്ര പണ്ഡിതന്മാർ നിരീക്ഷിക്കുന്നു. ഏതൊരു സമ്പദ്‌വ്യവസ്ഥയുടെയും നിലനിൽപ്പിനും തുടർച്ചയ്ക്കും അനിവാര്യമായ പാരിസ്ഥിതികവും ധാർമ്മികവുമായ മാനങ്ങളെ വിലകുറച്ചു കണ്ടതാണ് ഈ സാമ്പത്തിക അസ്വസ്ഥതയുടെ ഒരു പ്രധാന കാരണം. രാഷ്ട്രീയരംഗത്താകട്ടെ, സമൂഹത്തിന്റെ അടിസ്ഥാന ഘടകങ്ങളായ കുടുംബം, വിദ്യാഭ്യാസം, മതം എന്നീ സംവിധാനങ്ങളെ എങ്ങനെ സംരക്ഷിക്കു മെന്നറിയാതെ രാഷ്ട്രീയ നേതൃത്വങ്ങൾ കുഴങ്ങുകയാണ്. സാമൂഹ്യ രംഗത്താകട്ടെ, അത്യാധുനികമായ പ്രപഞ്ചവിജ്ഞാനീയം കൈമുതലായുണ്ടായിട്ടും സ്വന്തം സത്തയെ അന്വേഷിക്കുന്ന മാനവവിജ്ഞാനീയം അനുദിനം ശുഷ്ക്കമായിത്തീരുന്ന അവസ്ഥാവിശേഷമാണ്. വർദ്ധിച്ചുവരുന്ന അസ്തിത്വപ്രശ്നങ്ങൾ ഈ സത്താപരമായ വരൾച്ചയിലേക്ക് വിരൽചൂണ്ടുന്നതാണ്. ശാസ്ത്രവിപ്ലവത്തിന്റെ വേലിയേറ്റത്തിൽ അന്ധവിശ്വാസമെന്നും അശാസ്ത്രീയമെന്നും മുദ്രകുത്തപ്പെട്ടതും മാനവരാശിയുടെ അർത്ഥങ്ങളുടെ പ്രപഞ്ചത്തെ അലങ്കരിച്ചുപോന്നതുമായ ശാശ്വതപ്രതീകങ്ങളെയും രൂപകങ്ങളെയും മിത്തുകളെയുമെല്ലാം കാലിക പ്രസക്തമായി എങ്ങനെ പുനരാവിഷ്ക്കരിക്കാൻ സാധിക്കുമെന്നറിയാതെ പാശ്ചാത്യ മാനവികത ഇന്ന് ഇരുട്ടിൽ തപ്പിത്തടയുകയാണ്. മാധ്യമങ്ങൾ നിരന്തരം റിപ്പോർട്ടു ചെയ്യുന്ന ധാർമ്മിക അപചയങ്ങളും, അവയെ നിയന്ത്രിക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങളുടെ അഭാവവും സംസ്ക്കാരത്തിന്റെ ഹൃദയത്തിൽതന്നെ ആസനസ്ഥമായിരിക്കുന്ന ഗുരുതരരോഗങ്ങളുടെ പ്രത്യാഘാതങ്ങളായി വ്യാഖ്യാനിക്കപ്പെടുന്നു.

ഈ പറഞ്ഞ സാംസ്ക്കാരിക അസ്വസ്ഥതകളുടെ ലക്ഷണങ്ങളെല്ലാം വിരൽചൂണ്ടുന്നത് കൂടുതൽ അടിസ്ഥാനപരവും അസ്തിത്വാ ത്മകവുമായ വൈരുദ്ധ്യങ്ങളിലേക്കാണ്. മനഃശാസ്ത്രവീക്ഷണത്തിൽ സ്കിസോഫ്രേനിയായുടെ കാരണങ്ങൾ മനസിലായാൽത്തന്നെ അവയ്ക്കുള്ള പരിഹാരവുമായി

എന്നുപറയുന്നു. പാശ്ചാത്യ സാംസ്ക്കാരിക സ്കിനോഫ്രേനിയായുടെ അടിസ്ഥാനഘടകം മനുഷ്യാവ സ്ഥയുടെ സ്വത്വപരവും അസ്തിത്വപരവുമായ അവസ്ഥയെക്കുറിച്ചുള്ള ഒരു ആശയക്കുഴപ്പമാണ് എന്ന് വൈൽഡ്മാൻ വാദിക്കുന്നു. "ഈ ലോകത്തിൽ മനുഷ്യൻ എപ്രകാരമായിരിക്കണമെന്നതിനെക്കുറിച്ചുള്ള ആഴമേറിയ അനിശ്ചിതത്വവും ആശയക്കുഴപ്പവുമാണ് ഇത്. എപ്രകാരം മനുഷ്യാവസ്ഥ ഒരുപോലെ മതാത്മകവും ശാസ്ത്രപരവുമായിരിക്കണം എന്നതിനെക്കുറിച്ചുള്ള അനിശ്ചിതത്വം. എപ്രകാരം വിമർശനബുദ്ധിയും ആദ്ധ്യാത്മിക ചിന്തയും ഏകോപിപ്പിക്കണമെന്നതിനെക്കുറിച്ചുള്ള ആശയക്കുഴപ്പം''. ആകയാൽ ഉത്തരാധുനിക സംസ്ക്കാരത്തിന്റെ ഔന്നത്യവും ഔദ്ധത്യവും അത് എത്രമാത്രം മാനവരാശിയുടെ മതാത്മകഭാവത്തെയും ശാസ്ത്രത്തിന്റെ സാങ്കേതികഭാവത്തെയും സമന്വയിപ്പിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

## ഉത്തരാധുനികത: സമന്വയത്തിന്റെ സംസ്ക്കാരം

ചൈനീസ് തത്ത്വശാസ്ത്രവീക്ഷണത്തിലെ ആത്യന്തിക യാഥാർത്ഥ്യമായ "ടവോ" (Tao) യുടെ ചാക്രിക പരിണാമത്തിലെ രണ്ട് വിരുദ്ധധ്രുവങ്ങളിലൊന്നായ 'യാംഗ്' അതിന്റെ പ്രയാണത്തിന്റെ പരമകാഷ്ഠ പ്രാപിക്കുമ്പോൾ ഇതരധ്രുവമായ 'യിൻ' ന് അനുകൂലമായി മടങ്ങിപ്പോകുമെന്ന് ഒരു ചൈനീസ് പഴമൊഴിയുണ്ട്. ഈ പഴമൊഴിയുടെ അന്വർത്ഥത ഒരർത്ഥത്തിൽ ഇന്നത്തെ നമ്മുടെ ആഗോളസാംസ്ക്കാരിക പരിണതിയിൽ വളരെയേറെ സ്പഷ്ടമാണ്. അതിദ്രുതം ആവിഷ്ക്കരിക്ക പ്പെട്ടുകൊണ്ടിരിക്കുന്ന ഒരു നവീന സംസ്കൃതിയുടെ ഉമ്മറപ്പടിക്കലാണ് ഇന്ന് മാനവരാശി എത്തിനിൽക്കുന്നത്. ഉത്തരാധുനികത, അത്യന്താധുനികത, നവയുഗം എന്നൊക്കെ വിശേഷിപ്പിക്കുന്ന ഈ നവീന സംസ്കൃതിയുടെ രണ്ടു പ്രമുഖ ഉപജ്ഞാതാക്കളായി കാണാവുന്നത് ശാസ്ത്രത്തെയും മതത്തെയുമാണ്. വൈരുദ്ധ്യത്തിൽ നിന്നും സമന്വയത്തിലേക്കുള്ള മതത്തിന്റെയും ശാസ്ത്രത്തിന്റെയും കാൽ വെയ്പുകൾ നമ്മുടെ സംസ്ക്കാരത്തിന്തന്നെ ഒരു സ്ഥായീഭാവം നൽകാൻ പര്യാപ്തമാണ്. ''മനുഷ്യന്റെയും പ്രകൃതിയുടെയും ഭാവിയെ സുസ്ഥിരപ്പെടുത്താനുള്ള നവീനമാർഗ്ഗങ്ങളുടെ അന്വേഷണത്തിൽ ശാസ്ത്രവും മതവും ഇന്ന് സുഹൃത്തുക്കളായിത്തീർന്നിരിക്കുന്നു" എന്ന് ജർമ്മൻ ദൈവശാസ്ത്രജ്ഞനായ യൂർഗൻ മോൾട്ട്മാൻ നിരീക്ഷിക്കുന്നു.

ദൈവവിജ്ഞാനീയരംഗത്തും ഭൗതികശാസ്ത്രരംഗത്തും





ഉരുത്തി രിഞ്ഞുവന്ന സൈദ്ധാന്തികവും രീതിശാസ്ത്രപരവുമായ മാറ്റങ്ങളും അവബോധവുമാണ് ഇന്ന് അവ തമ്മിലുള്ള സമ്പർക്കത്തെ കൂടുതൽ അനായാസമാക്കിയത്. സത്യത്തെ കസ്റ്റഡിയിൽവച്ചിരിക്കുന്ന ഉടമസ്ഥൻ, സത്യത്തിന്റെ കാവൽക്കാരൻ എന്നീ ധാരണകളിൽനിന്നും സത്യത്തിന്റെ അന്വേഷകൻ എന്ന വീക്ഷണത്തിലേക്ക് ഇന്ന് ദൈവശാസ്ത്രത്തിന്റെ ആത്മാവബോധം മാറിയിട്ടുണ്ട്. വെളിപാടെന്നത് പണ്ടെങ്ങോ സംഭവിച്ചതും പൂർത്തിയായതുമായ ഒരു സംഭവമല്ലെന്നും പ്രത്യുത അത് അനുസ്യൂതമായ ഒരു പ്രക്രിയയാണെന്നും ഇന്നും നാം മനസ്സിലാക്കുന്നു. ദൈവവചനത്തോടാകട്ടെ വിവരണപരമായ (exegetical) സമീപനത്തെ ക്കാൾ ഇന്നു കൂടുതൽ വ്യാഖ്യാനപരമായ (hermeneutical) ഒരു സമീപനമാണ് ഉള്ളത്. ഇവയെല്ലാം ശാസ്ത്രവുമായുള്ള ക്രിയാത്മ സംവാദത്തിന് മതത്തെ ആധികാരികമായ അടിത്തറമേൽ പ്രതിഷ്ഠിക്കുന്ന ഘടക ങ്ങളാണ്. സഭാപിതാവായ വിശുദ്ധ അഗസ്റ്റിൻ നാലാം നൂറ്റാണ്ടിൽ നടത്തിയ സുപ്രധാനങ്ങളായ ചില നിരീക്ഷണങ്ങളിലെ ദീർഘ വീക്ഷണവും ആശയപരവുമായ തുറവും ആനുകാലിക പ്രസക്തിയും ഇന്നു നമ്മെ അത്ഭുതം കൊള്ളിക്കാൻ പോന്നതാണ്. "ഭൂമിയെക്കുറിച്ചും ആകാശത്തെക്കുറിച്ചും അവയുടെ മൂലകങ്ങളെക്കുറിച്ചും, നക്ഷത്രങ്ങളുടെ ചലനം, ഭ്രമണ വലിപ്പം, അകലം എന്നിവയെക്കുറിച്ചും ഒരു അക്രൈസ്തവനുതന്നെ പലകാര്യങ്ങളും അറിയാം. അനുഭവത്തിൽ നിന്നും സുനിശ്ചിതമായ ഗണിതങ്ങളിൽനിന്നും അവർക്ക് നന്നായി അറിയാവുന്ന കാര്യങ്ങളെപ്പറ്റി നമ്മുടെ ഗ്രന്ഥങ്ങൾ തെറ്റായി പഠിപ്പിക്കുമ്പോൾ അവർ എങ്ങനെയാണു വിശ്വസിക്കുക? ഇത് പലപ്പോഴും സംഭവിക്കുന്ന പ്രശ്നമാണ്".

ആധുനിക യുഗത്തിൽ പ്രപഞ്ചരഹസ്യങ്ങളുടെ ഉള്ളറകളിലേക്ക് ശാസ്ത്രം ചൂഴ്ന്നിറങ്ങിയതോടെ സൈദ്ധാന്തികമായി വിപ്ലവകരമായ മാറ്റങ്ങളാണ് ശാസ്ത്രരംഗത്തു സംഭവിച്ചിട്ടുള്ളത്. തികച്ചും അപ്രതീക്ഷി തമായി അന്വേഷിക്കാത്ത മേഖലകളിലൂടെ ലോകചരിത്രത്തിൽ സത്യം കടന്നുവരാറുണ്ട്. ആധുനികശാസ്ത്രം ഇന്നു പ്രദാനം ചെയ്യുന്നത് ഇത്തരമൊരു സത്യത്തിന്റെ മുഖത്തെയാണ്. തത്വശാസ്ത്രവും ദൈവശാസ്ത്രവും സത്യത്തിന്റെ അതിഭൗതിക മാനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരി ച്ചപ്പോൾ ഭൗതികവും പാദാർത്ഥികവുമായ സത്യമായിരുന്നു ശാസ്ത്രത്തിന്റെ പഠനവിഷയം. അത്യാധുനിക ഗവേഷണോപകരണങ്ങളുടെ സഹായത്തോടെ, അണുവിന്റെയും പരമാണുവിന്റെയും സൂക്ഷ്മ പ്രപഞ്ചത്തിലേക്ക് പര്യടനം നടത്തുന്ന ശാസ്ത്രമിന്ന്

പദാർത്ഥത്തിലെ പദാർത്ഥാതീയ വിസ്മയങ്ങൾകണ്ട് കണ്ണഞ്ചി നിൽക്കുന്നു. പ്രപഞ്ച ത്തിന്റെ ഊർജ്ജവിസ്മയങ്ങളെക്കുറിച്ചു പഠിക്കുന്ന ആർക്കും ഇത് ഒരു മഹാബുദ്ധിയുടെ ആവിഷ്ക്കര ണമാണ് എന്ന വസ്തുത നിഷേധിക്കാനാവുകയില്ലെന്ന് വിശ്രുത ഭൗതികശാസ്ത്രജ്ഞനായ പോൾ ഡേവീസ് പറഞ്ഞിട്ടുണ്ട്. ആധുനിക ഭൗതികശാസ്ത്ര വികാസങ്ങളായ ക്വാണ്ടം ഫിസിക്സ്, കയോസ് തിയറി, സ്ട്രിംങ്ങ് തിയറി മുതലായവ യെല്ലാം അവയുടെ സൈദ്ധാന്തിക വിപ്ലവാത്മകയോടൊപ്പംതന്നെ ശാസ്ത്രത്തെ ക്കുറിച്ചും ശാസ്ത്രദർശനങ്ങളെക്കുറിച്ചുംകൂടി ഒട്ടേറെ സമൂലമായ വിപ്ലാവാത്മകമാനങ്ങൾ കൂട്ടിച്ചേർക്കുന്നവയാണ്. ശാസ്ത്ര ത്തിന് ആകമാനം സാകല്യവും സർവ്വാതിശായിയുമായ ഒരു പ്രതിച്ഛായ കൊടുക്കുവാൻ ഇവയ്ക്കു സാധിച്ചു. ഭൗതിക ശാസ്ത്രത്തെ ഒരർത്ഥ ത്തിൽ അതിഭൗതിക ശാസ്ത്രത്തിന്റെ തീരങ്ങളിലേക്ക് നയിക്കുന്ന വയായിരുന്നു ആധുനിക ശാസ്ത്രസിദ്ധാന്തങ്ങളെല്ലാംതന്നെ.

ജീവശാസ്ത്രരംഗത്തും ചിത്രം മറിച്ചൊന്നായിരുന്നില്ല. ഉദാഹരണമായി ജീവന്റെ വിസ്മയം കേവല ആകസ്മികതയെ ക്കാൾ അതിസങ്കീർ ണ്ണമായ ബുദ്ധിവൈഭവത്തിന്റെ പ്രകടനം കൂടിയാണെന്ന് ഇന്ന് ശാസ്ത്രം തിരിച്ചറിയുന്നു. ബയോളജിസ്റ്റ് വിൻസെന്റ് ടൈറ്റൻജിയുടെ വാക്കുകളിൽ: "ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കുവാൻ ജീവശാസ്ത്രം മതിയായ ഒരു കാരണവുമാ കില്ലെന്ന് ഞാൻ മനസിലാക്കിക്കഴിഞ്ഞു. ജീവൻ അത്യന്തം സങ്കീർണ്ണമാണ്, അത്യന്തം മനോഹരമാണ്; ആകസ്മിക ഉത്ഭവം അസാധ്യമാകുംവിധം വളരെയധികം ബുദ്ധിപൂർവ്വകമായി രൂപപ്പെട്ടിട്ടുള്ളതാണ്".

ശാസ്ത്രത്തിന്റെ വളർച്ചയും ദൈവശാസ്ത്രത്തിന്റെ മാറിയ മാനങ്ങളും ചേർന്ന് ഇന്ന് മതശാസ്ത്രസംഗമത്തിന്റെ പുതിയ അധ്യായ ങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾ അതിന്റെ അലയടികൾ ഏറെയും പ്രതിധ്വനിക്കുന്നത് ഇന്ന് ആനുകാലിക സാംസ്ക്കാര ത്തിൽ തന്നെയാണ്. നവയുഗസംസ്ക്കാരത്തിന്റെ ചേതോവികാ രങ്ങൾ വിഭജനത്തെക്കാൾ ഏകീകരണത്തിനും അകൽച്ചകളെ ക്കാൾ അടുപ്പങ്ങൾക്കും വിശകലനത്തെക്കാൾ സമന്വയത്തിനും പ്രാധാന്യം നൽകുന്നവയാണ്. "പ്രായപൂർ ത്തിയിലെത്തിയ മനുഷ്യാവസ്ഥ" (humanity came of age) എന്ന രൂപകംകൊണ്ട് നാം വിശേഷിപ്പിക്കുന്ന ആധുനിക മാനവസംസ്ക്കാരം അക്ഷരാർത്ഥത്തിലെങ്കിലും വളരെയേറെ ഭാവ്യോന്മുഖമായ പ്രത്യാശകൾക്കു വക നൽകുന്നവയാണ്. മാനവസംസ്ക്കാരത്തിന്റെ





നെടുംതൂണുകളായ പ്രത്യയശാസ്ത്രങ്ങളെയും സംവിധാനങ്ങ ളെയും തത്വശാസ്ത്രങ്ങളെയും സാമൂഹിക രാഷ്ട്രീയ വ്യവസ്ഥിതികളെയുമൊക്കെ പുനരാഖ്യാനം ചെയ്യാനും പുനർ വ്യാഖ്യാനിക്കാനും ഉപയുക്തമായ വളരെയേറെ വൈജ്ഞാനിക ഉറവിടങ്ങൾ ഈ സംസ്കൃതിയുടെ ആത്മാവിൽ കുടികൊള്ളു ന്നുണ്ട്. ആശയതലത്തിലും പ്രയോഗത്തിലും കരുത്താർജ്ജിച്ചു വരുന്ന പ്രകൃതി ബോധം, സ്ത്രൈണ മൂല്യവ്യവസ്ഥിതികളോടു വളർന്നുവരുന്ന ആഭിമുഖ്യം, യാന്ത്രികവും നിർജ്ജീവ ങ്ങളുമായ രൂപകങ്ങളെക്കാൾ ഭൂമിയെയും പ്രപഞ്ചത്തെയും ഒക്കെ വിശേഷി പ്പിക്കാൻ ഇന്നും നാം ഉപയോഗിക്കുന്ന ജൈവികങ്ങളും സാകല്യങ്ങളുമായ രൂപകങ്ങൾ, ജൈവശൃംഖലയുടെ പര സ്പരാശ്രയ ത്വത്തെയും ജീവന്റെ സത്താപരമായ പരസ്പര ബന്ധത്തെക്കുറിച്ചുള്ള അവബോധം തുടങ്ങിയവയെല്ലാം ശാസ്ത്രത്തിന്റെയും മതത്തിന്റെയും പ്രകാശത്തിൽ പ്രവാസ ദേശത്തുനിന്നും സ്വഭവനത്തിലേക്കുള്ള നമ്മുടെ സംസ്ക്കാ രത്തിന്റെ മടക്കയാത്രയായി കരുതാവുന്നതാണ്.

## ഉപസംഹാരം

ശാസ്ത്രത്തെകൂടാതെ മതം മുടന്തുള്ളതായിരിക്കുമെന്നും മതത്തെ കൂടാതെയുള്ള ശാസ്ത്രം അന്ധമായിരിക്കുമെന്നുള്ള ഐൻസ്റ്റീന്റെ വാക്കുകളെ സ്ഥിരീകരിക്കുന്നതിനുമപ്പുറം ഇന്നു നമ്മുടെ ബൗദ്ധിക ലോകത്ത് രൂപപ്പെട്ടുവരുന്ന പുതിയ മതശാസ്ത്രസഖ്യങ്ങൾ ഒരു ആഗോള സാംസ്ക്കാരികാനുഭവ നിർമ്മിതിയെത്തന്നെ ആകമാനം ആവാഹിക്കുവാനും ശാശ്വതീ കരിക്കുവാനും തികച്ചും ഉപയുക്തമാണ്. ശാസ്ത്രം കണ്ടുമുട്ടുന്ന ഭൗതികതയിലെ അതിഭൗതികതയും സ്വാഭാവിക തയിലെ അതിസ്വാഭാവികതയും ജീവനിലെ അതിജീവിതത്വവും ചരിത്രത്തിന്റെ പരിണാമത്തിൽ നമ്മുടെ സാംസ്ക്കാരിക ചക്രവാളങ്ങളെ കൂടുതൽ പ്രകാശപൂർണ്ണമാക്കുവാൻ കഴിയുന്ന വയാണ്. ലോകത്തിലെ മനുഷ്യാവസ്ഥയുടെ അർത്ഥത്തെക്കു റിച്ചുള്ള അനിശ്ചിതത്വവും ആശയക്കുഴ പ്പവുമായിരുന്നു ആധുനിക സംസ്ക്കാരത്തിന്റെ ദ്വന്ദാത്മക സ്വഭാവത്തിനു പിന്നിലെങ്കിൽ മതശാസ്ത്രസമന്വയത്തിന്റെ വാതായനങ്ങൾ തുറന്നു തരുന്ന അനന്തസാധ്യതകൾക്ക് ആത്മാവിന്റെ അനുഭൂതികളുടെ ശാദ്വലതലങ്ങളിലേക്ക് ഉത്തരാധുനിക സംസ്ക്കാരത്തെ കൈപി ടിച്ചു നടത്തുവാൻ സാധിക്കും.

## കുറിപ്പുകൾ


1. *Alfred North Whitehead, Science and the Modern World (New York: Free Press, 1967), p.81.*
2. *See Fritjot Capra, The Tao of Physics (New York: Bantam Books, 1977), pp.45-46.*
3. *See Job Kozhamthadam, sGalileo Episode Revisitedɔ, in Vidyayothi Journal of Theological Reflection, 58 (1994), pp. 337-358.*
4. *The warfare attitude between science and religion was advocated by two widely known books of the latter years of the nineteenth century, viz., The History of the Conflict Between Religion and Science by William Darper and A History of the Warfare of Science with Theology in Christendom by Andrew Dickson White. The former was put on the Vaticanഞ്ഞ Index in 1876.*
5. *L. Robert Keck, sThe Next Step in Humanityഞ്ഞ Evolutionary Journey, The Prodigal Comes Homeɔ in Journal of Dharma, 18 (1993) p. 219.*
6. *L. Robert Keck, p. 219.*
7. *Wesley J. Wildman, sThe Quest for Harmony - An Interpretation of Contemprorary Theology and Scienceɔ in W. Mark Richardsom and Wesley J. Wildman, Religion and Science - History, Method, Dialogue (New York: Routledge, 1996), pp. 43-45.*
8. *Wildman. p.45.*
9. *Juergen Moltmann, God in Creation: A New Theology of Creation and the Spirit of God (San Fransisco: Harper and Row, 1985).*
10. *St. Augustine, De Genesi ad Litteram, 1:19.*
11. *Vincent P.k. Titatanji, sScentific Research is my Vocationɔ in John M. Mangum (ed), The New Faith - Science Debate - Probing Cosmology, Technology and Theology (Minnepolis : Fortress Press, 1989) p.89-.*




# 09

## മനുഷ്യന്റെ ഉത്ഭവം: ഏകമാതാപിതാക്കളിൽനിന്നോ ബഹുമാതാപിതാക്കളിൽനിന്നോ?

ലോകത്തിലെ അഞ്ചു ഭൂഖണ്ഡങ്ങളിലായി അതിപുരാതനകാലംമുതൽ വസിക്കുന്ന മനുഷ്യകുല മത്രയും ഏക മാതാപിതാക്കളായ ആദത്തിൽ നിന്നും ഹവ്വായിൽനിന്നും ജനിച്ചതാണോ? ആദവും ഹവ്വായും വ്യക്തികളാണോ അതോ മനുഷ്യകുലത്തിന്റെ പ്രതി നിധികളാണോ? മനുഷ്യകുലം ഏകമാതാ പിതാക്കളിൽനിന്നു ജനിച്ചവരാണെങ്കിൽ കായേൻ വിവാഹം ചെയ്തത് ആരെയാണ്?

മനുഷ്യവംശത്തിന്റെ ഉത്ഭവം ഏകമാതാപിതാക്ക ളിൽ നിന്നാണ് എന്ന വാദവും (ഏകോത്ഭവവാദം- monogenism) ബഹുമാതാപിതാക്കളിൽ നിന്നാണെന്ന വാദവും (ബഹുതോത്ഭവവാദം- polyg-enism) ഏറെ ക്കാലമായി ദൈവശാസ്ത്രത്തിൽ സജീവ ചർച്ചാവി ഷയമാണ്. സകല മനുഷ്യരും ആദാമിന്റെയും ഹവ്വാ യുടെയും സന്തതിപരമ്പരകളാണ് എന്ന വിശ്വാസ മാണ് ഏകോത്ഭവവാദ (monogenism) ത്തിന്റെ

പ്രത്യക്ഷ പരാമർശമെങ്കിലും ശാരീരിക സന്താനങ്ങൾ എന്നതിനേക്കാളുപരി ആത്മീയതലത്തിലെ സന്താനങ്ങൾ എന്ന പരോക്ഷ പരാമർശവും ഈ പദത്തിന്റെ പരിപ്രേക്ഷ്യത്തിലുണ്ട്. പാപംമൂലം വരപ്രസാദം നഷ്ടമാക്കിയ ആദിമാതാപിതാക്കളുടെ സന്താനങ്ങളാണ് സകല മനുഷ്യരും എന്ന അർത്ഥത്തിലാണ് ഏകോത്ഭവവാദത്തെ മനസ്സിലാക്കേണ്ടത്. സകല മനുഷ്യരും ആദം-ഹവ്വാ ദമ്പതികളിൽനിന്ന് ശാരീരികമായി ജനിച്ചു എന്നതിനേക്കാൾ മനുഷ്യപ്രകൃതിക്കു കൈവന്ന വരപ്രസാദനഷ്ടത്തിന്റെ പൈതൃകം ആദിമാതാപിതാക്കൾക്കായിരുന്നു എന്ന അർത്ഥത്തിലാണ് ഏകോത്ഭവവാദത്തെ ദൈവശാസ്ത്രപരമായി മനസ്സിലാക്കേണ്ടത്. ആദം -ഹവ്വാ എന്നീ വ്യക്തികളുടെ കഥ പറയാൻ ഉൽപത്തി ഗ്രന്ഥകാരൻ (J) ഉപയോഗിച്ചിരിക്കുന്നത് പ്രതീകാത്മകവും നാടകീയവും ഇതിഹാസപരവുമായ ഭാഷാശൈലിയാണ്. രണ്ടു വ്യക്തികളെ അവതരിപ്പിക്കാൻ ഉപയോഗിച്ച ഭാഷാശൈലി പ്രതീകാത്മകമായതുകൊണ്ട് പ്രസ്തുത വ്യക്തികൾ സാങ്കല്പികമാണ് എന്ന് അവശ്യം കരുതേണ്ടതില്ല. ഉൽപത്തിയുടെ കഥയിലെ പാമ്പുവരുന്നതും പഴം തിന്നുന്നതുമായ കഥാവിവരണത്തിൽ പ്രതീകാത്മകവും ഇതിഹാസപരവുമായ അംശങ്ങളുണ്ട് എന്നത് സത്യമാണ്. എന്നാൽ അതിന്റെ അർത്ഥം ആദിമാതാപിതാക്കൾ ഉണ്ടായിരുന്നു എന്നതും അവർ പാപംചെയ്ത് വരപ്രസാദം നഷ്ടമാക്കി എന്നതും കെട്ടുകഥയാണ് എന്നല്ല. പിൽക്കാല വിശുദ്ധ ഗ്രന്ഥകാരന്മാർ ആദിമാതാപിതാക്കളുടെ പാപത്തെ ഉദാഹരിക്കുന്നത് അതിന്റെ അടിസ്ഥാന പരതക്ക് സാക്ഷ്യംനൽകുന്നുണ്ട് (ജ്ഞാനം 10:1; അപ്പ 17:26; റോമാ 5:12-21; ഹെബ്രാ 2:11). കത്തോലിക്കാ ദൈവശാസ്ത്രചിന്താധാരക്കു പിൻബലമായി വർത്തിക്കുന്നത് ഏകോത്ഭവവാദമാണ്. ആദത്തിന്റെയും ഹവ്വായുടെയും പാപം സകല മനുഷ്യർക്കുമുള്ള ദുർമ്മാതൃക മാത്രമായിരുന്നെന്നും തന്മൂലം ജന്മപാപം എന്നത് ഈ ദുർമാതൃകയുടെ അനുകരണം മാത്രമാണ് എന്നുമുള്ള വാദഗതികളെ (പെലാജിയൂസ്, എരാസ്മൂസ്) ത്രെന്തോസ് സൂനഹദോസ് തള്ളിക്കളഞ്ഞു. ജന്മപാപം ജനനത്തിലൂടെയാണ് കൈമാറ്റം ചെയ്യപ്പെടുന്നത് എന്ന ത്രെന്തോസ് സൂനഹദോസിന്റെ പഠനം ഏകോത്ഭവവാദത്തെ അംഗീകരിക്കുന്നതാണ്.

ബഹുതോത്ഭവവാദം (polygenism) അനുസരിച്ച് മനുഷ്യവംശം ലോകത്തെ വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത മാതാപിതാക്കളിൽ നിന്നുത്ഭവിച്ചതാണ്. വിവിധ ദേശങ്ങളിലായി അനേകം ആദം -ഹവ്വാമാരുണ്ടായിരുന്നതായാണ് ഇക്കൂട്ടരുടെ അനുമാനം. പരിണാമസിദ്ധാന്തത്തിന്റെ ചുവടുപിടിച്ചാണ് ബഹുതോത്ഭവവാദം രൂപംകൊണ്ടത്. പരിണാമം ഒരു വ്യക്തിയിൽ ഒറ്റപ്പെട്ടു സംഭവിക്കുന്ന പ്രക്രിയയല്ല, അത് ഒരു വംശത്തിൽ സംഭവിക്കുന്നതാണ്. തന്മൂലം പരിണാമത്തിലെ മാനുഷീകരണതലം (hominisation) ഒരു വ്യക്തിയിലല്ല ഒരു വംശത്തിനു മുഴുവൻ സംഭവിച്ചതാണ് എന്ന നിഗമനത്തിൽ നിന്നാണ് ബഹുതോത്ഭവവാദം രൂപംകൊണ്ടിരിക്കുന്നത്.

ബഹുതോത്ഭവവാദം കത്തോലിക്കാ വിശ്വാസവുമായി ഒത്തുപോകുന്നതല്ല എന്ന അസന്ദിഗ്ദ്ധമായ പ്രബോധനം നൽകിയത് പന്ത്രണ്ടാം പീയൂസ് മാർപാപ്പ 1950 -ൽ പുറപ്പെടുവിച്ച ഹുമാനി ജെനേരിസ് (Humani generis) ചാക്രികലേഖനത്തിലൂടെയാണ്. പരിണാമസിദ്ധാന്തത്തെ ഒരു ശാസ്ത്രീയ നിഗമനമായി കരുതാൻ കത്തോലിക്കർക്ക് അവകാശമുണ്ടെന്നു പഠിപ്പിച്ച ഈ ചാക്രികലേഖനം, പക്ഷേ ബഹുതോത്ഭവവാദത്തെ നിരാകരിക്കുകയാണ് ചെയ്തത്. മാർപാപ്പായുടെ വാക്കുകൾ ഇപ്രകാരമായിരുന്നു: "ആദിപിതാവായ ആദത്തിൽനിന്ന് സ്വാഭാവികമായി ജനിക്കാത്ത മനുഷ്യർ ഉണ്ടായിരുന്നു എന്ന ചിന്താഗതിയും ആദം എന്നത് ഒരു കൂട്ടം ആദിപിതാക്കന്മാരുടെ പ്രതിനിധിയാണെന്ന കാഴ്ചപ്പാടും ക്രൈസ്തവവിശ്വാസവുമായി ഒത്തുപോകുന്നതല്ല. കാരണം ജന്മപാപത്തെക്കുറിച്ച് ദൈവികവെളിപാടിലൂടെയും സഭയുടെ വിശുദ്ധ പാരമ്പര്യത്തിലൂടെയും നല്കപ്പെട്ടിട്ടുള്ള പ്രബോധനങ്ങളുമായി അത്തരം കാഴ്ചപ്പാടുകൾ ഒത്തുപോകുന്നില്ല" (D 3897). ബഹുതോത്ഭവവാദത്തെ മാർപാപ്പ ഒരു പാഷണ്ഡതയായി തള്ളിക്കളയുന്നില്ല എന്നത് ശ്രദ്ധാർഹമാണ്. ജന്മപാപം എന്ന വിശ്വാസസത്യത്തിനു ഭംഗം വരുത്തുന്നു എന്ന കാരണത്താലാണ് പാപ്പ ഈ വാദത്തെ തള്ളിക്കളയുന്നത്. ഇതിനു ഭംഗംവരാത്ത വിധത്തിൽ ബഹുതോത്ഭവവാദത്തെ വിശദീകരിക്കാൻ കഴിഞ്ഞാൽ ബഹുതോത്ഭവവാദത്തെ വെളിപാടിനു വിരുദ്ധമായി കരുതേണ്ടതില്ല എന്നാണ് പണ്ഡിതന്മാരുടെ വിലയിരുത്തൽ.

ഉൽപത്തിയുടെ ആദ്യ അധ്യായങ്ങൾ വിവിധ ജനവിഭാഗങ്ങളുടെ സാന്നിധ്യത്തിനു സൂചന നൽകുന്നുണ്ട്. പിത്തള, ഇരുമ്പ് എന്നിവ ഉപയോഗിച്ച് ജോലി ചെയ്തിരുന്നവരെക്കുറിച്ചുള്ള പരാമർശം (4:22), കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും എന്ന കായേന്റെ വിലാപം (4:14), തുകൽ പണിക്കാരെക്കുറിച്ചുള്ള സൂചന (4:21) തുടങ്ങിയവരൊക്കെ ആദം, ഹവ്വാ, കായേൻ എന്നീ മൂന്നു മനുഷ്യവ്യക്തികളെക്കൂടാതെ മറ്റു മനുഷ്യരും ഭൂമുഖത്തുണ്ടായിരുന്നു എന്നതിന്റെ സൂചന നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ കായേന് എവിടെനിന്നു ഭാര്യയെ ലഭിച്ചു എന്ന ചോദ്യം ഒരു വിഷമപ്രശ്നമല്ല.

കത്തോലിക്കാ വിശ്വാസമനുസരിച്ച് ഏകോത്ഭവവാദം നാം അംഗീകരിക്കണം. എന്നാൽ ആദം ഒന്നാമത്തെതും കായേൻ രണ്ടാമത്തെതും ഹെനോക്ക് മൂന്നാമത്തെതും... മനുഷ്യൻ എന്ന അക്ഷരാർത്ഥ വ്യാഖ്യാനത്തിൽ ഏകോത്ഭവവാദത്തെ മനസ്സിലാക്കണം എന്ന് കത്തോലിക്കാ സഭ ആവശ്യപ്പെടുന്നില്ല (അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനത്തെ സഭ എതിർക്കുന്നുമില്ല). ആദിമാതാപിതാക്കളുടെ പൈതൃകം വരപ്രസാദനഷ്ടം വരുത്തിയ ആദിപാപത്തിലുള്ള പൈതൃകമാണ്. ആദിമാതാപിതാക്കളിൽനിന്നു കൈമാറ്റം ചെയ്യപ്പെട്ട ജന്മപാപത്തിൽ സകല മനുഷ്യരും പങ്കാളിയാകുന്നു എന്ന അർത്ഥത്തിൽ ആദിമാതാപിതാക്കൾ സകല മനുഷ്യരുടെയും മാതാപിതാക്കളാണ്.

പരിണാമ സിദ്ധാന്തവുമായി ബന്ധിപ്പിച്ച് ഉൽപത്തി വിവരണത്തെ വ്യാഖ്യാനിക്കാനുള്ള വ്യഗ്രതയാണ് ബഹുതോല്പത്തിവാദത്തിനടിസ്ഥാനം എന്നു നാം കണ്ടുകഴിഞ്ഞതാണ്. വെളിപാടിനെ ശാസ്ത്രവസ്തുതകൾക്ക് അനുരൂപമാക്കാനുള്ള വ്യഗ്രതയിൽ അടിസ്ഥാന വിശ്വാസ സത്യങ്ങളെ വിസ്മരിക്കുന്നത് ആരോഗ്യകരമായ പ്രവണതയല്ല.



# 10

## ക്രൈസ്തവർക്ക് പരിണാമസിദ്ധാന്തം സ്വീകരിക്കാമോ?

സൃഷ്ടിയും പരിണാമവും തമ്മിലുള്ള വൈരുധ്യത്തെക്കുറിച്ചുള്ള വാഗ്വാദം 1859-ൽ ചാൾസ് ഡാർവിൻ Origin of Species (വർഗ്ഗങ്ങളുടെ ഉത്ഭവം) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചകാലം മുതൽ ആരംഭിച്ചതാണ്. ഭൗതികശാസ്ത്രജ്ഞരും ദൈവശാസ്ത്രജ്ഞരും തമ്മിലുള്ള വിവാദങ്ങളുടെ കേന്ദ്രബിന്ദു അന്നുമുതൽ പരിണാമ സിദ്ധാന്തമായിരുന്നു. ബൈബിളിലെ സൃഷ്ടിവിവരണം തെറ്റാണ് എന്ന് ഡാർവിന്റെ സിദ്ധാന്തം തെളിയിച്ചു എന്ന വിധത്തിലായി തുടർന്നുള്ള പ്രചരണങ്ങൾ. എന്നാൽ ഡാർവിൻ ബൈബിൾ വിവരണത്തെയോ ദൈവവിശ്വാസത്തെയോ തെറ്റാണെന്നു സ്ഥാപിക്കാൻ ശ്രമിച്ചിട്ടില്ല. ജീവനെക്കുറിച്ചുള്ള ശാസ്ത്രത്തിന്റെ നാളിതുവരെയുള്ള നിഗമനം; ജീവജാലങ്ങളുടെ വർഗ്ഗീകരണത്തിന് സ്ഥായീഭാവമുണ്ട് എന്ന നിഗമനം; തെറ്റാണെന്ന് തെളിയിക്കാനാണ് ഡാർവിൻ ശ്രമിച്ചത്. മനു

ഷ്യന് ഒരേ സമയം നല്ല വിശ്വാസിയും പരിണാമവാദിയും ആയിരിക്കാനാകുമെന്ന് ഡാർവിൻ വിശ്വസിച്ചിരുന്നു. പരിണാമസിദ്ധാന്തത്തിന്റെ ദൈവശാസ്ത്രവസ്തുതകൾ പരിശോധിക്കും മുമ്പേ എന്താണ് ഡാർവിൻ പരിണാമസിദ്ധാന്തത്തിലൂടെ ലക്ഷ്യമാക്കിയത് എന്ന് ഗ്രഹിക്കേണ്ടതുണ്ട്.

പരിണാമസിദ്ധാന്തങ്ങൾ ഡാർവിനുമുമ്പും രൂപമെടുത്തിട്ടുണ്ട്. ബി.സി. 6-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അനക്സിമാണ്ടർ എന്ന തത്വചിന്തകൻ കടൽ മത്സ്യങ്ങളിൽനിന്ന് സൂര്യതാപത്തിൽ ഉയരുന്ന നീരാവിയിലൂടെയാണ് കരയിലെ മനുഷ്യരും മൃഗങ്ങളും രൂപം കൊണ്ടത് എന്നു പഠിപ്പിച്ചിരുന്നു. അന്നുമുതൽ ജൈവപരിണാമം എന്ന ആശയം വിവധകാലഘട്ടങ്ങളിൽ വിവിധരൂപങ്ങളിൽ നിലനിന്നിരുന്നു. 19-ാം നൂറ്റാണ്ടിൽ മനുഷ്യന്റെ ഉൽപത്തിയെക്കുറിച്ച് നിരവധിയായ ഗവേഷണങ്ങൾ നടന്നിരുന്നു. 1829-ൽ ഫിലിപ്പ് ചാൾസ് ഷ്മെർലിംഗ് എന്ന ശാസ്ത്രജ്ഞൻ ബെൽജിയത്തെ എൻഗിസിൽ നിന്നു കണ്ടെടുത്ത മൂന്നു പുരാതന തലയോടുകളിൽ നടത്തിയ നിരീക്ഷണങ്ങളാണ് മനുഷ്യന്റെ മുൻഗാമികളെക്കുറിച്ചുള്ള നിഗമനത്തിലേക്ക് ആദ്യമായി വെളിച്ചം വീശിയത്. 1856-ൽ ജർമനിയിലെ നെയാന്തർതാളിൽനിന്നു കണ്ടെടുത്ത മനുഷ്യഫോസിലുകളിൽ നടത്തിയ നിരീക്ഷണത്തിലൂടെ ഹെർമൻ ഷാഫ്ഹൗസൻ എന്ന ശാസ്തജ്ഞൻ മനുഷ്യന് മുൻഗാമികളായി ആൾക്കുരങ്ങുകളോടു സാദൃശ്യമുള്ള ജീവികൾ ജീവിച്ചിരുന്നതായി സാക്ഷ്യപ്പെടുത്തി. സദൃശമായ നിരവധി പരീക്ഷണ നിരീക്ഷണങ്ങളുടെ നിഗമനങ്ങളെ ക്രോഡീകരിച്ചുകൊണ്ടാണ് ഡാർവിൻ തന്റെ പരിണാമസിദ്ധാന്തം അവതരിപ്പിക്കുന്നത്. ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനനിഗമനങ്ങൾ താഴെപ്പറയുന്നവയാണ്.

**1)** മൂന്നര ബില്യൻ വർഷങ്ങൾക്കു മുമ്പുള്ള ഏകകോശജീവിയായാണ് ഭൂമിയിൽ ജീവൻ ആരംഭിക്കുന്നത്. ഇന്നു ഭൂമിയിലുള്ള 20 ദശലക്ഷം ജൈവവർഗ്ഗങ്ങളും ഈ ഏകകോശജീവിയുടെ പരിണാമഫലമായി രൂപം കൊണ്ടതാണ്.

**2)** പരിണാമത്തിനു കാരണമാകുന്ന ആദ്യഘടകം ജീവികളുടെ പരമ്പരാഗത ജീനുകളിൽ വരുന്ന മാറ്റമാണ് (mutation). ഈ ജനിതക മാറ്റംമൂലം പ്രസ്തുത ജീവിയുടെ തൊലിയുടെ നിറവും ശരീരഘടനയും സാവകാശത്തിൽ രൂപാന്തരപ്പെടുന്നു. ഇത്തരം ജനിതകമാറ്റം പ്രകൃതിയിൽ അവിചാരിതമായി എന്നാൽ സ്വാഭാവികമായി സംഭവിക്കുന്നതാണ്.





**3)** ജൈവലോകത്തെ നിലനില്പിനു വേണ്ടിയുള്ള സമരത്തിൽ വിജയിക്കുന്നത് ഏറ്റവും കരുത്തുറ്റവയാണ് (naturalselection). ഉദാഹരണമായി വരണ്ട ഭൂമിയിൽ നില്ക്കുന്ന വൃക്ഷങ്ങളിൽ കരുത്തുള്ളവ വേര് ആഴത്തിലിറക്കി ജലം വലിച്ചെടുക്കുകയും ആഴത്തിൽ വേരിറക്കാൻ കഴിവുള്ള മരങ്ങളുടെ വിത്ത് ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. കലാന്തരത്തിൽ മറ്റുമരങ്ങൾ നശിക്കുകയും ഇത്തരം വൃക്ഷം ഭൂമിയിൽ നിറയുകയും ചെയ്യും.

**4)** ഒരു ജൈവവിഭാഗത്തിലെ ഏതാനും അംഗങ്ങൾ പലവർഷങ്ങളായി തങ്ങളുടെ മുഖ്യ വിഭാഗവുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ടു കഴിഞ്ഞാൽ അവ വ്യത്യസ്തങ്ങളായ സാഹചര്യങ്ങളുടെ സമ്മർദ്ദത്താലും ജനിതകമാറ്റം മൂലവും തികച്ചും ഭിന്നമായ ജൈവ വിഭാഗമായി രൂപപ്പെടാം (Isolation of species).

**5)** മനുഷ്യൻ വലിയ കുരങ്ങുകളുടെ വർഗ്ഗത്തിൽ (ഗറില്ല, ചിമ്പാൻസി, ഒറാങ്ങൂട്ടാൻ) പെടുന്നു. ഈ വിഭാഗത്തിൽ നിന്ന് 16 മില്യൺ വർഷങ്ങൾക്കുമുമ്പ് ഒറാങ്ങൂട്ടാൻ വിഭാഗം ഒറ്റപ്പെട്ടുപോയി. 10 മില്യൺ വർഷങ്ങൾക്കു മുൻപ് ഗറില്ലാകളും ഈ വിഭാഗത്തിൽനിന്ന് ഒറ്റപ്പെട്ടുപോയി. ശേഷിച്ച ചിമ്പാൻസി വിഭാഗത്തിനും മനുഷ്യർക്കും ഒരേ പൂർവ്വികരാണുണ്ടായിരുന്നത്. ചിമ്പാൻസിയിൽ നിന്നും അസ്ട്രലോപിതേക്കസ് എന്ന വിഭാഗം കുരങ്ങുകൾ രൂപം കൊണ്ടെന്നും ഇവയ്ക്കു മനുഷ്യനോടു സദൃശ്യമായ ശരീരഘടനയും ബുദ്ധി വികാസവുമുണ്ടായിരുന്നത്രേ. ഇവയിൽ നിന്ന് കൈകുത്തി നടക്കുന്ന നാൽക്കാലി മനുഷ്യനും (homohabilis), നിവർന്നു നടക്കുന്ന മനുഷ്യനും (Homo erectus), ചിന്തിക്കാൻ കഴിവുള്ള ആധുനിക മനുഷ്യനും (homo sapiens) പരിണമിച്ചുവന്നു. ചിന്താശേഷിയുള്ള മനുഷ്യന്റെ ഉത്ഭവം എഴുപത്തായ്യായിരം വർഷങ്ങൾക്കു മുമ്പാണ് സംഭവിച്ചത്. ഇവയുടെ ഫോസിലുകളാണത്രേ ജർമ്മനിയിലെ നെയാന്തർതാൾ താഴ്വരയിൽ കണ്ടെത്തിയത്. ആധുനിക മനുഷ്യൻ ഉത്ഭവിച്ചത് കേവലം 40000 വർഷങ്ങൾക്കു മുൻപുമാത്രമാണത്രേ.

ഡാർവിന്റെ സിദ്ധാന്തത്തിന് തെളിവായി അനേകം ഫോസിൽ പഠനങ്ങൾ (paleo anthropology) അവതരിപ്പിക്കുകയുണ്ടായി. DNA യുടെ ഘടന പരിശോധിച്ചാൽ സകല ജീവജാലങ്ങളുടെയും DNA നിർമ്മിതമായിരിക്കുന്ന ഘടകങ്ങൾ ഒന്നുതന്നെയാണെന്ന് വ്യക്തമാകും [A (അഡേനിൻ), G (ഗ്വാനൈൻ), C (സിറ്റോഡിൻ), T (തൈമൈൻ)] മനുഷ്യന് ചിമ്പാൻസിയുമായി 98.4% വും എലികളുമായി 75% വും DNA പൊരുത്തമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

## ശാസ്ത്ര ദൃഷ്ടിയിലെ വിലയിരുത്തൽ

പരിണാമസിദ്ധാന്തത്തെ ശാസ്ത്രലോകമൊന്നാകെ സർവ്വാത്മനാ സ്വാഗതം ചെയ്തു എന്നു കരുതരുത്. പരിണാമസിദ്ധാന്തം ശാസ്ത്രീയ അടിസ്ഥാനങ്ങളേക്കാൾ സാങ്കല്പിക നിഗമനങ്ങളെയാണ് ആധാരമാക്കുന്നത് എന്ന കാരണത്താലാണ് ശാസ്ത്രലോകം പരിണാമസിദ്ധാന്തത്തെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നത്. (1) ജീവികളിലെ പരിണാമത്തിനു കാരണമാകുന്ന ജനിതകമാറ്റം എങ്ങനെ, എപ്പോൾ സംഭവിക്കുന്നു എന്നു ശാസ്ത്രീയമായി വിശദീകരിക്കാൻ പരിണാമസിദ്ധാന്തത്തിനു കഴിയുന്നില്ല. (2) മൂന്നര ബില്യൻ വർഷങ്ങൾക്കു മുൻപ് ജീവൻ എപ്രകാരം ഉത്ഭവിച്ചു എന്നതും പരിണാമസിദ്ധാന്തത്തിന് വിശദീകരിക്കാൻ കഴിഞ്ഞില്ല. (3) പരിണാമസിദ്ധാന്തത്തിന്റെ ഏറ്റവും വലിയ തെളിവായി പറയപ്പെടുന്ന ഫോസിലുകൾ വളരെ പരിമിതമായതിനാൽ പരിണാമത്തിന്റെ വിവിധ ഘട്ടങ്ങൾക്ക് ഫോസലുകളിലൂടെ തെളിവു നൽകാൻ ഡാർവിനു കഴിഞ്ഞില്ല. (4) മനുഷ്യകുലത്തിന്റെ ഉത്ഭവം 40000 വർഷങ്ങൾ മാത്രം മുൻപാണെന്ന നിഗമനം പൂർണ്ണമായും തെറ്റാണ്. കാരണം അനേക ലക്ഷം വർഷങ്ങൾക്കു മുൻപേ മനുഷ്യൻ ഭൂമിയിൽ വസിച്ചിരുന്നതായി ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. (5) 1987 ൽ കാലിഫോർണിയ യൂണിവേഴ്സിറ്റി നടത്തിയ ജനിതക പഠനത്തിന്റെ വെളിച്ചത്തിൽ മനുഷ്യകുലം ഉത്ഭവിച്ചത് 200,000 വർഷങ്ങൾക്കു മുൻപ് ആഫ്രിക്കയിൽ ജീവിച്ചിരുന്ന ഏകമാതാവിൽനിന്നാണ്. 2002 ൽ y-ക്രോമസോമുകളുടെ DNA യിൽ നടത്തിയ പരീക്ഷണങ്ങളിലൂടെ സ്പെൻസർ വെൽസ് എന്ന ശാസ്ത്രജ്ഞൻ മനുഷ്യോല്പത്തി ആഫ്രിക്കൻ പിതാവിൽനിന്നാണെന്നു കണ്ടെത്തുകയുണ്ടായി. ഈ രണ്ടു ഗവേഷണങ്ങളും മനുഷ്യനു പൂർവ്വികരായി വർത്തിച്ചത് കുരങ്ങാണ് എന്ന നിഗമനത്തെ നിരാകരിക്കുകയാണു ചെയ്തത്. അതായത് ശാസ്ത്രീയ ഗവേഷണങ്ങൾ പരിണാമസിദ്ധാന്തത്തെ സാധൂകരിക്കുന്നില്ല എന്നു വ്യക്തമാണ്. (6) ചിമ്പാൻസികൾക്ക് മനുഷ്യനെപ്പോലെ ഭാഷമനസ്സിലാക്കാനും പ്രതികരിക്കാനുമുള്ള ബുദ്ധിശക്തിയുണ്ടെന്ന് പരിണാമവാദികൾ വാദിച്ചിരുന്നു. എന്നാൽ ഈ അവകാശവാദം അസ്ഥാനത്താണെന്ന് ഇന്നു ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. (7) പുരാതന ഫോസിലുകളിൽ നിന്നു ലഭിക്കുന്ന വിവരണങ്ങളെ പരിണാമവാദികളായ ഗവേഷകർ തങ്ങളുടെ വ്യക്തി താല്പര്യങ്ങൾക്കനുസൃതമായി വളച്ചൊടിക്കുകയും തെറ്റായനിഗമനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് എൽ. തോംപ്സണും മൈക്കിൾ ക്രാമോയും ചേർന്നുനടത്തിയ





ഫോസിൽ പഠനങ്ങൾ വെളിപ്പെടുത്തുന്നുണ്ട് (Forbidden Archacology).

ശാസ്ത്രംതന്നെ അംഗീകരിക്കാത്ത ഈ സിദ്ധാന്തത്തിന് ഇത്രമേൽ പ്രചാരം കിട്ടാൻ കാരണം 19-ാം നൂറ്റാണ്ടിൽ വളർന്നുവന്ന മതവിരുദ്ധചിന്താധാരയാണ്. സാമ്പത്തികരംഗത്ത് മാർക്സും മനശാസ്ത്രമേഖലയിൽ ഫ്രോയിഡും താത്വികമേഖലയിൽ സാർത്രും നീഷേയും ഒക്കെ ദൈവനിഷേധം പ്രചരിപ്പിച്ചിരുന്ന കാലത്താണ് പരിണാമസിദ്ധാന്തവും രംഗപ്രവേശം ചെയ്തത്. ക്രിസ്തുമതത്തെ അക്രമിക്കാനുള്ള വടി എന്ന നിലയിലാണ് പലരും പരിണാമസിദ്ധാന്തത്തെ പ്രചരിപ്പിച്ചത്. തത്ഫലമായി അതിന്റെ ശാസ്ത്രീയമായ അടിസ്ഥാനരാഹിത്യവും തെളിവുകളുടെ അഭാവവും വിസ്മരിച്ച് പരിണാമസിദ്ധാന്തത്തിന് പ്രചുരപ്രചാരം നൽകാൻ പലരും മത്സരിക്കുകയായിരുന്നു.

# 11

## പരിണാമസിദ്ധാന്തം വിശ്വാസവിരുദ്ധമാണോ?

കഴിഞ്ഞ അധ്യായത്തിൽ പരിണാമസിദ്ധാന്തത്തെക്കുറിച്ചു പറഞ്ഞ വസ്തുതകളുടെ തുടർച്ചയായാണ് ഈ വിശദീകരണം ഗ്രഹിക്കേണ്ടത്.

ഉൽപത്തി 1:1–2:25 ലെ രണ്ടു സൃഷ്ടിവിവരണങ്ങളെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കണമെന്ന് സഭ ആവശ്യപ്പെടുന്നില്ല. 1909 ജൂൺ 30 ന് പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ പുറപ്പെടുവിച്ച പ്രബോധന രേഖയിൽ ബൈബിളിലെ സൃഷ്ടിവിവരണങ്ങളുടെ വ്യാഖ്യാനത്തിൽ നിർബന്ധമായും അംഗീകരിക്കപ്പെടേണ്ട നാലു സത്യങ്ങൾ പ്രതിപാദിക്കുന്നുണ്ട്: 1. സമയത്തിന്റെ ആരംഭത്തിൽ ദൈവത്തിന്റെ ഇടപെടലിലൂടെയാണ് പ്രപഞ്ചവും അതിലുള്ളവയും സൃഷ്ടിക്കപ്പെട്ടത്. 2. സൃഷ്ടിയുടെ മകുടമായ മനുഷ്യന് പ്രപഞ്ചത്തിൽ പ്രത്യേക സ്ഥാനമുണ്ട്. 3. ആദി സ്ത്രീയുടെ ഉത്ഭവം ആദിപുരുഷനിൽ നിന്നായതിനാൽ സ്ത്രീ–പുരുഷ പാരസ്പര്യം സുപ്രധാനമാണ്. 4. ഏകദൈവത്തിന്റെ സൃഷ്ടികളാകയാൽ സകലമനുഷ്യരും സാഹോദര്യത്തിലും ഐക്യത്തിലും കഴിയേണ്ടവരാണ്. ഈ അടിസ്ഥാനസത്യങ്ങൾക്ക് ഭംഗംവരാതെ





ബൈബിളിലെ സൃഷ്ടിവിവരണത്തെ വ്യാഖ്യാനിക്കാനുള്ള സ്വാതന്ത്ര്യത്തെ സഭ അംഗീകരിക്കുന്നു.

പരിണാമ സിദ്ധാന്തവും ബൈബിൾ ദർശനവും സംഘർഷാത്മകമാണെന്ന നിലപാട് ശക്തിപ്പെട്ടതോടെ അവയുടെ അനുരഞ്ജനത്തിനായി പല സിദ്ധാന്തങ്ങളും രൂപം കൊണ്ടുതുടങ്ങി. അവയിൽ പ്രധാനമായവ ചുവടെ പരാമർശിക്കുന്നു.

**1.** പരിണാമത്തിലൂടെയാണ് പ്രപഞ്ചം രൂപംകൊണ്ടത്. എന്നാൽ പരിണാമത്തിന്റെ ഓരോ ഘട്ടത്തിലും ദൈവം നിർണ്ണായകമായി ഇടപെട്ടിരുന്നു. തന്മൂലം ദൈവസൃഷ്ടിയും പരിണാമവും ഭിന്നയാഥാർത്ഥ്യങ്ങളല്ല എന്ന നിഗമനത്തെ (Theistic evolution) ചാൾസ് ബാബേജ്, റൊനാൾഡ് ഫിഷർ എന്നിവർ പിന്തുണച്ചു.

**2.** ദൈവം പ്രപഞ്ച സൃഷ്ടിനടത്തി പ്രകൃതിനിയമങ്ങളും നൽകി പിൻവാങ്ങിയെന്നും പിന്നീടു പ്രപഞ്ചത്തിൽ സംഭവിക്കുന്ന പരിണാമങ്ങളിലും സംഭവങ്ങളിലുമൊന്നും ദൈവം ഇടപെടുന്നില്ല എന്ന വാദവും (Deism) മതത്തെയും ശാസ്ത്രത്തെയും അനുരഞ്ജിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു.

**3.** ബൈബിളിലെ ഏഴു ദിവസത്തെ സൃഷ്ടിവിവരണങ്ങളെ ഏഴു യുഗങ്ങളായി കരുതി വിശദീകരിക്കുന്നശൈലിയും (Progressive Creationism) ഇക്കാലത്തു നിലവിൽ വന്നതാണ്. ഏഴുയുഗങ്ങളിലായി പ്രപഞ്ചം പരിണാമവിധേയമായി എന്നവാദമാണ് ഇക്കൂട്ടർ നിരത്തിയത്.

**4.** സൃഷ്ടികർമ്മം പൂർത്തിയാക്കാൻ ദൈവം ഉപയോഗിച്ച മാർഗ്ഗമാണ് പരിണാമം എന്നതാണ് മറ്റൊരുവാദം (Evolutionary Creationism). തെയ്യാർദ് ഷാർദാൻ ഈ വാദത്തിന്റെ വക്താവാണ്.

എന്നാൽ പരിണാമസിദ്ധാന്തത്തെയും വിശ്വാസത്തെയും ബന്ധിപ്പിക്കാനുള്ള ഈ ശ്രമങ്ങളൊന്നും തന്നെ കാര്യമായി വിജയിച്ചില്ല. മതവും ശാസ്ത്രവും വിരുദ്ധചേരിയിലാണെന്ന തെറ്റായ ചിന്താഗതിയും പരിണാമസിദ്ധാന്തം ബൈബിളിനെയും വിശ്വാസത്തെയും തകർക്കുമെന്ന ഭയവും ഇതിനുകാരണമായി. തന്നെയുമല്ല പരിണാമസിദ്ധാന്തത്തെ ഗഹനമായി പഠിക്കാൻ പലരും തയ്യാറായതുമില്ല. പരിണാമം അംഗീകരിക്കുന്നത് മനുഷ്യമഹത്വത്തിന് ഹാനികരവും മനുഷ്യനെ മൃഗതലത്തിലേക്ക് താഴ്ത്തുന്നതുമാണെന്നും വിലയിരുത്തപ്പെട്ടു. സകലതും പരിണാമവിധേയമായ പ്രപഞ്ചക്രമത്തിൽ ധാർമ്മികതയുടെ സനാതനതത്വങ്ങൾ അപ്രസക്തമാകുമെന്നും പണ്ഡിതന്മാർ വിലയിരുത്തി. എന്നാൽ കത്തോലിക്കാ

സഭയുടെ ഔദ്യോഗിക നിലപാട് കൂടുതൽ ഭാവാത്മകമായിരുന്നു.

പരിണാമ സിദ്ധാന്തത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ വിലയിരുത്തലുകൾ ചുവടെ ചേർക്കുന്നു.

**1.** ഡാർവിൻ പരിണാമസിദ്ധാന്തം അവതരിപ്പിച്ചതിന് ശേഷം ഒരു ദശകം കഴിഞ്ഞുചേർന്ന ഒന്നാം വത്തിക്കാൻ കൗൺസിൽ പരിണാമസിദ്ധാന്തത്തെയോ ഡാർവിനെയോ പേരെടുത്തു പരാമർശിച്ചില്ല. എന്നാൽ സഭയുടെ വിശ്വാസസത്യങ്ങൾക്കു വിരുദ്ധമായ ശാസ്ത്രതത്വങ്ങൾ നിരാകരിക്കണമെന്ന് കൗൺസിൽ നിർദ്ദേശിച്ചു (ND 133-135). ശരിയായ ശാസ്ത്രതത്വങ്ങളും വിശ്വാസസത്യങ്ങളും തമ്മിൽ വൈരുധ്യം ഉണ്ടാകില്ലെന്നും കൗൺസിൽ ചൂണ്ടിക്കാട്ടി.

**2.** 1893 നവംബർ 18 നു പ്രസിദ്ധീകരിച്ച പ്രൊവിദെന്തീസിമൂസ് ദേവൂസ് എന്ന പ്രമാണരേഖയിൽ ലെയോ പതിമൂന്നാമൻ മാർപാപ്പ ബൈബിളിനു വിരുദ്ധമായി പ്രചരിക്കുന്ന ശാസ്ത്രസിദ്ധാന്തങ്ങളുടെ അസ്ഥിരതയെയും അടിസ്ഥാനരാഹിത്യത്തെയും കുറിച്ചു സൂചിപ്പിച്ചെങ്കിലും പരിണാമസിദ്ധാന്തത്തെ നേരിട്ട് പരാമർശിച്ചില്ല.

**3.** പന്ത്രണ്ടാം പീയൂസ്പാപ്പായുടെ ഹുമാനി ജെനേരിസ് എന്ന ചാക്രിക ലേഖനമാണ് പരിണാമസിദ്ധാന്തത്തെക്കുറിച്ച് പഠനം നടത്തുന്ന ആദ്യ സഭാപ്രബോധനം. ദൈവിക വെളിപാടിനെ വിശദീകരിക്കാനുള്ള സഭയുടെ അധികാരത്തെ മാനിച്ചുകൊണ്ട് കത്തോലിക്കർക്ക് മനുഷ്യോൽപത്തിയെക്കുറിച്ച് പരിണാമസിദ്ധാന്തം പറയുന്ന കാര്യങ്ങളെ സ്വീകരിക്കാനോ തിരസ്കരിക്കാനോ അവകാശമുണ്ടെന്ന് മാർപാപ്പാ വിലയിരുത്തി. എന്നാൽ മനുഷ്യാത്മാവ് ദൈവത്താൽ നേരിട്ട് സൃഷ്ടിക്കപ്പെട്ടതാണെന്നും എല്ലാ മനുഷ്യരും ആദത്തിൽനിന്നുത്ഭവിച്ചവരാണെന്നും വിശ്വസിക്കണമെന്ന് മാർപാപ്പ ചൂണ്ടിക്കാട്ടി. ചുരുക്കത്തിൽ, മനുഷ്യോല്പത്തിക്കുമുമ്പുണ്ടായിരുന്നവയിൽനിന്നാണ് മനുഷ്യ ശരീരം ഉത്ഭവിച്ചത് എന്നു കരുതുന്നത് വിശ്വാസവിരുദ്ധമല്ലെന്ന് മാർപാപ്പ അംഗീകരിച്ചു.

**4.** 1996 ഒക്ടോബർ 22 ന് ശാസ്ത്രകാര്യങ്ങൾക്കായുള്ള പൊന്തിഫിക്കൽ അക്കാദമിയിൽ നടത്തിയ പ്രഭാഷണത്തിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഒരുപടികൂടി കടന്ന് പരിണാമസിദ്ധാന്തം ആധുനിക ശാസ്ത്രമേഖലയിൽ വരുത്തിയ ഭാവാത്മക ചലനങ്ങളെ ശ്ലാഘിച്ചു. ആധുനിക ഗവേഷണങ്ങൾ പരിണാമസിദ്ധാന്തത്തിന്റെ പലനിഗമനങ്ങളും ശരിവയ്ക്കുന്നതായി മാർപാപ്പ ചൂണ്ടിക്കാട്ടി.





എന്നാൽ ദൈവസൃഷ്ടിയായ മനുഷ്യാത്മാവ് പരിണാമത്തിലൂടെ രൂപംകൊണ്ടതാണെന്ന വാദത്തെ മാർപാപ്പ അസന്ദിഗ്ദ്ധമായി നിഷേധിച്ചു.

**5.** പരിണാമ സിദ്ധാന്തത്തിന്റെ 150-ാം വാർഷികം പ്രമാണിച്ച് ബനഡിക്ട് 16-ാമൻ മാർപാപ്പ 2009 മാർച്ചു മാസത്തിൽ അഞ്ചു ദിവസങ്ങൾ നീണ്ട ഒരു ശാസ്ത്ര സമ്മേളനം വിളിച്ചുകൂട്ടി. കത്തോലിക്കാ ദൈവശാസ്ത്രവും പരിണാമസിദ്ധാന്തവും തമ്മിലുള്ള യോജിപ്പിന്റെയും വിയോജിപ്പിന്റെയും മേഖലകളെ ഈ സമ്മേളനം സമ്യക്കായി വിലയിരുത്തി. പ്രപഞ്ചത്തിൽ ജീവൻ ഉത്ഭവിച്ചതും വളർന്നതും ക്രമാനുഗതമായാണ് (gradual) എന്ന ശാസ്ത്രനിഗമനത്തെ സഭ അംഗീകരിച്ചു. എന്നാൽ ഭൂമിയുടെ പഴക്കത്തെക്കുറിച്ചുള്ള ശാസ്ത്രനിഗമനങ്ങളും ഫോസിലുകളുടെ വെളിച്ചത്തിൽ നടത്തുന്ന അപൂർണ്ണമായ നിഗമനങ്ങളെയും കൂടുതൽ പഠനം ആവശ്യമുള്ളതിനാൽ അംഗീകരിക്കാൻ സഭ തയ്യാറായില്ല. ബനഡിക്ട് പതിനാറാമൻ പാപ്പാ രചിച്ച ഉല്പത്തിഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിൽ (In the Beginning) സൃഷ്ടിയും പരിണാമവും വിശ്വാസവും യുക്തിയും തമ്മിലുള്ള ആന്തരിക ഐക്യത്തെക്കുറിച്ച് ഊന്നിപ്പറയുന്നുണ്ട്. 2006 സെപ്തംബർ 3 ന് പാപ്പായുടെ വേനൽക്കാല വസതിയിൽ ചേർന്ന സമ്മേളനത്തിന്റെ വിഷയം "സൃഷ്ടിയും പരിണാമവും" എന്നതായിരുന്നു. പ്രസ്തുത സമ്മേളനത്തിൽ പാപ്പ നടത്തിയ പ്രസംഗം ഇത്തരുണത്തിൽ ഏറെ ശ്രദ്ധേയമാണ്. "ശാസ്ത്ര നിഗമനങ്ങളെ സമ്പൂർണ്ണമായും നിരസിക്കുന്ന തീവ്രനിലപാടായ സൃഷ്ടിവാദം (Creationism) Hരുവശത്തും തെളിവുകളുടെ അപര്യാപ്തതകളെ സൗകര്യപൂർവ്വം വിസ്മരിക്കുകയും ശാസ്ത്രതത്വങ്ങൾക്കുവെളിയിലുള്ള സത്യങ്ങളെ നിരാകരിക്കുകയും ചെയ്യുന്ന പരിണാമസിദ്ധാന്തം മറുവശത്തും നിലകൊള്ളുന്ന വൈരുധ്യാത്മകതയായി മത-ശാസ്ത്ര നിഗമനങ്ങളെ വിലയിരുത്തുന്നത് ശരിയല്ല" (Shopfung and Evolution). പരിണാമസിദ്ധാന്തത്തിൽ ശാസ്ത്രത്തിനു വെളിയിലുള്ള പലതാത്വിക നിഗമനങ്ങളും വിശ്വാസ സംഹിതകളും ഉൾക്കൊള്ളുന്നതായും മാർപാപ്പാ ചൂണ്ടിക്കാട്ടി.

മേൽ പ്രസ്താവിച്ച വസ്തുതകളിൽ നിന്ന് ചില അടിസ്ഥാന നിഗമനങ്ങളിൽ എത്തിച്ചേരാം.

**1.** പരിണാമസിദ്ധാന്തം സംശയാതീതമായി തെളിയിക്കപ്പെട്ട ഒരു ശാസ്ത്ര സത്യമല്ല. ശാസ്ത്രീയ തെളിവുകളേക്കാൾ താത്വികവും കാല്പനികവുമായ നിഗമനങ്ങളെയാണ് പരിണാമസിദ്ധാന്തം

അവലംബമാക്കുന്നത്. **2.** മനുഷ്യശരീരം പരിണാമവിധേയമായിട്ടുണ്ട് എന്ന നിഗമനം വിശ്വാസവിരുദ്ധമല്ല. എന്നാൽ മനുഷ്യാത്മാവ് ദൈവത്താൽ നേരിട്ടു സൃഷ്ടിക്കപ്പെട്ടതാണ്. **3.** ഉല്പത്തി പുസ്തകത്തിലെ സൃഷ്ടിവിവരണം അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കേണ്ടതില്ല. സകലത്തിന്റെയും സ്രഷ്ടാവ് ദൈവമാണെന്നും മനുഷ്യന് സൃഷ്ടിയിൽ സമുന്നതസ്ഥാനമുണ്ടെന്നും ആദിമാതാപിതാക്കളുമായി സകല മനുഷ്യർക്കും ജനിതകബന്ധമുണ്ടെന്നുമുള്ള അടിസ്ഥാന സത്യങ്ങൾ അംഗീകരിച്ചുകൊണ്ട് ഈ വചനഭാഗങ്ങളെ വ്യാഖ്യാനിക്കുന്നതാണ്. **4.** മതവും ശാസ്ത്രവും വിശ്വാസവും യുക്തിയും തമ്മിൽ വൈരുധ്യമുണ്ടെന്നുള്ള നിലപാട് തിരുത്തണം. യുക്തിയും ബുദ്ധിയും ശാസ്ത്രീയ നേട്ടങ്ങളും ദൈവപരിപാലനയുടെ ഫലമായി സംഭവിക്കുന്നതാകയാൽ അവയെ മതവിശ്വാസികൾ അർഹിക്കുന്ന ആദരവോടെ വീക്ഷിക്കണം. വിശ്വാസം യുക്തിക്ക് ഉപരിയാകയാൽ വിശ്വാസത്തെ വിമർശിക്കാനുള്ള മാധ്യമം മാത്രമായി യുക്തിയെ ദുരുപയോഗിക്കരുത്.



# 12

## ദൈവകണം

കണികാപരീക്ഷണം നടക്കുന്ന ബേണിലെ ഭൂഗർഭ ലാബിൽനിന്ന് 2012 ജൂലൈ 4-ാം തിയതി ഹിഗ്സ് ബോസോൺ എന്ന "ദൈവകണ"ത്തെ കണ്ടെത്തിയതായി ശാസ്ത്രജ്ഞർ അറിയിക്കുകയുണ്ടായി. ഇതോടെ പദാർത്ഥങ്ങളുടെ ഉത്ഭവ കാരണം ശാസ്ത്രീയമായി കണ്ടെത്തിയതായും ഇനിമേൽ പദാർത്ഥങ്ങളുടെ സ്രഷ്ടാവായി ദൈവത്തെ സങ്കല്പിക്കുന്നത് അർത്ഥശൂന്യമാണെന്നുമുള്ള വാദഗതികൾ പല യുക്തിവാദികളും ഉന്നയിക്കുകയുണ്ടായി. കേരളത്തിലെ പല ബുദ്ധിജീവികളും ദൈവനിഷേധത്തിനുള്ള ഏറ്റവും സജീവമായ തെളിവായി ദൈവകണത്തിന്റെ കണ്ടെത്തലിനെ അവതരിപ്പിച്ചു. എന്നാൽ ദൈവകണത്തിന്റെ നിജസ്ഥിതി എന്താണെന്നു മനസ്സിലാക്കാതെയാണ് ഈ ബുദ്ധിജീവികൾ ദൈവനിഷേധത്തിനു മുതിർന്നത് എന്ന് സൂക്ഷ്മ നിരീക്ഷണത്തിൽ മനസ്സിലാകും.

1. പദാർത്ഥങ്ങൾ തന്മാത്രകളാലും തന്മാത്രകൾ ആറ്റങ്ങളാലും നിർമ്മിതമാണ്. ആറ്റങ്ങളാകട്ടെ

പ്രോട്ടോണുകളുടെയും ന്യൂട്രോണുകളുടെയും ഇലക്ട്രോണുകളുടെയും സമാഹാരമാണ്. ഈ മൂലകണങ്ങൾപോലും അവയുടെ പ്രാഥമിക കണികകളായ ക്വാർക്കുകൾ ലെപ്റ്റോണുകൾ ഗ്ലൂമോണുകൾ എന്നിവ ചേർന്നുണ്ടാകുന്നവയാണ്. എന്നാൽ കണികകൾക്ക് ഇപ്രകാരം കൂടിച്ചേരാൻ അവയ്ക്ക് പിണ്ഡം എന്ന മൂലഗുണം അനിവാര്യമാണ്. പിണ്ഡം ഇല്ലാത്ത കണികകൾ പ്രാഥമിക കണികകളായി നിലകൊള്ളുമ്പോൾ ചില കണികകൾ പിണ്ഡം ആർജ്ജിച്ച് കൂടിച്ചേരലുകളിലൂടെ പദാർത്ഥമായി മാറുന്നു. കണികകൾക്ക് പിണ്ഡം നൽകുന്ന ഒരു അടിസ്ഥാന കണിക ഉണ്ടായിരിക്കണം എന്ന നിഗമനത്തിലേക്ക് ശാസ്ത്രജ്ഞന്മാർ എത്തിച്ചേരാൻ കാരണമിതാണ്. പിണ്ഡം നൽകുന്ന കണികയുമായി സംഗമിക്കുന്ന പ്രാഥമികകണികകൾ മാത്രമേ കൂടിച്ചേരലുകളിലൂടെ പദാർത്ഥമായി മാറുകയുള്ളൂ എന്ന് ശാസ്ത്രജ്ഞർ നിരൂപിച്ചു. ഇപ്രകാരം പ്രാഥമികകണികകൾക്ക് പിണ്ഡം നൽകാൻ കഴിവുള്ള ഈ കണികകൾ "ഹിഗ്സ് ബോസോൺ" എന്നു നാമകരണം ചെയ്യപ്പെട്ടു.

2. "ഹിഗ്സ് ബോസോൺ" എന്ന പിണ്ഡദായക കണത്തെ "ദൈവകണം" എന്നു വിളിച്ചത് തികച്ചും ആകസ്മികമായിട്ടാണ്. ലിയോൺ ലിൻഡർമാൻ എന്ന അമേരിക്കൻ ശാസ്ത്രജ്ഞൻ ഹിഗ്സ് ബോസോണിനെക്കുറിച്ചെഴുതിയ പുസ്തകത്തിന്റെ പ്രസാധകർ പുസ്തകത്തെ കൂടുതൽ ജനകീയവും ശ്രദ്ധാർഹവുമാക്കാൻ ഹിഗ്സ് ബോസോൺ എന്ന സങ്കീർണ്ണമായ പദത്തെ ദൈവകണം എന്നു പുനർ നാമകരണം ചെയ്തു. സർവ്വവ്യാപിയും എന്നാൽ അദൃശ്യവുമായി നിലകൊള്ളുന്ന പിണ്ഡദായകകണത്തിന് ദൈവകണം എന്നു പേരുനൽകുന്നത് അർത്ഥവത്താണെന്ന് പ്രസാധകർ കരുതിയിട്ടുണ്ടാകാം. എന്നാൽ ഈ പുനർനാമകരണം പല തെറ്റിദ്ധാരണകൾക്കും ഇട നൽകിയിട്ടുണ്ട്. ദൈവം എന്ന പേരിൽ വിശ്വാസികൾ വിളിച്ചിരുന്ന ശക്തിയെ പദാർത്ഥത്തിനുള്ളിലെ ഒരു കണികയായി ശാസ്ത്രം കണ്ടെത്തി എന്നതാണ് ഇതുമായി ബന്ധപ്പെട്ട ഏറ്റവും വലിയ അബദ്ധധാരണ. ചില യാഥാസ്ഥിതിക മതവാദികളാകട്ടെ ദൈവാസ്ഥിത്വത്തിനുള്ള ഏറ്റവും ശക്തമായ തെളിവായി ദൈവകണത്തിന്റെ കണ്ടെത്തലിനെ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ ഇതും അബദ്ധ ധാരണയാണ്.

3. പ്രപഞ്ചത്തിന്റെ അവർണ്ണനീയമായ വിസ്മയ രഹസ്യങ്ങളിലേക്കു വിരൽചൂണ്ടുന്ന സത്യമായി ഹിഗ്സ് ബോസോണിനെ മനസ്സിലാക്കാം. അനന്തവിസ്തൃതമായ ഈ പ്രപഞ്ചത്തെ മനസ്സിലാ





ക്കാൻ ഇതിലെ ഒരു കണികയെ മനസ്സിലാക്കിയാൽ മതി; പ്രപഞ്ചത്തിന്റെ നാൾവഴിയും ഭാവിയുമറിയാൻ പ്രപഞ്ചോൽപത്തിയുടെ ആദ്യനിമിഷങ്ങളിലൊന്നിന്റെ അനേകായിരം കോടി അംശത്തിലൊന്നുമാത്രം അറിഞ്ഞാൽ മതി; എന്നു കണികാ പരീക്ഷകർ സമർത്ഥിക്കുമ്പോൾ സ്ഥൂലം സൂക്ഷ്മത്തിലുണ്ട് (Macrocosm is within the microcosm) എന്ന തത്ത്വം സാക്ഷാത്കരിക്കപ്പെടുകയാണ്. ഈ പ്രപഞ്ചത്തിലെ ഓരോ പരമാണുവിലും സ്രഷ്ടാവിന്റെ മനസ്സിലെ വിശ്വം മുഴുവന്റെയും സൂക്ഷ്മഘടന ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട് എന്ന തിരിച്ചറിവുതന്നെ ഓരോ പരമാണുവിലുള്ള പരമാത്മാവിന്റെ സാന്നിധ്യത്തിനു തെളിവാണ്.

4. ഭൗതീകവാദികൾ പദാർത്ഥത്തിനപ്പുറം പരമാർത്ഥമില്ല എന്നു വാദിക്കുന്നവരാണ്. എന്നാൽ ആധുനിക ശാസ്ത്രത്തിന്റെ പദാർത്ഥദർശനം ഭൗതീകവാദത്തിന് കനത്ത ആഘാതമാണ് ഏല്പിക്കുന്നത്. പദാർത്ഥത്തിന്റെ സൂക്ഷ്മാപഗ്രഥനം പദാർത്ഥത്തിനപ്പുറമുള്ള പരമാർത്ഥങ്ങളിലേക്ക് വിരൽചൂണ്ടുന്നുവെന്നാണ് ആധുനികശാസ്ത്രം കണ്ടെത്തിയിരിക്കുന്നത്. അമേരിക്കൻ ഭൗതികശാസ്ത്രജ്ഞനായ വില്യം സ്റ്റേഗറിന്റെ നിരീക്ഷണം ചിന്തനീയമാണ്: ഒരുകാലത്ത് അരൂപിയും പദാർത്ഥവും തമ്മിലുള്ള അന്തരത്തെക്കുറിച്ചാണ് നാം വാചാലമായിരുന്നത്. എന്നാൽ ഇനിമേൽ ദൈവവും ദൈവമല്ലാത്തവയും തമ്മിലുള്ള അന്തരത്തെക്കുറിച്ചാണ് നാം ചിന്തിച്ചു തുടങ്ങേണ്ടത്. പദാർത്ഥാപഗ്രഥനം പരമാർത്ഥസത്യമായി ദൈവത്തിലേക്കു നയിക്കുമെന്നാണ് ഈ ശാസ്ത്രജ്ഞന്റെ വാദം. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ ഒരു ഭൗതികവാദിക്ക് ഇനിമേൽ ദൈവനിഷേധിയാകാനാവില്ല. കാരണം പദാർത്ഥംതന്നെ ദൈവികതയ്ക്കു തെളിവായി പരിണമിക്കുകയാണ്. ഓസ്ട്രിയൻ ഭൗതിക ശാസ്ത്രജ്ഞനായ പോൾ ഡേവീഡിന്റെ വാക്കുകൾ ഈ സത്യം കൂടുതൽ സ്പഷ്ടമാക്കുന്നുണ്ട്. "ദൈവത്തിലേക്കുള്ള സുനിശ്ചിതമായ പാത പ്രദാനം ചെയ്യാൻ ഇന്ന് മതത്തേക്കാളും പര്യാപ്തമായിരിക്കുന്നത് ശാസ്ത്രമാണ്." പഴയകാല ശാസ്ത്രത്തിലെ അല്പജ്ഞാനങ്ങളുടെ വെളിച്ചത്തിൽ ദൈവനിഷേധം നടത്തിയിരുന്ന യുഗം ഇനിയൊരിക്കലും തിരിച്ചുവരാനാകാത്തവിധം അസ്തമിച്ചുപോയി. പ്രപഞ്ചത്തിലെ പരമാണുക്കളെക്കുറിച്ചുള്ള അറിവിന്റെ സമഗ്രതയുടെ ചുരുൾ നിവരുംതോറും ശാസ്ത്രത്തിന് ദൈവം കൂടുതൽ അനിവാര്യനും സ്വീകാര്യനുമായിതീർന്നുകൊണ്ടിരിക്കുകയാണ്.

5. പ്രപഞ്ചോല്പത്തിയുടെ ആദ്യനിമിഷത്തിന്റെ പതിനാറായിരം

കോടിയിലധികം അംശം സമയത്തിലാണ് ഹിഗ്സ് ബോസോണുകൾ രൂപം കൊണ്ടത് എന്നാണു കണികാപരീക്ഷണങ്ങൾ തെളിയിക്കുന്നത്. അനാദിയിലെ ശൂന്യതയിൽ സർഗ്ഗാത്മകമായ സ്രഷ്ടാവിന്റെ കരവിരുതിന്റെ സാക്ഷ്യമായി മാത്രമേ ഹിഗ്സ് ബോസോണുകളുടെ ഉത്ഭവത്തെയും വ്യാഖ്യാനിക്കാനാകൂ. പദാർത്ഥങ്ങൾക്കു പിണ്ഡം നൽകുന്ന ഹിഗ്സ് ബോസോണുകൾമൂലം രൂപീകൃതമായ പദാർത്ഥലോകം എന്നത് പ്രപഞ്ചത്തിന്റെ കേവലം അഞ്ചുശതമാനം മാത്രമേയുള്ളൂ എന്ന് ശാസ്ത്രം നിരീക്ഷിക്കുന്നുണ്ട്. 25% വരുന്ന തമോദ്രവ്യവും 7% വരുന്ന തമോഊർജ്ജവും പ്രപഞ്ചഘടനയിൽ വലിയൊരുപങ്കുള്ള പ്രതിപദാർത്ഥങ്ങളും ഉൾപ്പെടുന്ന പ്രപഞ്ചത്തെക്കുറിച്ച് ശാസ്ത്രലോകത്തിനുള്ള അറിവ് ശൂന്യമാണ്. അതായത് ദൈവകണത്തിന്റെ കണ്ടുപിടുത്തത്തോടെ പ്രപഞ്ചരഹസ്യം പൂർണ്ണമായും ഗ്രഹിക്കാനായി എന്ന് തെറ്റിദ്ധരിക്കേണ്ടതില്ല. പ്രപഞ്ചത്തിന്റെ അനന്തമായ നിഗൂഢതയിലേക്കു ദൃഷ്ടിപായിക്കാനുള്ള കിളിവാതിൽ മാത്രമാണ് ഈ കണ്ടെത്തൽ എന്നു മനസ്സിലാക്കാം.

6. ക്രിസ്തീയ വിശ്വാസത്തിലെ പല നിഗൂഢസത്യങ്ങളെയും ആഴത്തിൽ മനസ്സിലാക്കാൻ ദൈവകണത്തിന്റെ കണ്ടെത്തൽ സഹായകമായിട്ടുണ്ട്. നീളം, വീതി, ഉയരം, സമയം തുടങ്ങിയ പരമ്പരാഗതമാനങ്ങൾക്കപ്പുറം പദാർത്ഥത്തിന്റെ അനേകമാനങ്ങളിലേക്കാണ് കണികാപരീക്ഷണത്തിലെ കണ്ടെത്തലുകൾ വിരൽചൂണ്ടുന്നത്. പദാർത്ഥത്തിന്റെ ഉള്ളറയിലെ കണികാപ്രപഞ്ചം അത്ഭുതാവഹവും അനന്തസാധ്യതകൾ പേറുന്നവയുമാണ്. സ്ഥലകാല പരിമിതികളെ അതിലംഘിക്കാനുള്ള കഴിവ് പദാർത്ഥത്തിൽതന്നെ സ്രഷ്ടാവ് നിക്ഷേപിച്ചിട്ടുണ്ട് എന്ന ശാസ്ത്രത്തിന്റെ കണ്ടെത്തൽ നിത്യജീവിതത്തെക്കുറിച്ചുള്ള ക്രൈസ്തവദർശനത്തിലേക്ക് കൂടുതൽ വെളിച്ചം വീശുന്നുണ്ട്. വിശുദ്ധർ ഒന്നിലധികം സ്ഥലങ്ങളിൽ ഒരേ സമയം കാണപ്പെടുന്നതും (replication) പുനരുത്ഥാനരഹസ്യവും ഈ പശ്ചാത്തലത്തിൽ വിശദീകരിക്കാനാകും. പദാർത്ഥത്തിന്റെയും അതുവഴി ശരീരത്തിന്റെയും അനന്തമായ മരണാനന്തര സാധ്യതയിലേക്കു വിരൽ ചൂണ്ടുന്നതാണ് ദൈവകണത്തിന്റെ കണ്ടെത്തൽ. കാരണം സ്ഥലകാല മാനങ്ങൾക്കുപരിയായി പദാർത്ഥത്തിന് അസ്ഥിത്വമുണ്ട് എന്ന തിരിച്ചറിവാണ് “ദൈവകണം” എന്ന വിഖ്യാത കണ്ടെത്തലിന്റെ പ്രായോഗികമാനം.

നൂറ്റാണ്ടുകളായി പ്രവാചകരിലൂടെയും വിശുദ്ധാത്മാക്കളിലൂടെയും കാലത്തിന്റെ പൂർണ്ണതയിൽ തന്റെ പുത്രനിലൂടെയും വെളിപ്പെടുത്തിയ നിത്യസത്യങ്ങൾ ഇന്ന് ദൈവം ശാസ്ത്രഗവേഷകരി





ലൂടെ വെളിപ്പെടുത്തുന്നു എന്നതാണ് സത്യം. ആധുനിക ഏശയ്യായും ജറെമിയായും ജീവിക്കുന്നത് ശാസ്ത്രപരീക്ഷണശാലകളിലാണ്. ചരിത്രത്തിന്റെ നാൾവഴികളിൽ വച്ച് കലഹിച്ചു പിരിഞ്ഞ ദൈവശാസ്ത്രവും ഭൗതികശാസ്ത്രവും വീണ്ടും കൈകോർക്കുന്ന സുന്ദരനാളുകളുടെ തുടക്കമായി പുതിയ കണ്ടെത്തലുകളെ മനസ്സിലാക്കാം. ഒരു നാൾ സംശയദൃഷ്ടിയോടെ പരസ്പരം വീക്ഷിച്ചിരുന്ന മതവും ശാസ്ത്രവും വീണ്ടും ആലിംഗനബദ്ധരാവുകയാണ്. കഥയറിയാതെ ആട്ടം കാണുന്നവർക്കു മാത്രമേ ദൈവകണത്തിന്റെ കണ്ടെത്തലിനെ ദൈവനിഷേധത്തിന്റെ ശാസ്ത്രസാക്ഷ്യമായി മനസ്സിലാക്കാനാകൂ.

*(ശാസ്ത്രീയ വസ്തുതകൾക്ക് അവലംബം: ഡോ. അഗസ്റ്റിൻ പാംപ്ലാനി, “ദൈവകണവും കണങ്ങളുടെ ദൈവവും”)*